ഒഥെല്ലോ

ഗ്രന്ഥകർത്താ:

വില്യം ഷെക്സ്പിയർ

ഒഥെല്ലോ

ഗ്രന്ഥകർത്താ:

വില്യം ഷെക്സ്പിയർ

വിവർത്തകൻ:

എം. ആർ. നായർ, എം. ഏ. (ഓണേഴ്സ്)

പ്രകാശകന്മാർ:

മാതൃഭൂമി പ്രിൻടിംഗ് ആൻഡ് പബ്ലിഷിംഗ്
കമ്പനി, ലിമിറ്റഡ്, കോഴിക്കോട്.

1951

വില ക. 1/12/-

ഒന്നാം പതിപ്പ് 1941
രണ്ടാം പതിപ്പ് 1944
മൂന്നാം പതിപ്പ് 1951

All rights reserved

Printed at
THE MATHRUBHUMI PRESS,
KOZHIKODE.

സമൎപ്പണം:

പിതൃപാദങ്ങളിൽ

—വിവൎത്തകൻ.

ഒഥെല്ലോ-തർജ്ജമയെപ്പററി *

വിശ്വമഹാകവികളുടെ ഇടയിൽ ശാശ്വതപ്രതിഷ്ഠ നേടിക്കഴിഞ്ഞിട്ടുള്ള ഷേക്സ്പിയർ മഹാകവിയുടെ 'ഒഥെല്ലോ'നാടകത്തെ ഞാൻ തർജമചെയ്യുവാനുദ്ദേശിക്കുന്നു. (ഇതു്, സാധാരണ സമ്പ്രദായപ്രകാരം, ഗ്രന്ഥമെഴുതിക്കഴിഞ്ഞതിന്നുശേഷം എഴുതിച്ചേർക്കപ്പെടുന്ന ആമുഖമല്ല; അതിന്നുമുമ്പുതന്നെ എഴുതപ്പെടുന്നതാണു്. വാസ്തവമായി ഞാൻ ഒന്നാമങ്കത്തിലെ ആദ്യരംഗത്തിന്റെ പകുതികൂടി തർജമ ചെയ്തുകഴിഞ്ഞിട്ടില്ല.) 'മാതൃഭൂമി ആഴ്ചപ്പതിപ്പു്' പ്രവർത്തകന്മാരുടെ അറിയിപ്പിന്നുശേഷം, ഈ പ്രഖ്യാപനത്തിന്റെ ആവശ്യമെന്തെന്നു ശങ്കിക്കുന്ന വായനക്കാരുണ്ടായേക്കാം. അതിന്റെ ആവശ്യം 'തർജമചെയ്യലി'നെപ്പററി എനിക്കുള്ള ഏതാനും അഭിപ്രായങ്ങളെ പൊതുജനസമക്ഷം അവതരിപ്പിക്കുകയാണു്.

ഒഥെല്ലോ നാടകം ഞാൻ തർജമചെയ്യാനുദ്ദേശിക്കുന്നു എന്നു പറഞ്ഞതിന്നു്, ഒഥെല്ലോ നാടകത്തിലെ ഇംഗ്ലീഷുവാക്കുകൾക്കു നിഘണ്ടുവിന്റെ അനുവാദം സിദ്ധിച്ചിട്ടുള്ള മലയാളപദങ്ങളെ തേടിപ്പിടിച്ചു മലയാളവ്യാകരണനിയമങ്ങൾക്കനുസരിച്ചു്, അവയെ അണിനിരത്തുക—അഥവാ, 'അനുഗത'മായോ, പദാനുപദമായോ, വാക്യാനുവാക്യമായിത്തന്നേയോ, അതിനെ മലയാളഭാഷയിലേക്കു പകർത്തുക—എന്നല്ല അർത്ഥമെന്നും; അങ്ങിനെ ചെയ്താൽമാത്രമേ തർജമ സ്വീകാര്യമായിരിക്കുകയുള്ളു എന്നു് അചഞ്ചലാഭിപ്രായമുള്ളവർ തങ്ങളുടെ വായന ഇവിടെ അവസാനിപ്പിച്ചു് അടുത്ത ഇനത്തിലേക്കു പ്രവേശിച്ചുകൊള്ളേണ്ടതാണെന്നും ആദ്യമായി പറഞ്ഞുകൊള്ളട്ടെ. അവർക്കുവേണ്ടി യാതൊന്നും തർജമ ചെയ്യുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല; അത്തരം തർജമകൾ ചെയ്യാനുള്ള അവകാശം നിയമപുസ്തകങ്ങളുടേയും, ഗവർമ്മേണ്ടറിയിപ്പുകളുടേയും, കോടതികളിൽ ഹാജരാക്കേണ്ടുന്ന രേഖകളുടേയും,

* 1940 സപ്തെമ്പർ 15-നു-ത്തെ 'മാതൃഭൂമി ആഴ്ചപ്പതിപ്പി'ൽനിന്നു്.

സാക്ഷിമൊഴികളുടേയും തർജ്ജമക്കാർക്കു ഞാൻ വിട്ടുകൊടുത്തിരിക്കുന്നു.

ഞാനുദ്ദേശിക്കുന്നതു ഷേക്‌സ്പിയർ മഹാകവിയുടെ അവർണ്ണ്യവും അപ്രമേയവും, അനുപമവും അധൃഷ്യവുമായ കലാചാതുരിയുടെ ഒരു ലേശാംശമെങ്കിലും ഇംഗ്ലീഷുഭാഷ അറിഞ്ഞുകൂടാത്ത മലയാളികൾക്കുകൂടി ആസ്വദിക്കാനാവുന്ന വിധത്തിൽ, ഒഥെല്ലോ നാടകത്തിലെ വാക്യങ്ങളുടെ പിന്നിലുള്ള ആശയങ്ങളെ മലയാള വാക്കുകളിലൂടെ, ആവുംപോലെ, പ്രകാശിപ്പിക്കുവാനാണ്.

ഈ സമ്പ്രദായത്തെ 'സ്വതന്ത്രതർജ്ജമ'യെന്നു ചിലർ വിളിക്കാറുണ്ട്. ഞാൻ പ്രതിഷേധിക്കുന്നു: പദങ്ങളെമാത്രം അനുവർത്തിച്ചാൽ മതി എന്നു വിചാരിക്കുന്ന അനുപദതർജ്ജമക്കാരനെക്കാൾ തുലോം അസ്വതന്ത്രനാണ്, ആശയങ്ങളെ മുഴുവൻ വെളിപ്പെടുത്തിയേ കഴിയൂ എന്നു പിടുത്തമുള്ള 'സ്വതന്ത്രതർജ്ജമക്കാര'നെന്നു ഞാൻ വിചാരിക്കുന്നു. മൂലകവിയുടെ പദങ്ങളെസ്സംബന്ധിച്ചെന്നപോലെ, ആശയങ്ങളെസ്സംബന്ധിച്ചും (എന്തൊരു പ്രചോദനംകൊണ്ടോ!) സ്വാതന്ത്ര്യമവലംബിക്കുന്ന തർജ്ജമക്കാരന്റെ പ്രയോഗത്തെമാത്രമേ, യഥാർത്ഥമായി, സ്വതന്ത്രതർജ്ജമയെന്നു വിളിച്ചുകൂടൂ; പദങ്ങളെ മുഴുവൻ തള്ളി, അർത്ഥത്തെമാത്രവും, അർത്ഥത്തെ മുഴുവനും, ഇതരഭാഷയിൽ വെളിപ്പെടുത്തിക്കൊണ്ടുള്ള തർജ്ജമയ്ക്കു നല്കേണ്ടുന്ന യഥാർത്ഥമായ പേര് 'യഥാർത്ഥതർജ്ജമ'യെന്നാണ്.

അനുപദതർജ്ജമ യഥാർത്ഥതർജ്ജമയായിരിക്കുകയില്ലേ? എന്നാണ് ഈ ഘട്ടത്തിൽ പൊന്തിവരാവുന്ന ഒരു ചോദ്യം. ആയിരിക്കുമെന്നു പലരും ശഠിച്ചിട്ടുള്ളതായും ഞാനറിയും. തമിഴ്, മലയാളം, കർണ്ണാടകം;—അറബിക്, പെർഷ്യൻ, ഉർദു;—ഇംഗ്ലീഷ്, ഫ്രഞ്ച്, ഇററാലിയൻ;—എന്നിങ്ങിനെ പരസ്പരം അത്യന്തസാദൃശ്യമുള്ള ഭാഷാസമുദായങ്ങളിൽ ഒന്നിൽനിന്നു മറെറാന്നിലേക്കുള്ള തർജ്ജമയെങ്കിൽ, അനുപദതർജ്ജമ അർത്ഥശൂന്യമായ ഒരാഭാസമായിട്ടാണ് പരിണമിക്കുകയെന്നു പലവുരു അനുഭവസിദ്ധമായിക്കഴിഞ്ഞതും, ഈ ആമുഖത്തിന്നിടയിൽത്തന്നെ, എതിർവാദത്തിന്നു പഴുതു കൊടുക്കാത്ത നിലയിൽ, എനിക്കു തെളിയിക്കുവാൻ കഴിയുന്നതുമായ പ്രത്യക്ഷവസ്തുതമാത്രമാണ്.

ഒരു കാര്യം ആലോചിക്കുക: കാളിദാസന്റെ വിശ്വോത്തരമായ ശാകുന്തളത്തിന്നു യൂറോപ്യൻഭാഷകളിൽ ഒന്നിലധികം അ

നാടകതർജ്ജമകൾ ഉണ്ടായിട്ടുണ്ട്. പക്ഷെ വിശ്വമഹാകവികളുടെ ഇടയിൽ ഹോമർക്കോ, ദാന്തേയ്ക്കോ ലബ്ധമായ സമുന്നതപദവി യൂറോപ്യൻവിമർശകന്മാർ കാളിദാസന്നു നല്കിക്കാണുന്നില്ല. ഇതിന്നു കാരണം വർഗ്ഗീയമാത്സര്യമായിരിയ്ക്കാമെന്ന വിചാരം മൌഢ്യജന്യമാണ്. യഥാർത്ഥപണ്ഡിതന്മാർ—അവർ യൂറോപ്പിൽ വളരെ ഉണ്ടുതാനും—വർഗ്ഗീയമാത്സര്യത്തിന്നപ്പുറം കടന്നവരാണ്. ടാഗോറിനെ വിശ്വമഹാകവിയായി അഭിഷേകം കഴിച്ചതു യൂറോപ്പാണല്ലോ. ഉപനിഷത്സൂക്തികളുടേയും, വേദാന്തസൂത്രങ്ങളുടേയും കവിതാരൂപേണയുള്ള ഒരു വിശദീകരണംമാത്രമായ 'ഗീതാഞ്ജലി'യേയും 'ഉദ്യാനപാലക'നേയും ഭൌതികസംസ്കാരത്തിൽ നൊററിവരെ ആണ്ടുനില്ക്കുന്ന അവർക്കു ശാകുന്തളത്തേക്കാളധികം പിടിച്ചിരിയ്ക്കാമെന്നുള്ളതു കേവലം അസംഭാവ്യവുമാണ്. തർജ്ജമക്കാരേസ്സംബന്ധിച്ചു പറയുകയാണെങ്കിൽ, ശാകുന്തളത്തെ യൂറോപ്യൻഭാഷകളിലേയ്ക്കു വിവർത്തനം ചെയ്തിട്ടുള്ളവരാരും അജ്ഞന്മാരോ അപ്രാപ്തന്മാരോ അല്ലതാനും. ഇങ്ങിനെയൊക്കെ ആയിരുന്നിട്ടുകൂടി, വിശ്വമഹാകവികൾ ആരെല്ലാമാണെന്ന് അഭ്യസ്തവിദ്യനായ ഒരു പാശ്ചാത്യനോടു ചോദിയ്ക്കുകയാണെങ്കിൽ, ഹോമർ, ഷേക്സ്പിയർ, ഡാന്തേ, ടാഗോർ എന്നയാൾ പറയും. കാളിദാസന്റെ പേർ പറയുകയില്ലതാനും. ടാഗോറിനെ ഇക്കൂട്ടത്തിൽ അയാൾ പെടുത്തിയിരുന്നില്ലെങ്കിൽ, പൌരസ്ത്യകവിതാദർശങ്ങളെ മനസ്സിലാക്കുവാനുള്ള അയാളുടെ അപ്രാപ്തിയോ, അഥവാ, വർഗ്ഗീയമാത്സര്യമോ ആണ് ആ പട്ടികയുടെ പിന്നിലുള്ളതെന്നു നമുക്കു സമർത്ഥിയ്ക്കാമായിരുന്നു. പക്ഷെ, ടാഗോറിന്നു യൂറോപ്പു നൽകിയിരിയ്ക്കുന്ന പദവിയെ കൺമുമ്പാകെ കണ്ടുകൊണ്ട്, അതു വയ്യതന്നെ.

മറെറാരുദാഹരണം

മലയാളികൾക്കു കുറേക്കൂടി പരിചിതമായ മറെറാരുദാഹരണമെടുക്കാം. ഷേക്സ്പിയരുടെ നാടകങ്ങൾക്കും മലയാളത്തിൽ തർജ്ജമകളുണ്ടായിട്ടുണ്ട്. തിരുവിതാംകൂറിലെ ഒരു റിട്ടയർഡ്ജഡ്ജിയായിരുന്ന ഒരു ഭാഷാപ്രണയി—അദ്ദേഹത്തിന്റെ പേര് ഗോവിന്ദപിള്ള എന്നായിരുന്നു എന്നു തോന്നുന്നു; എനിയ്ക്കു നല്ല ഓർമ്മയില്ല—എഴുതിയ 'ഹാംലെററ്' നാടകത്തിന്റേയും, ജൂലിയസ്സ് സീസർ' നാടകത്തിന്റേയും തർജ്ജമകൾ ഞാൻ വായിച്ചിട്ടുണ്ട്. വളരെക്കൊല്ലംമുമ്പാണ്. ചമ്പുക്കളിലെ 'ഗദ്യ'ത്തോട് ഏതാ

ണ്ട് ഉപമിയ്ക്കാവുന്ന ഷേക്സ്പിയരുടെ 'ബ്ലാങ്ക്‌വേഴ്സി'നെ ഉപജാതിവൃത്തത്തിലേയ്ക്കു സംക്രമിപ്പിയ്ക്കുകയാണ് അദ്ദേഹം ചെയ്തത്. തർജ്ജമ അനുപാദമായിരുന്നു. ഒരു സംഗതിമാത്രം എനിയ്ക്ക് അതിനെക്കുറിച്ച് ഓർമ്മയുണ്ട്: വികാരാധിക്യത്താലും, ഉൽക്കണ്ഠയാലും എന്റെ കണ്ണുകളിൽ കണ്ണീർ പൊടിയിയ്ക്കുകയും, എന്റെ നെഞ്ഞിടിപ്പു ദുർഭരമായവിധത്തിൽ വദ്ധിപ്പിയ്ക്കുകയും ചെയ്തിട്ടുള്ള മൂലനാടകങ്ങളിലെ ചില ഭാഗങ്ങളുടെ തർജ്ജമകൾ, അവയുടെ വിജാതീയവും, വികൃതവും, വിരൂപവും, അപഹാസ്യവുമായ ഭാഷാശൈലി ഹേതുവായി, എന്നെ പൊട്ടിച്ചിരിപ്പിയ്ക്കുകയാണുണ്ടായത്! പോരെ? രഘുവംശത്തിലെ അനുപമമായ അജവിലാപത്തിന്റെ ഇംഗ്ലീഷുതർജ്ജമ ഒരു നാലു വരി വായിച്ചുകഴിയുമ്പോഴെയ്ക്കും ഒരിംഗ്ലീഷുവായനക്കാരൻ വാരിയെല്ലുകൾ അമർത്തിപ്പിടിച്ചുകൊണ്ടു ചിരിച്ചുതുടങ്ങുകയാണെങ്കിൽ, തർജ്ജമക്കാരൻ, കാളിദാസന്റെ മാഹാത്മ്യത്തെ പാശ്ചാത്യർക്ക് വിശദമാക്കിക്കൊടുക്കുന്ന കാര്യത്തിൽ, നേടിയ വിജയം എത്ര വമ്പിച്ചതായിരിയ്ക്കും!

'കേരളവ്യാസ'ന്റെ ഹാംലെററ്"

"എ. രാമച്ചൻ നെടുങ്ങാടിയെ വലിയ
സഹായത്തിനായ് വെച്ചുമാത്രം
ചേരാതേ വേലചെയ്തിട്ടൊരുവിധമിതു ഞാൻ
പൂർത്തിയാക്കീ........"

എന്ന സരസമായ അവതാരികയോടുകൂടി വെളിയ്ക്കിറങ്ങിയ മഹാകവി കുഞ്ഞുക്കുട്ടൻതമ്പുരാന്റെ—സാക്ഷാൽ കേരളവ്യാസന്റെ—ഹാംലെററ് നാടകതർജ്ജമയും ഞാൻ വായിച്ചിട്ടുണ്ട്. കേരളവ്യാസൻ ഇംഗ്ലീഷുഭാഷാനഭിജ്ഞനായതുംകൊണ്ടാണ് മൂലഗ്രന്ഥത്തിലെ ആശയങ്ങൾ വെളിവാക്കിക്കൊടുക്കുവാൻ അദ്ദേഹം "എ. രാമച്ചൻ നെടുങ്ങാടിയെ വലിയ സഹായത്തിനായ് വെച്ച"ത്. തനിയ്ക്കു കിട്ടിയ ആശയങ്ങളെ പ്രസന്നവും, കോമളവും, മധുരവുമായ മലയാളശൈലിയിലേയ്ക്കു പകർത്തുകയെന്ന തന്റെ പങ്ക് തമ്പുരാൻ അനന്യലബ്ധമായ ഹസ്തലാഘവത്തോടുകൂടി നിർവ്വഹിച്ചുവെന്നുള്ളതിന്ന് ആ തർജ്ജമ സാക്ഷ്യംവഹിയ്ക്കുന്നുണ്ട്. പക്ഷെ ശ്രീ. നെടുങ്ങാടി തന്റെ പങ്ക്—ഷെക്സ്പിയരുടെ 'ഹാംലെററ്' വായിയ്ക്കുമ്പോളും, അതു വായിച്ചുകഴിഞ്ഞതിന്നുശേഷവും അതി

നെപ്പററി ആലോചിയ്ക്കുമ്പോളൊക്കെ, മരണംവരേയും, ഇംഗ്ലീഷു ഭാഷ നല്ലപോലെ അറിയുന്ന ഒരാളുടെ മനസ്സിൽ നിരന്തരമായി അലതല്ലിക്കൊണ്ടിരിയ്ക്കുന്ന വികാരങ്ങളുടേയും വിചാരങ്ങളുടേയും ഒരു നേരിയ പകർപ്പെങ്കിലും തർജ്ജമക്കാരൻെറ മനസ്സിൽ ഉളവാക്കുകയെന്ന ജോലി—വേണ്ടുംപോലെ നിർവ്വഹിച്ചിട്ടില്ലെന്നും ആ തർജ്ജമതന്നെ തെളിയിയ്ക്കുന്നു. മൂലകൃതിയ്ക്ക് ഇംഗ്ലീഷുഭാഷ അറിയുന്നവരുടെ ഇടയിൽ സിദ്ധിച്ചിട്ടുള്ള പ്രചാരത്തിൻെറ സഹസ്രാംശമോ, തമ്പുരാൻ തിരുമനസ്സിലെത്തന്നെ ഒരു സ്വതന്ത്രതലായുകവനമായ 'തുപ്പൽക്കോളാമ്പി'യ്ക്കു സിദ്ധിച്ചിട്ടുള്ളത്രയെങ്കിലുമോ പ്രചാരം പ്രസ്തുത ഹാംലെററ് തർജ്ജമയ്ക്കു മലയാളികളുടെ ഇടയിൽ കിട്ടിയിട്ടില്ലെന്നുള്ളതാണ് ഇതിൻെറ അനിവാര്യഫലം. കുഞ്ഞിക്കുട്ടൻതമ്പുരാൻ ഒരിംഗ്ലീഷുഭാഷാപണ്ഡിതൻകൂടിയായിരുന്നെങ്കിൽ—! അഥവാ ഇനി ആലോചിച്ചാൽ നിവൃത്തിയില്ലാത്ത അക്കാര്യത്തെക്കുറിച്ച് വിലപിച്ചിട്ടു പ്രയോജനമില്ലല്ലോ.

അനുപദതർജ്ജമകളുടെ ഭയങ്കരമായ ഉത്തരവാദിത്വം

അങ്ങിനെ ഷേക്സ്പിയർ മലയാളത്തിലേയ്ക്കു തർജ്ജമചെയ്യപ്പെട്ടിട്ടുണ്ട്; കാളിദാസൻ ഇംഗ്ലീഷിലേയ്ക്കും തർജ്ജമചെയ്യപ്പെട്ടിട്ടുണ്ട്; പക്ഷെ ഷേക്സ്പിയറുടെ പേരു കേൾക്കുമ്പോൾ ഇംഗ്ലീഷു പഠിയ്ക്കാത്ത മലയാളിയ്ക്കോ, കാളിദാസൻെറ പേരു കേൾക്കുമ്പോൾ സംസ്കൃതാനഭിജ്ഞനായ ഇംഗ്ലീഷുകാരനോ, തങ്ങളുടെ ഭാഷകളിൽ കവിതയെഴുതിയിട്ടുള്ള ഒരു നാലാംകിടക്കവിയുടെ പേരു കേൾക്കുമ്പോളുള്ളത്രയോ അതിൻെറ പകുതിയോ ബഹുമാനമുണ്ടാകുന്നില്ല. ഇതിന്നു കാരണം തീർച്ചയായും പാശ്ചാത്യരുടേയും പൌരസ്ത്യരുടേയും കവിതാദർശങ്ങൾ തമ്മിലുള്ള മൌലികവ്യത്യാസമായിരിയ്ക്കുവാൻ ഇടയില്ല; അങ്ങിനെയൊരു വ്യത്യാസമില്ലതന്നെ; ഉണ്ടായിരുന്നെങ്കിൽ, സംസ്കൃതം എത്രതന്നെ പഠിച്ചാലും ഒരിംഗ്ലീഷുകാരന്ന് കാളിദാസകൃതികളോ, ഇംഗ്ലീഷിൽ എത്രതന്നെ പാണ്ഡിത്യം നേടിയാലും, ഒരു മലയാളിയ്ക്ക് ഷേക്സ്പിയറുടെ നാടകങ്ങളോ വായിച്ച് ആനന്ദപുളകം കൊള്ളുവാൻ വയ്യാതിരിയ്ക്കേണ്ടതാണ്. എന്നാൽ അനുഭവം നേരെ മറിച്ചാണെന്നു പ്രസ്പഷ്ടമാണല്ലോ.

കാളിദാസൻേറയും ഷേക്സ്പിയറുടേയും മാഹാത്മ്യം ഇംഗ്ലീഷുകാരനും മലയാളിയും അറിയാതെ പോയത്, സംസ്കൃതത്തിൽനിന്ന് ഇംഗ്ലീഷിലേയ്ക്കും, ഇംഗ്ലീഷിൽനിന്നു മലയാളത്തിലേയ്ക്കുമുള്ള അനു

പദതജ്ജമകളുടെ അവർണ്ന്യവൈരൂപ്യം നിമിത്തമാണെന്നും, അ ല്ലാതെ മററു യാതൊരു കാരണംകൊണ്ടുമല്ലെന്നും, ഞാൻ നിസ്സ ന്ദേഹം സിദ്ധാന്തിയ്ക്കുന്നു. ഇംഗ്ലീഷും സംസ്കൃതവും ഇൻഡോ-ജർ മാനിക്ക് എന്ന് നാമകരണം ചെയ്യപ്പെട്ടിട്ടുള്ള ഒരു പൌരാണി കാര്യഭാഷയുടെ സന്തതികാംതന്നെയെങ്കിലും, ഇംഗ്ലീഷിന്ന് സംസ്കൃ തത്തോട് പ്രപിതാമഹൻെറ സഹോദരപുത്രനോടുള്ള ബന്ധം മാത്രമേയുള്ളു; ദ്രാവിഡകുലത്തിൽ പിറന്ന് സംസ്കൃതവുമായി ഒരു വൈവാഹികവേഴ്ച മാത്രം സിദ്ധിച്ച മലയാളവുമായിട്ടാകട്ടേ, അതിലുമകന്ന ഒരു ചാർച്ചയാണതിന്നുള്ളത്. ദൂരംകൊണ്ടും, കാലം കൊണ്ടും ഇത്രത്തോളം വേർപെട്ട രണ്ടു ഭാഷകാംതമ്മിൽ പദഘട നയേയും, വാകൃരചനയേയും സംബന്ധിച്ചുണ്ടാകാവുന്ന വ്യത്യാ സങ്ങാം എണ്ണിയാലൊടുങ്ങാത്തവയായിരിയ്ക്കുമെന്ന് എടുത്തുപറ യേണ്ടതില്ലല്ലോ. ചിരകാലത്തെ പ്രയോഗബാഹുല്യത്താൽമാത്രം ഓരോ ഭാഷയിലും രൂഢമൂലമായിക്കഴിഞ്ഞിട്ടുള്ളവയും, അനുപദം തജ്ജമചെയ്താൽ അത്ഥശൂന്യപ്രലപനങ്ങളായിത്തീരുന്നവയുമായ പ്രയോഗവിശേഷങ്ങാം വേറേ കിടക്കുന്നു. ചിലപ്പോാം ഒരു ഭാഷയിൽ മൂന്നോ നാലോ വാക്കുകാംകൊണ്ടു വെളിവാക്കിയിരി യ്ക്കുന്ന അത്ഥത്തെ അതേ ശക്തിയോടും, അതേ തെളിവോടുംകൂടി മറേറ ഭാഷയിലേയ്ക്കു പകത്തുവാൻ പത്തോ പതിനഞ്ചോ വാക്കു കാം വേണ്ടിവന്നേയ്ക്കാം; മറിച്ചും വരാം. ഒരു ഭാഷ സംസാരിയ്ക്കു ന്നവരുടെ ഇടയിൽ വേരൂന്നി തഴച്ചു വളൎന്നിട്ടുള്ള ഇതിഹാസങ്ങളും, കെട്ടുകഥകളുമാകുന്ന ചെടികളിന്മേൽ പുഷ്പിച്ചുനില്ക്കുന്ന നൂതന പ്രയോഗങ്ങളും അസംഖ്യമുണ്ട്. 'Lion's Share' എന്ന ഇംഗ്ലീഷ് പ്രയോഗത്തെ 'സിംഹഭാഗം' എന്നു തജ്ജമ ചെയ്താൽ മൂലപ്രയോ ഗത്തിൻെറ ശക്തിയിൽ അല്പഭാഗമെങ്കിലും തജ്ജമയിലേയ്ക്കു സംക്ര മിയ്ക്കുന്നില്ലെന്നുമാത്രമല്ല, പച്ചമലയാളിക്ക് അതൊരു നിരത്ഥ ശബ്ദം മാത്രമായിത്തീരുകയേയുള്ളതാനും. 'രാമേശ്വരത്തെ ക്ഷൌ രം,' 'ഓട്ടുരുകിയ മൂശാരി' 'ഓണംകേറാമൂല' മുതലായി ഇംഗ്ലീഷി ലേയ്ക്ക് അനുപദമായി തജ്ജമചെയ്തു തള്ളിവിട്ടാൽ, ഇംഗ്ലീഷുകാര നെ അമ്പരപ്പിയ്ക്കുകയും, ഇംഗ്ലീഷുഭാഷയെ അനാവശ്യമായി അല ങ്കോലപ്പെടുത്തുകയും ചെയ്യുന്ന പ്രയോഗങ്ങളെ ആയിരക്കണക്കായി ഉദാഹരണത്തിന്ന് എടുത്തുചേക്കാവുന്നതാണ്. ഇവയെല്ലാം പു റമേ, അനുപദതജ്ജമയുടെ അസഹ്യവൈരൂപ്യത്തെ മാത്രമല്ല, നിരത്ഥകതത്തേയും കാണിയ്ക്കുവാൻ വേറൊരുദാഹരണംകൂടി

ചേത്ത് ഞാൻ ഈ ഖണ്ഡിക സമാപിയ്ക്കാം. "Ah, me! that it should come to this!" എന്ന, അത്ഭുതവും, വ്യസനവും, നിരാശയും വഴിഞ്ഞൊഴുകുന്ന ഒരു ഇംഗ്ലീഷ് വാചകമെടുക്കുക. അനുപദതർജ്ജമക്കാരൻ, മനസ്സാക്ഷിയേയും വായനക്കാരനേയും വഞ്ചിയ്ക്കുവാൻ തയാറല്ലെങ്കിൽ, ഇവിടെ എന്താണ് ചെയ്യുക? "ഹാ, എന്നെ! അത് ഇതിലേയ്ക്കു വരണമെന്നത്!" എന്നൊരു വികൃതരൂപത്തെ സൃഷ്ടിച്ച് അദ്ദേഹം വായനക്കാരൻെറ മുമ്പാകെ അവതരിപ്പിയ്ക്കേണ്ടിവരും. തൻെറ വാചകംകൊണ്ടു മൂലഗ്രന്ഥകാരൻ വായനക്കാരൻെറ ഹൃദയത്തിൽ ഉല്പാദിപ്പിയ്ക്കുവാൻ ആലോചിച്ച ഭയകരുണാത്ഭുതസംഭ്രമമിളിതമായ വികാരവിശേഷമെവിടെ? തർജ്ജമക്കാരൻെറ മനുഷ്യനും മൃഗവുമല്ലാത്ത ബീഭത്സസൃഷ്ടി ഉളവാക്കുന്ന അവജ്ഞാപൂർണ്ണമായ ഹാസ്യമെവിടെ?

അതുകൊണ്ട് ഒഥെല്ലോതർജ്ജമയിൽ അനുപദവിവർത്തനരീതിയെ ഞാൻ കേവലം ഉപേക്ഷിച്ചിരിയ്ക്കുന്നു. വിദേശീയരായ കലാകാരന്മാരെ തങ്ങളുടെ നാട്ടുകാരുടെ മുമ്പാകെ നിർത്തി അവമാനിയ്ക്കുന്നതിൽ വിശേഷിച്ചൊരു കൃതാർത്ഥതയും കാണ്മാൻ കഴിയാത്തവർ, അന്യഭാഷകളിൽനിന്നുള്ള മഹാഗ്രന്ഥങ്ങളുടെ വിവർത്തനത്തെസ്സംബന്ധിച്ചിടത്തോളം, ആ രീതിയെ മുഴുക്കെയും എന്നെന്നേയ്ക്കുമായും ഉപേക്ഷിയ്ക്കുമെന്നും ഞാൻ പ്രത്യാശിയ്ക്കുന്നു.

ടാഗോറിൻെറ തർജ്ജമകൾ

ഇനി, ഈ വാദത്തിൻെറ അപരാദ്ധത്തിലേയ്ക്കു കടക്കാം: മൂലകൃതിയിലെ ആശയങ്ങളെമാത്രം എടുത്തു തർജ്ജമയ്ക്കുപയോഗിയ്ക്കുന്ന ഭാഷയുടെ രചനാവിഷയകമായും, പ്രയോഗവിഷയകമായുമുള്ള നൂറുനൂറായിരം പ്രത്യേകതകൾക്ക് അനുയുക്തമായ വിധത്തിൽ അവയ്ക്കു് നൂതനമായ ഒരുടുപ്പു സമ്മാനിയ്ക്കുന്നതിൻെറ ഔചിത്യത്തിന്നും, വിജയത്തിന്നും പ്രധാനതെളിവുകൾ മഹാകവി ടാഗോറിൻെറ തർജ്ജമകളാണ് നമുക്കു നല്കുന്നത്. സമസ്തപദബാഹുലവും, അലങ്കാരസമൃദ്ധവുമായ ഒരു ഭാഷയിൽനിന്നു, സ്വഭാവേനയും താരതമ്യേനയും, ഒററ വാക്കുകളടങ്ങിയതും, ഋജുവും, അനലംകൃതവുമായ ഒരു ഭാഷയിലേയ്ക്കാണ് താൻ തർജ്ജമചെയ്യുന്നതെന്ന ബോധം മഹാകവി ടാഗോറിന്നു തൻെറ ഓരോ കൃതിയും തർജ്ജമചെയ്യുമ്പോൾ ആദ്യന്തം ഉണ്ടായിരുന്നില്ലെങ്കിൽ—അനുപദതർജ്ജമഭ്രാന്ത് അല്പമെങ്കിലും അദ്ദേഹത്തെ ബാധിച്ചിരുന്നുവെങ്കിൽ—1913-ലെ

നോബെൽ സമ്മാനത്തിൻെറ അവകാശി അദ്ദേഹമായിരിയ്ക്കുകയില്ലെന്നു തീൎത്തുപറയാവുന്നതാണ്. അദ്ദേഹത്തിൻെറ കൃതികളുടെ ഇംഗ്ലീഷുതൎജ്ജമകളെ അനുപാദമായി മലയാളത്തിലേയ്ക്കു വിവൎത്തനം ചെയ്ത ചിലൎക്ക് ഈ വിഷയത്തിൽ പററിയ അബദ്ധം, അത്തരം വിവൎത്തനങ്ങളും അവയുടെ അനുകരണങ്ങളുമായി ഇടക്കാലത്തു പൊട്ടിമുളച്ചിരുന്ന പരസ്സഹസ്രം 'മിസ്റ്റിക്ക്'കൃതികളും കണ്ടു കണ്ടു മനംമടുത്ത്, ടാഗോർ എന്ന പേരു കേൾക്കുമ്പോഴത്തന്നെ ഓക്കാനമുണ്ടാകുന്ന ദിക്കിലെത്തിച്ചേൎന്ന കേരളത്തിലെ സഹൃദയന്മാരോടു ഞാൻ വിവരിച്ചു പറയണമെന്നില്ല. ടാഗോർ തൻെറ ബങ്കാളികൃതികളെ ഇംഗ്ലീഷിലേയ്ക്കു തൎജ്ജമ ചെയ്യുന്ന വിഷയത്തിൽ കാണിച്ച വിവേകം, രഘുവംശം, കുമാരസംഭവം, മേഘദൂത്, ശാകുന്തളം, എന്നീ കൃതികളെ ഇംഗ്ലീഷിലേയ്ക്കു തൎജ്ജമ ചെയ്തവരും കാണിച്ചിരുന്നുവെങ്കിൽ ഹോമറുടേയും, ദാന്തേയുടേയും അടുത്തു മാത്രമല്ല, അവരിൽ അല്പം മീതെക്കൂടി നില്ക്കുവാൻ കെല്പും കോപ്പുമുള്ള ഒരു മഹാകവി ഇന്ത്യയിലുണ്ടായിരുന്നു എന്നു പാശ്ചാത്യൎക്കു മനസ്സിലാകുമായിരുന്നു. കാളിദാസകൃതികളുടെ ആ രീതിയിലുള്ള ഒരു തൎജ്ജമ പ്രസിദ്ധപ്പെടുത്തുകയെന്ന മഹനീയകാര്യം, അതിന്നുമാത്രം സംസ്കൃതത്തിൽ പാണ്ഡിത്യവും ഇംഗ്ലീഷിൽ പദസ്വാധീനവുമുള്ള ഒരു പണ്ഡിതന്ന് ഇനിയും ചെയ്യക്കൂടെന്നുമില്ല.

ഒഥെല്ലോതൎജ്ജമയുടെ കാൎയ്യത്തിൽ

ഒഥെല്ലോതൎജ്ജമയെസ്സംബന്ധിച്ചിടത്തോളം ഞാൻ ഇതുവരെ ചെയ്തിട്ടുള്ളതും, മേലിൽ ചെയ്യാൻ ഉദ്ദേശിയ്ക്കുന്നതും ഇതാണ്: മൂലഗ്രന്ഥത്തിലെ ഒരു വാചകം വായിച്ച്, ആ വാചകത്തിൻെറ അൎത്ഥം അതിൻെറ സംപൂൎണ്ണമായ ശക്തിയോടുകൂടി ശ്രോതാവിൻെറ ഹൃദയത്തിലേയ്ക്കു സംക്രമിപ്പിയ്ക്കുവാൻവേണ്ടി ആ വാചകം പറയുന്ന ആളുടെ സ്വഭാവത്തോടും, വിദ്യാഭ്യാസത്തോടും, സാഹചൎയ്യത്തോടും, തൽക്കാലപരിതസ്ഥിതിയോടും, തൽക്കാലവികാരത്തോടുംകൂടിയ ഒരു മലയാളി എന്തു പറയുമോ, അതു പകൎത്തുക. ഇതു മൂലവാചകത്തിൻെറ അനുപദതൎജ്ജമയായി പരിണമിയ്ക്കുന്നിടങ്ങളിൽ അതിനെ സ്വീകരിച്ചിട്ടുണ്ട്; അല്ലാത്തിടങ്ങളിൽ ഞാൻ അനുപദതൎജ്ജമയെ കേവലം തള്ളുകയും ചെയ്തിരിയ്ക്കുന്നു. ഷേക്‌സ്പിയരുടെ മഹത്ത്വത്തിൻെറ നേരെ മലയാളികളുടെ കണ്ണ് തുറപ്പിയ്ക്കുകയാണ് എൻെറ ഉദ്ദേശ്യം; ഏതാനും ഇംഗ്ലീഷുവാക്ക

കാരക്ക് എലിസബെത്തു മഹാറാണിയുടെ കാലത്തുണ്ടായിരുന്ന അൎത്ഥങ്ങളം തിരഞ്ഞുപിടിച്ച്, അവയെ അണിനിരത്തി, അസ്വാഭാവികവും, നിഷ്പ്രയോജനവും, നീരസപ്രദവുമായ ഒരു 'സാഹിത്യക്കവാത്തു' നടത്തുകയില്ല.

പദ്യമോ ഗദ്യമോ?

പിന്നീട് ഒരു സംഗതി പറയുവാനുള്ളത് ഈ നാടകത്തിൽ ഞാൻ പാട്ടുകളൊഴിച്ച് ബാക്കിയുള്ള സംഭാഷണം മുഴുവൻ ഗദ്യരീതിയിൽ വിവൎത്തനംചെയ്യാൻ ഭാവിക്കുന്നു എന്നതാണ്. സംഭാഷണത്തിന്നുവേണ്ടി ഷേക്സ്പിയർ അധികസ്ഥലങ്ങളിലും ബ്ലാങ്ക് വേഴ്സാണ് ഉപയോഗിച്ചിട്ടുള്ളതെന്നതു വാസ്തവംതന്നെ. ബ്ലാങ്ക്വേഴ്സ് ഗദ്യമല്ല; എന്നാലതു, കൃത്യമായിപ്പറയുകയാണെങ്കിൽ, പദ്യവുമല്ല. ഷേക്സ്പിയരുടെ കൈകളിൽ, വിശേഷിച്ചും, പദ്യത്തോടുള്ളതിനേക്കാളം ഗദ്യത്തോട് അതിന്ന്, നാളം ചെല്ലുന്തോറും അധികമധികം അടുപ്പം കൂടിവരികയാണ് ചെയ്തത്. തന്റെ ഒടുവിലത്തെ നാടകങ്ങളുടെ കാലമാകുമ്പോഴെക്കും, അദ്ദേഹം ശുദ്ധഗദ്യത്തെത്തന്നെ കാൎയ്യമായവലംബിച്ചുകഴിഞ്ഞിരുന്നു; ഗദ്യത്തിന്റേതിൽനിന്ന് ലേശമാത്രം വിഭിന്നമായ ഒരു രചനയാൽമാത്രമേ അദ്ദേഹത്തിന്റെ ബ്ലാങ്ക്വേഴ്സ് ഈ ഒടുവിലെ കൃതികളിൽ വേർതിരിച്ചറിയപ്പെട്ടിരുന്നതുമുള്ളു. ആദ്യകാലങ്ങളിൽ എഴുതിയ നാടകങ്ങളിൽത്തന്നെ ഫലിതപ്രധാനങ്ങളും, വികാരപ്രധാനങ്ങളുമായ ഘട്ടങ്ങളിൽ—അവ ഒട്ടധികം ഉണ്ടുതാനും—ബ്ലാങ്ക്വേഴ്സിനെപ്പോലും കൃത്രിമമായ ഒരാഡംബരമായി കരുതി, അദ്ദേഹം വലിച്ചെറിഞ്ഞിട്ടുണ്ട്.

അതിശക്തിമത്തുകളായ വികാരച്ചുഴിപ്പുകളിൽപ്പെട്ടു, ഭയങ്കരവേഗത്തോടുകൂടിത്തിരിയുന്ന മനുഷ്യഹൃദയങ്ങളുടെ വികാരങ്ങളേയും, വിചാരങ്ങളേയും, കവിതയുടെ പരമകാഷ്ഠയെ പ്രാപിച്ചിട്ടുള്ള വാക്കുകളിൽ, തന്മയത്വത്തോടുകൂടി ചിത്രീകരിക്കുന്നതിലാണ് ഷേക്സ്പിയർ ലോകത്തിലെ ഇതരമഹാകവികളെക്കാളം മെച്ചം നേടിയിട്ടുള്ളത്. ഇംഗ്ലീഷ്ഭാഷാപദസമ്പത്തിയെസ്സംബന്ധിച്ചിടത്തോളം കോടീശ്വരനായ അദ്ദേഹത്തിന്നുകൂടി പ്രസ്തുതവികാരങ്ങളുടേയും, വിചാരങ്ങളുടേയും തള്ളിക്കയററത്തിന്ന്, ഏററവും ശ്ലാഘനീയമമായ ബ്ലാങ്ക്വേഴ്സ്പോലും ശല്യപ്രദമായ

ഒരു പ്രതിബന്ധമായി തോന്നിയിട്ടുണ്ടെങ്കിൽ, അദ്ദേഹത്തിന്റെ കൃതിയെ മറെറാരു ഭാഷയിലേക്ക് വിവൎത്തനം ചെയ്യാനുദ്ദേശിച്ചുന്ന ഞാൻ, എന്റെ ഉദ്ദേശ്യം അല്പമെങ്കിലും നിറവേററണമെങ്കിൽ, പദ്യരീതിയിൽനിന്ന് എത്രമാത്രം അകന്നുനില്ക്കണമെന്നു പറയേണ്ടതില്ലല്ലോ.

വിവൎത്തകൻ

എം. ആർ. നായർ, എം. ഏ. (ഓണേഴ്സ്)

കഥാപാത്രങ്ങൾ

വെനീസ്സിലെ ഭരണാധികാരി

ബ്രബാൻഷ്യോ—ഭരണസഭയിലെ ഒരംഗം

മററു ഭരണസഭാംഗങ്ങൾ

ഗ്രാഷ്യാനോ—ബ്രബാൻഷ്യോവിന്റെ സഹോദരൻ

ലൊദോവിക്കോ—ബ്രബാൻഷ്യോവിന്റെ ചാർച്ചക്കാരൻ

ഒഥെല്ലോ—വെനീസ്സിലെ മൂർവർഗ്ഗക്കാരനായ സേനാനായകൻ

കാഷ്യോ—അദ്ദേഹത്തിന്റെ ഉപനായകൻ

ഇയാഗോ—പട്ടാളക്കൊടി പിടിക്കുന്ന ഉദ്യോഗസ്ഥൻ

റോഡെറിഗോ—വെനീസ്സിലെ കുലീനനായ ഒരു യുവാവ്

മോൺടാനോ—സൈപ്രസ്സ് ദ്വീപിലെ പഴയ ഗവർണ്ണർ

വിദൂഷകൻ—ഒഥെല്ലോവിന്റെ ഭൃത്യൻ

രാജദൂതൻ

ഡെസ്ഡിമോണ—

ബ്രബാൻഷ്യോവിന്റെ മകൾ (ഒഥെല്ലോവിന്റെ ഭാര്യ)

എമിലിയ—ഇയാഗോവിന്റെ ഭാര്യ

ബിയാങ്കാ—കാഷ്യോവിന്റെ വെപ്പാട്ടി

ഉദ്യോഗസ്ഥന്മാർ, പൌരമുഖ്യന്മാർ, ദൂതൻ, ഗായകന്മാർ
നാവികന്മാർ, പരിചാരകന്മാർ മുതലായവർ

രംഗവിധാനം: ഒന്നാമങ്കം വെനീസ്സ് നഗരത്തിൽ; മററു നാലങ്കങ്ങൾ സൈപ്രസ്സിലെ ഒരു തുറമുഖപട്ടണത്തിൽ.

പൂർവ്വകഥാസംക്ഷേപം

പുരാണവെനീസിലെ വൃദ്ധനും, ധനികനുമായ ഒരു പൌരമുഖ്യനും, അവിടുത്തെ ഭരണസമിതിയിലെ ഒരു പ്രധാനാംഗവുമായിരുന്നു ബ്രബാൻഷ്യോ. സൌന്ദര്യത്തിലും, സൌശീല്യത്തിലും വെനീസിലെ ഇതരയുവതികളെ അതിശയിച്ച ഡെസ്ഡിമോണ മാത്രമേ അദ്ദേഹത്തിന്നു സന്താതിയായും അവകാശിയായുമുണ്ടായിരുന്നുള്ളു.

ധനസമ്പത്തിയും, കുലസമ്പത്തിയും, രൂപസമ്പത്തിയും ഒത്തുചേൎന്ന അനേകം ചെറുപ്പക്കാർ ഡെസ്ഡിമോണയുടെ ഭൎത്തൃപദത്തെ കാംക്ഷിച്ചു. അവരിലൊരാൾ റോഡെറിഗോ എന്നു ബുദ്ധികുറഞ്ഞ ഒരു ചെറുപ്പക്കാരനായിരുന്നു. പക്ഷെ ഡെസ്ഡിമോണയ്ക്കു് അവരിലാരിലും അഭിനിവേശം ജനിച്ചില്ല. റോഡെറിഗോവിനെ അവളുടെ അച്ഛനും കണ്ടുകൂടായിരുന്നു.

ഡെസ്ഡിമോണ സ്നേഹിച്ചതു് ഒഥെല്ലോവിനെയായിരുന്നു. ഒഥെല്ലോ വെനീസിലെ സേനാനായകനും, തന്റെ വീര്യപരാക്രമങ്ങളാൽ ഭരണാധികാരികളുടേയും ജനങ്ങളുടേയും സ്നേഹവും ബഹുമാനവും ഒരുപോലെ സമ്പാദിച്ച ആളുമായിരുന്നു. പക്ഷെ അദ്ദേഹം മൂർവൎഗ്ഗക്കാരനായിരുന്നു. യൂറോപ്യന്മാരെ അപേക്ഷിച്ചു കറുപ്പുനിറത്തോടുകൂടിയവരായ മൂർവൎഗ്ഗക്കാരെ വെനീസുകാർ അവജ്ഞയോടുകൂടിയാണു് വീക്ഷിച്ചതെന്നു പറയേണ്ടതില്ലല്ലോ. പഴയ മാമൂൽപിടുത്തക്കാരനായ ബ്രബാൻഷ്യോ തങ്ങളുടെ വിവാഹത്തിന്നു് ഒരിക്കലും അനുമതി നല്കുകയില്ലെന്നു് നല്ലപോലെ മനസ്സിലാക്കിയിരുന്ന ഒഥെല്ലോവും ഡെസ്ഡിമോണയും, അദ്ദേഹമറിയാതെ, ഒളിച്ചോടിപ്പോയി വിവാഹം ചെയ്യാൻ തീർച്ചപ്പെടുത്തി.

ഈ ഗൂഢാലോചനയെപ്പററി എല്ലാ വിവരങ്ങളും അറിഞ്ഞ ഒരാളായിരുന്നു ഒഥെല്ലോവിന്റെ കീഴിൽ, സൈന്യത്തിന്റെ കൊടി പിടിക്കുക എന്ന ഉദ്യോഗം വഹിച്ചിരുന്ന ഇയാഗോ. ഇയാഗോ, സ്വതവേ, അററമില്ലാത്ത ദൌഷ്ട്യത്തോടും തീരാത്ത പകയോടും കൂടിയ ഒരു വഞ്ചകനായിരുന്നു. സൈന്യത്തിൽ ഉപനായകന്റെ ഒഴിവു വന്നപ്പോൾ ആ സ്ഥാനത്തു തന്നെ നിശ്ചയിക്കുന്നതിന്നുപകരം മൈക്കൾ കാഷ്യോ എന്ന വേറൊരാളെ നിശ്ചയിച്ച

തുതൊട്ട് ഇയാഗോ ഒഥെല്ലോവിനെ കഠിനമായി വെറുക്കാൻ തുടങ്ങി.

മൈക്കാം കാഷ്യോ പ്രവൃത്തിയിൽ പ്രാപ്തനൊങ്കിലും മഹാശുദ്ധമനസ്കനായ ഒരു പച്ചപ്പാവമായിരുന്നു. ഒഥെല്ലോവിനേയും ഡെസ്ഡിമോണയേയും, ഒരു ദേവനേയും ദേവിയേയുമെന്നപോലെയാണയാം മനസ്സുകൊണ്ട് ആരാധിച്ചിരുന്നത്. അവരുടെ അനുരാഗചരിത്രത്തിന്റെ ആദ്യഘട്ടങ്ങളിൽ അവർ കത്തിടപാടുകാം നടത്തിയത് കാഷ്യോമുഖേനയായിരുന്നു.

ഇയാഗോ വൈരനിര്യാതനത്തിന്നു തക്കം പാത്തുകൊണ്ടും, തന്റെ ഉള്ളിൽക്കിടന്നുപുകയുന്ന ഈഷ്യയെ അല്പമെങ്കിലും പുറമേ കാണിയ്ക്കാതെയും ഒഥെല്ലോവിനെ സേവിച്ചുകൂടി. ഇതിന്നിടയിൽ ഇയാഗോ റോഡെറിയോവുമായി കൂട്ടുകെട്ടാരംഭിച്ചു. ഡെസ്ഡിമോണയെ വിവാഹം ചെയ്യാൻ താൻ തഞ്ചമുണ്ടാക്കിക്കൊടുക്കാമെന്നു പറഞ്ഞ്, എത്രയോ പണം റൊഡെറിഗോവിൽനിന്ന് ഇയാഗോ കൈക്കലാക്കി. ഒഥെല്ലോ ഡെസ്ഡിമോണയെ ഗൂഢമായി വിവാഹം ചെയ്യാൻ തീച്ച്യാക്കിയ വിവരം ഇയാഗോ അവനോടു പറഞ്ഞതുമില്ല. ഒടുക്കം—വിവാഹദിവസം രാത്രി—അക്കഥ ഇയാഗോ പറയേണ്ടിവന്നു. ഈ ഘട്ടത്തിലാണ് നാടകമാരംഭിയ്ക്കുന്നത്.

ഒരു കഥാപാത്രത്തെക്കുറിച്ചുകൂടി ഇവിടെ രണ്ടു വാക്കു പറഞ്ഞുകൊള്ളട്ടെ: അവരം ഇയാഗോവിന്റെ ഭാര്യയും, ഡെസ്ഡിമോണയുടെ പരിചാരികയുമായ എമിലിയയാണ്. ഇയാഗോവിന്റെ ഹൃദയം എത്രമേൽ കഠിനവും, കക്കശവുമായിരുന്നുവോ അത്രമേൽ ലോലവും, സ്നേഹമസൃണവുമായിരുന്നു എമിലിയയുടെ ഹൃദയമെന്നേ ഇവിടെ പറയേണ്ടതായിട്ടുള്ളു.

ഒന്നാമങ്കം

രംഗം 1

(വെനീസ്നഗരത്തിലെ ഒരു നിരത്ത്. റോഡെറിഗോ, ഇയാഗോ എന്നിവർ പ്രവേശിക്കുന്നു.)

റോഡെറിഗോ—ഛീ! എന്നോടൊന്നും പറയുകയേ വേണ്ട. ഇയാഗോ, താൻ—എന്റെ പണസ്സഞ്ചിയുടെ ചരടുകൂടി തന്റേതായിരുന്നെന്നപോലെ അതുപയോഗിച്ച താൻ—ഇക്കാര്യമറിഞ്ഞു എന്നത് എനിക്കു വല്ലാത്ത വല്ലായ്മയുണ്ടാക്കുന്നു.

ഇയാഗോ—എട മാരണമേ, ഞാൻ പറയുന്നത് താൻ കേൾക്കില്ലല്ലോ: ഞാനീ സംഗതി കിനാവിൽപ്പോലും അറിഞ്ഞിരുന്നെങ്കിൽ, എന്നെ ആട്ടിക്കോളൂ.

റോഡെറിഗോ—തനിയ്ക്കാ വിദ്വാനെ കണ്ടുകൂടെന്നു താനെന്നോടു പറഞ്ഞില്ലേ?

ഇയാഗോ—അതു നേരല്ലെങ്കിൽ എന്നെ ചവിട്ടിക്കോളൂ! എന്നെ അയാളുടെ കീഴിൽ ഉപനായകനായി നിശ്ചയിയ്ക്കാൻ ശിപാർശിയുംകൊണ്ട് ഈ നഗരത്തിലെ മൂന്നു പ്രമാണിമാരാണ് അയാളുടെ മുമ്പാകെച്ചെന്നു തൊഴുതു കുമ്പിട്ടത്. എന്റെ അച്ഛനാണേ, എന്റെ വില എനിയ്ക്ക് അസ്സലായറിയാം; അതിലൊട്ടും താഴെയല്ലാത്ത ഒരുദ്യോഗത്തിന്നു ഞാൻ പ്രാപ്തനാണെന്നും എനിയ്ക്കറിയാം. എന്നിട്ടോ? തന്റെ ആ പ്രതാപവും, തന്നിഷ്ടവും മാത്രമേ താൻ വിലവെക്കുകയുള്ളു എന്ന ഭാവത്തിൽ, യുദ്ധമുറകളെപ്പററിയുള്ള കടിച്ചാൽപ്പൊട്ടാത്ത വാക്കുകളും ഭയങ്കരവിശേഷണങ്ങളും കുത്തിനിറച്ച ഒരു ഗംഭീരപ്രസംഗത്തോടുകൂടി, അയാൾ അവരെ ഒഴിഞ്ഞുമാറി. ഒടുക്കം എന്റെ ശിപാർശിക്കാർ വെറുംകൈയായി മടങ്ങി എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. അങ്ങോർ പറയുകയാണ്: "അതിനെപ്പററി ഇനി പറയാനൊന്നുമില്ല: ഞാൻ എന്റെ കീഴുദ്യോഗസ്ഥനെ തിരഞ്ഞെടുത്തുകഴിഞ്ഞു" എന്ന്. അവനോ വലിയ ഒരു ഗണിതജ്ഞൻ—ഫ്ലോറൻസുകാരൻ ഒരു മൈക്കേൽ കാഷ്യോ—കാണാൻ ചന്തമുള്ള ഒരു ഭാര്യനിമിത്തം മുക്കാലും തുലഞ്ഞുകഴിഞ്ഞ ഒരു വഷളൻ—ഇത്തിയുതിവരെ അവൻ ഒരു സൈന്യത്തെ പടക്കളത്തിലിറക്കിയിട്ടില്ല; എടുനോക്കിപ്പ

ഠിച്ച പ്രമാണങ്ങളല്ലാതെ ഒരു സേനാംഗത്തെക്കുറിച്ച് അവന്ന് ഒരടുക്കളപ്പെണ്ണിന്നുള്ളതിനെക്കാളധികം അറിവുമില്ല. അവയെപ്പററി അവനെപ്പോലെതന്നെ കേമമായി പ്രസംഗിയ്ക്കാൻ നമ്മുടെ വായ്പയറുകാരായ [1] ജഡ്ജിമാൎക്കും കഴിയും. പ്രയോഗത്തിൽ ഫലിപ്പിച്ചിട്ടില്ലാത്ത വായ്ത്താരിയിലാണ് തന്റെ അഭ്യാസം മുഴുവൻ. എന്നിട്ടെന്തു വേണം, സർ, തിരഞ്ഞെടുപ്പു കിട്ടിയതു് അവന്ന്! റോഡ്സിലും, സൈപ്രസിലും, ഈശ്വരനുള്ളതും ഇല്ലാത്തതുമായ മററുപല നാടുകളിലുംവെച്ച് അയാളുടെ കണ്ണിന്നുമുമ്പാകെ എന്റെ മാററു തെളിയിച്ചുകൊടുത്ത ഞാനോ? ഞാൻ ഈ മുതല്പിടിക്ക്, ഈ കണക്കപ്പിള്ളക്ക്, വഴിമാറിക്കൊടുത്ത് അവന്റെ പിന്നിൽ അടങ്ങി ഒതുങ്ങിയിരുന്നു കൊള്ളണമത്രേ! ഒഴിവു വരുമ്പോഴും അങ്ങോരുടെ ഉപനായകനാവാൻ അവൻ വേണം; ഞാൻ—പടച്ചോന് വെളിച്ചം!—കരിമ്പൻതിരുമേനിയുടെ കൊടിപിടിയനും.

റോഡെറിഗോ—ഈശ്വരനാണേ, ഞാനായിരുന്നെങ്കിൽ, അവന്റെ കഴുത്തിനു കയറിടുന്ന കൊലയാളിയാവാനാണ് കൊതിയ്ക്കുക.

ഇയാഗോ—പറഞ്ഞിട്ടെന്തു വേണം? ഇതിനൊന്നും മരുമരുന്നില്ല. ഉദ്യോഗത്തിന്റെ ശാപമാണത്. ശിപാൎശിയും, സേവയും നോക്കിയാണ് കയററം; ഒന്നാമന്റെ അവകാശി രണ്ടാമൻ എന്ന പണ്ടത്തെ പാരമ്പര്യമുറയൊന്നും നോക്കീട്ടില്ല: ആട്ടെ, ചങ്ങാതി, ഈ മൂറിനെക്കുറിച്ചു വല്ലൊരു കൂറും എനിയ്ക്കു തോന്നാൻ ന്യായ്യമായ വല്ല വഴിയുമുണ്ടോ എന്ന് ഇനി താൻതന്നെ തീൎച്ചപ്പെടുത്തിയാൽ മതി.

റോഡെറിഗോ—ഞാനായിരുന്നെങ്കിൽ പിന്നേയും അയാളുടെ പിന്നാലെ കൂടുകയില്ല.

ഇയാഗോ—അയ്യോ, ചങ്ങാതി, താൻ വെമ്പാതിരിയ്ക്കു. ഞാനയാളുടെ പിന്നാലെ കൂടുന്നതു തിരിച്ചടിക്കു തഞ്ചം പാൎത്തുകൊണ്ടു മാത്രമാണ്. നമുക്കെല്ലാവൎക്കും യജമാനന്മാരാവാൻ കഴിയുകയില്ല: എല്ലാ യജമാനന്മാരേയും കാപട്യമില്ലാതെ സേവിയ്ക്കുവാനും കഴിയുകയില്ല. തങ്ങളുടെ യജമാനന്മാരുടെ കഴുതകളെപ്പോലെ, തീററയ്ക്കുവേണ്ടിമാത്രം, കെട്ടിയ കയർ നക്കിക്കൊണ്ട്, നിലംപററി

1 1622-ലെ ക്വാട്ടോ പതിപ്പിൽ 'toged' എന്നാണുള്ളത്; ഞാൻ ഫോളിയോപാഠമായ 'tongued' എന്ന വിശേഷണത്തെ സ്വീകരിച്ചിരിയ്ക്കുന്നു.

തൊഴുതുകൂടി, ആയുസ്സൊടുക്കുന്ന സ്വാമിഭക്തന്മാരായ പല ഭൃത്യന്മാരേയും തനിയ്ക്കു കാണാം. ചോരയും നീരും വററിയാൽ, ഉള്ള ചില്ലാനവും കൊടുത്തു്, വല്ല കുററവും പിരടിയ്ക്കാക്കി അവരെ പടിയിറക്കുകയും ചെയ്യും. അങ്ങിനെയുള്ള ചേട്ടകളെ കുതിര ച്ചമ്മട്ടികൊണ്ടുവേണം ബഹിക്കാൻ. വേറെയൊരു തരക്കാരുണ്ടു്: അവക്കു് സ്വാമിസേവയുടെ മുഖത്തോപ്പും പുറപ്പാടും മാത്രമേയുള്ളു; അവരുടെ ഉള്ളു മുഴവൻ ആത്മസേവയ്ക്കുമാത്രം ഒഴിച്ചുവെച്ചിരിയ്ക്കുകയാണു്. തങ്ങളുടെ യജമാനന്മാരെസ്സംബന്ധിച്ചിടത്തോളം പരിചരണത്തിന്റെ വെറുമൊരു കാട്ടിക്കൂട്ടൽമാത്രം ഒപ്പിച്ചുമാറി, അവരെക്കൊണ്ടു് നന്നാവുകയാണിവർ ചെയ്യുന്നതു്. തങ്ങളുടെ പത്തായങ്ങറം നിറഞ്ഞുകഴിഞ്ഞാൽ പിന്നീടവർ ചെയ്യുന്നതു് ആത്മപൂജമാത്രമായിരിയ്ക്കും. കുറച്ചൊരാന്തരമുള്ളവർ ഇവർമാത്രമാണു്. ഇക്കൂട്ടത്തിലൊരുവനാണു് ഞാൻ. എടോ, താൻ റോഡെറിഗോ ആണെന്നതുപോലെ തീച്ചയാണു് ഒരു കാര്യം: ഈ ഞാൻ മൂറായിരുന്നെങ്കിൽ ഇയാഗോ ഞാനായിരിയ്ക്കുകയില്ല. അയാളെ പരിചരിയ്ക്കുമ്പോറം ഞാൻ എന്നെത്തന്നെയാണു് പരിചരിയ്ക്കുന്നതു്. ഈശ്വരനറിയേ, കൂറും മുറയുമൊന്നും നോക്കിയല്ല ഞാൻ നില്ക്കുന്നതു്. എന്റെ സ്വന്താവശ്യങ്ങളെ നിറവേററുവാൻ ഞാൻ ഇങ്ങിനെയൊക്കെ നടിയ്ക്കുന്നുവെന്നേയുള്ളു. എന്റെ പുറമേയുള്ള പ്രവൃത്തികറം എന്റെ മനസ്സിന്റെ സ്വാഭാവികവ്യാപാരത്തേയും, ആശയസ്വരൂപത്തേയും പുറത്തെഴുതിച്ചേക്കപ്പെട്ട ഒരു ടിപ്പണിപോലെ വെളിവാക്കുകയാണെങ്കിൽ, ഏറെക്കഴിയുന്നതിന്നുമുമ്പു്, എന്റെ കരളിനെ ബലിക്കാക്കകറംക്കു കൊത്തിപ്പറിയ്ക്കാൻതക്കവിധത്തിൽ കുപ്പായത്തിന്റെ പുറമെ തുന്നിപ്പിടിപ്പിച്ചാണു് ഞാൻ നടക്കുക. ഇക്കാണുന്ന ഞാനല്ല ഞാൻ.

റോഡെറിഗോ—ഇത്ര എളുപ്പത്തിൽ കാര്യം പററിച്ചു ചാടാൻ ആ പനഞ്ചുണ്ടനു കഴിഞ്ഞെങ്കിൽ, അവന്റെ ഭാഗ്യം എത്രയായിരിയ്ക്കും!

ഇയാഗോ—അവളുടെ അച്ഛനെ വിളി! വിളിച്ചുണത്തു! മററവന്റെ പിന്നാലെക്കൂടി അവന്റെ ആനന്ദത്തിൽ വിഷം ചേർക്കു! തെരുവുതോറും അവന്റെ കള്ളി ഉറക്കെ വിളിച്ചുപറയൂ! അവളുടെ ബന്ധുക്കളെയൊക്കെ ശുണ്ഠിപിടിപ്പിയ്ക്കു! നിർബാധമായ ദിക്കിലാണു് അവൻ താമസിയ്ക്കുന്നതെങ്കിൽക്കൂടി, ചെള്ളിൻകൂട്ടത്തെപ്പോലെ അവനെപ്പോയി പൊറുതികെടുക്കു! അവൻ അ

നുഭവിയ്ക്കുന്ന സുഖം സുഖംതന്നെയെങ്കിലും അതിൻെറ നിറപ്പകി ട്ടൊന്നു കുറയുവാൻമാത്രമെങ്കിലും അതിന്മേൽ ശല്യത്തിൻെറ നിഴ ല്പാടുകഠം പതിപ്പിയ്ക്കു!

റോഡെറിഗോ—ഇതാ, അവളുടെ അച്ഛൻെറ വീട്. ഞാൻ ഉറക്കെ വിളിയ്ക്കാം.

ഇയാഗോ—വിളി: ആളുകഠം തിങ്ങിപ്പാർക്കുന്ന നഗരങ്ങളിൽ, രാത്രിയും കരുതലില്ലായ്മയും ഒത്തുചേരുമ്പോളുണ്ടാകുന്ന അഗ്നിബാ ധാവേളകളിൽ കേഠംക്കാറുള്ളമട്ടിൽ, പേടികൊണ്ടു വിറയ്ക്കുന്ന സ്വരത്തോടും, ദാരുണമായ ആപ്പോടുംകൂടി നിലവിളികൂട്ടു!

റോഡെറിഗോ—ഓയ്, ബ്രബാൻഷ്യോ! സീഞ്ഞോർ ബ്ര ബാൻഷ്യോ, ഓയ്!

ഇയാഗോ—ഹേയ് ഒന്നുണരണേ: ഓയ്, ബ്രബാൻഷ്യോ! കള്ളന്മാർ, കള്ളന്മാർ, കള്ളന്മാർ! നിങ്ങളുടെ വീടു നോക്കണേ! നിങ്ങളുടെ മകഠം! പണപ്പെട്ടികഠം. കള്ളന്മാർ! കള്ളന്മാർ!

(മുകളിൽ ഒരു ജനലിന്നു പിന്നിൽ ബ്രബാൻഷ്യോ പ്രത്യക്ഷപ്പെ ടുന്നു)

ബ്രബാൻഷ്യോ—ഈ ഭയങ്കരവിളിയുടെ കാരണമെന്തായി രിയ്ക്കും? എന്താണിവിടെ കലാപം?

റോഡെറിഗോ—അങ്ങുന്നേ, വീട്ടിലുള്ളവരൊക്കെ അകത്തുത ന്നെയുണ്ടോ?

ഇയാഗോ—നിങ്ങളുടെ വാതിലുകളൊക്കെ അടച്ചു സാക്ഷി യിട്ടിട്ടുണ്ടോ?

ബ്രബാൻഷ്യോ—ം—? എന്താ ചോദിയ്ക്കുന്നത്?

ഇയാഗോ—ഇതെന്തൊരു ശനി!—സർ, നിങ്ങളുടെ വീട്ടിൽ കള്ളൻ കയറി ഉള്ളതൊക്കെ കൊണ്ടുപോയിരിയ്ക്കുന്നു! നിങ്ങഠംക്ക് നാണമുണ്ടെങ്കിൽ ഉടുപ്പെടുത്തിടുവിൻ. നിങ്ങളുടെ കരളാണ് കള്ളൻ പൊളിച്ചിരിയ്ക്കുന്നത്. നിങ്ങളുടെ ആത്മാവുതന്നെ പക തിയും പോയിരിയ്ക്കുന്നു. ഇതാ ഇപ്പോഠം—ഇപ്പോഠം—ഈ നിമി ഷത്തിൽ—ഒരു മൂത്ത കരിമ്പനാട് നിങ്ങളുടെ വെളുത്ത കുഞ്ഞാ ടിനെ തകരാറാക്കുന്നുണ്ട്. എണീക്കിൻ, ഹേ, എണീക്കിൻ! കിടന്നു കൂക്കം വലിയ്ക്കുന്ന നാട്ടുകാരെയൊക്കെ മണിയടിച്ചുണ ർത്തിൻ! ഇല്ലെങ്കിൽ നിങ്ങളെ വലിയച്ഛനാക്കുന്നതു നരകച്ചെയ്ത്താ നായിരിയ്ക്കും! ഞാനാണ് പറയുന്നത്, എണീക്കിൻ!

ബ്രബാൻഷ്യോ—എന്ത്, നിൻെറ തലക്കല്ലിളകിപ്പോയോ?

റോഡെറിഗോ—വലിയങ്ങുന്നേ, അവിടുത്തേക്ക് എന്റെ ഒച്ച മനസ്സിലാകുന്നില്ലേ?

ബ്രബാൻഷ്യോ—ഇല്ല; ആരാ നീ?

റോഡെറിഗോ—എന്റെ പേര് റോഡെറിഗോ എന്നാണ്.

ബ്രബാൻഷ്യോ—അതുകൊണ്ടിവിടെ സ്വാഗതക്കുറവേയുള്ളു. എന്റെ പടിക്കൽ, ഗതിവരാത്ത പ്രേതത്തെപ്പോലെ, ചുററിപ്പററി നില്ക്കരുതെന്നു ഞാൻ നിന്നെ താക്കീതു ചെയ്തിട്ടുണ്ട്. എന്റെ മകൾ നിനക്കുള്ളതല്ലെന്നു ഞാൻ മര്യാദയ്ക്കു തുറന്നുപറയുന്നത് നീ കേട്ടിട്ടുണ്ട്. എന്നിട്ട്, ഇപ്പോൾ, തീനും കുടിയും കഴിഞ്ഞത്, തെമ്മാടിത്തത്തിന്റെ ഉശിരുംകൊണ്ട് എന്നെ സൈ്വരം കെടുക്കാൻ പുറപ്പെട്ടിരിയ്ക്കയാണ്—അല്ലേ?

റോഡെറിഗോ—അയ്യോ, അങ്ങുന്നേ, അങ്ങുന്നേ—

ബ്രബാൻഷ്യോ—ഇതിന്നുള്ള കഷായം നിന്നെക്കൊണ്ട് കുടിപ്പിയ്ക്കുവാൻമാത്രമുള്ള പ്രാപ്തി എന്റെ ആണത്തത്തിന്നും പദവിയ്ക്കുമുണ്ടെന്ന് നീ അറിഞ്ഞിരിയ്ക്കേണ്ടതാണല്ലോ.

റോഡെറിഗോ—പൊന്നങ്ങുന്നേ, ഒന്നടങ്ങിക്കേൾക്കണം.

ബ്രബാൻഷ്യോ—എന്നോട് എന്തെടാ നീ കവച്ചയെപ്പററി പുലമ്പുന്നത്? ഇതു വെനീസാണ്; എന്റെ വീട് കളപ്പുരയല്ല.

റോഡെറിഗോ—ബ്രബാൻഷ്യോ, വലിയങ്ങുന്നേ, കറ തീണ്ടാത്ത ശുദ്ധമനസ്സോടുകൂടിയാണ് ഞാൻ അങ്ങയുടെ അടുത്തേയ്ക്കു വന്നത്.

ഇയാഗോ—ഉലക്കപ്പിത്തായമാണ്! ഈശ്വരഭജനം ചെയ്യണമെന്ന് അസുരനാണ് പറഞ്ഞുപോയതെങ്കിൽ അതനുസരിയ്ക്കാൻകൂടി കൂട്ടാക്കാത്തമാതിരിക്കാരനാണ്, ഹേ, നിങ്ങൾ. നിങ്ങൾക്കൊരുപകാരം ചെയ്യാൻ ഇവിടുത്തോളമെത്തിയ ഞങ്ങളെപ്പററി തെമ്മാടികളാണെന്നു നിങ്ങൾക്കഭിപ്രായമുള്ളതുകൊണ്ട്, നിങ്ങളുടെ മകളുമായി ഇണചേരുവാൻ നിങ്ങൾ ഒരറബിക്കുതിരയെ അനുവദിയ്ക്കും; നിങ്ങളുടെ മകളുടെ മക്കൾ നിങ്ങളുടെ ചുററുംകൂടി ചിനയ്ക്കാറാകും; സവാരിക്കുതിരകളെ നിങ്ങൾ അടുത്ത മച്ചുനന്മാരായി സ്വീകരിയ്ക്കും—ഇല്ലേ?

ബ്രബാൻഷ്യോ—നാവിനു കോട്ടമില്ലാത്ത ഏതു തെമ്മാടിയാണെടാ നീ?

ഇയാഗോ—[ധിക്കാരത്തോടുകൂടി] ഞാനോ, സർ? നിങ്ങളുടെ മകളും മൂറും കൂടി ഇരട്ടപ്പുറത്തോടുകൂടിയ മൃഗത്തെപ്പോലെ

ചേൎന്നുകിടക്കുകയാണിപ്പോഠം ചെയ്യുന്നതെന്നു നിങ്ങളെ അറിയിയ്ക്കാൻ വന്ന ഒരു മനുഷ്യൻ.

ബ്രബാൻഷ്യോ—നീ ഒരു ചെററപ്പെറുക്കിയാണ്.

ഇയാഗോ—നിങ്ങഠം—ഒരു സെനററ് മെമ്പറാണ്.

ബ്രബാൻഷ്യോ—ഇതിന്നു ഞാൻ നിന്നെക്കൊണ്ട് സമാധാനം പറയിക്കും; റോഡെറിഗോ, നിന്നെ ഞാൻ അറിയും.

റോഡെറിഗോ—അങ്ങുന്നേ, എന്തിനു വേണമെങ്കിലും ഞാൻ ഉത്തരം പറയാം. പക്ഷെ ഞാൻ വണക്കത്തോടുകൂടി ഒന്നുണൎത്തിച്ചുകൊള്ളട്ടെ: യാമപ്പകുതിയിൽ അങ്ങുമിങ്ങും തൊടാതെ സ്തംഭിച്ചുനില്ക്കുന്ന ഈ നട്ടപ്പാതിരയ്ക്ക്, അങ്ങയുടെ ഓമനമകളെ, കൂലിയ്ക്ക് ആളുകളെ കടത്തുന്ന വെറുമൊരു തോണിക്കാരനൊഴിച്ച് അപ്പുറത്തോ ഇപ്പുറത്തോ മറെറാരകമ്പടിയില്ലാതെ, കാമകിങ്കരനായ ഒരു മൂറിന്റെ മൃഗീയാശ്ലേഷത്തിന്നുവേണ്ടി കൊണ്ടുപോയത് അങ്ങേയ്ക്കിഷ്ടമാണെങ്കിലും, അങ്ങയുടെ സമ്മതത്തോടുകൂടിയാണെങ്കിലും—ഏതാണ്ടങ്ങിനെതന്നെയാണെന്നാണ് ഞാൻ ഇപ്പോഠം കാണുന്നത്—ഇതൊക്കെ നടന്നത് അങ്ങയുടെ അറിവോടും അനുമതിയോടും കൂടിയാണെങ്കിൽ—തീൎച്ചയായും ഞങ്ങഠം അങ്ങയുടെ നേരെ വലിയൊരപരാധവും സാഹസവുമാണ് പ്രവൎത്തിച്ചിട്ടുള്ളത്. പക്ഷെ, ഈ സംഗതി അവിടുന്നറിയുകയില്ലെങ്കിൽ, അവിടുന്ന് ഞങ്ങളെ ശകാരിച്ചത് തെററിപ്പോയെന്നാണ് ഞാൻ പഠിച്ച മര്യാദകൊണ്ട് എനിയ്ക്കു തോന്നുന്നത്. മര്യാദ കേവലം കൈവിട്ട്, അഭിവന്ദ്യനായ അങ്ങയെ സംബന്ധിച്ച് ഇങ്ങിനെയൊരു കുട്ടിക്കളി ഞാൻ കളിയ്ക്കുമെന്നും അവിടുന്ന് കരുതരുത്. ഞാനൊരിയ്ക്കൽക്കൂടി പറയുന്നു: അങ്ങയുടെ മകഠം—അങ്ങ് അവഠംക്ക് അതിന്നനുവാദം നല്കിയിട്ടില്ലെങ്കിൽ—ഏററവും വമ്പിച്ച ഒരു തോന്ന്യവാസമാണ് കാണിച്ചിട്ടുള്ളത്. ഊരും പേരുമില്ലാതെ, ഇന്നിവിടെ, നാളെ മറെറാരിടത്തായിക്കഴിയുന്ന ഒരു തെണ്ടിയോട് തന്റെ നാരീധൎമ്മവും, സൌന്ദര്യവും, വിവേകവും, വിത്തവുമെല്ലാം കൂട്ടിക്കെട്ടുകയാണ് അവഠം ചെയ്തിട്ടുള്ളത്. ഇത് നേരോ കള്ളമോ എന്ന് അങ്ങേയ്ക്ക് ഇപ്പോഠംത്തന്നെ, തന്നെത്താൻ ബോധ്യപ്പെടുത്തുകയും ചെയ്യാം. അവഠം അങ്ങയുടെ വീട്ടിൽ അവളുടെ മുറിയിൽത്തന്നെയുണ്ടെങ്കിൽ, അങ്ങയെ ഇങ്ങിനെ വഞ്ചിച്ചതിന്ന് എന്റെ പേരിൽ നാട്ടുനിയമപ്രകാരമുള്ള എന്തു നടപടിയും എടുക്കാം.

ബ്രബാൻഷ്യോ—ഹോ, ആരവിടെ? തീപ്പെട്ടിയുരക്കൂ! ഒരു മെഴുതിരി കൊണ്ടുവന്നാട്ടെ! ആളുകളെയൊക്കെ വിളിച്ചുണർത്തൂ! ഈ സംഭവത്തിന്ന് എൻെറ സ്വപ്നവുമായി സാദൃശ്യമില്ലാതില്ല; അതിലുള്ള വിശ്വാസം എന്നെ ഇപ്പോൾത്തന്നെ ഞെരുക്കിത്തുടങ്ങിയിരിയ്ക്കുന്നു—വെളിച്ചത്തിന്നാണ് ഞാൻ പറഞ്ഞത്! വെളിച്ചം! [മേലെനിന്ന് പോകുന്നു.]

ഇയാഗോ—എന്നാൽ നമുക്ക് പിന്നെക്കാണാം; എനിക്കിവിടെനിന്ന് വിട്ടുപോകാതെ നിവൃത്തിയില്ല. ഞാൻ ഇവിടെ നിന്നാൽ മൂറിന്നെതിരായി സാക്ഷിക്കൂട്ടിൽ നില്ക്കേണ്ടിവരുമെന്നു തീർച്ചയാണ്. അതു തല്ക്കാലം അത്ര പന്തിയായിരിയ്ക്കുമെന്നു തോന്നുന്നില്ല; എൻെറ ഉദ്യോഗത്തിന്നും അതു ഹാനികരമായേക്കാം: ഒരു കാര്യം എനിയ്ക്ക് നല്ലവണ്ണം അറിയാം. നമ്മൾ ഈ ചെയ്തത് ആ മനുഷ്യനെ തെല്ലൊന്നു തടഞ്ഞ് ശല്യപ്പെടുത്തിയാലും, ഗവമ്മേണ്ടിന്ന് അയാളെ തള്ളിക്കൂടാത്ത നിലയാണുള്ളത്. നിഷേധിയ്ക്കാൻ വയ്യാത്ത ന്യായ്യങ്ങളിന്മേൽ അയാൾ സൈപ്രസ്സിലെ യുദ്ധം നടത്തുവാൻ—അതിപ്പോഴും അവസാനിച്ചിട്ടില്ല.—അങ്ങോട്ടു പുറപ്പെട്ടിരിക്കുകയാണ്. അവരുടെ ജീവൻ പണയം വെച്ചാൽക്കൂടി ആ വിദ്വാൻെറ അഗാധപ്രാപ്തിയോടുകൂടിയ മറെറാരാളെ അവരുടെ കാര്യം നിർവ്വഹിയ്ക്കാൻ അവക്കു കിട്ടുകയുമില്ല. ഞാൻ അയാളെ നരകയാതനയെ വെറുക്കുംപോലെ വെറുക്കുന്നുണ്ടെങ്കിലും, ഈ സംഗതിയാലോചിയ്ക്കുമ്പോൾ, തല്ക്കാലത്തെ ഒരു നില്പുക്കുള്ളിക്കുവേണ്ടി സൌഹാർദ്ദത്തിൻെറ കൊടിയടയാളംപോലെയുള്ള ഒരു ബാഹ്യചിഹ്നമെങ്കിലും എനിയ്ക്കു കാണിയ്ക്കാതെ നിവൃത്തിയില്ല; പക്ഷെ അതു വെറുമൊരു നാട്യംമാത്രമായിരിയ്ക്കും. ആളുകൾ കൂടിക്കഴിഞ്ഞാൽ തിരച്ചൽസംഘത്തെ നേരെ സാഗിത്തറി പൊതുക്കെട്ടിടത്തിലേയ്ക്കു കൂട്ടിക്കോളൂ; അവിടെ അയാളെ കാണാതിരിക്കില്ല. അവിടെ, അയാളുടെകൂടെ, ഞാനും ഉണ്ടായിരിയ്ക്കും. എന്നാലങ്ങിനെ! [പോകുന്നു.]

(കീഴെ ചൂട്ടും പന്തവും പിടിച്ച ഭൃത്യന്മാരോടുകൂടി ബ്രബാൻഷ്യോ പ്രവേശിയ്ക്കുന്നു)

ബ്രബാൻഷ്യോ—ഈ ആപത്തു പറഞ്ഞതുപോലെത്തന്നെ പററിയല്ലോ! അവൾ പോയിക്കഴിഞ്ഞിരിയ്ക്കുന്നു. അവമാനം നിറഞ്ഞ എൻെറ ജീവിതശേഷത്തിൽനിന്ന് ഇനിയങ്ങോട്ടു കയ്പുരസമല്ലാതെ മറെറാന്നുമുണ്ടാകുവാനില്ല—റോഡെറിഗോ, എവി

ടെയാണപ്പാ നീ അവളെ കണ്ടതു്?—കഷ്ടം ജാതകം പിഴച്ച പെണ്ണേ!—മൂറിൻെറകൂടെ എന്നല്ലേ നീ പറഞ്ഞതു്?—ഒരച്ഛനാവാൻ ആരു കൊതിയ്ക്കും?—അവളാണെന്നു നിനക്കു് എങ്ങിനെ മനസ്സിലായി?—അയ്യോ ആലോചിച്ചാൽ അന്തം കാണാത്ത നിലയിലല്ലേ അവളെന്നെ ചതിച്ചതു്!—നിന്നോടു് അവളെന്തു പറഞ്ഞു?—കുറേക്കൂടി മെഴുകുതിരികറം കൊണ്ടുവരട്ടെ; എൻെറ ബന്ധുക്കളെ മുഴുവൻ വിളി—അവരുടെ വിവാഹകർമ്മം നടന്നിരിക്കുമോ, നീയെന്തു വിചാരിയ്ക്കുന്നു?

റോഡെറിഗോ—വാസ്തവം പറയുകയാണെങ്കിൽ, നടന്നിരിയ്ക്കണമെന്നാണെനിയ്ക്കു തോന്നുന്നതു്.

ബ്രബാൻഷ്യോ—ദൈവമേ!—അവളെങ്ങിനെ പുറത്തേയ്ക്കു കടന്നു? അവനവൻെറ സ്വന്തം ചോര ചതിച്ച ചതിയല്ലേ ഇതു്! ഇതാ, അച്ഛന്മാരേ, ഇന്നുമുതൽ നിങ്ങളുടെ പെൺകുട്ടികളുടെ പ്രത്യക്ഷനടപടിയെ അടിസ്ഥാനപ്പെടുത്തി അവരുടെ മനഃസ്ഥിതിയെപ്പററി യാതൊന്നും വിശ്വസിച്ചുപോകരുതേ! കല്യാണം കഴിഞ്ഞിട്ടില്ലാത്ത ചെറുപ്പക്കാരികളുടെ സ്വഭാവത്തെ വ്യഭിചരിപ്പിയ്ക്കുന്ന ചില മന്ത്രതന്ത്രങ്ങളില്ലേ? അങ്ങിനെ എന്തൊക്കെയോ ഉണ്ടെന്നു നീ വായിച്ചിട്ടില്ലേ, റോഡെറിഗോ?

റോഡെറിഗോ—ഉണ്ടങ്ങുന്നേ, ഞാൻ വായിച്ചിട്ടുണ്ടു്; തീർച്ച.

ബ്രബാൻഷ്യോ—എൻെറ അനുജനെ വിളിച്ചുണർത്തു—കഷ്ടം, നിനക്കു് അവളെ തന്നിരുന്നെങ്കിൽ എത്ര നന്നായിരുന്നു!—ചിലർ ഒരു വഴിയ്ക്കു പോകട്ടെ, മററു ചിലർ വേറൊരു വഴിക്കു്—അവളേയും മൂറിനേയും എവിടെവെച്ചു പിടിയ്ക്കാൻ കഴിയുമെന്നു നിനക്കു പറയാൻ സാധിയ്ക്കുമോ?

റോഡെറിഗോ—രക്ഷയ്ക്കു നല്ല ഒരകമ്പടിയും അവിടുന്നും കൂടെയുണ്ടെങ്കിൽ അവരെ എനിയ്ക്കു കണ്ടുപിടിയ്ക്കാൻ കഴിയുമെന്നുതന്നെ ഞാൻ വിചാരിയ്ക്കുന്നു.

ബ്രബാൻഷ്യോ—ദയചെയ്തു മുമ്പേ നടക്കൂ. ഓരോ വീട്ടിലും ഞാൻ സഹായത്തിന്നു വിളിയ്ക്കും. അങ്ങേ അററം, എനിയ്ക്കു കല്പിയ്ക്കുകകൂടി ചെയ്യാം—ആരവിടെ, ആയുധങ്ങറം കൊണ്ടുവരട്ടെ. രാത്രിയത്തെ പ്രത്യേകപാറാവുകാരായ കുറെക്കൂടി ആളുകളെ വിളിയ്ക്കട്ടെ—റോഡെറിഗോ, നടക്കപ്പാ—നിൻെറ ഈ ബുദ്ധിമുട്ടു പാഴായിപ്പോവുകയില്ല.

(എല്ലാവരും പോകുന്നു)

രംഗം 2

(വെനിസ് മറെറാരു നിരത്ത്. ചൂട്ടു പിടിച്ച ഏതാനും അനുചരന്മാരോടുകൂടി ഒഥെല്ലോ പ്രവേശിയ്ക്കുന്നു)

ഇയാഗോ—യുദ്ധത്തിലേപ്പെട്ടിരിയ്ക്കുമ്പോഠം ഞാൻ പലരേയും കൊന്നിട്ടുണ്ടെങ്കിലും, കല്പിച്ചുകൂട്ടി ഒരുത്തനെ കൊലപ്പെടുത്തുകയില്ലെന്നത് എൻെറ മനസ്സാക്ഷിയുടെ കാതലായിട്ടാണ് ഞാനെണ്ണുന്നത്. എനിയ്ക്കുപകാരത്തിനുതകേണ്ടിവരുന്നതുപോലും ദുഷ്ടത എനിക്കു ചിലപ്പോഠം കിട്ടുന്നില്ല. ആ മനുഷ്യൻെറ വാരിയെല്ലിൻെറ അടിയിൽ, ഇവിടെയിങ്ങിനെ, ഒന്നു നീട്ടിക്കൊടുത്താലെന്താണെന്ന് ഒരെട്ടൊമ്പതു പ്രാവശ്യം എനിയ്ക്കു തോന്നീട്ടുണ്ട്.

ഒഥെല്ലോ—അതു ചെയ്യാഞ്ഞത് ഏതായാലും നന്നായി.

ഇയാഗോ—പക്ഷെ ആ വിഡ്ഢി ചിലയ്ക്കാൻ തുടങ്ങിയല്ലോ. കേട്ടുപൊറുക്കാൻ നിവൃത്തിയില്ലാത്ത എന്തൊക്കെ അസഭ്യവാക്കുകളാണ് അങ്ങയെപ്പററി പറഞ്ഞത്. നന്നെ കമ്മിയായ എൻെറ ദൈവതയുംകൊണ്ട് അതൊക്കെ കേട്ട് അടങ്ങിയിരിയ്ക്കാൻ ഞാൻ വളരെ വിഷമിച്ചു.

പക്ഷെ, ഇതാ, അങ്ങുന്നേ, ഞാനൊന്നു ചോദിച്ചുകൊള്ളട്ടെ: കല്യാണച്ചടങ്ങുകളൊക്കെ വേണ്ടുംപോലെത്തന്നെ നടത്തിയിട്ടില്ലേ? ഒരു സംഗതി അവിടുന്ന് തീർച്ചപ്പെടുത്തിക്കൊള്ളണം: മൂപ്പിന്നിനെ ആളുകഠക്കൊക്കെ വലിയ കാര്യമാണ്. അങ്ങേരുടെ ആജ്ഞാശക്തി ഡ്യൂക്കിൻേറതിനേക്കാഠം ഒരിരട്ടിയുമാണ്. കഴിയുമെങ്കിൽ, ഈ ബന്ധം അയാഠം മുറിയ്ക്കും; അതു സാധിച്ചില്ലെങ്കിൽ, അയാളുടെ സർവ്വശക്തികളും പ്രയോഗിച്ച്, നിയമപ്രകാരം എന്തൊക്കെ വയ്യാവേലികളും ബുദ്ധിമുട്ടുകളും വരുത്തിച്ചേക്കാൻ കഴിയുമോ, അതിൻെറ അങ്ങേ അററംവരെ അങ്ങയെക്കൊണ്ട് അനുഭവിപ്പിയ്ക്കും.

ഒഥെല്ലോ—അദ്ദേഹം പകവീട്ടാനെന്തെങ്കിലും ചെയ്തുകൊള്ളട്ടെ. ഭരണസമിതിയ്ക്കുവേണ്ടി ഞാൻ ചെയ്തിട്ടുള്ള ഉപകാരങ്ങഠം അദ്ദേഹത്തിൻെറ ആവലാതിയുടെ നാവടക്കിക്കൊള്ളും. എന്നെസ്സംബന്ധിച്ച ഒരു സംഗതി ഇനിയും പൊതുവിൽ അറിയപ്പെടാതെയുണ്ട്: രാജവംശത്തിൽപ്പെട്ടവരുടെ പാരമ്പര്യത്തിലാണ് ഞാൻ പിറന്നു വളൎന്നത്. ഞാൻ ഇപ്പോഠം പ്രാപിച്ചിട്ടുള്ള ഈ മാന്യപദവിയുടെ മുമ്പാകെ ഒട്ടും തലകുനിക്കാതെ നിന്ന് ഒപ്പത്തി

നൊപ്പം പെരുമാറാൻതക്ക കോപ്പുകളൊക്കെ എനിയ്ക്കുമുണ്ട്. ആത്മപ്രശംസയെ ഒരു സ്വഭാവഗുണമായി ഞാനെണ്ണുന്ന കാലത്ത് അതൊക്കെ ഞാൻ വിളിച്ചുപറഞ്ഞുകൊള്ളാം. ഇയാഗോ, നീ ഒരു കാര്യംകൂടി മനസ്സിലാക്കണം: ശീലവതിയായ ഡെസ്ഡിമോണയിൽ എനിക്ക് അത്ര ഉള്ളഴിഞ്ഞ പ്രണയമുണ്ടായിരുന്നില്ലെങ്കിൽ, എൻെറ സ്വതന്ത്രമായ അവിവാഹിതാവസ്ഥയെ ഗാർഹസ്ഥ്യത്തിൻെറ ഇടുങ്ങിയ പരിധികൾക്കുള്ളിലൊതുക്കിക്കൂട്ടുവാൻ, ആഴിത്തട്ടിലെ നിധികൾ മുഴുവൻ മാററമായിത്തന്നാൽക്കൂടി, ഞാൻ സമ്മതിയ്ക്കുകയില്ലായിരുന്നു. അല്ലാ അങ്ങോട്ടു നോക്കൂ! ഏതാണ് കുറെ ദീവെട്ടികളിങ്ങോട്ടു വരുന്നത്?

ഇയാഗോ—വിവരമറിഞ്ഞു പുറപ്പെട്ട അച്ഛനും കൂട്ടുകാരുമാണവർ. അങ്ങുന്ന് ദയചെയ്ത് അകത്തു പോകണം.

ഒഥെല്ലോ—ഞാനോ? ഒരിക്കലുമില്ല. എന്നെ കാണുകയാണ് വേണ്ടത്. എൻെറ സ്വഭാവവും, എൻെറ അവകാശവും, കളങ്കരഹിതമായ എൻെറ ആത്മാവും മതി എൻെറ സത്യാവസ്ഥ വെളിപ്പെടുത്താൻ. അവർതന്നെയാണോ?

ഇയാഗോ—ഈശ്വരോ രക്ഷതു! അല്ലെന്നാണ് എനിയ്ക്കു തോന്നുന്നത്.

(കാഷ്യോവും ചൂട്ടു പിടിച്ച ഏതാനും പട്ടക്കാരും പ്രവേശിയ്ക്കുന്നു)

ഒഥെല്ലോ—ഡ്യൂക്കിൻെറ പരിചാരകന്മാരും, എൻെറ ഉപനായകനും—കൂട്ടരേ, കണ്ടതു സന്തോഷം! വിശേഷം വല്ലതുമുണ്ടോ?

കാഷ്യോ—ഡ്യൂക്ക് അങ്ങയോട് അന്വേഷണം പറഞ്ഞിരിയ്ക്കുന്നു. ഒരു നിമിഷംപോലും താമസിയ്ക്കാതെ അടിയന്തരത്തിന്മേൽ അടിയന്തരമായി അങ്ങയോട് അത്രത്തോളം ഒന്നു ചെല്ലാനും ആവശ്യപ്പെട്ടിരിയ്ക്കുന്നു.

ഒഥെല്ലോ—എന്താവശ്യത്തിനാണെന്നാണ് നീ വിചാരിയ്ക്കുന്നത്?

കാഷ്യോ—സൈപ്രസ്സിൽനിന്ന് എന്തോ വിവരമുണ്ടായിരിയ്ക്കണമെന്നാണ് ഞാൻ ഊഹിയ്ക്കുന്നത്. ഏതായാലും കാര്യം കുറെ ചൂടുള്ളതുതന്നെയാണ്. പടവള്ളങ്ങളിൽനിന്ന് ഇന്നു രാത്രി തന്നെ ഒരു പന്തണ്ടാളുകളെ വഴിയ്ക്കുവഴിയായി ഇങ്ങോട്ടയച്ചിട്ടുണ്ട്. ഭരണസഭാംഗങ്ങളിൽ പലരേയും വിളിച്ചുണത്തി കണ്ടുകഴിഞ്ഞു. അവരൊക്കെ ഡ്യൂക്കിൻെറ അരമനയിലുണ്ട്. അങ്ങെയ്ക്ക് അടിയന്തരമായി ആളയച്ചിരുന്നു. വീട്ടിൽ കാണാത്തതു

കൊണ്ട് എവിടെയാണുള്ളതെന്നന്വേഷിച്ചറിവാൻവേണ്ടി അവർ മൂന്നു വഴിയ്ക്ക് ആളെ വിട്ടിട്ടുണ്ട്.

ഒഥെല്ലോ — ആട്ടെ; നീ എന്നെ കണ്ടെത്തിയതു നന്നായി. ഞാൻ അകത്തു പോയി ഒരു വാക്കു പറഞ്ഞു വന്നോട്ടെ. എന്നിട്ടു നമുക്ക് ഒരുമിച്ചു പോകാം. [പോകുന്നു.]

കാഷ്യോ — അല്ലാ — മൂപ്പർക്കെന്താണ് ഇവിടെ കാര്യം?

ഇയാഗോ — മൂപ്പർ ഇന്ന് കരയിൽപ്പോകുന്ന ഒരു ചരക്കുപത്തേമാരി കൈക്കലാക്കിയിട്ടുണ്ട്. അവകാശത്തക്കമില്ലാതെ അത് സ്വന്തമാക്കാൻ കഴിഞ്ഞെങ്കിൽ, ഇനിയങ്ങോട്ട് ഒടുവുവരെ അങ്ങോക്ക് ഭാഗ്യം തികഞ്ഞു.

കാഷ്യോ — എനിയ്ക്കൊന്നും മനസ്സിലായില്ല.

ഇയാഗോ — മൂപ്പരുടെ വിവാഹം കഴിഞ്ഞു.

കാഷ്യോ — ആരെ?

(ഒഥെല്ലോ വീണ്ടും പ്രവേശിയ്ക്കുന്നു.)

ഇയാഗോ — അതോ, — അങ്ങുന്നേ, എന്നാൽ പുറപ്പെട്ടുകയല്ലേ?

ഒഥെല്ലോ — നിന്റെ പാട്! — ം — പോവുക!

കാഷ്യോ — ഇതാ, അങ്ങയെത്തിരഞ്ഞുകൊണ്ട് വേറൊരു സംഘം വരുന്നു.

ഇയാഗോ — അതു ബ്രബാൻഷ്യോവാണ് — അങ്ങുന്ന, പറയുന്നതു കേൾക്കണേ, നല്ലതിനല്ല അയാളുടെ വരവ്.

(ബ്രബാൻഷ്യോ, റോഡെറിഗോ, ദീവെട്ടികളും ആയുധങ്ങളും ധരിച്ച പാറാവുദ്യോഗസ്ഥന്മാർ എന്നിവർ പ്രവേശിയ്ക്കുന്നു.)

ഒഥെല്ലോ — ഹേയ്, നില്ക്കുവിടെ!

റോഡെറിഗോ — സീഞ്ഞോർ, മൂറാണത്.

ബ്രബാൻഷ്യോ — വെട്ടിവീഴ്ത്തുവനെ! കള്ളൻ!

(ഇരുവശത്തുള്ളവരും വാളൂരിപ്പിടിയ്ക്കുന്നു.)

ഇയാഗോ — റോഡെറിഗോ! ഇങ്ങോട്ടു വാ! നിനക്കു ഞാനുണ്ട്!

ഒഥെല്ലോ — ആ മിന്നുന്ന വാളുകളൊക്കെ ഉറയിൽത്തന്നെ വെച്ചേക്കിൻ. മഞ്ഞു തട്ടിയാൽ അവയ്ക്കു തുരുമ്പു പിടിയ്ക്കും. സീഞ്ഞോർ, ഞങ്ങളെക്കൊണ്ടു പറയുന്നതുപോലെ ചെയ്യിയ്ക്കാൻ ഈ ആയുധങ്ങളെക്കാൾ താങ്കളുടെ പ്രായത്തിനാണ് കൂടുതൽ കെല്പ്.

ബ്രബാൻഷ്യോ—എടാ, നെറികെട്ട കള്ളാ, നീ എന്റെ മകളെ എവിടെക്കൊണ്ടുപോയൊളിപ്പിച്ചു? ഗതികെട്ട തുലഞ്ഞ നീ അവളെ വശീകരിച്ചല്ലോ. സകലചേതനങ്ങളേയും സാക്ഷികളാക്കിക്കൊണ്ടു് ഞാൻ ചോദിയ്ക്കുന്നു: അവാം മയക്കമന്ത്രത്തിന്റെ കെട്ടുകളില്ലാതെ കുടുങ്ങാൻ തരമുണ്ടോ? കളിയും ചിരിയുമായി കാലം കഴിച്ചുകൂട്ടിയ, ഇത്രയും ചെറുപ്പക്കാരിയും, സൌഭാഗ്യവതിയുമായ ഒരു കന്യക—ഞങ്ങളുടെ കൂട്ടത്തിലുള്ള തറവാടികളും സുന്ദരന്മാരുമായ ചെറുപ്പക്കാരെ ദൂരെ ഒഴിച്ചുമാററിയാണു് അവാം നടന്നതു്; അത്രത്തോളം വിവാഹത്തെ വെറുത്തിരുന്നൊരു പെൺകിടാവു്—നാട്ടുകാരുടെ പരിഹാസപാത്രമായിത്തീരാൻവേണ്ടിമാത്രം, നിന്നെപ്പോലുള്ള ഒരു സത്വത്തിന്റെ കരിപിടിച്ച മാറിലേയ്ക്കു്—സന്തോഷിയ്ക്കാനല്ല, ഭയപ്പെടാൻവേണ്ടി—വീട്ടിന്റെ രക്ഷയുപേക്ഷിച്ചു പാഞ്ഞുവരുമെന്നോ? നീ ദുർമ്മന്ത്രവാദം ചെയ്തു്, കാമവേഗത്തെ തട്ടിയുണർത്തുന്ന ഔഷധങ്ങളോ ഭസ്മങ്ങളോകൊണ്ടു് അവളുടെ പിഞ്ചുപ്രായത്തെ ദുരുപയോഗപ്പെടുത്തിയെന്നതു കണ്ണുമ്പാകെ മുഴച്ചുനില്ക്കുന്ന വസ്തുതയല്ലേ എന്നു ലോകം തീർച്ചപ്പെടുത്തട്ടെ. അതിനെക്കുറിച്ചൊരു വിചാരണ ഞാൻ നടത്തിയ്ക്കും. നടക്കാനിടയുള്ളതും, ഊഹിയ്ക്കാൻ പാടുള്ളതുമാണതു്. ലോകവഞ്ചകനും, നിഷിദ്ധങ്ങളും, അധികാരമില്ലാത്തവയുമായ ദുഷ്പ്രവൃത്തികളിൽ ഏർപ്പെട്ടവനുമെന്ന നിലയിൽ നിന്നെപ്പിടിച്ചു തടങ്ങലിൽ വെക്കുവാൻ ഞാൻ കല്പിയ്ക്കുന്നു. പിടിയവനെ! എതിർപ്പിന്നാണു് വട്ടമെങ്കിൽ, അപായപ്പെടുത്താനും മടിയ്ക്കേണ്ട.

ഒഥെല്ലോ—ആരും അനങ്ങിപ്പോകരുതു്—എന്റെ ഭാഗക്കാരായാലും ശരി, മററുള്ളവരായാലും ശരി. ഞാൻ വാളെടുക്കേണ്ടുന്ന സമയമാണെങ്കിൽ, വായ്ത്താരി പറയാൻ എനിയ്ക്കിവിടെ മറെറാരാളാവശ്യമില്ല. നിങ്ങളുടെ ഈ കുററാരോപണത്തിനു മറുപടി പറയാൻ ഞാൻ എങ്ങോട്ടു പോകണമെന്നാണു് നിങ്ങളുടെ ഇഷ്ടം?

ബ്രബാൻഷ്യോ—ജയിലിലേയ്ക്കു്. നിയമപ്രകാരം വിചാരണയുടെ സമയമെത്തി, നിന്നെ സമാധാനം ബോധിപ്പിയ്ക്കാൻ വിളിയ്ക്കുന്നതുവരെ അവിടെയാണു് നീ കിടക്കേണ്ടതു്.

ഒഥെല്ലോ—ഞാൻ അനുസരിച്ചാലോ? അതുകൊണ്ടു ഡ്യൂക്കു് തൃപ്തിപ്പെടാനിടയുണ്ടോ? അടിയന്തരമായ എന്തോ രാജ്യകാര്യത്തെക്കുറിച്ചാലോചിയ്ക്കാൻ എന്നെ ഇപ്പോഴുംത്തന്നെ കൂട്ടി

കൊണ്ടുചെല്ലണമെന്ന കല്പനയോടുകൂടി അദ്ദേഹം അയച്ച ആളാണ് എന്റെ ഇരുവശത്തും നില്ക്കുന്നത്.

ഒരു പട്ടക്കാരൻ—[ബ്രബാൻഷ്യോവിനോട്] അതു നേരാണങ്ങുന്നേ! ഡ്യൂക്ക് ഭരണസഭാംഗങ്ങളുമായി കൂടിയാലോചന നടത്തുകയാണ്. അങ്ങേയ്ക്കും തീർച്ചയായി ആളയച്ചിട്ടുണ്ടായിരിയ്ക്കണം.

ബ്രബാൻഷ്യോ—എന്ത്! ഡ്യൂക്ക് യോഗം വിളിച്ചുകൂട്ടിയിരിയ്ക്കയാണോ? ഈ അസമയത്തോ?—അവനെപ്പിടിച്ചു നമ്മുടെ കൂടെത്തന്നെ കൊണ്ടുപോരുവിൻ. എന്റെ ആവലാതി എളുപ്പത്തിൽ തള്ളിക്കളയാവുന്നതൊന്നുമല്ല. ഡ്യൂക്ക് താൻതന്നെയാകട്ടെ, സഭയിലെ മററംഗങ്ങളാകട്ടെ, ഈ അക്രമത്തെ തങ്ങളുടെ നേരെ കാണിയ്ക്കപ്പെട്ടതുപോലെ കരുതാതിരിയ്ക്കാൻ നിവൃത്തിയില്ല. ആരും ചോദിയ്ക്കാനും പറയാനുമില്ലാതെ, ഇത്തരം പ്രവൃത്തികൾ ഇവിടെ നടക്കുകയാണെങ്കിൽ, നമ്മുടെ നാടുവാഴികൾ അടിമകളും, നാസ്തികന്മാരുമായിരിയ്ക്കണം.

(എല്ലാവരും പോകുന്നു)

രംഗം 3

(വെനിസിലെ ആസ്ഥാനമണ്ഡപം. ഡ്യൂക്കും ഭരണസഭാംഗങ്ങളും മേശയ്ക്കുചുററും ഇരിയ്ക്കുന്നു. പട്ടക്കാർ കല്പന കാത്തുനില്ക്കുന്നു.)

ഡ്യൂക്ക്—വിശ്വാസത്തിനാസ്പദമായ ഒരു പൂർവ്വാപരബന്ധം ഞാൻ ഈ സന്ദേശങ്ങളിലൊന്നും കാണുന്നില്ല.

ഒന്നാം സഭാംഗം—സംശയമില്ല, അവതമ്മിൽ പൊരുത്തമില്ലാതെയാണുള്ളത്. നൂറേറഴ പടവള്ളങ്ങൾ എന്നാണ് എനിയ്ക്കുള്ള കത്തുകളിൽ കാണുന്നത്.

ഡ്യൂക്ക്—എന്റെ കത്തുകളിൽ നൂററിനാല്പതാണ്.

രണ്ടാം സഭാംഗം—എന്റേതിൽ ഇരുനൂറ്. പക്ഷെ ഒരു കാര്യമുണ്ട്: അവയ്ക്കു തമ്മിൽ യോജിപ്പില്ലെന്നതു നേരുതന്നെ. ഊഹത്തെ അടിസ്ഥാനപ്പെടുത്തിയുള്ള വാർത്തകൾ ഇത്തരം ഘട്ടങ്ങളിൽ, മിയ്ക്കപ്പോഴും അന്യോന്യവിരുദ്ധങ്ങളായിരിയ്ക്കും. എന്നാൽ തുർക്കിയുടെ ഒരു കടല്പട സൈപ്രസ്സിലേയ്ക്കു നീങ്ങുന്നുണ്ടെന്ന് അവയെല്ലാം ഉറപ്പിയ്ക്കുന്നുണ്ട്.

ഡ്യൂക്ക്—അതങ്ങിനെതന്നെയാണെന്നൂഹിയ്ക്കുന്നതിൽ അസാംഗത്യമൊന്നുമില്ല. ആ പ്രധാനവാർത്തയെ, അതിന്റെ ഭയാ

വഹമായ വ്യംഗ്യത്തോടുകൂടി, വിശ്വസിയ്ക്കാതിരിയ്ക്കത്തക്ക വിധത്തിൽ, ഈ പൂർവ്വാപരവിരോധത്തെ ഞാൻ അത്ര കാര്യമാക്കുന്നില്ല.

[അണിയറയിൽ നാവികൻ] ഓ, ഹോയി! ഓ, ഹോയി! അകത്താരാണോ!

ഒന്നാം പട്ടക്കാരൻ—പടവള്ളങ്ങളിൽനിന്നു് ഒരു ദൂതൻ.

(നാവികൻ പ്രവേശിയ്ക്കുന്നു.)

ഡ്യൂക്ക്—എന്താ, വിശേഷം വല്ലതുമുണ്ടോ?

നാവികൻ—തുർക്കിപ്പട റോഡ്സിലേയ്ക്കാണ് തിരിച്ചിട്ടുള്ളത്. ഈ വിവരം ഗവമ്മേണ്ടോടുണർത്തിയ്ക്കാൻ സീഞ്ഞോർ ഏയ്ഞ്ചെലൊ എന്നെ ഏല്പിച്ചിരിയ്ക്കുകയാണ്.

ഡ്യൂക്ക്—ഈ പുതിയ പുറപ്പാടിനെപ്പററി നിങ്ങളെന്തു വിചാരിയ്ക്കുന്നു?

ഒന്നാം സഭാംഗം—യുക്തിയെ ആസ്പദിച്ചു നോക്കുകയാണെങ്കിൽ, ഇതു് തീരെ അസംഗതമാണ്; നമ്മുടെ നോട്ടം പിഴപ്പിയ്ക്കാൻവേണ്ടിയുള്ള ഒരു കാഴ്ചക്കവാത്തുമാത്രമാണിത്. തുർക്കിയെ സംബന്ധിച്ചിടത്തോളം സൈപ്രസ്സിന്നുള്ള പ്രാധാന്യം നാം കണക്കിൽക്കൂട്ടുകയും, റോഡ്സിനെക്കാൾ പ്രധാനമാണ് തുർക്കിക്ക് സൈപ്രസ്സ് എന്ന വസ്തുതയോട്, റോഡ്സിനെപ്പോലെ അത്ര പടയൊരുക്കത്തോടുകൂടിയതോ സുരക്ഷിതമോ അല്ലാത്തതിനാൽ, അതിനെ ആക്രമിയ്ക്കാൻ എളുപ്പം കൂടുമെന്ന വസ്തുത കൂട്ടിച്ചേർത്താലോചിയ്ക്കുകയും ചെയ്യുന്നപക്ഷം, തനിയ്ക്കു് ഏററവും പ്രധാനമായ കാര്യം ഒടുക്കത്തേക്കു നിർത്തിവെക്കുകയും, സുകരമായും, ലാഭകരമായുമുള്ള ഒരു സമാരംഭത്തെ കൈവെടിഞ്ഞു, നിഷ്പ്രയോജനമായ ഒരത്യാപത്തു വലിച്ചു തലയിലാക്കുകയും ചെയ്യാൻമാത്രം പൊട്ടനല്ല തുർക്കിയെന്നു നമുക്കു ബോദ്ധ്യമാകുന്നതാണ്.

ഡ്യൂക്ക്—അതു് ഉറപ്പിയ്ക്കുകതന്നെ ചെയ്യാം: റോഡ്സിലേയ്ക്കല്ല അവൻെറ പുറപ്പാട്.

(ഒരു ദൂതൻ പ്രവേശിയ്ക്കുന്നു)

ഒന്നാം പട്ടക്കാരൻ—ഇതാ, വർത്തമാനം ഇനിയും വരുന്നുണ്ട്.

ദൂതൻ—അങ്ങത്തമാരേ, തുർക്കികൾ നേരെ റോഡ്സ്ദ്വീപിന്നടുത്തേയ്ക്കു് പോയതിനുശേഷം, അവിടെവെച്ച് വേറൊരു സംഘം വള്ളപ്പടയോടു കൂടിച്ചേർന്നിരിയ്ക്കുന്നു.

ഒന്നാം സഭാംഗം—ആഃ—ഞാൻ വിചാരിച്ചതുപോലെ തന്നെ. അവരെത്രയുണ്ടെന്നാണ് നീ ഊഹിയ്ക്കുന്നത്?

ദൂതൻ—മുപ്പത് കാണണം. ഇപ്പോഴാകട്ടെ, സൈപ്രസ്സിനെ ക്കുറിച്ചുള്ള തങ്ങളുടെ ഉദ്ദേശ്യത്തെ വെളിവാക്കിക്കൊണ്ട്, അവർ അവിടെനിന്ന് മടക്കയാത്ര തുടങ്ങിയിരിയ്ക്കുകയാണ്. വലിയങ്ങ ത്തമ്മാരുടെ ഏററവും ശൂരനായ വിശ്വസ്തഭൃത്യൻ, സീഞ്ഞോർ മോൺടാനോ, ഈ വാർത്ത ഇവിടെ സവിനയം ബോധിപ്പിയ്ക്കുകയും, അദ്ദേഹം പറയുന്നത് വിശ്വസിയ്ക്കുവാൻ അപേക്ഷിയ്ക്കുകയും ചെയ്യുന്നു.

ഡ്യൂക്ക്—അങ്ങിനെ, അവർ സൈപ്രസ്സിലേക്കാണെന്ന കാര്യം തീർച്ചയായി. മാർക്കസ് ലൂച്ചിക്കോസ്—അയാൾ നഗര ത്തിലില്ലേ?

ഒന്നാം സഭാംഗം—അയാൾ ഫ്ലോറൻസിലാണുള്ളത്.

ഡ്യൂക്ക്—അയാൾക്ക് നമ്മുടെ വക ഒരു കുറിപ്പ് ഒരു നിമി ഷംപോലും താമസിയ്ക്കാതെ ഏററവും അടിയന്തരമായി അയ യ്ക്കണം.

ഒന്നാം സഭാംഗം—ഇതാ, ബ്രബാൻഷ്യോവും രണശൂരനായ നമ്മുടെ മൂറും വരുന്നു.

(ബ്രബാൻഷ്യോ, ഒഥെല്ലോ, ഇയാഗോ, റോഡെറിഗോ എന്നിവരും പ ട്ടക്കാരും പ്രവേശിയ്ക്കുന്നു)

ഡ്യൂക്ക്—ഒഥെല്ലോ, നമ്മുടെ പൊതുശത്രുവായ തുർക്കി യോടു പടവെട്ടുവാൻ നാം ഇപ്പോൾത്തന്നെ നിങ്ങളെ നിയോ ഗിച്ചയയ്ക്കുന്നു. [ബ്രബാൻഷ്യോവിനോട്] താങ്കളെ ഞാൻ കണ്ടില്ല; സ്വാഗതം, സീഞ്ഞോർ. താങ്കളുടെ ഉപദേശവും സാഹായ്യവും ഇല്ലാത്തതിൻെറ കുറവ് ഇന്നു ഞങ്ങൾക്കനുഭവ പ്പെട്ടു.

ബ്രബാൻഷ്യോ—അങ്ങയെസ്സംബന്ധിച്ച് ഞാനും അതു തന്നെ പറഞ്ഞുകൊള്ളട്ടെ. പ്രഭോ, അവിടുന്നെന്നെ മാപ്പാക്കണം, എൻെറ സ്ഥാനമോ, രാജ്യകാര്യത്തെപ്പററി ഞാൻ കേട്ട വല്ല വിവരമോ അല്ല എന്നെ കിടന്നിടത്തുനിന്നെഴുന്നേല്പിച്ചത്; പൊതു വേയുള്ള ഈ ഉൽക്കണ്ഠ എന്നെ ബാധിയ്ക്കുന്നുമില്ല; കാരണം, മററു സർവ്വവ്യസനങ്ങളേയും ചുററിമൂടി വിഴുങ്ങിയിട്ടും ഭാവഭേദമില്ലാതെ നില്ക്കത്തക്കവിധത്തിൽ അണകവിഞ്ഞു മറിഞ്ഞു തള്ളിപ്പുറകുന്ന ഒന്നാണ് എൻെറ പ്രത്യേകദുഃഖപ്രവാഹം.

ഡ്യൂക്ക്—എന്ത്! എന്തു പററി?

ബ്രബാൻഷ്യോ—എന്റെ മകാം! അയ്യോ, എന്റെ മകാം!

ഡ്യൂക്കും സഭാംഗങ്ങളും—കഴിഞ്ഞുപോയി?

ബ്രബാൻഷ്യോ—എന്നെസ്സംബന്ധിച്ചിടത്തോളം, അങ്ങിനെതന്നെ: അവളുടെ ചാരിത്രം കളഞ്ഞിരിയ്ക്കുന്നു; അവളെ വീട്ടിൽനിന്നു കട്ടുകൊണ്ടുപോയിരിയ്ക്കുന്നു; മന്ത്രവാദികളിൽനിന്നു വാങ്ങിയ തകിടും മരുന്നും പ്രയോഗിച്ച് അവളെ വ്യഭിചരിപ്പിച്ചിരിയ്ക്കുന്നു. അവാം പൊട്ടത്തിയല്ല, കുരുടിയല്ല, കാര്യം തിരിയാത്തവളുമല്ല; ഈ സ്ഥിതിയിൽ അവളുടെ സ്വഭാവം മന്ത്രവാദമില്ലാതെ, ഇങ്ങിനെ വിശ്വസിയ്ക്കാനാവാത്തവിധത്തിൽ പിഴച്ചു പതറിപ്പായുകയെന്നതു സംഭാവ്യമല്ല.

ഡ്യൂക്ക്—ഈ നീചമായ രീതിയിൽ താങ്കളുടെ മകളെ സ്വപ്രകൃതിയിൽനിന്നു വ്യഭിചരിപ്പിയ്ക്കുകയും, താങ്കളിൽനിന്നകററുകയും ചെയ്തവൻ ആരായിരുന്നാലും—എന്റെ സ്വന്തം മകൻതന്നെ ഇതിൽ പ്രതിയായാലും ശരി—അവന്നെതിരായി, ദണ്ഡനീതിയുടെ കരാളഗ്രന്ഥത്തിലെ തിക്തതാക്ഷരങ്ങളെ താങ്കാംക്കുതന്നെ വായിയ്ക്കുകയും, താങ്കാംക്ക് അഭിയുക്തമെന്നു തോന്നുന്ന വിധത്തിൽ വ്യാഖ്യാനിയ്ക്കുകയും ചെയ്യാം.

ബ്രബാൻഷ്യോ—ഏററവും വണക്കത്തോടുകൂടി ഞാൻ അങ്ങയോട് നന്ദി പറഞ്ഞുകൊള്ളുന്നു. ആ മനുഷ്യൻ ഇതാ—ഈ മൂർ. രാജ്യകാര്യം സംബന്ധിച്ച് അങ്ങുന്ന് ഇവനെ പ്രത്യേകമായി ആളയച്ചിങ്ങോട്ടു വരുത്തിയതാണെന്നും ഞാനറിയുന്നു.

ഡ്യൂക്കും സഭാംഗങ്ങളും—ഞങ്ങാം അതിനെക്കുറിച്ച് വളരെ വ്യസനിയ്ക്കുന്നു.

ഡ്യൂക്ക് [ഒഥെല്ലോവിനോട്]—നിങ്ങാംക്ക് ഇതിനെക്കുറിച്ച് എന്തു പറയാനുണ്ട്?

ബ്രബാൻഷ്യോ—ഒന്നുമില്ല; അതങ്ങിനെയാണെന്നുമാത്രം.

ഒഥെല്ലോ—അഖിലപ്രാപ്തിയും, ഗുരുത്വവും, പൂജ്യതയും ചേന്ന മഹാശയന്മാരേ, ഉദാരമതികളും ലോകസമ്മതന്മാരുമായ എന്റെ യജമാനന്മാരേ, ഞാൻ ഈ വൃദ്ധന്റെ മകളെ കൂട്ടിക്കൊണ്ടുപോയെന്നത് അക്ഷരംപ്രതി പരമാത്ഥമാണ്; ഞാനവളെ വിവാഹം ചെയ്തുവെന്നതും പരമാത്ഥംതന്നെ. എന്റെ കുററത്തിന്റെ അങ്ങേ അററം ഇത്രത്തോളമല്ലാതെ ഇതിന്നപ്പുറത്തില്ല. സംഭാഷണത്തിൽ ഒരു പരുക്കൻമട്ടുകാരനാണ് ഞാൻ; സമാധാനവേള

കാംക്ക പററിയ മൃദുസംഭാഷണശൈലി എന്നെ അനുഗ്രഹിച്ചിട്ടില്ല. എൻെറ കൈകാംക്ക് ഏഴു വയസ്സിൻെറ മൂപ്പെത്തിയതുമുതൽ, ഏതാണ്ടൊരൊമ്പതുമാസമൊഴിച്ച്, ഇന്നുവരെ, പാളയമടിച്ച പടക്കളത്തിലാണ് അവ തങ്ങാംക്ക് ഏററവും ഇഷ്ടപ്പെട്ട ജോലി നിർവഹിച്ചത്. പൊയ്ത്തിലും പടയിലുമുള്ള അടവുമുറകളെപ്പററിയല്ലാതെ, പരന്നുകിടക്കുന്ന ഈ ലോകത്തെക്കുറിച്ച് ഏററവും ചുരുങ്ങിയ അറിവേ എനിയ്ക്കുള്ളു. ഈ കാരണത്താൽ എനിയ്ക്കുവേണ്ടി ഞാൻതന്നെ വാദിയ്ക്കുന്നതുകൊണ്ട് എൻെറ ഭാഗത്തേയ്ക്കു യാതൊരു മെച്ചവും നേടുവാൻ എന്നാലാവുകയില്ല. എങ്കിലും, നിങ്ങാം സദയം ക്ഷമിച്ചു കേംക്കമെങ്കിൽ, എൻെറ പ്രണയത്തിൻെറ മുഴുവൻ കഥയും, യാതൊരു തേയ്മാലും മിനുക്കലും കൂടാതെ, ഞാൻ നിങ്ങളെ പറഞ്ഞുകേംപ്പിയ്ക്കാം. എന്തു മരുന്നാണ്, എന്തു മന്ത്രമാണ്, എന്തു മറിമായമാണ്, എന്തു മഹാഭിചാരമാണ് ഇദ്ദേഹത്തിൻെറ മകളെ പാട്ടിലാക്കുവാൻ ഞാൻ പ്രയോഗിച്ചതെന്ന്—അതാണല്ലോ എൻെറ പേരിൽ ചുമത്തപ്പെട്ടിരിയ്ക്കുന്ന കുററം—ഞാൻ വെളിവാക്കാം.

ബ്രബാൻഷ്യോ—ആളുകളുടെ മുമ്പാകെ വെളിച്ചത്തിറങ്ങാൻകൂടി മടിയ്ക്കുന്ന ഒരു പെൺകിടാവ്—തടിയൊന്നിളകുമ്പോഠംപ്പോലും നാണംകൊണ്ടു മുഖം ചുകക്കുന്ന മട്ടിൽ, അത്ര ഒതുങ്ങിയും അടങ്ങിയും കഴിഞ്ഞുകൂടിയ ഒരു കുട്ടി—അവാം പ്രകൃതിയ്ക്കും, പ്രായത്തിന്നും നാട്ടുനടപ്പിന്നും മേലാലുള്ള നന്മയ്ക്കും വിരുദ്ധമായി, താൻ പണ്ടു കണ്ടാൽ പേടിച്ചിരുന്നതിനെക്കുറിച്ചു പ്രണയത്തിൽ വീണലിഞ്ഞുപോലും! പ്രകൃതിയുടെ സകലനിയമങ്ങളേയും ലംഘിച്ചു, നിഷ്കളങ്കമായ ഒരു സ്വഭാവം ഇത്രയും വഴിപിഴച്ചുപോകാമെന്ന് അനുവദിക്കുന്ന ബുദ്ധിയ്ക്ക് ഉടവുണ്ട്, സാരമായ എന്തോ ഒന്നു പോരായ്മയുണ്ട്. ഇതിൻെറ കാരണം കണ്ടുപിടിയ്ക്കാൻ നരകത്തിന്നു ചേർന്ന സൂത്രപ്പണികളിലേയ്ക്കു തിരിയ്ക്കാതെ നിവൃത്തിയില്ല. അതുകൊണ്ടു രക്തത്തെ ശക്തിമത്തായി ബാധിയ്ക്കുന്ന എന്തോ മരുന്നുകാംകൊണ്ടോ, ഈ ആവശ്യം സാധിയ്ക്കാൻ ജപിച്ചൂതിയ വെള്ളംകൊണ്ടോ ആണ് ഇവൻ അവളെ വശത്താക്കിയതെന്നു ഞാൻ ഒരു തവണകൂടി ഉറപ്പിച്ചു പറയുന്നു.

ഡ്യൂക്ക്—ഈ ഉാംക്കട്ടിയില്ലാത്ത പഴമകാംക്കും, ദുർബ്ബലങ്ങളായ സംഭാവ്യതകാംക്കും, നിസ്സാരങ്ങളായ തോന്നലുകാംക്കും പുറമെ, ഇവയെക്കാഠം കുറച്ചുകൂടി വിപുലവും, സൂക്ഷ്മവുമായ വല്ല

പരീക്ഷണത്തിൻേറയും ഫലം ഇദ്ദേഹത്തിന്നെതിരായി ഹാജരാക്കിയെങ്കിലല്ലാതെ, ഉറപ്പിച്ചുപറഞ്ഞതുകൊണ്ടുമാത്രം തെളിവായില്ലല്ലോ.

ഒന്നാം സഭാംഗം—വരട്ടെ: ഒഥെല്ലോ, നിങ്ങൾതന്നെ പറയൂ: നിങ്ങൾ നേരിട്ടല്ലാതെയുള്ള വഴികളിലൂടെ, ആകർഷണം പ്രയോഗിച്ച് ഈ പെൺകിടാവിൻെറ ഹൃദയത്തെ വശീകരിച്ച്, അതിനെ മലിനപ്പെടുത്തുകയാണോ ചെയ്തിട്ടുള്ളത്? അതല്ല മനസ്സും മനസ്സും പരസ്പരം അനുവദിക്കുന്നതരത്തിലുള്ള അഭ്യർത്ഥനയും, ന്യായ്യമായ ചോദ്യവുംമൂലം ഉദ്ദേശ്യം സാധിക്കുകയോ?

ഒഥെല്ലോ—ആയമ്മയോട് ഇത്രത്തോളമൊന്നു വരാൻ ആവശ്യപ്പെട്ടുകൊണ്ടു സാഗിത്തറിയിലേയ്ക്ക് ഒരാളെ അയയ്ക്കുവാൻ അപേക്ഷിക്കുന്നു. അവളുടെ അച്ഛൻെറ മുമ്പാകെത്തന്നെ അവൾ എന്നെപ്പററി പറയാനുള്ളതു പറയട്ടെ. അവളുടെ വാക്കുകളിൽ നിന്ന് ഞാൻ ഒരു കൊള്ളാത്തവനാണെന്നു നിങ്ങൾക്കു ബോധ്യമാവുകയാണെങ്കിൽ, നിങ്ങൾ എന്നിലപ്പിച്ച വിശ്വാസത്തേയും, എനിയ്ക്കു നല്കിയിട്ടുള്ള ഉദ്യോഗത്തേയും തിരിച്ചെടുക്കാമെന്നുമാത്രമല്ല, നിങ്ങളുടെ വിധിയ്ക്ക് എൻെറ ജീവനെക്കൂടി വിധേയമാക്കാവുന്നതുമാണ്.

ഡ്യൂക്ക്—ഡെസ്ഡിമോണയെ ഇങ്ങോട്ടു കൂട്ടിക്കൊണ്ടുവരട്ടെ.

ഒഥെല്ലോ—ഇയാഗോ, ഒന്നവർക്കു വഴി കാണിച്ചുകൊടുക്കുക. നീ സ്ഥലം നല്ലപോലെ അറിയുമല്ലോ.

(ഇയാഗോവും പരിചാരകന്മാരും പോകുന്നു.)

എൻെറ ചോരത്തിളപ്പുകൊണ്ട് എനിയ്ക്കു പററുന്ന ചാപല്യങ്ങളെ ഈശ്വരസന്നിധിയിൽ ഞാൻ ഏററുപറയാറുള്ളതുപോലെ, അത്രയും സത്യമായി, അവൾ വരുന്നതുവരെയ്ക്കും, ആ സൌഭാഗ്യവതിയായ തരുണിയ്ക്ക് എന്നിലും അവളിൽ എനിയ്ക്കും പ്രണയോൽകർഷമുണ്ടായതെങ്ങിനെയെന്ന്, അഭിവന്ദ്യരായ നിങ്ങളെ ഞാൻ ധരിപ്പിയ്ക്കാം.

ഡ്യൂക്ക്—പറയൂ, ഒഥെല്ലോ.

ഒഥെല്ലോ—അവളുടെ അച്ഛന്ന് എന്നെ ഇഷ്ടമായിരുന്നു. പലപ്പോഴും എന്നെ അദ്ദേഹം വീട്ടിലേയ്ക്കു ക്ഷണിയ്ക്കാറുമുണ്ടായിരുന്നു. അപ്പോഴൊക്കെയും, കൊല്ലത്തോടുകൊല്ലമുള്ള എൻെറ ജീവിതത്തെപ്പററി—ഞാൻ പങ്കുകൊണ്ടിട്ടുള്ള പടകളുടേയും, നിരോധങ്ങ

ളുടേയും, ഭാഗധേയങ്ങളുടേയും ചരിത്രത്തെപ്പററി—അദ്ദേഹം ചോദ്യം ചെയ്യും. നന്നെ കുട്ടിക്കാലംമുതൽ അദ്ദേഹം ചോദിച്ച സമയംവരേയുള്ള കഥയൊക്കെ ഞാൻ പറഞ്ഞു. അതിന്നിടയിൽ, പലേ ഭയങ്കരവിപത്തുകളെപ്പററിയും, ആഴിപ്പരപ്പിലും പടക്കളത്തിലും എനിക്കു നേരിട്ട, കേട്ടാലാരും നടുങ്ങുന്ന അത്യാപത്തുകളെപ്പററിയും, പൊളിച്ച കോട്ടമതിലിൻെറ, മരണം പതിയിരിക്കുന്ന വിടവിൽനിന്നു, തലനാരിഴപ്പാലത്തിന്മേലൂടെയെന്നപോലെ, പ്രാണനുംകൊണ്ട് ഞാൻ ചാടി രക്ഷപ്പെട്ടതിനെപ്പററിയും, ധിക്കാരികളായ ശത്രുക്കൾ ഒരിക്കൽ എന്നെപ്പിടിച്ച് അടിമയായി വിററതിനെപ്പററിയും, അവിടെനിന്നു ഞാൻ വീണ്ടെടുക്കപ്പെട്ടതിനെപ്പററിയും ഞാൻ വർണ്ണിച്ചു. എൻെറ യാത്രകളിൽ ഞാൻ കണ്ട കാഴ്ചകളേയും, എനിക്കുണ്ടായ അനുഭവങ്ങളേയും ഞാൻ വിവരിച്ചു: അതിവിപുലങ്ങളായ ഗിരിഗഹ്വരങ്ങൾ, നിർവ്യാപാരങ്ങളായ മരുഭൂമികൾ, രൂക്ഷങ്ങളായ ശിലാഖനികൾ, പാറക്കെട്ടുകൾ, മാനത്തുരുമ്മുന്ന കൊടുമുടികളോടുകൂടിയ പർവ്വതങ്ങൾ—ഇവയെക്കുറിച്ചെല്ലാം പറയുവാനാണ് എനിക്കു പ്രോത്സാഹനം സിദ്ധിച്ചത്. ഈ രീതിയിൽ അതു തുടന്നു. അന്യോന്യം കൊന്നു തിന്നുന്ന നരഭുക്കുകൾ, ചുമലിന്നു ചോടെ തലയുള്ള മനുഷ്യർ—ഇവരെപ്പററിയെല്ലാം ഞാൻ വർണ്ണിച്ചു. ഇതു കേൾക്കാൻ ഡെസ്ഡിമോണ കലശലായ ഔത്സുക്യം പ്രദർശിപ്പിച്ചിരുന്നു. പക്ഷെ വീട്ടുജോലികൾ അവളെ കൂടെക്കൂടെ അന്യത്ര ആകർഷിക്കും. അതൊക്കെ കഴിയുന്ന വേഗത്തിൽ ചെയ്തുതീർത്തു തിരിച്ചെത്തി, തൃഷ്ണയാലുഴറുന്ന ചെവികളിലൂടെ ആ ചരിത്രത്തെ അവൾ ആകണ്ഠം പാനം ചെയ്യും. ഇതു ഞാൻ നോക്കി മനസ്സിലാക്കി. ഒരിക്കൽ, സൌകര്യമുള്ള മുഹൂർത്തം പാർത്ത്, അങ്ങുമിങ്ങുമായി കുറച്ചൊക്കെ അവൾ കേട്ടിരുന്നതും, വഴിപോലെ കേൾക്കാൻ അവൾക്ക് കഴിയാതിരുന്നതുമായ എൻെറ ജീവിതയാത്രാചരിത്രം മുഴുവൻ വിവരിച്ചുകൊടുക്കേണമെന്ന ഹൃദയപൂർവ്വമായ ഒരപേക്ഷ അവളെക്കൊണ്ടു ചെയ്യിക്കുവാൻ ഞാനൊരവസരമുണ്ടാക്കിത്തീർത്തു. ഞാനതിന്നനുവദിച്ചു. ചെറുപ്പത്തിൽ ഞാനനുഭവിക്കേണ്ടിവന്ന വല്ല അത്യാപത്തിനെപ്പററിയും പറയുമ്പോൾ, പലപ്പോഴും ഞാൻ അവളെക്കൊണ്ടു കണ്ണുനീർ വാർപ്പിച്ചിട്ടുണ്ട്. കഥ പറഞ്ഞുതീർന്നാൽ എൻെറ ബുദ്ധിമുട്ടിന്നു പകരമായി അസംഖ്യം നെടുവീർപ്പുകൾ അവളെനിക്കു സമ്മാനിക്കും. അത്ഭുതം, അത്യത്ഭുതംതന്നെ, എന്നവൾ പറയും;

അല്ലെങ്കിൽ കഷ്ടം, അയ്യോ, വല്ലാത്ത കഷ്ടമെന്ന്. അവളതു കേൾക്കേണ്ടിയിരുന്നില്ലെന്ന് അവൾക്കു തോന്നും; എങ്കിലും ഈശ്വരൻ അവളെ അങ്ങിനെയൊരു പുരുഷനായി സൃഷ്ടിക്കേണ്ടിയിരുന്നു എന്നവളാശിയ്ക്കും. അവളെന്നോടു നന്ദി പറയും. അവളെക്കുറിച്ചു പ്രേമമുള്ള വല്ല സ്നേഹിതനും എനിയ്ക്കുണ്ടെങ്കിൽ സ്വന്തം കഥ പറയേണ്ടുന്ന സമ്പ്രദായം ഞാൻ അയാളെ പഠിപ്പിയ്ക്കുകയേ വേണ്ടൂ; അതു മതി അവളുടെ കരം കവരാൻ; എന്ന് ഒരവസരത്തിൽ അവളെന്നോടു പറഞ്ഞു. ഈ സൂചനയെ ആസ്പദിച്ചാണ് ഞാൻ അവളോട് ഉള്ളുതുറന്നു സംസാരിച്ചത്. ഞാൻ സഹിച്ച കഷ്ടപ്പാടുകളോർത്ത് അവളെന്നെ സ്നേഹിച്ചു; അവയെക്കുറിച്ച് അവളുടെ ഉള്ളലിഞ്ഞതുകൊണ്ട് ഞാൻ അവളെയും സ്നേഹിച്ചു. ഞാൻ പ്രയോഗിച്ചിട്ടുള്ള ആഭിചാരം ഇത്രമാത്രമാണ്. അതു പോട്ടെ; അവളിതാ വരുന്നു; ഇതിന്റെ നേര് അവൾതന്നെ തെളിയിയ്ക്കട്ടെ.

(ഇയാഗോ, അനുചരന്മാർ എന്നിവരോടുകൂടി ഡെസ്ഡിമോണ പ്രവേശിയ്ക്കുന്നു)

ഡ്യൂക്ക്—ഇക്കഥ എന്റെ മകളുടെ ഹൃദയത്തേയും കവരുമെന്നാണെനിയ്ക്കു തോന്നുന്നത്. ബ്രബാൻഷ്യോ, തകരാറായിക്കഴിഞ്ഞ ഇക്കാര്യത്തിന്റെ നല്ല ഭാഗംമാത്രം നോക്കി ഇനി അതിനെ കൈക്കൊള്ളുകയാണ് യുക്തം. വെറുംകയ്യിനെക്കാൾ മെച്ചമല്ലേ മുറിക്കത്തി?

ബ്രബാൻഷ്യോ—അവൾ പറയുന്നതുകൂടി കേൾക്കാൻ ഞാൻ അങ്ങയോടഭ്യർത്ഥിയ്ക്കുന്നു. ഇക്കാര്യത്തിൽ പകുതിപ്പങ്ക് അവൾക്കുണ്ടായിരുന്നു എന്ന് അവൾ സമ്മതിയ്ക്കുന്നപക്ഷം, പിന്നേയും ഞാൻ ഈ മനുഷ്യനെ കുറ്റപ്പെടുത്തുകയാണെങ്കിൽ, എന്റെ തല പൊട്ടിത്തെറിച്ചുപോകട്ടെ! [ഡെസ്ഡിമോണയോട്] ശ്രീമതി, ഇങ്ങോട്ടൊന്നു മാറിനിൽക്കൂ. ഈ കൂടിയ മഹാജനങ്ങളുടെ ഇടയിൽ ആരെയാണ് നീ ഏറ്റവും അനുസരിക്കേണ്ടതെന്നു നീ മനസ്സിലാക്കുന്നുണ്ടോ?

ഡെസ്ഡിമോണ—എന്റെ വന്ദ്യപിതാവേ, എന്റെ ധർമ്മം രണ്ടുവഴിയായി പിരിയുന്നതായിട്ടാണ് ഞാനിവിടെ കാണുന്നത്. എന്റെ ജീവനും വിദ്യാഭ്യാസത്തിന്നും ഞാൻ അങ്ങയോടു കടപ്പെട്ടിരിയ്ക്കുന്നു; അങ്ങയെ ബഹുമാനിയ്ക്കേണ്ടതെങ്ങിനെയെന്ന് എന്റെ ജീവനും വിദ്യാഭ്യാസവും എന്നെ പഠിപ്പിയ്ക്കുന്നുമുണ്ട്.

ഞാൻ അങ്ങയുടെ മകളാമാത്രമായിരിയ്ക്കുന്നിടത്തോളം, അനന്തരണത്തസ്സംബന്ധിച്ചുള്ള എല്ലാ ഉടമാവകാശവും അങ്ങയ്ക്കുതന്നെ. പക്ഷേ ഈ നില്ക്കുന്നത് എൻെറ ഭർത്താവാണ്. അങ്ങയെ അവരുടെ അച്ഛനേക്കാൾ കാര്യമായി കരുതി, എൻെറ അമ്മ അങ്ങയ്ക്കു നല്കിയത്ര അനുസരണം എൻെറ നാഥനായ ഇദ്ദേഹത്തിന് എന്നിൽനിന്നും അവകാശപ്പെടാമെന്നു ഞാൻ പറഞ്ഞുകൊള്ളട്ടെ.

ബ്രബാൻഷ്യോ—ശാന്തം പാപം! ഞാൻ പിൻവാങ്ങിയിരിയ്ക്കുന്നു. അങ്ങുന്നേ, അങ്ങയ്ക്കു സമ്മതമാണെങ്കിൽ, ഇനി രാജ്യകാര്യത്തിലേയ്ക്കു പ്രവേശിയ്ക്കാം. എനിയ്ക്കൊരു മകനെ പിറന്നതിനേക്കാൾ ഒന്നിനെ ദത്തെടുക്കുകയായിരുന്നു ഭേദം. [ഒഥെല്ലോവിനോട്] നീ അതു കൈവശപ്പെടുത്തിയിരുന്നില്ലെങ്കിൽ, ഒരിക്കലും ഞാൻ നിനക്കു തരാൻ ഒരുക്കമില്ലാതിരുന്നതിനെ, ഇതാ, ഞാൻ ഇവിടെവെച്ചു പൂർണ്ണമനസ്സോടുകൂടി നിനക്കു ദാനംചെയ്യുന്നു. [ഡെസ്ഡിമോണയോട്] നിന്നെസ്സംബന്ധിച്ചിടത്തോളം, മുത്തേ, എനിയ്ക്കു വേറേ കുട്ടികളില്ലാതിരുന്നതിനെപ്പററി ഞാൻ ആന്തരമായി സന്തോഷിയ്ക്കുന്നു. നിൻെറ ഈ കെട്ടുപൊട്ടിച്ചുചാട്ടം, എന്നെ നിർദ്ദയനാക്കുകയും, അവരുടെ കാലിന്നു ഞാൻ വിലങ്ങുവെക്കുകയും ചെയ്യുമായിരുന്നു—അങ്ങുന്നേ, ഞാനവസാനിപ്പിച്ചു.

ഡ്യൂക്ക്—ഞാനും താങ്കളെപ്പോലെ ഒരു വാചകം പറഞ്ഞവസാനിപ്പിയ്ക്കാം; അത്, ഈ കാമിനീകാമുകന്മാരെസ്സംബന്ധിച്ചേടത്തോളം, താങ്കളുടെ ആനുകൂല്യത്തിലേയ്ക്കു കയറുവാൻ അവരെ സഹായിയ്ക്കുന്ന ഒരേണിയായി പരിണമിയ്ക്കുമെന്ന് ഞാനാശിയ്ക്കുകയും ചെയ്യുന്നു: മററുകെയൊക്കെ ഒടുങ്ങുമ്പോഴേക്കും, ആശാമാത്രാവലംബിയായിരുന്ന ദുഃഖം, അനിഷ്ടഫലത്തിൻെറ അന്ത്യം കണ്ട്, ശാന്തിയടയുന്നു. വന്നുകഴിഞ്ഞ വിപത്തിനെക്കുറിച്ചുലമുറകൂട്ടുന്നതു പുതിയ വിപത്തുകളെ ക്ഷണിച്ചുവരുത്താനുള്ള കുറുക്കുവഴിയായിത്തീരുകയേ ഉള്ളൂ. ദൈവരക്ഷിതമല്ലാത്തതിനെ കാലക്കേടു തട്ടിക്കൊണ്ടുപോകുമ്പോൾ കാണിയ്ക്കപ്പെടുന്ന ധീരത ആപത്തിനെക്കൂടി അപഹസിയ്ക്കുന്നു. കള്ളൻ മുതൽ കൊണ്ടുപോയതിന്നുശേഷവും മന്ദഹസിയ്ക്കുന്നവൻ കട്ടവനോടു കക്കുന്നവനാണ്; പ്രയോജനമില്ലാതെ ദുഃഖിയ്ക്കുന്നവനാകട്ടേ, തന്നെത്താൻ കവച്ചു ചെയ്യുന്നു.

ബ്രബാൻഷ്യോ—അതേ യുക്തിപ്രകാരം തുർക്കി സൈപ്രസ്സ്

കൈക്കലൊക്കി നടന്നുകൊള്ളട്ടെ; നമുക്കു മന്ദഹസിയ്ക്കാൻ കഴിയുന്നേടത്തോളം, നമുക്കു നഷ്ടമൊന്നും പററുകയില്ലല്ലോ. നീതിവാക്യം കേൾക്കുമ്പോളുള്ള മനസ്സമാധാനം മററു ശല്യംകൂടാതെ അനുഭവിയ്ക്കുകയേ വേണ്ടു എന്ന സ്ഥിതിയിലുള്ളവന്നു് അതു വളരെ രുചിപ്രദമായിരിയ്ക്കും; പക്ഷെ ദുഃഖത്തോടുള്ള കടപ്പാടു തീർക്കാൻ ദീവാളിയായ ധീരതയെ ശരണംപ്രാപിയ്ക്കേണ്ടുന്ന നിലയിലെത്തിയവനാകട്ടെ, ദുഃഖത്തിൻേറയും നീതിവാക്യത്തിൻേറയും ശല്യം ഒരുമിച്ചു സഹിയ്ക്കേണ്ടിവരുന്നു. ഈ ചൊല്ലുകൾ ശക്കരയോ കട്ടുക്കയോ ആയിത്തീരാം; രണ്ടുവഴിയ്ക്കും അവ തുല്യബലങ്ങളാണു്. എന്തായാലും വാക്കുകൾ വക്കുകൾതന്നെ; ചതഞ്ഞ കരളിന്നു ചെവിയിൽക്കൂടി മരുമരുന്നെത്തിയതായി ഞാൻ ഇന്നേവരെ കേട്ടിട്ടുമില്ല. ഞാൻ സവിനയം അങ്ങയോടഭ്യത്ഥിയ്ക്കുന്നു, ഇനി നമുക്കു രാജ്യകാര്യത്തിലേയ്ക്കു പ്രവേശിയ്ക്കാം.

ഡ്യൂക്കു്—തുക്കി വമ്പിച്ച സന്നാഹത്തോടുകൂടി സൈപ്രസ്സിലേയ്ക്കു പുറപ്പെട്ടിരിയ്ക്കുന്നു:—ഒഥെല്ലോ, ആ സ്ഥലത്തിൻെറ ഉറപ്പിനെപ്പററി ഏററവും നന്നായറിയുന്നതു നിങ്ങളാണല്ലോ. അവിടെയിപ്പോൾ ബദലായി തികഞ്ഞ പ്രാപ്തിയോടുകൂടിയ ഒരാൾതന്നെയാണുള്ളതെങ്കിലും, ഈ വകക്കാര്യങ്ങളിൽ ഒടുക്കത്തെ വാക്കായെണ്ണാവുന്ന പൊതുജനാഭിപ്രായം നിങ്ങളിലാണു് കുറേക്കൂടി വിശ്വാസമപ്പിച്ചുകൊണ്ടു സംസാരിയ്ക്കുന്നതു്. അതുകൊണ്ടു, നിങ്ങളുടെ പുതിയ ഭാഗധേയത്തിൻെറ നിറപ്പകിട്ടിനെ ദുർന്നിഗ്രഹവും പ്രചണ്ഡവുമായ ഈ പുറപ്പാടു ഹേതുവായി തെല്ലൊന്നു മങ്ങിയ്ക്കുവാൻ നിങ്ങൾ അനുവദിയ്ക്കേണ്ടിവരും.

ഒഥെല്ലോ—പൂജ്യപാദന്മാരേ, എല്ലാററിനേയും കീഴടക്കുന്ന ശീലം ഭടജീവിതത്തിൻെറ കാളായസകഠിനമായ ശയ്യാതലത്തെ എനിയ്ക്കു മൂന്നുവട്ടം പാററിത്തിരഞ്ഞെടുത്ത അന്നത്തൂവൽ നിറച്ച മെത്തപോലെയാക്കിത്തീത്തിട്ടുണ്ടു്. ക്ലേശത്തെക്കുറിച്ചു സ്വാഭാവികവും ക്ഷിപ്രവുമായ ഒരഭിനിവേശമാണെനിയ്ക്കുള്ളതെന്നു ഞാൻ സമ്മതിയ്ക്കുന്നു. തുക്കിയ്ക്കെതിരായുള്ള ഈ യുദ്ധത്തിൻെറ കൈകാര്യം ഞാൻ ഏറെറടുക്കുന്നു. അതുകൊണ്ടു് ഏററവും വണക്കത്തോടുകൂടി, നിങ്ങളുടെ അധികാരഗൌരവത്തിന്നു മുമ്പാകെ തലകുനിച്ചുകൊണ്ടു്, എൻെറ ഭാര്യയ്ക്കുവേണ്ടി, ഉചിതമായ ഏപ്പാടുകൾ ചെയ്യുതരുവാൻ—അവളുടെ തറവാടിത്തത്തിന്നു ചേന്ന പദവിയും, വരവും, വാസസ്ഥലവും, ചങ്ങാതവും അവൾക്കു കിട്ടുന്ന

തിന്നാവശ്യമായ വ്യവസ്ഥകാം കല്പിച്ചുചെയ്യുവാൻ—ഞാനാഭ്യ ൎത്ഥിയ്ക്കുന്നു.

ഡ്യൂക്ക്—നിങ്ങാംക്കു വിരോധമില്ലെങ്കിൽ, അവാം അച്ഛൻെറകൂടെത്തന്നെ താമസിയ്ക്കട്ടെ.

ബ്രബാൻഷ്യോ—എനിയ്ക്കുതു സമ്മതമല്ല.

ഒഥെല്ലോ—എനിയ്ക്കും സമ്മതമല്ല.

ഡെസ്ഡിമോണ—എനിയ്ക്കും; എന്നെക്കണ്ടുകൊണ്ടിരുന്നാൽ അച്ഛൻെറ മനസ്സു ക്ഷോഭിയ്ക്കും. അവിടെത്താമസിച്ച് അതിന്നു ഞാൻ കാരണമായിത്തീരുകയില്ല. മഹാനുഭാവനായ പ്രഭോ, എൻെറ അപേക്ഷ കനിഞ്ഞുകേംക്കാൻ തിരുവുള്ളമുണ്ടാകണം; എൻെറ കെല്പില്ലായ്മയ്ക്കു തുണയായി അങ്ങയുടെ അഭിപ്രായാനുകൂല്യം എനിയ്ക്കു കല്പിച്ചനുവദിയ്ക്കുമാറാകണം.

ഡ്യൂക്ക്—ഡെസ്ഡിമോണേ, എങ്ങിനെ വേണമെന്നാണ് നിൻെറ ഇഷ്ടം?

ഡെസ്ഡിമോണ—ഇദ്ദേഹത്തിൻെറ ജീവിതത്തിൽ പങ്കുകൊള്ളുവാനാശിച്ചുകൊണ്ടാണ് ഞാൻ സ്നേഹിച്ചതെന്നുള്ളത് ഞാൻ പ്രവൎത്തിച്ച ആചാരധ്വംസനവും, അതിനെത്തുടൎന്നുണ്ടായ എൻെറ കാലക്കേടിൻെറ കൊടുങ്കാററും ലോകത്തിന്നു മുമ്പാകെ ഉച്ചൈസ്തരം വിളംബരപ്പെടുത്തുന്നുണ്ടല്ലോ. എൻെറ ഭൎത്താവിൻെറ ആന്തരസ്വഭാവത്തിന്നാണ് എൻെറ ഹൃദയം അടിമപ്പെട്ടിരിയ്ക്കുന്നത്. അവിടുത്തെ യഥാൎത്ഥമുഖപ്രകൃതി ഞാൻ അവിടുത്തെ മനസ്സിലാണ് ദൎശിച്ചത്. അദ്ദേഹത്തിൻെറ മാന്യതകളുടേയും ധീരതകളുടേയും മുമ്പാകെ ഞാൻ എൻെറ ആത്മാവിനേയും ഭാവിയേയും സമൎപ്പിയ്ക്കുകയും ചെയ്തുകഴിഞ്ഞു. മാന്യപ്രഭുക്കളേ, ഒരു സമാധാനകീടമായി എന്നെ ഇവിടെ നിൎത്തി അവിടുന്നു യുദ്ധത്തിന്നു പോവുകയാണെങ്കിൽ, അവിടുത്തെക്കുറിച്ചുള്ള എൻെറ പ്രണയത്തിന്നാസ്പദമായ ഭാൎയ്യാധൎമ്മം എനിയ്ക്കു നിഷേധിയ്ക്കപ്പെടുകയാണുണ്ടാവുക. ദുസ്സഹവിരഹം ഹേതുവായി കരാളമായ ഒരു കാലഘട്ടം ഞാൻ കഴിച്ചുകൂട്ടേണ്ടിവരും. അവിടുത്തെ അനുഗമിയ്ക്കുവാൻ എന്നെ അനുവദിയ്ക്കണം.

ഒഥെല്ലോ—മാന്യരേ, നിങ്ങളുടെ അനുവാദത്തിനു ഞാനും അഭ്യൎത്ഥിയ്ക്കുന്നു; അവളുടെ അഭിലാഷം നിൎബാധം നിറവേറട്ടേ! ഞാൻ ഈ അഭ്യൎത്ഥന ചെയ്യുന്നത് എൻെറ സൌഖ്യതൃഷ്ണയെ പ്രസാദിപ്പിയ്ക്കുവാനോ, ചെറുപ്പകാലം കഴിഞ്ഞതോടുകൂടി എന്നിൽ

മുതപ്രായങ്ങളായിത്തീൎന്ന കാമവേഗങ്ങളെ ഉപശമിപ്പിയ്ക്കുവാനോ, മററുതരത്തിലുള്ള വല്ല ആത്മസംതൃപ്തിയേയും ഉദ്ദേശിച്ചോ അല്ലെന്നുള്ളതിന്ന് ഈശ്വരനാണ് സാക്ഷി. അപ്രതിബന്ധമായും ഉദാരമായും അവളുടെ ഉള്ളറിഞ്ഞു പ്രവൎത്തിയ്ക്കുവാനുള്ള ആഗ്രഹംകൊണ്ടു മാത്രമാണ് ഞാനിതു പറയുന്നത്. അവാം എൻെറ കൂടെയുള്ളതുകൊണ്ടു നിങ്ങളുടെ ഈ ഗൌരവമേറിയതും മഹത്തരവുമായ കാൎയ്യത്തിൽ ഞാൻ ഉപേക്ഷ കാണിയ്ക്കുമെന്നു നിങ്ങാം കരുതിപ്പോകരുതെന്നും, ദൈവം സാക്ഷിയായിത്തന്നെ, ഞാൻ നിങ്ങളോടഭ്യൎത്ഥിയ്ക്കുന്നു. ഞാൻ കൈയേററിരിയ്ക്കുന്ന കൎമ്മത്തെ എൻെറ സുഖലോലുപത്വം മലിനപ്പെടുത്തി കറപിടിപ്പിയ്ക്കുന്ന തരത്തിൽ, കാമൻെറ അസ്ത്രങ്ങാം എൻെറ ജ്ഞാനേന്ദ്രിയങ്ങളേയും കൎമ്മേന്ദ്രിയങ്ങളേയും നിഷ്ക്രിയമായ ആലസ്യത്താൽ അസമൎത്ഥങ്ങളാക്കുകയാണെങ്കിൽ, അന്ന് എൻെറ ലോഹശീഷകത്തെ അടുക്കളപ്പെണ്ണുങ്ങാം ചീനച്ചട്ടിയായി ഉപയോഗിച്ചുകൊള്ളട്ടെ; എല്ലാത്തരത്തിലുമുള്ള നീചവിപത്തുകാം എൻെറ സൽകീൎത്തിയെ കടന്നു കൈയേറി നശിപ്പിയ്ക്കട്ടെ!

ഡ്യൂക്ക്—ശരി; നില്ക്കണമോ പോകേണമോ എന്നുള്ളതു നിങ്ങാം തമ്മിൽ ഒത്തു തീൎച്ചപ്പെടുത്തുംപോലെയാകട്ടെ. പക്ഷെ ഇവിടെ കാൎയ്യം അവിളംബനത്തിന്നു മുറവിളികൂട്ടുന്നു; സത്വരതകൊണ്ടാണ് നമ്മാം അതിന്നുത്തരം നല്കേണ്ടത്.

ഒന്നാം സഭാംഗം—നിങ്ങാം ഇന്നു രാത്രിതന്നെ പുറപ്പെടണം.

ഒഥെല്ലോ—പൂൎണ്ണസമ്മതം.

ഡ്യൂക്ക്—നമ്മാം രാവിലെ ഒമ്പതുമണിയ്ക്ക് ഇവിടെ വീണ്ടും സമ്മേളിയ്ക്കും. ഒഥെല്ലോ, ഏതെങ്കിലും ഒരുദ്യോഗസ്ഥനോട് ഇവിടെ നില്ക്കാൻ പറയൂ. പുതിയ സ്ഥാനത്തേയ്ക്കു നിങ്ങളെ നിയമിച്ചുകൊണ്ടുള്ള ഔദ്യോഗികകല്പനയും, നിങ്ങളുടെ അധികാരത്തേയും പദവിയേയും സംബന്ധിച്ചുള്ള മററു നിൎദ്ദേശങ്ങളും അവൻ കൈയായി അങ്ങോട്ടെത്തിയ്ക്കാം.

ഒഥെല്ലോ—അങ്ങേയ്ക്കു വിരോധമില്ലെങ്കിൽ, എൻെറ ധ്വജപാലകനെ ഇവിടെ നിൎത്താം. വളരെ മൎയ്യാദക്കാരനും വിശ്വസ്തനുമാണിവൻ. എൻെറ ഭാൎയ്യയെ കൂട്ടിക്കൊണ്ടുവരാൻ ഇവനെയാണ് ഞാൻ ഏല്പിച്ചിരിയ്ക്കുന്നത്. എനിയ്ക്കയയ്ക്കണമെന്ന് അങ്ങുന്ന് ഔദാൎയ്യപൂൎവ്വം തീൎച്ചപ്പെടുത്തുന്ന മററു വല്ലതുമുണ്ടെങ്കിൽ അതും ഇവനെ ഏല്പിയ്ക്കാം.

ഡ്യൂക്ക്—അങ്ങിനെയാകട്ടെ. നല്ലത്; എന്നാൽ നമുക്ക് പിരിയുക. [ബ്രബാൻഷ്യോവിനോട്] മാന്യനായ സീഞ്ഞോർ, ഹൃദയാഹ്ലാദകമായ സൌഭാഗ്യത്തികവ് സത്സ്വഭാവത്തിന്നുണ്ടെങ്കിൽ, താങ്കളുടെ ജാമാതാവ് കറുത്തിട്ടാണെന്നതിനേക്കാൾ എത്രയോ അധികം വെളുത്തിട്ടാണ്.

ഒന്നാം സഭാംഗം—വിക്രമിയായ മൂർ, എന്നാൽ നമുക്ക പിന്നെക്കാണാം. ഡെസ്ഡിമോണയെ നല്ലവണ്ണം പരിപാലിക്കുക.

ബ്രബാൻഷ്യോ—മൂർ, നിനക്ക കാണാൻ കണ്ണുണ്ടെങ്കിൽ, അവളെ സൂക്ഷിക്കണേ; അച്ഛനെച്ചതിച്ചവളാണവൾ; അവൾ നിന്നേയും ചതിക്കും.

(ഡ്യൂക്കും, സഭാംഗങ്ങളും, പട്ടക്കാരും പോകുന്നു.)

ഒഥെല്ലോ—അവളുടെ പാതിവ്രത്യത്തിന്ന് എന്റെ ജീവൻ പണയം!—ഇയാഗോ, എന്റെ ഡെസ്ഡിമോണയെ ഞാൻ നിന്നെ ഏല്പിക്കുന്നു. അവളുടെ ശുശ്രൂഷയ്ക്കു നിന്റെ ഭാര്യയെ നിയോഗിക്കുവാൻ ഞാൻ അപേക്ഷിച്ചുകൊള്ളട്ടെ. പിന്നീട്, സൌകര്യംപോലെ, കഴിയുന്ന വേഗത്തിൽ, അവരേയുംകൂട്ടി വന്നോളൂ. വരൂ, ഡെസ്ഡിമോണേ, പ്രണയത്തിന്നും, ലൌകികങ്ങളായ മറ്റേർപ്പാടുകൾക്കും, മേൽനോട്ടത്തിന്നും എല്ലാംകൂടി നിന്റെകൂടെ ചെലവാക്കുവാൻ എനിയ്ക്ക് ഒരു മണിക്കൂറേയുള്ളു. നമ്മൾ കാലത്തിന്നു വിധേയരായിരിയ്ക്കണമല്ലോ.

(ഒഥെല്ലോവും ഡെസ്ഡിമോണയും പോകുന്നു)

റോഡെറിഗോ—ഇയാഗോ,—

ഇയാഗോ—അഃ! പൊന്നപ്പനെന്തു പറയുന്നു?

റോഡെറിഗോ—ഞാനെന്തു ചെയ്യുമെന്നാണ് താൻ വിചാരിയ്ക്കുന്നത്?

ഇയാഗോ—എന്തു വിചാരിയ്ക്കാൻ? പോയിക്കിടന്നുറങ്ങുക.

റോഡെറിഗോ—ഞാൻ ഈ നിമിഷംപോയി മുങ്ങിച്ചാവും.

ഇയാഗോ—അങ്ങിനെയാണെങ്കിൽ, തന്നെക്കുറിച്ചുള്ള കൂറ് ഞാൻ അതോടുകൂടി അവസാനിപ്പിയ്ക്കുകയും ചെയ്യും. ഛീഃ—വങ്കപ്രഭോ!

റോഡെറിഗോ—ജീവിതം നരകയാതനയായിത്തീർന്നതിന്നു ശേഷവും ജീവിയ്ക്കുന്നതാണ് വങ്കത്തം. രോഗം മാററാൻ കഴിയുന്ന വൈദ്യൻ മരണംമാത്രമായിത്തീരുമ്പോൾ ആത്മഹത്യയാണ് ഔഷധച്ചാർത്ത്.

ഇയാഗോ—അയ്യയ്യോ, ഭയങ്കരവഷളത്തം! ഞാനീ ദുനിയാവിൽ കണ്ണുതുറന്നിട്ടു കൊല്ലം നാലേഴായി; അപകാരവും ഉപകാരവും തമ്മിൽത്തിരിച്ചറിയാറായ പ്രായംമുതൽ അവനാവനെ വേണ്ടുംപോലെ സ്നേഹിയ്ക്കാനറിയുന്ന ഒരൊററ മനുഷ്യപ്രാണിയെയെങ്കിലും ഞാൻ ഇത്തിയ്യതിവരെ കണ്ടിട്ടില്ല. ഒരു ധൂളിപ്പെണ്ണിനെക്കുറിച്ചുള്ള പ്രണയംനിമിത്തം ഞാൻ മുങ്ങിച്ചാവാൻപോകുന്നു എന്നു പറയുന്നതിന്നുമുമ്പ്, എൻെറ മനുഷ്യത്വം ഞാൻ ഒരു നായ്ക്കുരങ്ങിന്നു മാററം കൊടുക്കും.

റോഡെറിഗോ—ഞാൻ പിന്നെ എന്തു ചെയ്യണം? എനിയ്ക്കിങ്ങിനെ ലജ്ജാവഹമായ ഒരു കമ്പം പിടിച്ചുപോയെന്നു ഞാൻ സമ്മതിയ്ക്കുന്നു. ഇനി അതു മാററാൻമാത്രമുള്ള സന്മാർഗ്ഗനിഷ്ഠ എനിയ്ക്കില്ല.

ഇയാഗോ—സന്മാർഗ്ഗനിഷ്ഠ! തേങ്ങാക്കുലയാണ്! എടോ, ഇത്തരത്തിലാകാനും മറേറത്തരത്തിലാകാനുമുള്ള കഴിവൊക്കെ നമ്മളിൽത്തന്നെയാണുള്ളത്. നമ്മുടെ ദേഹങ്ങൾ തോട്ടങ്ങളാണ്, നമ്മുടെ മനോനിശ്ചയങ്ങൾ തോട്ടക്കാരും. അവയിൽ കൊടിത്തുവ വെച്ചുപിടിപ്പിയ്ക്കാം, ചീരവിത്തു വിതയ്ക്കാം; അത്രത നട്ടുവളർത്താം, അപ്പ പറിച്ചുകളയാം; ഒരു ജാതിസ്സസ്യംകൊണ്ടവയെ സമൃദ്ധമാക്കുകയോ പല ജാതികൊണ്ടു കാടാക്കുകയോ ചെയ്യാം; ഉപേക്ഷകൊണ്ടവയെ തരിശാക്കാം, ഉത്സാഹംകൊണ്ട് അവയ്ക്കു വളം ചേർക്കാം; ഇങ്ങിനെ എന്തു ചെയ്യുന്നതിന്നുമുള്ള കെൽപ്പും കൈകാര്യകർത്തൃത്വവും നമ്മുടെ മനോനിശ്ചയങ്ങൾക്കാണുള്ളത്. നമ്മുടെ ജീവിതത്തുലാസ്സിൽ വിഷയലോലുപത്വം നിറഞ്ഞ ഒരു തട്ടിന്നു മറുതൂക്കമായി വിവേകം നിറഞ്ഞ മറെറാന്നുണ്ടായിരുന്നില്ലെങ്കിൽ, നമ്മുടെ ചോരത്തിളപ്പും മൃഗീയതയും ഭയങ്കരത്തകരാറുകളിലാണ് നമ്മെക്കൊണ്ടുചെന്നു ചാടിയ്ക്കുക. നമ്മുടെ പ്രചണ്ഡങ്ങളായ വികാരവേഗങ്ങൾ, നമ്മുടെ കാമങ്ങളുടെ വിഷയദംശനങ്ങൾ, നമ്മുടെ കടിഞ്ഞാണില്ലാത്ത ഭോഗേച്ഛകൾ—ഇക്കൂട്ടത്തിലൊരു ശാഖയോ മുളയോ ആണ് താൻ പ്രണയമെന്നു വിളിയ്ക്കുന്ന ഈ വസ്തുവെന്ന് ഞാൻ കരുതുന്നു—; ഇവയെത്തണുപ്പിയ്ക്കുന്നതു നമ്മുടെ വിവേകമാണ്.

റോഡെറിഗോ—ഇത് അത്തരത്തിലുള്ളതാവാൻ പാടില്ല.

ഇയാഗോ—ഉറപ്പില്ലാത്ത മനസ്സിൻെറ അനുവാദം നേടിയ വെറും ചോരത്തിളപ്പിൻെറ കാമഭ്രാന്തുമാത്രമാണത്. ആണത്തം

കാണിയ്ക്കുടോ! മുങ്ങിച്ചാവുംപോലും! പൂച്ചകളേയും കണ്ണു തുറക്കാത്ത പട്ടിക്കുട്ടികളേയുമാണ് മുക്കിക്കൊല്ലുക. തനിയ്ക്കു തുണയായി ഞാനുണ്ടെന്നു ഞാൻ പറഞ്ഞുകഴിഞ്ഞു; തന്റെ അംറതയോട്, ഒരിയ്ക്കലും പിരിയുടയാത്ത വിധത്തിൽ ഉറപ്പുകൂടിയ പാശങ്ങളാൽ ബദ്ധനാണ് ഞാനെന്നു ഞാൻ സമ്മതിയ്ക്കുകയും ചെയ്യുന്നു. തന്നെസ്സഹായിയ്ക്കാൻ ഇതിലും നല്ല ഒരവസരം എനിയ്ക്കിനി കിട്ടുകയില്ല. തന്റെ മടിശ്ശീലയിൽ വെള്ളിയിട്ടു; പടയ്ക്കുപിമ്പേ താനും കൂടിക്കോളൂ; കള്ളത്താടികൊണ്ട് ആളെത്തിരിച്ചറിയാനാവാത്ത മട്ടിൽ മുഖപ്രകൃതിയും ഒന്നു മാററിക്കളയു. തന്റെ മടിശ്ശീലയിൽ വെള്ളിയിട്ടു—അതാണ് ഞാൻ പറയുന്നത്. ഡെസ്ഡിമോണയ്ക്ക് ഈ മൂറിനെക്കുറിച്ചുള്ള പ്രണയം ഏറെക്കാലത്തേയ്ക്കു നിലനില്ക്കുകയെന്നതുണ്ടാവില്ല;—തന്റെ മടിശ്ശീലയിൽ വെള്ളിയിട്ടു!—അവനങ്ങോട്ടും മേപ്പടിയായായിരിയ്ക്കും: പാഞ്ഞുകയറുന്ന ഊക്കോടുകൂടിയാണ് അതിന്റെ തുടക്കമുണ്ടായത്; അതിന്നനുരൂപമായ ഒരു കലാശവും തനിയ്ക്കു കാണാം. തന്റെ മടിശ്ശീലയിൽ പണം മാത്രമിട്ടോളൂ! ഈ മൂർവർഗ്ഗക്കാർതന്നെ മനസ്സിന്നു ചാപല്യമുള്ള കൂട്ടരാണ്: മടിശ്ശീലയിൽ വെള്ളി നിറയ്ക്കൂ!—ഇപ്പോളവന്നു മാമ്പഴംപോലെ മധുരമായ്ത്തോന്നുന്ന ആഹാരം ഏറെക്കഴിയുന്നതിന്നുമുമ്പു ചെന്നിനായകംപോലെ കയ്ക്കും. അവാം വല്ല ചെറുപ്പക്കാരനേയും ബദലാക്കാതിരിയ്ക്കില്ല: അവന്റെ ദേഹത്തെക്കുറിച്ചു മടുപ്പു തോന്നുമ്പോളാണ് അവളുടെ പരിഗ്രഹണത്തിന്റെ വിഡ്ഢിത്തം അവാക്കു മനസ്സിലാവുക. അവാം മാറും; മാറാതെ കഴിയില്ല: അതുകൊണ്ടു, മടിശ്ശീലയിൽ വെള്ളിയിട്ടു—തനിയ്ക്കു നരകത്തിൽ പോയേ കഴിയൂ എങ്കിൽ, അതിന്നു മുങ്ങിച്ചാവുന്നതിനെക്കാൾ സ്വാദും രസവുമുള്ള വഴി വേറേയുണ്ട്, അതിലേയാണ് നല്ലത്. കിട്ടുന്നിടത്തോളം വെള്ളി കൈയിൽ കരുതിക്കോളൂ. തെണ്ടിത്തിരയുന്ന ഒരു കാടനേയും കൗശലക്കാരിയായ ഒരു വെനീഷ്യൻപെണ്ണിനേയും കൂട്ടിച്ചേർക്കുന്ന പാതിവ്രത്യാദിനായവും, ദുർബ്ബലങ്ങളായ പ്രണയപ്രതിജ്ഞകളും എന്റെ സാമർത്ഥ്യത്തിന്നും, നരകത്തിലെ ചെകുത്താന്മാർക്കുംകൂടി തട്ടിത്തകർക്കാൻ സാധിയ്ക്കാത്ത വിധത്തിൽ അത്ര ദൃഢങ്ങളായി പരിണമിച്ചിട്ടില്ലെങ്കിൽ, നിനക്ക് അവളെ കിട്ടും; അതുകൊണ്ട്, വെള്ളിയുണ്ടാക്കിക്കോളൂ. മുങ്ങിച്ചാവലിനെ കൊണ്ടുപോയി ചുടു! അതിനെക്കൊണ്ട് ഒരു പ്രയോജനവുമില്ല: അവളെ ഒന്നു കിട്ടാ

തെ മുങ്ങിച്ചാവുന്നതിനെക്കാശം തന്റെ ആഗ്രഹം നിറവേററിയതിന്നു തൂക്കിൽക്കിടന്നു ചാവുകയായിരിയ്ക്കും ഭേദം; അതിന്നു ശ്രമിയ്ക്കു്.

റോഡെറിഗോ—ഞാൻ ഇതിന്റെ കലാശത്തിന്നു കാത്താൽ താൻ എന്റെ ഭാഗത്തുതന്നെ ഇളക്കമില്ലാതെ നില്ക്കുമോ?

ഇയാഗോ—എന്റെ കാര്യം ഉറപ്പിച്ചോളു:—പോ, പോയി വെള്ളിയുണ്ടാക്ക്. ഞാൻ പല പ്രാവശ്യവും തന്നോടു പറഞ്ഞു, പിന്നേയും പിന്നേയും ഞാനാവത്തിയ്ക്കുന്നു: ഞാനീ മൂറിനെ വെറുക്കുന്നു. ഹൃദയത്തിൽ വേരൂന്നിയുറച്ചതാണ് എന്റെ വൈരം. തന്റേതിന്നുള്ള കാരണവും അതിലൊട്ടും കുറഞ്ഞതല്ല. അവന്റെ നേരെയുള്ള പ്രതിക്രിയയിൽ നമുക്ക് ഒത്തുപ്രവത്തിയ്ക്കുക. നിനക്ക് അവനെ പുലയാടിയുടെ ഭത്താവാക്കാൻ കഴിഞ്ഞെങ്കിൽ നിനക്കതൊരു സുഖഭോഗമായി, എനിയ്ക്കൊരു തമാശയുമായി. കാലത്തിന്റെ ഗർഭത്തിൽ സംഭവങ്ങളിനിയും പലതുമുണ്ട്; അവ ക്രമേണ ഉടലെടുത്തു പിറക്കും. നടക്ക്; പോ; വെള്ളിയുണ്ടാക്ക്. ഇതിനെക്കുറിച്ച് ഇതിലധികം നാളെപ്പറയാം. പിന്നെക്കാണാം.

റോഡെറിഗോ—രാവിലെ എവിടെക്കാണണം?

ഇയാഗോ—ഞാൻ താമസിയ്ക്കുന്നിടത്ത്.

റോഡെറിഗോ—ഞാൻ സമയത്തിന്നെത്തിക്കൊള്ളാം.

ഇയാഗോ—ശരി ശരി; പോയ്ക്കോളൂ. കേട്ടില്ലേ, റോഡെറിഗോ?

റോഡെറിഗോ—എന്താ പറഞ്ഞത്?

ഇയാഗോ—മുങ്ങിച്ചാവലിനെപ്പററി ഇനിയൊരക്ഷരം മിണ്ടരുത്, കേട്ടില്ലേ?

റോഡെറിഗോ—ഞാൻ ആളൊന്നു മാറിയിരിയ്ക്കുന്നു. ഞാൻ പോയി എന്റെ വസ്തുക്കാശം വില്ക്കാൻ നോക്കട്ടെ. [പോകുന്നു.]

ഇയാഗോ—ഇങ്ങിനെയാണ് ഞാൻ എന്നും വങ്കനെ മടിശ്ശീലയാക്കുന്നത്. തമാശയ്ക്കും കാര്യലാഭത്തിന്നുമൊഴിച്ച് ഈ മാതിരിയൊരു മരക്കഴുതയുടെകൂടെ ഞാൻ സമയം ചെലവഴിയ്ക്കുകയാണെങ്കിൽ ബുദ്ധിമുട്ടി നേടിയ എന്റെ ലോകപരിജ്ഞാനത്തെത്തന്നെ ഞാൻ അവഹേളിയ്ക്കുകയായിരിയ്ക്കും. ഞാൻ മൂറിനെ വെറുക്കുന്നു; എന്റെ കിടക്കയിൽ അവൻ എനിയ്ക്കു പകരം ജോലിനോക്കീട്ടുണ്ടെന്നു പുറമെ ഒരു പ്രസ്താവമുണ്ട്. അതു നേരാണോ എന്ന് ഞാനറിയുകയില്ല; പക്ഷെ ഞാൻ അത്തര

ത്തിലുള്ള വെറുമൊരു ശങ്കയെ ആസ്പദിച്ച്, അതു തീർച്ചയാണെന്ന മട്ടിൽ പ്രവർത്തിയ്ക്കും. അവന്ന് എന്നെപ്പററി നല്ല അഭിപ്രായമാണുള്ളത്; ശരി: എൻെറ ഉദ്ദേശ്യം അവൻെറമേൽ ഫലിപ്പിയ്ക്കാൻ അത് അധികസൌകര്യമുണ്ടാക്കുന്നു. കാഷ്യോ കാഴ്ചയ്ക്കൊരു സുഭഗനാണ്. ഞാൻ നോക്കട്ടെ: അവൻെറ ഉദ്യോഗം പിടുങ്ങണം; ഒരു ഇരട്ടപ്പററിയ്ക്കലിൽ എൻെറ ഉദ്ദേശ്യത്തെ വിജയത്തിലെത്തിയ്ക്കുകയും വേണം. എങ്ങിനെ? ഏതു മട്ടിൽ? നമുക്കു നോക്കാം:—കുറച്ചു കഴിഞ്ഞാൽ, അവൻെറ ഭാര്യയുമായി മററവൻ കുറെ കവിഞ്ഞ ലോഗ്യത്തിലാണെന്ന് ഒഥെല്ലോവിൻെറ ചെവിയിൽ ഒന്നൂതിക്കൊടുക്കാം. ശങ്ക ജനിപ്പിയ്ക്കാൻ മാത്രം അവന്നു സൌന്ദര്യമുണ്ട്, മയം ചേന്ന ഒരു മട്ടുമുണ്ട്— പെണ്ണുങ്ങളുടെ ചാരിത്രം തുലയ്ക്കാൻ പററിയ ഒരു പടപ്പ്. മര്യാദക്കാരാണെന്നു കാഴ്ചയിൽ തോന്നിയ്ക്കുകമാത്രം ചെയ്യുന്നവർ യഥാർത്ഥത്തിൽ അങ്ങിനെയുള്ളവർതന്നെയാണെന്നു വിശ്വസിയ്ക്കുന്ന ഒരു തുറന്ന ശുദ്ധമനസ്കനാണ് മൂർ. കഴുതകളെപ്പോലെ ആ വിദ്വാനെ, യാതൊരെതിർപ്പുമില്ലാതെ, മൂക്കിൽ കയറിട്ടു വേണ്ടുന്ന വഴിയ്ക്കു നടത്താം. എനിയ്ക്കു കിട്ടിപ്പോയി;—അതു പിറന്നുകഴിഞ്ഞു:—നരകവും രാത്രിയും കൂടിച്ചേർന്നുവേണം ഈ കരാളപ്രസവത്തെ ലോകത്തിൻെറ വെളിച്ചത്തിലേയ്ക്കാനയിക്കാൻ.

(പോകുന്നു.)

രണ്ടാമങ്കം

രംഗം 1

(സൈപ്രസ്സിലെ ഒരു തുറമുഖപട്ടണം. ഒരു കൽത്തറ. സൈപ്രസ്സിലെ ഗവണ്ണരായ മോൺടോനോവും രണ്ടു പൌരന്മാരും പ്രവേശിക്കുന്നു.)

മോൺടാനോ—മുനമ്പിൽനിന്നു നിങ്ങാംക്കു വല്ലതും തിരിച്ചറിയാൻ കഴിയുന്നുണ്ടോ?

ഒന്നാം പൌരൻ—യാതൊന്നും തിരിച്ചറിയാൻ കഴിയുന്നില്ല. തിരമാലകാം വളരെ ഉയരത്തിൽ പൊങ്ങിയിരിക്കുകയാണ്; ആകാശത്തിൻേറയും കടൽപ്പരപ്പിൻേറയും ഇടയിൽ ഒരൊററക്കപ്പൽപ്പായെങ്കിലും എനിക്കു കാണാൻ കഴിയുന്നില്ല.

മോൺടാനോ—കരയിൽ കാററു ഘോഷമായിട്ടുണ്ടെന്നാണെനിക്കു തോന്നുന്നത്; ഇതിലും കവിഞ്ഞ ഒരു കൊടുങ്കാററ് ഇതുവരെ നമ്മുടെ മതില്ക്കെട്ടുകളെ കുലുക്കീട്ടില്ല. കടലിനേയും അത് ഇങ്ങിനെതന്നെ കടന്നാക്രമിച്ചിട്ടുണ്ടെങ്കിൽ, ഏതു് ഇരുമ്പുകൊണ്ടുള്ള കപ്പൽപ്പള്ളകളാണ്, വന്മലകാം അവയുടെ മേൽച്ചെന്നടിച്ചുടലുടഞ്ഞുതിരുമ്പോാം, എപ്പിളകാതെ നില്ക്കുക? നമ്മാം എന്തു വിവരം കോംക്കുമോ, ആവോ!

രണ്ടാം പൌരൻ—തുക്കിക്കപ്പലുകളുടെ വ്യൂഹം ചിന്നിച്ചിതറിപ്പോയെന്നുതന്നെ; പതയുന്ന കടൽക്കരയിൽനിന്ന് അങ്ങോട്ടൊന്നു നോക്കുകയേ വേണ്ടു: ശാസിച്ചലറുന്ന തിരമാലകാം മേഘങ്ങളുടെനേക്കു ചരൽ വാരിയെറിയുന്നുണ്ടെന്നു തോന്നും. അസാധാരണമായ മട്ടിൽ ഉയരെപ്പറക്കുന്ന കുഞ്ചിരോമങ്ങളോടുകൂടിയ കുതിരകളെപ്പോലെ, കാററിൽ കുലുങ്ങിമറിയുന്ന തിരമാലകാം, ഉത്തരാന്തരീക്ഷത്തിൽ കരടിയുടെ ആകൃതിയിൽ കത്തിക്കൊണ്ടിരിക്കുന്ന നക്ഷത്രവ്യൂഹത്തിന്മേൽ ജലസേകംചെയ്യുന്നതുപോലെയും, അചഞ്ചലനായ ധ്രുവനക്ഷത്രത്തെച്ചുററിസഞ്ചരിക്കുന്ന താരദ്വയത്തെ കെടുത്തുന്നതുപോലെയും തോന്നുന്നു. പ്രക്ഷുബ്ധമായ സമുദ്രത്തിൻെറ ഇത്തരത്തിലുള്ള ഒരസ്വാസ്ഥ്യം ഞാൻ ഇതിന്നുമുമ്പ് കണ്ടിട്ടില്ല.

മോൺടാനോ—തുക്കിക്കപ്പലുകാം വല്ല ഉാംക്കടലിലും അഭയസങ്കേതം തേടിയിട്ടില്ലെങ്കിൽ, അവ മുങ്ങിപ്പോയെന്നു തീച്ച്യാണ്. ഇതവക്കു സഹിച്ചുനില്ക്കുക സാധ്യമല്ല.

(മൂന്നാം പൌരൻ പ്രവേശിയ്ക്കുന്നു.)

മൂന്നാം പൌരൻ—കൂട്ടരേ, വിവരമറിഞ്ഞില്ലേ? യുദ്ധമവ സാനിച്ചിരിയ്ക്കുന്നു. ഈ ഭയങ്കരമായ കൊടുങ്കാററു തുക്കികാംക്ക കണക്കിന്നു കൊണ്ടു; അവരുടെ ചാട്ടം നിലച്ചിരിയ്ക്കുന്നു. അവരുടെ വള്ളപ്പടയുടെ വലിയൊരു ഭാഗം പൊളിഞ്ഞു നഷ്ടപ്പെട്ടുന്നതു വെനിസ്സിലെ ഒരു കപ്പലിലുള്ളവർ കണ്ടിരിയ്ക്കുന്നു.

മോൺടാനോ—എന്ത്! നേരാണോ ഇത്?

മൂന്നാം പൌരൻ—കപ്പൽ ഇവിടെ എത്തിയിട്ടുണ്ട്; വെറോണയിലേയാണത്. യുദ്ധവിദഗ്ദ്ധനായ ഒഥെല്ലോവിൻെറ ഉപനായകൻ, മൈക്കാം കാഷ്യോ, കരയ്ക്കിറങ്ങിയിരിയ്ക്കുന്നു. ഒഥെല്ലോ കടലിൽത്തന്നെയാണുള്ളത്; അദ്ദേഹം സൈപ്രസ്സിൻെറ മുഴുവൻ ഭരണാധികാരവും ഏറെറടുക്കുവാനായി ഇങ്ങോട്ടു പുറപ്പെട്ടിരിയ്ക്കയാണ്.

മോൺടാനോ—ഞാൻ അതിനെപ്പററി സന്തോഷിയ്ക്കുന്നു. യോഗ്യനായ ഒരു ഭരണാധികാരിയാണദ്ദേഹം.

മൂന്നാം പൌരൻ—പക്ഷെ ഈ മൈക്കാം കാഷ്യോ—തുക്കികളുടെ നഷ്ടത്തെപ്പററി ആശ്വാസപ്രദമായ വാത്തയാണ് അയാം പറയുന്നതെങ്കിലും, അയാളുടെ മുഖത്തൊരു പ്രസാദം കാണുന്നില്ല; ഒഥെല്ലോവിന്ന് അപായമൊന്നും പററാതിരിയ്ക്കട്ടെ എന്നയാം പ്രാത്ഥിയ്ക്കുകയാണ്; വമ്പിച്ച കൊടുങ്കാററുനിമിത്തമാണത്രേ അവർതമ്മിൽ പിരിയേണ്ടിവന്നത്.

മോൺടാനോ—ഈശ്വരൻ സഹായിച്ചിട്ട് അദ്ദേഹത്തിന്ന് ഒന്നും പററാതിരിയ്ക്കട്ടെ; ഞാൻ അദ്ദേഹത്തിൻെറ കീഴിൽ പ്രവൃത്തിയെടുത്തിട്ടുണ്ട്; ഒരു തികഞ്ഞ പോരാളിയെപ്പോലെ അദ്ദേഹത്തിന്നു നേതൃത്വം വഹിയ്ക്കാനറിയാം. വരൂ, നമുക്ക കടൽക്കരയിലേയ്ക്കു പോകാം. കരയ്ക്കണഞ്ഞ കപ്പലൊന്നു കാണാം; എന്നുമാത്രമല്ല, ധീരനായ ഒഥെല്ലോവിൻെറ വരവിനെ പ്രതീക്ഷിച്ചുകൊണ്ടു, നീലാകാശവും കടൽപ്പരപ്പും തമ്മിൽ തിരിച്ചറിയാൻ കഴിയാതായിത്തീരുമാറ് നമുക്ക കണ്ണയച്ചു കാത്തുനില്ക്കുകയും ചെയ്യാം.

മൂന്നാം പൌരൻ—വരൂ, നമുക്കങ്ങിനെ ചെയ്യാം; ഓരോ മിനുട്ടും ഇനിയും കപ്പലുകളെത്തുമെന്നുള്ള പ്രതീക്ഷയുംകൊണ്ടിരിയ്ക്കയാണ്.

(കാഷ്യോ പ്രവേശിയ്ക്കുന്നു.)

കാഷ്യോ — ഒഥെല്ലോവിനെ ഇത്രയും അഭിനന്ദിയ്ക്കുന്ന വീര പ്രസൂവായ ഈ ദ്വീപിലെ ശൂരന്മാരോടു നന്ദിപറഞ്ഞുകൊള്ളട്ടെ. കാററിൽനിന്നും കടലിൽനിന്നും അദ്ദേഹത്തെ ദൈവംതന്നെ രക്ഷിയ്ക്കട്ടെ. കോളംപിടിച്ച സമുദ്രത്തിൽവെച്ചാണ് അദ്ദേഹം എന്റെ കണ്ണിൽനിന്നു മറഞ്ഞത്.

മോൺടാനോ — അദ്ദേഹത്തിന്റെ കപ്പൽ നല്ലതുതന്നെ യല്ലേ?

കാഷ്യോ — ഒന്നാന്തരം ഉറപ്പുള്ള മരംകൊണ്ടാണ് അതു നിർമ്മിയ്ക്കപ്പെട്ടിരിയ്ക്കുന്നത്. കപ്പിത്താൻ വളരെ പരിചയവും പ്രശസ്തിയുമുള്ള ഒരു പ്രാപ്തനമാണ്. ആകപ്പാടെ അത്യാഹാരം കൊണ്ട്, ഏതു നിലയിലും, മുതിയടയാനിടയില്ലാത്ത എന്റെ പ്രത്യാശ അപായത്തിലാകാതെ രക്ഷപ്പെടാൻതന്നെയാണ് വഴി കാണുന്നത്.

[അണിയറയിൽ] 'കപ്പൽ, കപ്പൽ, കപ്പൽ!'

(നാലാം പൌരൻ പ്രവേശിയ്ക്കുന്നു.)

കാഷ്യോ — എന്താണൊരു ശബ്ദം?

നാലാം പൌരൻ — നഗരം വിജനമായിരിയ്ക്കുന്നു. ആളുകൾ അണിയണിയായ് കടല്ക്കരയിലൊത്തുകൂടി, 'കപ്പൽ, കപ്പൽ!' എന്ന് ആർത്തുവിളിയ്ക്കുകയാണ്.

കാഷ്യോ — അത് ഒഥെല്ലോവായിരിയ്ക്കുമെന്നുതന്നെയാണ് എന്റെ പ്രത്യാശയുടെ സങ്കല്പം.

(അണിയറയിൽ വെടിമുഴക്കം.)

രണ്ടാം പൌരൻ — അഭിവാദ്യവെടിയാണത്: വരുന്നവർ ബന്ധുക്കളാണെന്നു തീർച്ചപ്പെട്ടു.

കാഷ്യോ — സർ, ഒന്നു പോയി ആരാണെത്തിയതെന്നതിന്റെ ശരിയായ വിവരം അറിഞ്ഞുവരാൻ അപേക്ഷിച്ചുകൊള്ളട്ടേ.

രണ്ടാം പൌരൻ — ഞാൻ പോയിവരാം. [പോകുന്നു.]

മോൺടാനോ — അല്ലാ, നിങ്ങളുടെ നായകൻ കല്യാണം കഴിഞ്ഞ ആളാണോ?

കാഷ്യോ — ഏററവും കല്യാണമായ വിധത്തിൽ വർണ്ണനയേയും പൂർവ്വനായികമാരെക്കുറിച്ചുള്ള കേളംവിയേയും ബഹുദൂരം പിന്നിലാക്കുന്ന ഒരു കന്യകയേയാണ് അദ്ദേഹം സമ്പാദിച്ചിരിയ്ക്കുന്നത്. സ്തുതിപരായണങ്ങളായ കവിതൂലികകളുടെ അതിശയോ

കതികളെക്കൂടി അവരം അതിശയിക്കുന്നു; അനാലംകൃതമായ നൈസർഗികാകാരംകൊണ്ടുമാത്രം ചിത്രകാരൻെറ മനോധർമ്മത്തെ:പ്പോലും അവരം അവശമാക്കിത്തീക്കും.

(രണ്ടാം പൌരൻ വീണ്ടും പ്രവേശിക്കുന്നു.)

എന്താണ് വിശേഷം? ആരാണ് വന്നിരിക്കുന്നത്?

രണ്ടാം പൌരൻ—ഇയാഗോ എന്നു പേരായ ഒരാരം—ഒഥെല്ലോവിൻെറ ധ്വജപാലകൻ.

കാഷ്യോ—ശുഭവും സന്തോഷപ്രദവുമായ അവിളംബനമാണ് അദ്ദേഹത്തെ അനുഗ്രഹിച്ചിരിക്കുന്നത്. കൊടുങ്കാററുകരം, ക്ഷോഭിച്ചുയന്ന തിരമാലകരം, നിരപരാധങ്ങളായ കപ്പലുകളെത്തുലയ്ക്കാൻ മുങ്ങിപ്പതിയിരിക്കുന്ന ചതിയന്മാരായ പുറം ദ്രവിച്ച പാറകളും അടിഞ്ഞുകൂടിയ മണലുന്നുകളും—ഇവയെല്ലാംതന്നെ തങ്ങളുടെ നൈസർഗ്ഗികമായ സംഹാരസ്വഭാവമുപേക്ഷിച്ച്, ഒരു സൌന്ദര്യബോധം ഉള്ളിലുണന്നതുപോലെ, ദിവ്യയായ ഡെസ്ഡിമോണയെ അപായമില്ലാതെ കടന്നുപോരുവാനനുവദിച്ചിരിക്കുന്നുവല്ലോ!

മോൺടാനോ—ആരാണവരം?

കാഷ്യോ—ഞാനിപ്പോരം പറഞ്ഞില്ലേ, നമ്മുടെ മഹാനായ നേതാവിൻേറയും നേതാവ്. ശൂരനായ ഇയാഗോവിനേയാണ് അവളുടെ അകമ്പടിക്കു നിയോഗിച്ചിരുന്നത്. ഞങ്ങരം പ്രതീക്ഷിച്ചിരുന്നതിലും ഏഴു ദിവസം മുമ്പേതന്നെ അവരിവിടെ എത്തിയിരിക്കുന്നു. സർവ്വശക്തനായ ജഗദീശ്വരാ, ഒഥെല്ലോവിനെ രക്ഷിക്കണേ! അങ്ങയുടെ മഹത്തായ നിശ്വാസിതത്താൽത്തന്നെ അദ്ദേഹത്തിൻെറ കപ്പൽപ്പായകരം നിറയ്ക്കണേ! തൽഫലമായി തൻെറ സമുന്നതമായ കപ്പലോടുകൂടി അദ്ദേഹം എത്തിച്ചേന്ന് ഈ ഉരക്കടലിനെ അനുഗ്രഹിക്കുകയും ഡെസ്ഡിമോണയുടെ ആശ്ലേഷത്തിൽ പ്രണയത്തിൻെറ പ്രാണവേഗങ്ങളെ ആസ്വദിക്കുകയും, നമ്മുടെ കെട്ടുപോയ ഉശിരിനെ വീണ്ടും ജ്വലിപ്പിക്കുകയും, സൈപ്രസ്സിലെല്ലായിടത്തും ആശ്വാസമെത്തിക്കുകയും ചെയ്യുമാറാകട്ടെ:—ഇതാ, നോക്കുവിൻ—

(ഡെസ്ഡിമോണ, എമിലിയ, ഇയാഗോ, റോഡെറിഗോ, അനുചരന്മാർ, എന്നിവർ പ്രവേശിക്കുന്നു)

കപ്പലിലെ അനർഘനിധി കരയ്ക്കണഞ്ഞിരിക്കുന്നു. സൈപ്രസ് നിവാസികളേ, അവളെ നമസ്കരിക്കുവിൻ!—സുമംഗലി, ഞങ്ങ

ളിതാ ആശീർവ്വദിയ്ക്കുന്നു! ഈശ്വരകാരുണ്യം മുന്നിലും പിന്നിലും നാനാവശത്തും അവിടുത്തെ വലയം ചെയ്യട്ടെ!

ഡെസ്ഡിമോണ—ധീരനായ കാഷ്യോ, ഞാൻ നന്ദി പറയുന്നു. നീ അവിടുത്തെ വിവരം വല്ലതും അറിയുമോ?

കാഷ്യോ—അദ്ദേഹം എനിയ്ക്കും എത്തിയിട്ടില്ല. ക്ഷേമമായിരിയ്ക്കുന്നുണ്ടെന്നും ഉടനെ ഇവിടെ എത്തിച്ചേരുമെന്നുമല്ലാതെ മറ്റൊന്നും ഞാനറിയുകയില്ല.

ഡെസ്ഡിമോണ—എന്നിട്ടും എനിയ്ക്കു മനസ്സമാധാനം കിട്ടുന്നില്ല. നിങ്ങൾ എങ്ങിനെ തമ്മിൽ പിരിഞ്ഞു?

കാഷ്യോ—ആകാശവും കടലും തമ്മിലുള്ള വമ്പിച്ച ശക്തിപരീക്ഷയാണ് ഞങ്ങളെ വേർപെടുത്തിയത്:—പക്ഷെ, ശ്രദ്ധിയ്ക്കിൻ! അതാ, ഒരു കപ്പൽ എത്തിയിട്ടുണ്ട്.

(അണിയറയിൽ 'കപ്പൽ! കപ്പൽ!' എന്നുള്ള ആർപ്പും വെടിമുഴക്കവും.)

രണ്ടാം പൌരൻ—അവർ നഗരത്തെ അഭിവാദ്യം ചെയ്യുകയാണ്. അവരും ബന്ധുക്കൾതന്നെ.

കാഷ്യോ—പോയി വിവരമറിഞ്ഞു വരൂ—[രണ്ടാം പൌരൻ പോകുന്നു.] ഇയാഗോ, നിങ്ങൾക്കു ഞാൻ സ്വാഗതം പറഞ്ഞുകൊള്ളട്ടെ. [എമിലിയയോട്] ദേവി, അവിടേയ്ക്കു സ്വാഗതം. ഇയാഗോ, ഞാൻ ആചാരത്തെ ഒരിത്തിരികൂടി വലിച്ചുനീട്ടുന്നതിൽ നിങ്ങൾ പരിഭവിയ്ക്കുകയില്ലല്ലോ—മര്യാദയെസ്സംബന്ധിച്ചുള്ള ഈ സ്വാതന്ത്ര്യത്തെ സാഹചര്യത്തിൽനിന്നു ജനിച്ച ശീലമാണ് എനിയ്ക്കനുവദിയ്ക്കുന്നത്. [എമിലിയയെ ചുംബിയ്ക്കുന്നു.]

ഇയാഗോ—സർ, പലപ്പോഴും അവൾ എനിയ്ക്കു സമ്മാനിയ്ക്കുന്ന വായിലെ നാവോളംതന്നെ നിങ്ങൾക്ക് അവളുടെ ചുണ്ടും സമ്മാനിയ്ക്കുകയാണെങ്കിൽ, നിങ്ങൾക്ക വേണ്ടത്ര കിട്ടും.

ഡെസ്ഡിമോണ—അയ്യോ, അവൾക്കു വാക്കില്ലതന്നെ.

ഇയാഗോ— സത്യമായിട്ടു, കുറെ ഏറെയാണുള്ളത്. എനിയ്ക്ക് ഉറക്കം പറവമ്പോളൊക്കെ ഞാൻ അത് അനുഭവിയ്ക്കുന്നുമുണ്ട്. എൻറീശ്വരാ, അവിടുത്തെ മുമ്പാകെ ആയിട്ടല്ലേ? ഇപ്പോൾ അവൾ നാവു നെഞ്ചിലേയ്ക്ക് അല്പം വലിച്ചു താഴ്ത്തി വിചാരംകൊണ്ടുമാത്രമേ എന്നെശ്ശകാരിയ്ക്കുന്നുള്ളുവെന്നും ഞാൻ സമ്മതിയ്ക്കുന്നു.

എമിലിയ—എന്നെക്കുറിച്ചങ്ങിനെ പറയാൻ കാരണം നന്നെക്കുറയും.

ഇയാഗോ — ഓ, മതി! നിങ്ങളൊക്കെ കാഴ്ചയ്ക്ക് കൌതുകമേറിയ ചിത്രങ്ങളാണ്, വിരുന്നുകാരുടെ മുമ്പാകെ വീണകളാണ്, അടുക്കളയിൽ കാട്ടുപൂച്ചകളുമാണ്; ദ്രോഹിയ്ക്കാൻ പുറപ്പെട്ടു ബോഠം നിങ്ങഠം യോഗിനികളും, ശുണ്ഠിപിടിച്ചാൽ ചെയ്ത്താന്മാരുമാണ്; ഗൃഹജോലികഠം നിങ്ങഠംക്ക കളിയാണെങ്കിൽ, കിടക്കയിൽ നിങ്ങഠം ഗൃഹിണികളാണ്.

ഡെസ്ഡിമോണ — ശരി, അപവാദം പറയുന്നവനേ!

ഇയാഗോ — ഇതു നേരല്ലെങ്കിൽ ഞാൻ തുലുക്കനാണ്: നിങ്ങളൊക്കെ കിടക്കയിൽനിന്ന് എഴുന്നേല്ക്കുന്നതു കളിയ്ക്കാനും, കിടക്കുന്നതു പണിയെടുക്കാനുമാണ്.

എമിലിയ — എന്നെക്കുറിച്ച് ഒരു പ്രശംസ ഞാൻ നിങ്ങളെക്കൊണ്ട് എഴുതിയ്ക്കില്ല.

ഇയാഗോ — വേണ്ട, എന്നെക്കൊണ്ട് എഴുതിയ്ക്കേണ്ട, അതായിരിയ്ക്കും നല്ലത്.

ഡെസ്ഡിമോണ — എന്നെ പ്രശംസിയ്ക്കുകയാണെങ്കിൽ നിങ്ങഠം എന്താണെഴുതുക?

ഇയാഗോ — അയ്യോ, അവിടുന്നെന്നെ അതിന്നു നിർബ്ബന്ധിയ്ക്കരുത്. കുററവും കുറവും കണ്ടുപിടിയ്ക്കാനുള്ള കണ്ണുമാത്രമേ എനിക്കുള്ളു.

ഡെസ്ഡിമോണ — ഓ, അതു പോട്ടെ, പറയൂ! — ഒരാഠം തുറമുഖത്തേയ്ക്കു പോയിട്ടില്ലേ?

ഇയാഗോ — ഉണ്ടമ്മേ, പോയിട്ടുണ്ട്.

ഡെസ്ഡിമോണ — എന്റെ മനസ്സിൽ ഉന്മേഷം തീരേയില്ല; പക്ഷെ ഞാൻ വിപരീതഭാവം അഭിനയിച്ച് എന്റെ വാസ്തവാവസ്ഥയെ വഞ്ചിയ്ക്കുകയാണ് — പറയൂ, നിങ്ങളെങ്ങിനെയാണ് എന്നെ പ്രശംസിയ്ക്കുക?

ഇയാഗോ — ഞാൻ അതിനെക്കുറിച്ചാണാലോചിയ്ക്കുന്നത്; പക്ഷെ വാസ്തവമായി എന്റെ തലച്ചോറിൽനിന്ന് ആശയങ്ങഠം, കമ്പിളിയിൽനിന്നു കുഞ്ഞിപ്പശപോലെ, നന്നെപ്പണിപ്പെട്ടേ വേർപെട്ടു കിട്ടുകയുള്ളു: പിടിച്ചുപറിച്ചാൽ തലച്ചോറിന്റെ ഒരംശംകൂടി പറിഞ്ഞുപോരും; പക്ഷെ എന്റെ കവിതാംഗനയ്ക്ക് ഈററുനോവു തുടങ്ങിപ്പോയി; ഇങ്ങിനെയാണ് അവളുടെ പ്രസവം.

(മാരകാകളി)

സുന്ദരിയാണെങ്കിൽ, ബുദ്ധിയുമുണ്ടെങ്കിൽ,
സൌന്ദര്യം, ബുദ്ധി,യീ രണ്ടിൽ
ഒന്നുപയോഗത്തിനാണ;തുകൊണ്ടല്ലോ
മറേറതു കൈകാര്യം ചെയ്യൂ.

ഡെസ്ഡിമോണ—ഒന്നാന്തരം പ്രശംസ! കറുത്തവളും സമ ർത്ഥയുമാണെങ്കിലോ?

ഇയാഗോ—

(അന്നനട)

കറുത്തവളെങ്കിൽ, സമർത്ഥയുമെങ്കിൽ,
കറുപ്പിനു ചേന്ന വെളുപ്പു കണ്ടെത്തും.

ഡെസ്ഡിമോണ—പിന്നെപ്പിന്നെ അധികമധികം മോശം.

എമിലിയ—സുന്ദരിയും വിഡ്ഢിയുമാണെങ്കിൽ?

ഇയാഗോ—

(മഞ്ജരി)

സുന്ദരിയ്ക്കിന്നോളം പററീലാ വങ്കത്തം—
സന്തതിലാഭംതാൻ പററുകിലും!

ഡെസ്ഡിമോൺ—കള്ളുഷാപ്പിലെ വിഡ്ഢികളെച്ചിരിപ്പി ക്കുവാൻ പററിയ ചില പഴഞ്ചൻ തെറിച്ചൊല്ലുകളാണിവ. പോട്ടെ വിരൂപയും വിഡ്ഢിയുമായവളെക്കുറിച്ച് എന്തു തലന്ത പ്രശംസയാണ് നിങ്ങൾക്കു പറയാനുണ്ടാവുക?

ഇയാഗോ—

(മഞ്ജരി)

എത്ര വിരൂപയും വിഡ്ഢിയുമായാലും,
ബുദ്ധിമതികളാം സുന്ദരിമാർ
നിച്ചേലും കാട്ടുന്ന പേക്കൂത്തു കാട്ടാത്തൊ—
രച്ചിയെക്കാണുകില്ലെന്നു ചൊല്ലാം.

ഡെസ്ഡിമോണ—കഷ്ടം, അഗാധമായ അജ്ഞത! ഏററ വും നികൃഷ്ടമായതിന്നാണ് ഏററവും കവിഞ്ഞ പ്രശംസ. അതിരിയ്ക്കട്ടെ; യഥാർത്ഥമായ പ്രശംസയർഹിയ്ക്കുന്ന ഒരുത്തമസ്ത്രീ യെ—തൻെറ ചാരിത്രത്തിൻെറ അധികാരഗൌരവത്താൽ അസൂയ യെക്കൂടി വെല്ലുവിളിയ്ക്കുന്ന സ്വഭാവഗുണത്തോടുകൂടിയ ഒരു സ്ത്രീയെ—നിങ്ങൾ എങ്ങിനെയാണ് സ്തുതിയ്ക്കുക?

ഇയാഗോ—

(കേക)

കാന്തയെന്നാലും ദർപ്പമില്ലാത്തോൾ; വാക്ചാതുര്യം
വേണ്ടുകിലുണ്ടെന്നാലും മന്ദഭാഷിണിയായോൾ;
വിത്തമുണ്ടെന്നാകിലും നാതിഭൂഷിതയായോൾ;
സാധ്യകാമയെന്നാലും, സംയമം ശീലിച്ചവൾ;
രുഷ്ടയെന്നാലും, പകവീട്ടുവാൻ തഞ്ചംകാണ്കെ,—
കുററത്തെപ്പൊറുത്തു തൻക്രോധത്തെക്കളയുവോൾ;
കാഞ്ചനം മാററിക്കാചം കൊള്ളുവാൻനോക്കും മനഃ—
ശ്ചാഞ്ചല്യം കലരാത്ത ബുദ്ധിശാലിനിയായോൾ;
ചിന്തിപ്പാനെല്ലായ്പോഴും സമർത്ഥയെന്നാകിലും,
സ്വാന്തത്തെയൊരുനാളും പുറമേ കാട്ടാത്തവൾ;
കാമുകന്മാരെപ്പിന്നിൽക്കാണ്കിലും, തിരിഞ്ഞൊന്നു
കണ്ണയക്കാത്തോൾ;—ഉചിതമംഗനായുണ്ടെന്നാകിൽ—
കൊള്ളുമായവൾ—

ഡെസ്ഡിമോണ—എന്തിന്?

ഇയാഗോ—

—ശുദ്ധരവങ്കരെ പ്രസവിയ്ക്കാൻ,
കള്ളുഷാപ്പിലെക്കണക്കെഴുത്തു ശീലിപ്പാനും.

ഡെസ്ഡിമോണ—അയ്യയ്യോ, മഹാ ആഭാസവും കാലൊടിഞ്ഞതുമായ കലാശം! എമിലിയേ, ഈ മനുഷ്യൻ നിന്റെ ഭർത്താവുതന്നെയെങ്കിലും, ഇയാളിൽനിന്ന് ഒന്നും പഠിച്ചുപോകരുതേ! കാഷ്യോ, നീയെന്തു വിചാരിയ്ക്കുന്നു, ഇയാളൊരു കുരുത്തംകെട്ട തുമ്പില്ലാത്ത ഉപദേഷ്ടാവല്ലേ?

കാഷ്യോ—ഇയാൾ നാവിന്നു കോട്ടമില്ലാത്ത ഒരു മട്ടുകാരനാണമ്മേ. ഒരു പണ്ഡിതനെന്നതിനേക്കാൾ ഒരു ഭടനെന്ന നിലയ്ക്ക് ഇയാൾ അവിടുത്തെ ബഹുമാനമർഹിയ്ക്കും.

ഇയാഗോ—[ആത്മഗതം] അവൻ അവളുടെ കൈ പിടിയ്ക്കുന്നുണ്ട്. ആഃ—ഭേഷ്! കാതിൽ മന്ത്രിയ്ക്ക്! ഇത്ര നേരിയ ഒരു വണ്ണാൻവല മതി എനിയ്ക്കു കാഷ്യോവെപ്പോലെ അത്ര വലിയ ഒരീച്ചയെക്കുടുക്കാൻ.—ഠ—, അവളെ നോക്കി പുഞ്ചിരി പൊഴിക്ക്, ചെയ്യ്! നിന്റെ ഈ കാക്കപിടിയിൽത്തന്നെ നിന്നെ ഞാൻ മുക്കുകുത്തിവീഴ്ത്തും. നീ പറഞ്ഞതു നേരുതന്നെ; നിരാ

ക്ഷേപമായി, അങ്ങിനെതന്നെയാണുള്ളത്: നിൻെറ ഈ സുത്രജ്ഞം ഉപനായകൻെറ പദവിയിൽനിന്നു നിന്നെ തള്ളിപ്പുറത്താക്കും. ഒരു കൊട്ടാരംസേവകനെപ്പോലെ, ഇത്രയധികം പ്രാവശ്യം നിൻെറ വിരലുകാം ചുംബിച്ച്, ആചാരംചെയ്യാനുള്ള നിൻെറ പാടവം പ്രദശിപ്പിക്കേണ്ടിയിരുന്നില്ലെന്നു നിനക്ക് അപ്പോാംത്തോന്നും. ബലേഭേഷ്! ഒന്നാന്തരം ചുംബനം! അസ്സലാചാരം! പിന്നേയും നിൻെറ വിരലുകാം ചുണ്ടിന്മേൽത്തന്നെ! ആ വിരലുകാം നിൻെറ കുടൽമാല കഴുകാനുള്ള കുഴലുകളാകുന്നതായിരുന്നു നിനക്കു നല്ലത്.

(അണിയറയിൽ കാഹളധ്വനി)

[പ്രകാശം] ഒഥെല്ലോ! അദ്ദേഹത്തിൻെറ കാഹളമാണതെന്നെനിക്കറിയാം.

കാഷ്യോ—വാസ്തവം.

ഡെസ്ഡിമോണ—നമുക്കവിടുത്തെക്കണ്ടെതിരേല്ക്കുക.

കാഷ്യോ—ഇതാ അദ്ദേഹം വരുന്നു!

(അനുചരന്മാരോടുകൂടി ഒഥെല്ലോ പ്രവേശിയ്ക്കുന്നു.)

ഒഥെല്ലോ—ഹാ, എൻെറ ഓമനപ്പോരാളി!

ഡെസ്ഡിമോണ—പ്രാണനാഥ!

ഒഥെല്ലോ—നിന്നെ ഇവിടെ എൻെറ കണ്മുമ്പാകെക്കാണുമ്പോാം അവാച്യമായ സംതൃപ്തിയുടെകൂടെ അത്ഭുതവും എനിയ്ക്കുണ്ടാകുന്നു. എൻെറ ആത്മാവിൻെറ ആനന്ദമേ! ഓരോ കൊടുങ്കാററിൻേറയും പിറകെ ഇത്തരത്തിലുള്ള ശാന്തിയാണ് വരുന്നതെങ്കിൽ, മരണത്തെത്തന്നെ ഉണത്തുന്നതുവരെ കാററടിച്ചുകൊള്ളട്ടെ! ആഴിപ്പരപ്പിലുഴലുന്ന കപ്പൽ ഹിമാലയത്തോളമുയന്ന അലമാമലകളുടെ കൊടുമുടിയിലേയ്ക്കു കയറി സ്വഗ്ഗത്തിൽനിന്നു പാതാളത്തോളമുള്ള അഗാധതയിലേയ്ക്കു കുത്തനെച്ചെന്നു വീണുകൊള്ളട്ടെ! ഈ മുഹൂത്തത്തിലാണ് മരണമടയുന്നതെങ്കിൽ, അത് ആനന്ദത്തിൻെറ പരമകാഷ്ഠയായിരിയ്ക്കും; കാരണം, അനിശ്ചിതമായ ഭാവിയിൽ ഇതുപോലെയുള്ള ഒരു പരമാനന്ദം ഇതിനൊത്തുടന്നു വരാതിരുന്നേക്കാമെന്നു ഞാൻ ഭയപ്പെടുന്നു; അത്ര കേവലവും പരിപൂണ്ണവുമായ സംതൃപ്തിയാണ് എൻെറ ആത്മാവ് അനുഭവിയ്ക്കുന്നത്

ഡെസ്ഡിമോണ—നമ്മുടെ അനുരാഗവും സന്തോഷാനുഭൂതികളും നാാം ചെല്ലുന്തോറും വദ്ധിച്ചുവരുന്നതൊഴിച്ച് മറെറാരു

പരിണാമത്തെ ദൈവം അനുവദിയ്ക്കാതിരിയ്ക്കട്ടെ!

ഒഥെല്ലോ—കൃപാലോലുപങ്ങളായ ഐശ്വരശക്തികളേ, 'തഥാസ്തു'വെന്നു് അനുഗ്രഹിയ്ക്കുവിൻ! ഈ സംതൃപ്തിയെ എനിയ്ക്കു മതിയാകുംവോളം വർണ്ണിയ്ക്കാൻ വയ്യ. [മാറത്തു കൈവെച്ചുകൊണ്ടു്] അതു് എന്നെ ഇവിടെത്തടഞ്ഞുനിർത്തുന്നു. അതിരുകവിഞ്ഞതാണു് ഈ സന്തോഷം. നമ്മുടെ ഹൃദയങ്ങൾ തമ്മിലുള്ള ഏററവും വമ്പിച്ച പിണക്കങ്ങൾ [ഡെസ്ഡിമോണയെ ചുംബിച്ചുകൊണ്ടു്] ഇതും, ഇതും, മാത്രമായിത്തീരട്ടെ!

ഇയാഗോ—[ആത്മഗതം] ഓ! നല്ല സ്വരച്ചേർച്ചയിലാണിപ്പോളുള്ളതു്. പക്ഷെ, ഞാൻ ഞാനാണെങ്കിൽ, ഈ പ്രണയവീണയുടെ കമ്പികൾ അയച്ചുവിടുന്നുണ്ടു്.

ഒഥെല്ലോ—വരൂ, നമുക്കു് അരമനയിലേയ്ക്കു പോകാം— സ്നേഹിതരേ, വിവരമറിയണ്ടേ? നമ്മുടെ യുദ്ധമവസാനിച്ചിരിയ്ക്കുന്നു; തുർക്കികൾ മുങ്ങിമരിച്ചു. ഈ ദ്വീപിലുള്ള എന്റെ പഴയ പരിചയക്കാർക്കൊക്കെ ക്ഷേമംതന്നേയല്ലേ?—തങ്കം, ഇവിടത്തുകാർ നിന്നെ സസ്നേഹം സ്വീകരിയ്ക്കും; എന്നോടു് അവർ വളരെ മമത കാണിച്ചവരാണു്. ഓമനേ, ഞാൻ പ്രാകൃതമട്ടിൽ എന്തൊക്കെയോ പറഞ്ഞുപോകുന്നുണ്ടു്. എന്റെ അളവററ സന്തോഷത്തിൽ ഞാൻ എല്ലാം വിസ്മരിയ്ക്കുകയാണു്.—ഇയാഗോ, ദയചെയ്തു കടല്ത്തുറയിലോളം ഒന്നു പോയി എന്റെ സാമാനങ്ങൾ ഇറക്കിവെപ്പിയ്ക്കു. കപ്പിത്താനെ നിന്റെകൂടെ കോട്ടയിലേയ്ക്കു കൂട്ടിക്കോളൂ. അദ്ദേഹം നല്ല ഒരാളാണു്; അദ്ദേഹത്തിന്റെ യോഗ്യത ബഹുമാനമർഹിയ്ക്കുന്നു—വരൂ, ഡെസ്ഡിമോണേ, സൈപ്രസ്സിൽവെച്ചുള്ള ഈ സമാഗമത്തെ ഒരു തവണകൂടി ഞാൻ അഭിനന്ദിച്ചുകൊള്ളട്ടെ.

(ഒഥെല്ലോവും, ഡെസ്ഡിമോണയും, ഇയാഗോ റോഡെറിഗോ എന്നിവരൊഴികെ മററുള്ളവരും പോകുന്നു.)

ഇയാഗോ—കുറച്ചു കഴിഞ്ഞാൽ നീ തുറമുഖത്തുവെച്ചു് എന്നെക്കാണണം. ഇങ്ങോട്ടടുത്തു വരൂ: നിനക്കു വല്ല ചുണയുമുണ്ടെങ്കിൽ—അനുരാഗത്തിൽപ്പെട്ടാൽ വഷളന്മാരുടെ സ്വഭാവത്തിൽക്കൂടി പതിവിൽക്കവിഞ്ഞ ഒരാണത്തം വന്നുചേരുമെന്നാണു് കേൾവി—ഞാൻ പറയുന്നതു കേൾക്കു്. ഇന്നു രാത്രി കാഷ്യോവാണു് നഗരംപാറാവിന്റെ മേൽനോട്ടം വഹിയ്ക്കുന്നതു്.— ഒന്നാമതു, ഞാൻ നിന്നോടു് ഒരു സംഗതി പറഞ്ഞുകൊള്ളട്ടെ:

ഡെസ്ഡിമോണ അവനെ ശരിക്കു സ്നേഹിയ്ക്കാൻ തുടങ്ങിയിട്ടുണ്ട്.

റോഡെറിഗോ—അവനേയോ? ഛയ്, അതുണ്ടാവാത്തതാണ്.

ഇയാഗോ—നിൻെറ വിരൽ, ദാ, ഇങ്ങിനെ വെച്ചോളു, മിണ്ടിപ്പോകരുത്! എന്നിട്ട പറയുന്നതു കേൾക്ക്: അവളുടെ മുമ്പാകെ തൻെറ വീര്യപരാക്രമങ്ങൾ വർണ്ണിച്ചതിന്—നട്ടാൽ പ്പൊടിയ്ക്കാത്ത പച്ചക്കളവുകൾ അവളോട്ട പറഞ്ഞതിന്ന്—എന്ത് എടുത്തുചാട്ടത്തോടുകൂടിയാണ് ഈ മൂറിനെ അവൾ സ്നേഹിച്ചതെന്ന് ആലോചിയ്ക്കു. അങ്ങിനെതന്നെ ചിലച്ചുകൊണ്ടിരിയ്ക്കുന്നതിന്ന് അവൾ അവനെ എപ്പോഴും സ്നേഹിയ്ക്കുമെന്നാണോ നീ വിചാരിയ്ക്കുന്നത്? വിവേകപൂർണ്ണമായ നിൻെറ ഹൃദയം അതു മാത്രം വിശ്വസിച്ചുപോകരുത്. അവളുടെ കണ്ണിന്ന് ഊണി ല്ലാതെ വയ്യ; എന്തൊരു സന്തുഷ്ടിയാണ് ഈ ചെകുത്താനൊക്കണ്ടാൽ അവൾക്കുണ്ടാവുക? ആദ്യത്തെ കാമകേളിയിൽ അവളുടെ ചോരത്തിളപ്പൊന്നാറിയാൽ, അതിനെ പിന്നേയും ചൂടുപിടിപ്പിയ്ക്കാൻ—മനംമടുപ്പിന്നു വീണ്ടും പുത്തനായി ഒരു രുചികൊടുപ്പാൻ—മുഖത്തിന്നൊരു മൊഞ്ചും, പ്രായത്തിലും, പെരുമാററത്തിലും, സൌന്ദര്യത്തിലും ഒരു പൊരുത്തവും കൂടിയേ കഴിയൂ. ഇച്ചൊന്നതൊക്കേയും മൂറിന്നു നന്നെക്കമ്മിയാണുതാനും. ഈവക അത്യാവശ്യങ്ങളായ ഇഷ്ടോപകരണങ്ങളുടെ അഭാവത്തിൽ അവളുടെ പരിമൃദുലമായ മൃദുലതയ്ക്കു താൻ വഞ്ചിയ്ക്കപ്പെട്ടിരിയ്ക്കുന്നു എന്ന ഒരു ബോധമുണ്ടായ്ത്തീരും; അതിന്ന് ഓക്കാനം വന്നുതുടങ്ങും; ഈ മൂറിനെ അതു വെറുക്കുകയും, അകററുകയും ചെയ്യും. പ്രകൃതിതന്നെ ഇക്കാര്യത്തിൽ അവൾക്കു വഴികാട്ടിക്കൊടുക്കും; മറെറാരുത്തനെ മാററിയെടുപ്പാൻ അവളെ നിർബ്ബന്ധിയ്ക്കുകയും ചെയ്യും. എടോ ഇത്രയും അനുവദിച്ചുകഴിഞ്ഞാൽ—ഇതെത്രയോ വിശദവും അനിഷേധ്യവുമായ സ്ഥിതിയാണേ—കാസ്യോവിനെപ്പോലെ ഈ ഭാഗ്യമനുഭവിയ്ക്കാൻ ഇത്ര സൌകര്യവും, തഞ്ചവുമുള്ള ആൾ വേറെ ആരാണുള്ളത്? ഉള്ളിലൊളിച്ചുപൊന്തിയതും, ഗൂഢീയവുമായ തൻെറ കാമത്തിൻെറ നിർബ്ബാധസാഫല്യത്തിന്നാവശ്യമുള്ളിടത്തോളം മര്യാദയും ധർമ്മധ്വജത്വവും പുറമേയ്ക്കു കാണിയ്ക്കുക എന്നതിൽക്കവിഞ്ഞു മനസ്സാക്ഷിയുടെ പ്രവൃത്തനമില്ലാത്ത, ചപലസ്വഭാവത്തോടുകൂടിയ ഈ കാപട്യക്കാരനൊഴിച്ചു വേറെ

ആരുണ്ട്? ആരുമില്ല; ഒരുത്തനുമില്ല! വഴതിച്ചാടുന്ന, കൌശലക്കാരനായ ഒരു കള്ളപ്പുള്ളി: യഥാൎത്ഥസൌകൎയ്യം എത്തിച്ചേൎന്നില്ലെങ്കിൽ തനിയ്ക്കുവേണ്ടി എത്രയെങ്കിലും കള്ളസ്സൌകൎയ്യങ്ങാം സ്വാതന്ത്ര്യത്തിൽ സൃഷ്ടിയ്ക്കുവാൻമാത്രം കാഴ്ചയുള്ള ഒരു തഞ്ചംനോക്കി; കള്ളജാമി! പോരെങ്കിൽ, ആ കള്ളൻ സുഭഗനാണ്; ചെറുപ്പക്കാരനാണ്; ബുദ്ധിയില്ലാത്ത, തെക്കും വടക്കും തിരിയാത്ത പച്ചപ്പെൺകുട്ടികാം കണ്ടു ഭ്രമിയ്ക്കുന്ന എല്ലാ എണ്ണങ്ങളും തികഞ്ഞവനുമാണ്: ഹലാക്കുപിടിച്ച ഒരു തികഞ്ഞ പെരുംജാമി; പെണ്ണിൻെറ കണ്ണ് അവനെ കണ്ടുപിടിയ്ക്കുകയും ചെയ്തുകഴിഞ്ഞു.

റോഡെറിഗോ—എനിയ്ക്ക് അത് അവളെപ്പററി വിശ്വസിയ്ക്കാൻ കഴിയുന്നില്ല; ഏററവും ദിവ്യമായ ചാരിത്രത്തോടു കൂടിയവളാണവാം.

ഇയാഗോ—ദിവ്യമായ മരമുരിങ്ങയാണ്! മുന്തിരിങ്ങയിൽനിന്നുതന്നെയാണ് അവാം കുടിയ്ക്കുന്ന വീഞ്ഞും ഉണ്ടാകുന്നത്: അവളിൽ വല്ല ദിവ്യതവും ഉണ്ടായിരുന്നെങ്കിൽ അവാം ആ മൂറിനെ സ്നേഹിയ്ക്കുമായിരുന്നോ? ദിവ്യമായ ഉലക്കപ്പിണ്ണാക്ക്! അവാം അവൻെറ കൈ തലോടിക്കളിയ്ക്കുന്നതു താൻ കണ്ടില്ലേ? അതു നോക്കിയിരുന്നോ?

റോഡെറിഗോ—അതു ഞാൻ കണ്ടു; പക്ഷെ അതു വെറും ആചാരംമാത്രമല്ലേ?

ഇയാഗോ—ഈ കണ്ണാണേ, പുലയാടിത്തം. ഭോഗേച്ഛയുടേയും നീചവിചാരങ്ങളുടേയും ചരിത്രത്തിൻെറ ഒരു വിഷയസൂചി, നിഗൂഢമായ ഒരു നാന്ദി. അവരുടെ നിശ്വാസങ്ങാം പരസ്പരം ആലിംഗനം ചെയ്യുമാറ് അത്ര അടുത്തായിരുന്നു അവരുടെ ചുണ്ടുകാം. ചതിച്ചിന്തകാം, റോഡെറിഗോ: അന്യോന്യമുള്ള ഈ അടുപ്പങ്ങാം വഴിതെളിയിച്ചു കഴിഞ്ഞാൽ പിന്നാലെ എത്തുകയായി വല്യ മൂപ്പർ, പ്രധാനച്ചടങ്ങ്, ക്രിയാരൂപമായ പരിസമാപ്തി: ങ്ഹം!—പക്ഷെ, ചങ്ങാതി, താൻ ഞാൻ പറയുമ്പോലെ ചെയ്യു: വെനിസ്സിൽനിന്നു ഞാനാണ് തന്നെ ഇവിടെ കൊണ്ടുവന്നത്. താൻ ഇന്നു രാത്രി പാറാവിന്നെത്തിക്കോളു. അവിടെ എന്താണ് ചെയ്യേണ്ടതെന്നു ഞാൻ പിന്നീടു പറയും. കാഷ്യോ നിന്നെ അറിയുകയില്ല:—വളരെ ദൂരത്തല്ലാതെ ഞാനവിടെ ഉണ്ടായിരിയ്ക്കും: കാഷ്യോവിനെ ശുണ്ഠിപിടിപ്പിയ്ക്കാൻ എന്തെങ്കിലും കാരണമുണ്ടാക്ക്—ഒന്നുകിൽ ഉറക്കെസ്സംസാരി

ച്ചിട്ട് അല്ലെങ്കിൽ അനുസരണക്കേടു കാണിച്ചിട്ട്: അതുമല്ലെങ്കിൽ, തല്ക്കാലസ്ഥിതിയ്ക്കു് അതിലും പററിയ മററെന്തെങ്കിലും മാൎഗ്ഗം തന്റെ ഇഷ്ടംപോലെ സ്വീകരിച്ചോള്ളു.

റോഡെറിഗോ—ശരി.

ഇയാഗോ—അവനൊരു സാഹസിയും ദുക്കത്തരിശമുള്ളവനാമാണ്. ഒരു സമയം നിന്നെ അടിച്ചോടിയ്ക്കാൻതന്നെ മതി: അങ്ങിനെ വല്ലതും ചെയ്യാൻതക്കവണ്ണം അവനെ ശുണ്ഠിപിടിപ്പിച്ചോ. ആ ഒരു സംഭവത്തിൽനിന്ന് ഈ സൈപ്രസ്സുകാരുടെ ഇടയിൽ ഒരു ലഹള ഞാൻ ഉണ്ടാക്കിത്തീൎക്കും. ഈ കാഷ്യോവിനെ ഉദ്യോഗത്തിൽനിന്നു പിരിച്ചയച്ചല്ലാതെ അവരുടെ കോപം ശമിയ്ക്കുകയുമില്ല. അതിലൂടെ നിന്റെ ആഗ്രഹം സാധിപ്പിയ്ക്കാൻ ഞാൻ കണ്ടുപിടിയ്ക്കുന്ന മാൎഗ്ഗം അതിന്നൊരു കുറുക്കുവഴിയായ്ത്തീരും; അതോടുകൂടി, അതുള്ള കാലത്തോളം ശുഭപ്രാപ്തിയെസ്സംബന്ധിച്ചുള്ള പ്രതീക്ഷയ്ക്കു വഴികൊടുക്കാത്ത ഒരു പ്രതിബന്ധം നീക്കപ്പെടുകയും ചെയ്യും.

റോഡെറിഗോ—വല്ലൊരു തഞ്ചവും കിട്ടിയെങ്കിൽ ഞാനിതു ചെയ്യും.

ഇയാഗോ—ഞാനാണ് നിന്റെ ഉറപ്പ്. കുറച്ചു കഴിഞ്ഞാൽ കോട്ടപ്പുറമ്പിലേയ്ക്കു വാ: എനിയ്ക്കു് അവന്റെ സാമാനങ്ങൾ കരയ്ക്കിറക്കാനുണ്ട്. എന്നാൽ പറഞ്ഞപോലെ.

റോഡെറിഗോ—പിന്നെക്കാണാം. [പോകുന്നു.]

ഇയാഗോ—കാഷ്യോ അവളെ സ്നേഹിയ്ക്കുന്നുണ്ടെന്നുതന്നെയാണ് എന്റെ ഉത്തമവിശ്വാസം; അവൾ അവനെ സ്നേഹിയ്ക്കുന്നുണ്ടെന്നതു സംഭാവ്യമാണ്, ഏററവും വിശ്വാസ്യവുമാണ്: ഈ മൂർ—എനിയ്ക്കവനെ കണ്ടുകൂടെങ്കിലും—പ്രണയധൈൎയ്യവും, ഹൃദയസമുന്നതിയും ഒത്തുചേൎന്ന സ്വഭാവത്തോടുകൂടിയവനാണ്; അവൻ ഡെസ്ഡിമോണയ്ക്കു പ്രിയതമനായ ഒരു ഭൎത്താവായ്ത്തീരുമെന്നുതന്നെ ഞാനൂഹിയ്ക്കുന്നു. വാസ്തവം പറയുകയാണെങ്കിൽ, ഞാനും അവളെ സ്നേഹിയ്ക്കുന്നുണ്ട്; വെറും ഭോഗേച്ഛകൊണ്ടല്ല—ഒരുപക്ഷെ അത്രത്തോളമുള്ള അപരാധത്തിന്നും എനിയ്ക്കു് ഉത്തരവാദിത്വമുണ്ടാകാനും മതി—എന്നാൽ അതിലൊരംശം പ്രതികാരേച്ഛയാണുള്ളത്. ഈ അതികാമിയായ മൂർ എന്റെ സ്ഥാനത്തു ചാടിവീണിട്ടുണ്ടെന്നുതന്നെ ഞാൻ ശങ്കിയ്ക്കുന്നു: ആ വിചാരം വിഷമയമായ ധാതുദ്രവ്യംപോലെ എന്റെ ഉള്ളു കരണ്ടെടുക്കുന്നുണ്ട്;

ഭാൎയ്യക്കു പകരം ഭാൎയ്യ: അവനുമായി ഒപ്പത്തിനൊപ്പമായാലല്ലാതെ എന്റെ ആത്മാവു തൃപ്തിപ്പെടുകയുമില്ല; അതു സാധിച്ചില്ലെങ്കിൽ, വിവേകത്തിന്നു പിന്നീടു പരിഹരിപ്പാനാകാത്തവിധത്തിൽ അത്ര ശക്തിമത്തായ ഒരു ശങ്ക അവന്റെ ഭാൎയ്യയെപ്പററി ഞാൻ മൂറിന്റെ മനസ്സിൽ അങ്കുരിപ്പിക്കും. ഇക്കാൎയ്യം നിവൃത്തിക്കുന്നതിന്ന്, അതിന്റെ എടുത്തുചാട്ടം ഒതുക്കുവാൻ ഞാൻ കഴുത്തിൽ കയറിട്ടുപിടിച്ചിരിക്കുന്ന[1] ഈ വെനീസ്സിലെ ചൊക്കിപ്പട്ടി അതിലിടയ്ക്ക് ഇളകിപ്പാഞ്ഞില്ലെങ്കിൽ, നമ്മുടെ മൈക്കൽ കാഷ്യോവിനെ ഞാൻ ഊരയ്ക്കു ചവിട്ടിവീഴ്ത്തും. മൂറോട് അവനെപ്പററി അങ്ങേ അററത്തോളമുള്ള പച്ചനുണതന്നെ പറയേണ്ടിവരും. ഈ കാഷ്യോവും രാത്രി എന്നെപ്പററിച്ചിട്ടുണ്ടെന്ന് എനിക്കു ബലമായ ശങ്കയുണ്ട്. മൂറിനെ അങ്ങിനെ കഴുതക്കോലം കെട്ടിക്കുകയും, അവന്ന് ഏതാണ്ടു ഭ്രാന്തു പിടിക്കുവോളം അവന്റെ ശാന്തിക്കും മനസ്സമാധാനത്തിന്നും എതിരായി പ്രവൎത്തിക്കുകയും ചെയ്യുന്നതിന്നു പകരമായി അവനെക്കൊണ്ടു ഞാൻ എന്നോടു നന്ദി പറയിക്കും; അവന്റെ സ്നേഹം ഞാൻ സമ്പാദിക്കും; അവനെക്കൊണ്ട് എനിക്കു പ്രത്യുപകാരം ചെയ്യിക്കുകൂടിച്ചെയ്യും. അതൊക്കെ [നെററിക്കുനേരെ ചൂണ്ടിക്കൊണ്ട്] ഇവിടെയുണ്ട്; പക്ഷെ ആകപ്പാടെ ഒരു കുഴപ്പത്തിലാണുള്ളത്. ചതിയുടെ മുഖം പ്രവൎത്തനവേളയിലല്ലാതെ വെളിച്ചത്താവുകയില്ലല്ലോ.

(പോകുന്നു)

---

1 1922-ലെ ക്വാട്ടോപ്പതിപ്പിൽ ഇവിടെ 'crush' എന്ന പദമാണ് കാണപ്പെടുന്നത്. ഫോളിയോ പാഠം 'trace' എന്നാണ്. ഡോക്ടർ ഫർണെസ്, ഹാളിവെൽ മുതലായ അനേകം പ്രശസ്തവ്യാഖ്യാതാക്കന്മാർ 'പിന്തുടരുക' എന്നൎത്ഥമുള്ള ഫോളിയോപാഠത്തെ സ്വീകരിച്ച് അതിനെ ഒരു വിധത്തിൽ വ്യാഖ്യാനിച്ചൊപ്പിച്ചിട്ടുണ്ട്. 'ഞെരിക്കുക, ചതക്കുക, ഉടക്കുക, പൊട്ടിക്കുക പിഴിഞ്ഞു പിണ്ടിയാക്കുക' എന്നൊക്കെ അൎത്ഥം കല്പിക്കാവുന്ന ക്വാട്ടോപാഠത്തിന്നും പല പണ്ഡിതന്മാരുടേയും അനുവാദം സിദ്ധിച്ചിട്ടുണ്ട്. പക്ഷെ ഷേക്സ്പിയർ പ്രയോഗിച്ച പദം 'കഴുത്തിൽ കയറിട്ടുപിടിക്കുക' എന്നൎത്ഥമുള്ള 'trash' ആയിരിക്കണമെന്നുള്ള അനുമാനത്തിന്ന് ഉപോദ്ബലകമായി സ്റ്റവൻസ് അവതരിപ്പിച്ചിട്ടുള്ള അനിഷേധ്യങ്ങളായ ന്യായങ്ങൾ അതിന്റെ അംഗീകരണത്തെ തികച്ചും സാധൂകരിക്കുന്നുണ്ടെന്നാണ് എന്റെ അഭിപ്രായം.

രംഗം 2

(നിരത്ത് ഒരു ഘോഷകനും അയാളുടെ പിന്നിൽ ഏതാനും നഗരവാസികളും പ്രവേശിയ്ക്കുന്നു.)

ഘോഷകൻ—തുർക്കിയുടെ പടവള്ളങ്ങൾ മുഴുവൻ നശിച്ചുപോയെന്ന് ഇപ്പോൾ കിട്ടിയ ഒരു വാർത്തയെ ആസ്പദിച്ച്, ഓരോ പൌരനും ഈ വിജയത്തെ ആഘോഷിക്കേണ്ടതാണെന്നു മഹാശയനും രണശൂരനുമായ നമ്മുടെ നേതാവ്, ഒഥെല്ലോ, താല്പര്യപ്പെടുന്നു. നൃത്തംചെയ്യുക, ഉത്സവാഗ്നികൾ ജ്വലിപ്പിക്കുക—ഇങ്ങിനെ ഓരോരുത്തർക്കും ഇഷ്ടപ്പെട്ട തമാശകളിലും, വിനോദങ്ങളിലും അവരവർക്ക് ഏർപ്പെടാവുന്നതാണ് നമ്മയെക്കുറിയ്ക്കുന്ന ഈ വാർത്തയുടെ ആഗമനത്തിന്നു പുറമേ, ഇന്ന് അദ്ദേഹത്തിൻെറ ഉദ്വാഹാഘോഷം കൂടിയുണ്ട്—ഇത്രയും വിളംബരപ്പെടുത്തുവാനായി അദ്ദേഹം ആജ്ഞാപിച്ചിരിയ്ക്കുന്നു. കോട്ടയിലെ അഗ്രശാലകളെല്ലാം തുറന്നിരിയ്ക്കുകയാണ്; ഈ വൈകുന്നേരം അഞ്ചുമണിമുതൽ രാത്രി പതിനൊന്നു മണിയടിയ്ക്കുന്നതുവരേയും പൂർണ്ണമായ ഉത്സവാഘോഷസ്വാതന്ത്ര്യം നല്കപ്പെട്ടിരിക്കുന്നു. സൈപ്രസ് ദ്വീപിനേയും, മഹാനായ ഒഥെല്ലോവിനേയും ദൈവം രക്ഷിയ്ക്കട്ടെ!

(പോകുന്നു)

രംഗം 3

(കോട്ടയിൽ ഒരു മുറി. ഒഥെല്ലോ, ഡെസ്‌ഡിമോണ, കാഷ്യോ, പരിചാരകന്മാർ എന്നിവർ പ്രവേശിയ്ക്കുന്നു.)

ഒഥെല്ലോ—മൈക്കാം, ഇന്നു രാത്രി പാറാവിൻെറ കാര്യം നീ നോക്കണം. തൻേറടംവിട്ടു കളിയ്ക്കാനിടവരുത്താത്തവിധത്തിലുള്ള ആദരണീയമായ സംയമം നമ്മൾ നമ്മെത്തന്നെ അഭ്യസിപ്പിയ്ക്കുക.

കാഷ്യോ—എന്തൊക്കെയാണ് ചെയ്യേണ്ടതെന്നതിനെക്കുറിച്ച് ഇയാഗോവിന്നു നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. പക്ഷേ, അതിന്നുംപുറമേ, ഞാൻതന്നെ ഇക്കാര്യത്തിൽ ആളായിനിന്ന് എൻെറ ദൃഷ്ടി പതിപ്പിച്ചുകൊള്ളാം.

ഒഥെല്ലോ—ഇയാഗോ ഏററവും ന്യായസ്ഥനാണ്. മൈക്കാം, എന്നാലങ്ങിനെയാകട്ടെ. നാളെ കഴിയുന്നത്ര നേരത്തെ എന്നെ കാണണം; എനിയ്ക്കു നിന്നോടു ചിലതു പറയാനുണ്ട്—[ഡെസ്‌ഡിമോണയോട്] ഓമനേ, വരൂ. ശ്രമസാധിതമായ

തിന്റെ ഫലം വരാനിരിക്കുന്നേയുള്ളു; നമ്മുടെ ലാഭാനുഭവം ഇനിയും ബാക്കിയാണ്—ശുഭമസ്തു.

(ഒഥെല്ലോവും, ഡെസ്ഡിമോണയും, പരിചാരകന്മാരും പോകുന്നു. ഇയാഗോ പ്രവേശിക്കുന്നു.)

കാഷ്യോ—ഇയാഗോ, സ്വാഗതം! നമുക്കു പാറാവിന്നു പോകണം.

ഇയാഗോ—നില്ക്കിൻ, സർ, സമയമായിട്ടില്ല; ഇനിയും പത്തു മണിയായിട്ടില്ലല്ലോ. തന്റെ ഡെസ്ഡിമോണയോടുള്ള പ്രണയംകൊണ്ടാണ് മൂപ്പർ നമ്മെ ഇത്ര നേരത്തെ പുറത്തേക്കു തള്ളിയതു്; അതിന്നു നമ്മാരും അദ്ദേഹത്തെ കുറ്റപ്പെടുത്താൻ പാടില്ലതാനും. ഇത്രയായിട്ടും ഒരു രാത്രിപോലും അദ്ദേഹം അവളോടു കൂടി സുഖമനുഭവിച്ചിട്ടില്ല; അവളോ, ദേവോപഭോഗ്യയാണുതാനും.

കാഷ്യോ—ഏററവും ഉൽകൃഷ്ടയായ ഒരു വനിതാരത്നമാണവൾ.

ഇയാഗോ—കളിയിലും വളരെ ഉത്സാഹമുള്ളവളാണെന്നതിനെക്കുറിച്ച് എനിക്കു യാതൊരു സന്ദേഹവുമില്ല.

കാഷ്യോ—തീച്ചയായും പ്രതിനവവും, സുകുമാരവുമായ ഒരു സൃഷ്ടിതന്നെയാണത്.

ഇയാഗോ—എന്തൊരു കണ്ണാണ് അവളുടെ കണ്ണ്! ഇളകിയ കാമത്തെ കാര്യം നേരെയാക്കാമെന്നു സമാധാനിപ്പിക്കുന്ന ഒരു കാഹളധ്വനി അവയിൽനിന്നു മുഴങ്ങുന്നുണ്ടെന്നെനിക്കു തോന്നുന്നു.

കാഷ്യോ—ആകർഷകമായ കണ്ണ്; എങ്കിലും, ചാരിത്രസൂചകമാണെന്നാണ് എന്റെ അഭിപ്രായം.

ഇയാഗോ—അവൾ സംസാരിക്കുമ്പോഴോ? അതു കാമത്തിന്നുള്ള ഒരു കൊമ്പുവിളിയാണെന്നു തോന്നുന്നില്ലേ?

കാഷ്യോ—സംശയമില്ല, അനുത്തമതന്നെയാണവൾ.

ഇയാഗോ—ഉം—, അവരുടെ കിടപ്പിന്നു് ആനന്ദോപലബ്ധിയുണ്ടാകട്ടെ! വരൂ, ലഫ്ടനൻറ്, എന്റെ കൈവശം ഒരു പാത്രം വീഞ്ഞിരിപ്പുണ്ട്; ശ്യാമളനായ ഒഥെല്ലോവിന്റെ ആരോഗ്യത്തെ ഉദ്ദേശിച്ച് അല്പമൊരാസ്വാദനത്തിന്നു വെമ്പുന്ന സൈപ്രസ്സിലെ ഒരു കൂട്ടം നേരമ്പോക്കുകാർ പുറത്തുമുണ്ട്.

കാഷ്യോ—വേണ്ട, ഇയാഗോ, ഇന്നു രാത്രി വയ്യ: കുടിതാങ്ങാൻ തീരെ ശക്തിയില്ലാത്ത ഒരു നിർഭാഗ്യം പിടിച്ച തലച്ചോ

റാണ് എനിയ്ക്കുള്ളത്: നാട്ടമര്യാദ മറേറതെങ്കിലും തരത്തിലുള്ള ഒരു സല്ക്കാരസമ്പ്രദായം കണ്ടുപിടിച്ചാൽ കൊള്ളാമായിരുന്നു എന്നുകൂടി ഞാൻ ആഗ്രഹിയ്ക്കുന്നുണ്ട്.

ഇയാഗോ—അവരൊക്കെ നമ്മുടെ കള്ളിയിലുള്ളവർതന്നേയാണ്; ഒരൊററക്കോപ്പ മതി: പിന്നെ നിങ്ങാംക്കവേണ്ടി ഞാൻ കുടിച്ചോളാം.

കാഷ്യോ—ഇന്നു രാത്രി ഞാൻ ഒരൊററ കോപ്പയേ കുടിച്ചിട്ടുള്ളു; അതുതന്നെ, വളരെ സൂക്ഷിച്ച വെള്ളംകൂട്ടി ശക്തി കുറച്ചതുമായിരുന്നു; എന്നിട്ടുകൂടി [മുഖത്തിന്നുനേരെ ചൂണ്ടിക്കൊണ്ട്] അത് ഇവിടെ ഉണ്ടാക്കിത്തീർത്ത മാററം നോക്കു. എൻെറ കാലക്കേടിന്ന് എന്നെ കടന്നുപിടിച്ച ഒരു ചാപല്യമാണിത്; എൻെറ ദൌർബ്ബല്യത്തെ ഇതിലുമധികം പരീക്ഷിയ്ക്കുവാൻ എനിയ്ക്കു ധൈര്യം മതിയാകുന്നില്ല.

ഇയാഗോ—എന്താ, ഹേ, ഇതൊരുത്സവരാത്രിയല്ലേ? നമ്മുടെ ചങ്ങാതിമാക്ക് അതു കൂടിയേ കഴിയൂ എന്നുണ്ടുതാനും.

കാഷ്യോ—അവരെവിടെ?

ഇയാഗോ—ഇതാ, വാതില്ക്കലുണ്ട്. ഒന്നവരെയിങ്ങു വിളിച്ചോളു.

കാഷ്യോ—അങ്ങിനെയാകട്ടെ; പക്ഷെ എനിയ്ക്കുതു തീരേ പിടിയ്ക്കുന്നില്ല. [പോകുന്നു]

ഇയാഗോ—ഒരൊററക്കോപ്പകൂടി അവനെക്കൊണ്ട് അകത്താക്കിയ്ക്കാൻ എനിയ്ക്കു കഴിഞ്ഞാൽ മതി; അവൻ ഇപ്പോാം കഴിച്ചിട്ടുള്ളതോടൊന്നിച്ച് അതുംകൂടിയായാൽ, കൊച്ചമ്മ പോററുന്ന പട്ടിയെപ്പോലെ അവൻ കണ്ടതിൻെറനേക്കൊക്കെ കുരച്ചു ചാടിത്തുടങ്ങും. കാമംകൊണ്ട് അകശ്ശീല വെളിയ്ക്കായതുപോലെ, ഉള്ളം മറിഞ്ഞുകിടക്കുന്ന നമ്മുടെ ആ പരാധീനൻ, റോഡെറിഗോ, ഡെസ്ഡിമോണയ്ക്ക് ആരോഗ്യാശംസ ചെയ്തുകൊണ്ടു പാത്രത്തിൻെറ അടി കാണുന്നതുവരെ പലവുരു മോന്തിക്കഴിഞ്ഞിരിയ്ക്കുന്നു; അവനിന്നു പാറാവിന്നുണ്ട്; സൈപ്രസ്സിലെ മൂന്നു ചെറുപ്പക്കാരെ—തങ്ങളുടെ അഭിമാനത്തെ വേറെത്തന്നെ നിത്തി, അതിനെ സൂക്ഷിച്ചു കാക്കുന്ന അഭിജാതന്മാരും പ്രസരിപ്പുകാരുമായ മൂന്നു പുള്ളികളെ പോരിൽ പേരെടുത്ത ഈ ദ്വീപിൻെറ സാക്ഷാൽ സാരാംശങ്ങളെ—അവരേയും ഞാൻ വക്കോളം നിറഞ്ഞു വഴിഞ്ഞ കോപ്പകാംകൊണ്ടു തലയ്ക്കു ഹാലുപിടിപ്പിച്ചു വിട്ടി

ട്ടുണ്ട്. പാറാവിന്ന് ഇന്ന് അവരുമുണ്ട്. ഈ കുടിയന്മാരുടെ നടുവിൽ, ഈ ദ്വീപിനെ മുഴുവൻ ശുണ്ഠിപിടിപ്പിയ്ക്കുവാൻ പോരുന്ന വല്ല അവിവേകവും കാണിയ്ക്കുവാൻ തക്കവണ്ണം, നമ്മുടെ മൈക്കാം കാഷ്യോവിനെ കൊണ്ടുപോയി ചാടിയ്ക്കണം:—ഓ, അവരെത്തിപ്പോയി: വരാനിരിയ്ക്കുന്നത് എന്റെ കിനാവിനെ ഫലിപ്പിയ്ക്കുകയാണെങ്കിൽ, ഒഴുക്കും കാററും തഞ്ചത്തിനു കിട്ടിയ എന്റെ വഞ്ചി തടവില്ലാതെ പോവുകയായി.

(കാഷ്യോവും, പിന്നാലെ, മോൺടാനോ, നഗരവാസികൾ, വീഞ്ഞു പാത്രമെടുത്തുകൊണ്ട് ഒരു പരിചാരകൻ എന്നിവരും പ്രവേശിയ്ക്കുന്നു.)

കാഷ്യോ—ഈശ്വരനാണ്, അവരെനിയ്ക്കു വലിയ ഒരു കോപ്പ തന്നുകഴിഞ്ഞു.

മോൺടാനോ—വാസ്തവത്തിൽ, ചെറിയൊന്നുമാത്രം; അരക്കുപ്പിയിലധികമില്ല; അല്ലെങ്കിൽ ഞാനൊരു ഭടനല്ല.

ഇയാഗോ—ഏയ്, ആരവിടെ, കുറച്ചു വീഞ്ഞ്!

[പാടുന്നു]

('ശ്രീരാമചന്ദിരനെ' മട്ട്)

പാത്രം കിലുക്കിടട്ടേ,
പാത്രം കിലുക്കിടട്ടേ,
പാത്രം കിലുക്കിടട്ടേ—
ഞാൻ—ഞാൻ—ഞാൻ

യോദ്ധാവു മർത്ത്യനല്ലേ?
ജീവിതമല്പമല്ലേ?
മോന്തട്ടെ യോദ്ധാ,വെന്നാൽ,
വൈൻ—വൈൻ—വൈൻ.

ഏയ്, കൂട്ടരേ, കുറച്ചു വീഞ്ഞ്!

കാഷ്യോ—ഈശ്വരനാണ്, ഒന്നാംനമ്പർ പാട്ട്.

ഇയാഗോ—ഞാനത് ഇംഗ്ലണ്ടിൽവെച്ചു പഠിച്ചതാണ്. അവിടെയുള്ളവരുടെ ചൊടി മുഴുവൻ കുടിയിലാണ്: നിങ്ങളുടെ ഡെയിൻ, നിങ്ങളുടെ ജർമ്മൻകാരൻ, നിങ്ങളുടെ കുടവയറനായ ഹോളണ്ടുകാരൻ—കുടിയ്ക്കിൻ, ഹോ!—ഇവരാരും നിങ്ങളുടെ ഇംഗ്ലീഷുകാരന്റെ അടുത്തെത്തുകയില്ല.

കാഷ്യോ—അപ്പോൾ നിങ്ങളുടെ ഇംഗ്ലീഷുകാരൻ കുടിയിൽ ഇത്ര വലിയ സമർത്ഥനാണോ?

ഇയാഗോ—പിന്നേ്യാ? നിങ്ങളുടെ ഡെയിൻ കുടിച്ചു മതി കെട്ട മരംപോലെ വീണതിന്നശേഷവും അവൻ വെള്ളംപോലെ കുടിയ്ക്കും; വിയപ്പു പൊടിയാതെ അവൻ നിങ്ങളുടെ ജൎമ്മൻ കാരനെ മറിച്ചുവീഴ്ത്തും; രണ്ടാമതു പാത്രം നിറയ്ക്കുന്നതിന്നുമുമ്പ് അവൻ നിങ്ങളുടെ ഹോളണ്ടുകാരനെ ഛൎദ്ദിപ്പിയ്ക്കും.

കാഷ്യോ—നമ്മുടെ നേതാവിന്റെ ആരോഗ്യത്തിന്നുവേണ്ടി!

മോൺടാനോ—അതിൽ ഞാനും ചേരാം, ലഫ്ടനൻറ്; നിങ്ങളോടൊപ്പംതന്നെ.

ഇയാഗോ—ഹാ, പൊന്നിംഗ്ലണ്ടേ!

[പാടുന്നു]

(ഭരണിപ്പാട്ട് മട്ട്)

സ്റ്റീഫനാം തമ്പുരാൻ വമ്പെഴം തമ്പുരാൻ,
തമ്പുരാൻതന്നുടെ കാലൊറയോ
പത്തു പണത്തിനു ഉന്നിയതാണെ,ന്നാൽ
തമ്പുരാൻ കാല്പണമേറെയെന്നായ്
ചൊല്ലി,യെന്നല്ലതു ഉന്നിയ മന്നനെ—
ച്ചെററയെന്നങ്ങോർ വിളിച്ചുപോലും!
തമ്പുരാൻ പേരുകേട്ടുള്ളൊരു തമ്പുരാൻ;
താനോ, വെറുമൊരു താണ ജീവി!
നാട്ടിനെത്താഴോട്ടു തള്ളുന്നു പൊങ്ങച്ചം;
തൻപഴങ്കമ്പിളി താൻ പുതയ്ക്കു."

എയ്, കുറേ വീഞ്ഞ്!

കാഷ്യോ—എഃ! ഇതാദ്യത്തേതിനേക്കാൾ ബഹുരസമുള്ള പാട്ടല്ലോ.

ഇയാഗോ—അതൊരുതവണകൂടി പാടിക്കേൾക്കണോ?

കാഷ്യോ—വേണ്ട; കാരണം ഈ മാതിരി കാര്യങ്ങൾ ചെയ്യുന്ന മനുഷ്യനുണ്ടല്ലോ, അദ്ദേഹം അദ്ദേഹത്തിന്റെ പദവിയ്ക്ക് അനൎഹനാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു—ശരി—എല്ലാ വക്കുംമീതെ ഈശ്വരനാണുള്ളത്; പിന്നെ—രക്ഷിയ്ക്കേണ്ടുന്ന ആത്മാക്കളുണ്ട്, രക്ഷിയ്ക്കാൻ പാടില്ലാത്ത ആത്മാക്കളുമുണ്ട്.

ഇയാഗോ—ലഫ്ടനൻറ്, ശരിയാണത്.

കാഷ്യോ—എന്നെസ്സംബന്ധിച്ചിടത്തോളം—ഇതാ, മൂപ്പരെക്കുറിച്ചു ദോഷമൊന്നും ഞാൻ പറയുന്നില്ലേ; വലിയ ആളുകളിൽ ആരെക്കുറിച്ചുമില്ല—പക്ഷെ, എന്റെ ആത്മാവു രക്ഷപ്പെടു

മെന്നാണെന്റെ വിശ്വാസം.

ഇയാഗോ—ലഫ്ടനന്റ്, ഞാനും എന്നെപ്പററി അങ്ങി നെതന്നെ വിശ്വസിക്കുന്നു.

കാഷ്യോ—പക്ഷെ, ഇതാ, ക്ഷമിയരുതേ, എന്നെക്കാൾ മുമ്പേ വേണ്ട; ധ്വജപാലകനെക്കാൾ മുമ്പെ ഉപനായകനെ രക്ഷി ക്കണം. അതു പോട്ടെ, അതിനെക്കുറിച്ച് ഇനിയൊന്നും പറ യേണ്ട; നമുക്കു നമ്മുടെ കാര്യം നോക്കുക. [കാഷ്യോവിന്റെ തൂവാല താഴെ വീഴുന്നു; അതെടുക്കുവാനുള്ള ശ്രമത്തിൽ അയാൾ മുട്ടുകുത്തി വീഴുന്നു; ആ നിലയിൽനിന്ന് എഴുന്നേല്ക്കാതെ—] ഞങ്ങളുടെ പാപങ്ങൾ പൊറുക്കേണമേ!—മാന്യരേ, നമുക്കു ന മ്മുടെ ജോലി നോക്കുക. ഞാൻ കുടിച്ചു തന്റേടംവിട്ടിരിക്കയാ ണെന്നു, മാന്യരേ, നിങ്ങളാരും കരുതരുത്: ഇത് എന്റെ ധ്വജ പാലകനാണ്; ഇതാ—ഇതെന്റെ വലത്തുകൈയാണ്, ഇതാ ഇത് ഇടത്തുകൈയും:—ഇപ്പോളെനിക്കു തന്റേടം വിട്ടിട്ടില്ല; എനിക്കു നേരെ നില്ക്കാൻ കഴിയും, നല്ലവണ്ണം സംസാ രിപ്പാനും കഴിയും.

എല്ലാവരും—ഓ, അസ്സലായിട്ട്!

കാഷ്യോ—ശരി, വളരെ നല്ലത്, എന്നാൽ പിന്നെയെന്താ, ഞാൻ കുടിച്ചു തന്റേടം വിട്ടിട്ടുണ്ടെന്നു നിങ്ങളാരും കരുതരുത്.

(പോകുന്നു.)

മോൺടാനോ—കൂട്ടരേ, നമുക്കു കോട്ടപ്പടിയിലേക്കു പോകാം; വരിൻ; പാറാവിന്നാളെ നിയമിക്കുക.

ഇയാഗോ—ഇപ്പോൾ ഇവിടെനിന്നു പോയ ആസാമിയെ നിങ്ങൾ കണ്ടില്ലേ? സീസറുടെ അടുത്തുനിന്ന് അദ്ദേഹത്തിന്നു പോലും നിർദ്ദേശങ്ങൾ കൊടുപ്പാൻ പററിയ ഒരു യോദ്ധാവാണ് ആ പുള്ളി. പക്ഷെ നിങ്ങൾ അയാളുടെ സ്വഭാവദോഷം നോക്കിൻ; അയാളുടെ നന്മക്കു മുഴവൻ, അതു, കന്നിപ്പകലിനു രാവെന്നപോലെ, തുല്യദീർഘമായി നില്ക്കുന്നു. എന്തൊരു കഷ്ട മാണ്! ഒഥെല്ലോ അയാളിലർപ്പിച്ചിരിക്കുന്ന വിശ്വാസം, അയാ ളുടെ ഈ ചാപല്യം മൂത്ത എന്തെങ്കിലുമൊരു സമയത്ത്, ഈ ദ്വീപിനെയിട്ടു കലുക്കുവാൻ കാരണമായിത്തീർന്നേക്കാമെന്നു ഞാൻ ഭയപ്പെടുന്നു.

മോൺടാനോ—പക്ഷെ അയാൾ കൂടക്കൂടെ ഈ സ്ഥിതിയി ലാകാറുണ്ടോ?

ഇയാഗോ—ഏതു ദിവസവും അയാളുടെ ഉറക്കത്തിന്നുമുമ്പുള്ള പൂർവ്വാംഗമാണിത്. കുടി അയാളുടെ തൊട്ടിലാട്ടിയില്ലെങ്കിൽ, നാഴികമണിയുടെ ചെറിയ സൂചി രണ്ടുവട്ടം പ്രദക്ഷിണം തികയ്ക്കുന്നതുവരേയും അയാാം ഉറക്കമൊഴിച്ചിരിയ്ക്കുകയേയുള്ളു.

മോൺടാനോ—ഒഥെല്ലോവിനെ ഇക്കഥ അറിയിയ്ക്കുന്നതായിരിയ്ക്കും നല്ലത്. ഒരുപക്ഷെ അദ്ദേഹം ഇതു കാണുന്നുണ്ടായിരിയ്ക്കയില്ല; അല്ലെങ്കിൽ, അദ്ദേഹത്തിൻെറ ഉദാരത കാഷ്യോവിൽ കാണപ്പെടുന്ന നന്മയെ വിലവെച്ചു തിന്മകളെ നോക്കാസ്സയായിരിയ്ക്കണം: അതല്ലേ വാസ്തവം?

(റോഡെറിഗോ പ്രവേശിയ്ക്കുന്നു)

ഇയാഗോ—[റോഡെറിഗോവിനോട്, മററുള്ളവർ കേംക്കാതെ] എന്തേ, റോഡെറിഗോ? കാഷ്യോവിൻെറ പിന്നാലെ പോയ്ക്കോ,—ം—, പോ.

(റോഡെറിഗോ പോകുന്നു.)

മോൺടാനോ—ഇങ്ങിനെ രക്തത്തിൽ ഇഴുകിപ്പിടിച്ച ചാപല്യത്തോടുകൂടിയ ഒരാളെ മഹാശയനായ മൂർ തൻെറ നേരെ കീഴിലുള്ള ഉദ്യോഗസ്ഥൻെറ സ്ഥാനം ധൈര്യപ്പെട്ടേല്പിച്ചതു വലിയ കഷ്ടമായിപ്പോയി. ഇതദ്ദേഹത്തോടു പറയുന്നതായിരിയ്ക്കും യുക്തമായ പ്രവൃത്തി.

ഇയാഗോ—ഈ മനോഹരമായ ദ്വീപു മുഴവൻ തന്നാലും ഞാനതിന്നില്ല. കാഷ്യോ എനിയ്ക്കു വളരെ പ്രിയപ്പെട്ടവനാണ്; ഈയൊരു ദോഷത്തിൽനിന്ന് അയാളെ രക്ഷപ്പെടുത്തുവാൻ ഞാൻ എന്തും ചെയ്യാൻ ഒരുക്കവുമാണ്—പക്ഷെ, ശ്രദ്ധിയ്ക്കിൻ, എന്താണൊരു ശബ്ദം?

(അണിയറയിൽ, "അയ്യോ, ഓടിവരീനോ! ഓടിവരിൻ!" എന്ന നിലവിളി അനന്തരം റോഡെറിഗോവിനെ മുന്നിൽ ഓടിച്ചുകൊണ്ടു കാഷ്യോ പ്രവേശിയ്ക്കുന്നു.)

കാഷ്യോ—കള്ളാ! പെരുക്കി!

മോൺടാനോ—ലഫ്ടനൻറ്, എന്താണിതിന്നു സംഗതി?

കാഷ്യോ—ഒരു ചെററ എന്നെ എൻെറ മുറപഠിപ്പിയ്ക്കുകയോ? അടിച്ചാച്ചെററയെ ഞാൻ ചൂടിവരിഞ്ഞ പാത്രംപോലെയാക്കും.

റോഡെറിഗോ—എന്നെ അടിയ്ക്കുംപോലും!

കാഷ്യോ—എന്തെടാ പെരുക്കി, ചിലയ്ക്കുന്നോ?

(റോഡെറിഗോവിനെ അടിയ്ക്കുന്നു)

മോൺടാനോ—അരുത്, ലെഫ്ടനൻറ്!

(കാഷ്യോവിനെ തടുക്കുന്നു)

കാഷ്യോ—എന്നെ വിടിൻ, ഹേ! ഇല്ലെങ്കിൽ നിങ്ങളുടെ തലമണ്ട ഞാൻ അടിച്ചുതകൎക്കും.

മോൺടാനോ—വരൂ, വരൂ, നിങ്ങൾ കുടിച്ചു മതികെട്ടിരിയ്ക്കയാണ്.

കാഷ്യോ—കുടിച്ചു മതികെട്ടിരിയ്ക്കുന്നു!

(അവർ രണ്ടുപേരും തമ്മിൽ പൊരുതുന്നു)

ഇയാഗോ—[റോഡെറിഗോവിനോട്, മററുള്ളവർ കേൾക്കാതെ] പോയ്ക്കോ! പുറത്തേയ്ക്കു പോയി ലഹള തുടങ്ങിയിരിയ്ക്കുന്നു എന്ന് ഉറക്കെ നിലവിളിച്ചോ.

(റോഡെറിഗോ പോകുന്നു)

അരുത്, ലെഫ്ടനൻറ്,—കഷ്ടം, മാന്യരേ!—ഇതാ, ഓടി വരണേ!—ലെഫ്ടനൻറ് സർ!—മോൺടാനോ, അങ്ങുന്നേ!—കൂട്ടരേ പാഞ്ഞുവരിൻ!—ഒന്നാന്തരം പാറാവാണിവിടെ നടക്കുന്നത്!

(അണിയറയിൽ മണിമുഴക്കം)

ആരാണാ മണിയടിയ്ക്കുന്നത്?—മാരണശ്ശനി: ആളുകൾ ഇപ്പോൾ കൂട്ടമിട്ടിളകും: ഹതവിധി! ലെഫ്ടനൻറ്, മതിയാക്കു, ഹേ! നിങ്ങൾ എന്നെന്നേയ്ക്കുമായി നിങ്ങളുടെ മാനം കളഞ്ഞു!

(ഒഥെല്ലോവും പരിചാരകന്മാരും പ്രവേശിയ്ക്കുന്നു)

ഒഥെല്ലോ—എന്താണിവിടെ നടക്കുന്നത്?

മോൺടാനോ—മാരണം, ഇപ്പോഴും എൻെറ മുറിയിൽനിന്നു രക്തം പോയ്ക്കൊണ്ടിരിയ്ക്കുന്നുണ്ട്; ഇതെൻെറ ഒടുക്കത്തിന്നു കിട്ടിയ വെട്ടാണ്.

(മോഹാലസ്യപ്പെടുന്നു)

ഒഥെല്ലോ—ജീവൻ വേണമെങ്കിൽ നിൎത്തിക്കോളിൻ.

ഇയാഗോ—നിൎത്തു, ഹേ! ലെഫ്ടനൻറ്—സർ,—മോൺടാനോ,—മാന്യരേ,—നിങ്ങൾക്ക് സ്ഥലത്തിൻേറയും മുറയുടേയുമൊക്കെ ബോധം വിട്ടുപോയോ? മതിയാക്കു! അവിടുന്നാണ് നിങ്ങളോടു കല്പിയ്ക്കുന്നത്; നാണമുണ്ടെങ്കിൽ മതിയാക്കു!

ഒഥെല്ലോ—എന്ത്? എന്താണിത്? എങ്ങിനെയാണ് ഈ സംഭവമുണ്ടായത്? നമ്മൾ തുൎക്കികളായോ! ദൈവം വിലക്കിയ

തുകൊണ്ടു് അവക്കു നമ്മുടെനേരെ ചെയ്യാൻ കഴിയാത്തതു് നമ്മാം തന്നെ നമ്മുടെനേരെ ചെയ്യാൻ തുടങ്ങിയെന്നോ? ഒരു ക്രിസ്ത്യാനിയ്ക്കു ചിതമായ മാനംകൂടി നിങ്ങാം മറന്നുകഴിഞ്ഞിട്ടില്ലെങ്കിൽ, കാട്ടാള ന്മാക്കുചേന്ന ഈ കശപിശയിൽനിന്നു വിരമിച്ചേയ്ക്കണം. സ്വന്തം ക്രോധത്തെ തൃപ്തിപ്പെടുത്താൻവേണ്ടി ഇനി അനങ്ങുന്നവൻ ജീവ നിൽ കൊതിയില്ലാത്തവനാണ്; അനങ്ങിയാൽ അവൻെറ ആയുസ്സ വസാനിച്ചു—കണ്ണുശല്യമായ ആ മണിയടി നിത്തു! ഈ ദ്വീപിനെ അതിൻെറ സ്വാഭാവികമായ ശാന്തതയിൽനിന്നു് അതു ഭയപ്പെടുത്തി യകററുന്നു—എന്താണു്, കൂട്ടരേ ഇതൊക്കെ?—ഇയാഗോ, ന്യായ സ്ഥനായ നീ വല്ലായ്മനിമിത്തം മരിച്ചാളെപ്പോലെ വിളത്തിരി യ്ക്കുന്നുവല്ലോ—പറയൂ, ആരാണിതു തുടങ്ങിയതു്? എന്നെക്കുറിച്ചു നിനക്കുള്ള സ്നേഹത്തെ മുൻനിത്തി, ഞാൻ നിന്നോടിതു പറയാനാ വശ്യപ്പെടുന്നു.

ഇയാഗോ—ഞനറിയുകയില്ല. ഇതാ, ഇപ്പോഠം, ഇക്കഴിഞ്ഞ നിമിഷത്തിൽ, ഉററ ചങ്ങാതിമാരായിരുന്നവർ—ഇണക്കത്തിലും വാക്കിലും കിടപ്പറയിൽവെച്ചുടുപ്പഴിയ്ക്കുന്ന കമനിയേയും കാന്ത നേയുംപോലെയായിരുന്നവർ—അനന്തരം, ഇപ്പോഠംതന്നെ,— വല്ല ഗ്രഹവും പെട്ടെന്നു് ആളുകാംക്കു ഭ്രാന്തുപിടിപ്പിച്ച മാതിരിയിൽ —ചോര ചിന്നിയ്ക്കുന്ന വിദ്വേഷത്തോടുകൂടി, വാളൂരി പരസ്പരം മാറിനുനേക്കു നീട്ടിക്കുതിയ്ക്കുന്നു. ഈ തലകാഞ്ഞ കശപിശയ്ക്കു യാതൊരു തുടക്കവും എനിയ്ക്കു പറയാനാവുകയില്ല. ഇതിൻെറ ഒരംശം കാണവാൻ എന്നെ ഇവിടെ എത്തിച്ച കാലുകാം യശസ്ക രമായ വല്ല യുദ്ധത്തിലും നഷ്ടപ്പെടുന്നതായിരുന്നു നല്ലതെന്നെനി യ്ക്കിപ്പോഠം തോന്നുകയും ചെയ്യുന്നു.

ഒഥെല്ലോ—മൈക്കാം, എങ്ങിനെയാണു് നീ ഇങ്ങിനെ തന്നെത്താൻ മറക്കാനിടവന്നതു്?

കാഷ്യോ—എന്നെ അവിടുന്നു മാപ്പാക്കണം:—എനിയ്ക്കു സംസാരിപ്പാൻ കഴിയുന്നില്ല.

ഒഥെല്ലോ—മോണ്ടാനോ, സർ, നിങ്ങാം വളരെ പാകത യുള്ള ഒരാളായിരുന്നല്ലോ; ഇത്ര ചെറുപ്പത്തിൽത്തന്നെ നിങ്ങാംക്കാ ന്തത്തമായ ഗൌരവവും, അക്ഷോഭ്യതയും, ജനങ്ങാം പരക്കെ അഭി നന്ദിച്ചിട്ടുണ്ടു്; ഏററവും കാര്യവിവരമുള്ളവരുടെ അഭിപ്രായത്തൽ പ്പോലും നിങ്ങാംക്കു് ഒന്നാന്തരം പേരാണുള്ളതു്. നിങ്ങളുടെ സൽ ക്കീത്തിയുടെ ആസ്പദം നിങ്ങാംതന്നെ ഇങ്ങിനെ നീക്കംചെയ്യുന്ന

തിൻെറ—രാത്രി കടിച്ചു ലഹളയുണ്ടാക്കുന്നവൻ എന്ന പേര് സമ്പാദിയ്ക്കുവാൻവേണ്ടി നിങ്ങളുടെ ശ്രീമത്തായ യശസ്സിനെ വിററു കളിയ്ക്കുന്നതിൻെറ—അൎത്ഥമെന്ത്? എനിയ്ക്ക് ഇതിന്നൊരു സമാധാനം തരണം.

മോൺടാനോ—വന്ദ്യനായ സർ, എനിയ്ക്ക് അപായകരമായ നിലയിൽ മുറിയേററിരിയ്ക്കുകയാണ്: നിങ്ങളുടെ കീഴുദ്യോഗസ്ഥൻ ഇയാഗോ, ഞാൻ അറിയുന്നതൊക്കെ അദ്ദേഹത്തിന്നു പറയാൻ കഴിയും—എനിയ്ക്കധികം സംസാരിയ്ക്കാൻ വയ്യ, ഇപ്പോഴത്തന്നെ അതുകൊണ്ട് അല്പമൊരസ്വാസ്ഥ്യമുണ്ട്: ഇന്നു രാത്രി ഞാൻ തെററായി എന്താണ് പറഞ്ഞത്, എന്താണ് ചെയ്തത് എന്നു ഞാനറിയുകയില്ല—അതായത്, അവനവൻെറ തടിയെക്കുറിച്ചുള്ള കുറു ചിലപ്പോഴാം ഒരു കുററവും, അക്രമം നെഞ്ഞിന്നുനേരെ പാഞ്ഞു കയറുമ്പോഴാം, ആത്മത്രാണം ചെയ്യുന്നത് ഒരു പാപവുമായിത്തീരുകയില്ലെങ്കിൽ.

ഒഥെല്ലോ—എൻെറ തിളയ്ക്കുന്ന രക്തം, ഈശ്വരനാണ്, എൻെറ വിവേകത്തെ ഭരിയ്ക്കുവാൻ തുടങ്ങിയിരിയ്ക്കുന്നു; തീപ്പു കല്പിയ്ക്കാനുള്ള കെല്പിനെക്കൂടി കരിപിടിപ്പിച്ച രോഷമാണിവിടെ കൎത്തവ്യത്തിന്നു വഴികാട്ടിയായി നില്ക്കുന്നത്:—ഞാനിവിടെനിന്നൊന്നനങ്ങിയാൽ, എൻെറ ഈ കയ്യൊന്നു പൊക്കിയാൽ, നിങ്ങളിലേററവും വമ്പൻ എൻെറ പ്രതികാരത്തിൽ അമൎന്നുപോവുകയേയുള്ളു. പറയൂ എന്നോട്, ആഭാസമായ ഈ കശപിശ എങ്ങിനെ തുടങ്ങി, ആരാണതാരംഭിച്ചതെന്ന്; ഈ കുററത്തിന്ന് ഉത്തരവാദിയാണെന്നു തെളിയുന്നവൻ, അവൻ എന്നോടൊപ്പം തന്നെ ഭ്രജാതനായ എൻെറ സഹോദരൻതന്നേയാണെന്നിരുന്നാൽ കൂടി, എന്നെ നഷ്ടപ്പെടുന്നതാണ്. എന്ത്! യുദ്ധത്തിലേപ്പെട്ടിരിയ്ക്കുന്ന, ഇനിയും പ്രക്ഷോഭം ശമിച്ചിട്ടില്ലാത്ത, ഒരു നഗരത്തിൽ വെച്ച്—ആളുകാം ഭയപരിപൂൎണ്ണങ്ങളായ ഹൃദയങ്ങളോടുകൂടിയിരിക്കേ—രാത്രിസമയത്ത് അതുതന്നെ പൊതുരക്ഷയെ ഉദ്ദേശിച്ചുള്ള പാറാവിന്നിടയിൽ—സ്വകാര്യമായ ഒരു തൎക്കത്തിൽക്കുത്തു തുടങ്ങുകയോ? അക്രമം! ഇയാഗോ, ആരാണിതു തുടങ്ങിയത്?

മോൺടാനോ—പക്ഷപാതംകൊണ്ടോ, ഔദ്യോഗികബന്ധംനിനച്ചോ നിങ്ങാം നേരിൽക്കവിഞ്ഞോ, കുറഞ്ഞോ, പറയുന്ന പക്ഷം നിങ്ങളൊരു ഭടനല്ല.

ഇയാഗോ—എന്നെ അങ്ങിനെ നിബ്ബന്ധിയ്ക്കരുത്. എ

ന്റെ നാവുനിമിത്തം മൈക്കേൽ കാഷ്യോവിന്ന് ഒരാപത്തു വരു ത്തുന്നതിനേക്കാൾ എന്റെ വായിൽനിന്ന് അതു പറെറയരിഞ്ഞു നീക്കുന്നതാണെനിക്കു സന്തോഷം; പക്ഷെ സത്യം പറയുന്നതു കൊണ്ട് അയാൾക്ക് ഒരപകടവും വന്നുചേരില്ലെന്നാണെന്റെ വിശ്വാസം,—അങ്ങന്നേ, സംഭവമിതാണ്:—മോൺടാനോവും ഞാനും സംസാരിച്ചുകൊണ്ടിരിക്കേ, സഹായത്തിന്നു മുറവിളി കൂട്ടിക്കൊണ്ട് ഒരു വിദ്വാൻ ഇവിടെ പാഞ്ഞെത്തി; അ വന്റെ കഥ കഴിക്കാൻ പൊക്കിയ വാളുമായി, പിന്നാലെ, കാഷ്യോവുമുണ്ടായിരുന്നു. ഇദ്ദേഹം കാഷ്യോവിന്നടുത്തു ചെന്ന് അയാളോട് അടങ്ങാനാപേക്ഷിച്ചു; ആ അലമുറക്കാരന്റെ കൂക്കും വിളിയുംകൊണ്ടു നഗരവാസികൾ അമ്പരപ്പിലാകേണ്ടെന്നു കരു തി—അതു സംഭവിക്കുകയും ചെയ്തു—ഞാൻ ആ വിദ്വാന്റെ പിന്നാലെ പോയി: കാലിന്നു വേഗംകൂടിയ അവൻ എന്റെ ഉദ്ദേശ്യത്തെ കടന്നുവെച്ചോടി: പക്ഷെ ഞാനിങ്ങോട്ടുതന്നെ തിരി ച്ചുവരാനുള്ള പ്രധാനകാരണം വാളുകൾ തമ്മിൽക്കൂട്ടിമുട്ടുന്ന കിലു ക്കവും, കാഷ്യോവിന്റെ ഉറക്കേയുള്ള ശകാരവാക്കുകളും കേട്ട താണ്; ഇന്നു രാത്രിവരെ അയാളെപ്പററി എനിക്കു പറയാനി ടവന്നിട്ടില്ലാത്ത ഒരു കാര്യമാണിതെന്നുകൂടി ഞാൻ ഇവിടെ പറ ഞ്ഞുകൊള്ളട്ടെ. ഞാൻ തിരിച്ചെത്തിയപ്പോൾ—ഇതൊക്കെ അ ല്പസമയത്തിന്നുള്ളിൽ കഴിഞ്ഞിരിക്കുന്നു—ഇവർ രണ്ടുപേരും, വെട്ടും നീട്ടുമായി, അണഞ്ഞു പോർചെയ്യുന്നതാണ് ഞാൻ കണ്ട ത്; അങ്ങുന്നു വന്ന് അവരെ പിരിച്ചപ്പോഴത്തെ സ്ഥിതിതന്നെ. ഈ സംഭവത്തെക്കുറിച്ച് ഇതിൽക്കവിഞ്ഞ് എനിക്കൊന്നും പറ യാനില്ല—പക്ഷെ മനുഷ്യർ മനുഷ്യരാണ്; ഉത്തമന്മാർകൂടി ചിലപ്പോൾ തന്നെത്താൻ മറക്കുന്നു:—കാഷ്യോ, ഒരുപക്ഷെ, ഒരു ഓടിപ്പോയ മനുഷ്യനോടു വല്ലതും ചെറിയൊരപരാധം പ്രവർത്തിച്ചു പോയിരിക്കാമെങ്കിലും,—ക്ഷോഭിപ്പിടിച്ച സമയത്ത് ആളുകൾ തങ്ങളുടെ അഭ്യുദയകാംക്ഷികളെക്കൂടി അടിച്ചുപോകുന്നുണ്ടല്ലോ,— അവൻമുഖേന പൊറുക്കാനാവാത്തതും അസാധാരണവുമായ ഒരവ മാനശല്യം കാഷ്യോ തീർച്ചയായും അനുഭവിച്ചിട്ടുണ്ടായിരിക്കണ മെന്നു ഞാനൂഹിക്കുന്നു.

ഒഥെല്ലോ—എനിക്കറിയാം, ഇയാഗോ, നിന്റെ നിഷ്കാപ ട്യവും, ചങ്ങാതിക്കൂറും നിമിത്തം നീ ഇക്കാര്യത്തിന്റെ ഗൌരവം കുറച്ചു, കാഷ്യോവിനെസ്സംബന്ധിച്ചിടത്തോളം, അതിനെ സാര

മില്ലാത്തതാക്കിത്തീക്കുകയാണ്:—കാഷ്യോ, ഞാൻ നിന്നെ സ്നേഹിയ്ക്കായ്കയല്ല, പക്ഷേ നീ മേലിൽ എന്റെ കീഴുദ്യോഗസ്ഥനായിരിയ്ക്കാൻ പാടില്ല—

(ഡെസ്ഡിമോണ പ്രവേശിയ്ക്കുന്നു.)

എന്റെ പ്രേമഭാജനത്തിനുകൂടി ഉറക്കഭംഗം വരുത്തിട്ടില്ലേയെന്നു നോക്കുക! നിഷിദ്ധമായതു ചെയ്യുന്നതെന്നുള്ളതിന്നു ഞാൻ നിന്നെയൊരു മാതൃകയാക്കിത്തീക്കും.

ഡെസ്ഡിമോണ—എന്താണ കുഴപ്പം?

ഒഥെല്ലോ—ഓമനേ, എല്ലാം ശരിയായി, പോവുക, ഉറങ്ങാൻ പോവുക.—[മോൺടാനോവിനോട്] സർ, നിങ്ങളുടെ മുറിവുകളെസ്സംബന്ധിച്ചിടത്തോളം ഞാൻതന്നെ നിങ്ങളുടെ വൈദ്യനായിക്കൊള്ളാം: അദ്ദേഹത്തെ കൂട്ടിക്കൊണ്ടുപോരുവിൻ. [പരിചാരകന്മാർ മോൺടാനോവിനെ താങ്ങിപ്പിടിച്ചുകൊണ്ടു പോകുന്നു.] ഇയാഗോ, നഗരത്തിലാകെ ഒന്നു കണ്ണുതുറന്നു നടന്ന്, ഈ ഉമ്പുകെട്ട കശപിശ നിമിത്തം തലതെററിയവരെയൊക്കെ സമാധാനിപ്പിയ്ക്കുക. ഡെസ്ഡിമോണേ, വരൂ: ഞങ്ങളുടെ മസൃണനിദ്രകം ലഹളകൊണ്ടു ഭഞ്ജിയ്ക്കപ്പെടുകയെന്നതു ഭടജീവിതത്തിന്നു സ്വാഭാവികമാണ്.

(ഇയാഗോവും കഷ്യോവുമൊഴിച്ചു മറെറല്ലാവരും പോകുന്നു.)

ഇയാഗോ—ലഫ്ടനൻറ്, നിങ്ങൾക്ക വല്ല പരിക്കും പററിയോ?

കാഷ്യോ—ഉം—ഉം—, ചികിത്സിച്ചാൽ മാറാത്ത മട്ടിൽ.

ഇയാഗോ—എൻറീശ്വരാ, അങ്ങിനെ വരാതിരിയ്ക്കട്ടെ!

കാഷ്യോ—നല്ല പേര്, നല്ല പേര്, നല്ല പേര്! അയ്യോ, എന്റെ നല്ല പേരു ഞാൻ കളഞ്ഞല്ലോ! എന്റെ അനശ്വരാംശം ഞാൻ കളഞ്ഞുകുളിച്ചു, ഇനി ബാക്കിയുള്ളതു മൃഗീയമാണ്—എന്റെ നല്ല പേര്, ഇയാഗോ, എന്റെ നല്ല പേര്!

ഇയാഗോ—എന്റെ ശുദ്ധതകൊണ്ടു ഞാൻ വിചാരിച്ചു, നിങ്ങൾക്ക ദേഹത്തിൽ വല്ല മുറിവും പററിയിട്ടുണ്ടെന്ന്; നല്ല പേരിലുള്ളതിനെക്കാൾ വേദനാജനകത്വം1 അതിലാണുള്ളത്. ഈ നല്ല പേര് മനുഷ്യരുടെ പിരടിയ്ക്കു വെച്ചുകെട്ടപ്പെടുന്ന ഏററവും ഉപയോഗശൂന്യവും അയഥാത്ഥവുമായ ഒരു സാമാന

---

1 'Sense' എന്നാണ് മൂലം; ഞാൻ നൈററിൻെറ (Knight) വ്യാഖ്യാനം സ്വീകരിച്ചിരിയ്ക്കുകയാണ്.

മാണ്; പലപ്പോഴും യോഗ്യതയില്ലാതെയാണതു കിട്ടുക, അർഹത യില്ലാതെയാണതു പോവുക: അതു കളഞ്ഞവനെന്ന ഒരു പേര് നിങ്ങൾ നിങ്ങൾക്കുതന്നെ നല്കിയിട്ടില്ലെങ്കിൽ, നിങ്ങൾ യാതൊരു നല്ല പേരും കളഞ്ഞിട്ടില്ല. എന്താ, മനുഷ്യ! മൂപ്പരുടെ പ്രീതി ഇനിയും സമ്പാദിയ്ക്കുവാനുള്ള വഴികളുണ്ട്: അദ്ദേഹം പെട്ടെന്നുണ്ടായ ശുണ്ഠിയിൽ നിങ്ങളെ പുറത്താക്കിയെന്നേയുള്ളു. ദ്രോഹബുദ്ധിയേയല്ല, നയത്തെ ആസ്പദിച്ചുള്ള ഒരു ശിക്ഷമാത്രം. ആടോ പത്തോടുകൂടി നില്ക്കുന്ന സിംഹത്തെപ്പേടിപ്പിയ്ക്കാൻ ഒരാൾ അയാളുടെ നിരപരാധിയായ നായെത്തല്ലുന്നതുപോലെത്തന്നെ: ഇനിയും പോയപേക്ഷിച്ചാൽ അദ്ദേഹം നിങ്ങൾക്കു വശഗനായി.

കാഷ്യോ — ഇത്ര ഉച്ഛ്രനും, കുടിയനും, അവിവേകിയുമായ ഒരുദ്യോഗസ്ഥനെ സ്വീകരിപ്പിച്ച് അവിടുത്തെ വഞ്ചിയ്ക്കുന്നതിനുപകരം, എന്നെ പുച്ഛിയ്ക്കുവാനാണ് ഞാൻ അവിടത്തോടപേക്ഷിയ്ക്കുക. കുടിച്ചു തന്റേടം വിടുക? കിളിയെപ്പോലെ ചിലയ്ക്കുക? ലഹളയുണ്ടാക്കുക? വീമ്പുപറയുക? ദൈവത്തെ മറന്നാണയിടുക? അവനവന്റെ നിഴലോടു പൊങ്ങച്ചം നിറഞ്ഞ പ്രസംഗം ചെയ്യുക?—ഹൂ, മദ്യത്തിൽ കുടികൊള്ളുന്ന കാണാപ്പൂതമേ, ആളെ ത്തിരിച്ചറിയാൻ പറയുന്ന പേരൊന്നും നിനക്കില്ലെങ്കിൽ, ഞങ്ങൾ നിന്നെ ചെകുത്താനെന്നു വിളിച്ചുകൊള്ളട്ടെ!

ഇയാഗോ — നിങ്ങൾ വാളുരി പിന്തുടർന്നവൻ ആരായിരുന്നു? അവനൊന്താണ് നിങ്ങളോടു ചെയ്തത്?

കാഷ്യോ — ഞാനറിയില്ല.

ഇയാഗോ — അതു സംഭാവ്യമാണോ?

കാഷ്യോ — പല സംഭവങ്ങളും കൂടിപ്പിണഞ്ഞു കിടക്കുന്നതിന്റെ ഓർമ്മ എനിയ്ക്കുണ്ട്, പക്ഷെ വ്യക്തമായി യാതൊന്നിനെപ്പററിയുമില്ല; ഒരു കലഹം, പക്ഷെ എന്തു കാരണത്തിന്മേലാണെന്നില്ല.—ജഗദീശ്വരാ, തങ്ങളുടെ തലച്ചോറു കട്ടുകൊണ്ടു പോവാൻവേണ്ടി ആളുകൾ ഒരു വൈരിയെ തങ്ങളുടെ വായിൽക്കടത്തുന്നുവെന്നു പറഞ്ഞാൽ—! ആഹ്ലാദത്തോടും, ആനന്ദത്തോടും, ആഘോഷത്തോടും, ജയാരവത്തോടുംകൂടി നമ്മൾ നമ്മളെത്തന്നെ മൃഗങ്ങളാക്കി മാററുന്നുവെന്നു പറഞ്ഞാൽ—!

ഇയാഗോ — എയ്, നിങ്ങൾക്കിപ്പോൾ യാതൊരു തകരാറുമില്ലല്ലോ? ആ മത്തൊക്കെ എങ്ങിനെ മാറി?

കാഷ്യോ — മത്താകുന്ന ചെകുത്താൻ, മനം പൊളിഞ്ഞു,

ക്രോധമാകുന്ന ചെയ്ത്താനു സ്ഥാനമൊഴിഞ്ഞുകൊടുത്തിരിയ്ക്കയാണ്: ഞാൻതന്നെ എന്നെ തുറന്നു പുച്ഛിയ്ക്കുമാറ് ഒരു ചാപല്യം മറോ ചാപല്യത്തെ എനിയ്ക്കു പ്രത്യക്ഷമാക്കുകയാണ്.

ഇയാഗോ — വരൂ, ഹേ, നിങ്ങളൊരു കടന്ന വേദാന്തിയായി പ്പോയി: സമയം, സ്ഥലം, ഇന്നാട്ടിന്റെ ഇപ്പോഴത്തെ സ്ഥിതി, ഇവയാലോചിയ്ക്കുമ്പോൾ ഇതു സംഭവിയ്ക്കരുതായിരുന്നു എന്നെ നിയ്ക്കും തോന്നുന്നുണ്ട്. പക്ഷെ ഇത് ഇങ്ങിനെയായിത്തീർ സ്ഥിതിയ്ക്ക്, ഇനിയിതിനെ നിങ്ങളുടെ നന്മയ്ക്കുവേണ്ടി നേരെ യാക്കാൻ ശ്രമിയ്ക്കുക.

കാഷ്യോ — ഞാൻ എന്റെ ഉദ്യോഗത്തിന്നുവേണ്ടി ഇനിയും അവിടുത്തോടപേക്ഷിയ്ക്കാം, — അവിടുന്നു ഞാനൊരു കുടിയനാ ണെന്ന് എന്നോട്ടു പറയും. എനിയ്ക്കു സഹസ്രശിരസ്സനായ സർപ്പത്തിന്നുള്ളത്ര വക്ത്രങ്ങൾ ഉണ്ടായിരുന്നുവെങ്കിൽക്കൂടി, അത്തര ത്തിലുള്ള ഒരു മറുപടി അവയെ മുഴുവൻ മൂടിക്കെട്ടും. ഇപ്പോൾ തന്റേടമുള്ളവനായിരിയ്ക്കുക, അല്പം കഴിഞ്ഞാൽ വങ്കനായി മാറുക, അതോടുകൂടി മൃഗമായിപ്പരിണമിയ്ക്കുക! ആശ്ചര്യം! — അമി തമായ ഓരോ കോപ്പയും അശുഭമാണ്, ഓരോന്നിന്റേയും ഉള്ള ടക്കം ഓരോ ഭൂതത്താനാണ്.

ഇയാഗോ — വരട്ടെ, വരട്ടെ, നല്ല വീഞ്ഞ്, വിവേകപൂർവ്വം പെരുമാറിയാൽ, നല്ല ഒരു സുഹൃദ്ഭൂതമായ വസ്തുവാണ്: അതി ന്നെതിരായി ഇനിയൊന്നും ഘോഷിയ്ക്കേണ്ട. പിന്നെ, ലഫ്ടനന്റ്, ഞാൻ നിങ്ങളെ സ്നേഹിയ്ക്കുന്നുണ്ടെന്നു നിങ്ങൾ വിശ്വ സിയ്ക്കുന്നുവെന്നു ഞാൻ വിശ്വസിച്ചുകൊള്ളട്ടെ.

കാഷ്യോ — സർ, അതെനിയ്ക്കു തെളിഞ്ഞുകഴിഞ്ഞിട്ടുണ്ട്. — ഞാൻ കുടിച്ചു തന്റേടം വിടേ!

ഇയാഗോ — നിങ്ങളോ, ജീവിച്ചിരിയ്ക്കുന്ന മറെറതൊരാളോ, ഒരു സമയത്തു കുടിച്ചു തന്റേടം വിട്ടുവെന്നു വരാം, മനുഷ്യാ! നിങ്ങളെന്താണു ചെയ്യേണ്ടതെന്നു ഞാൻ പറഞ്ഞുതരാം. നമ്മുടെ നേതാവിന്റെ ഭാര്യയാണ് ഇപ്പോൾ നേതാവ്; അവളുടെ നന്മക ളേയും മോടികളേയും നോക്കിക്കുറിച്ച്, അവയെക്കുറിച്ചുള്ള ധ്യാന ത്തിന്നു തന്നെത്താൻ ഉഴിഞ്ഞുവെച്ചിരിയ്ക്കുകയാണദ്ദേഹമെന്ന വസ്തുതയോർത്താണ് ഞാനിങ്ങിനെ പറയുന്നത്: — അവളോട്ടു നിങ്ങ ളുടെ കുററം തുറന്നു സമ്മതിയ്ക്കുക; നിങ്ങളുടെ ഉദ്യോഗം വീണ്ടും കിട്ടുന്നതിന്ന് അവളുടെ സാഹായ്യമപേക്ഷിയ്ക്കുക: തന്നോട് ആവ

ശ്യപ്പെട്ടതിലും അധികം ഉപകരിയ്ക്കാതിരിയ്ക്കുന്നതു തന്റെ നന്മയ്ക്ക് ഒരു കളങ്കമായിപ്പോലും കരുതുന്ന വിധത്തിൽ അത്ര പ്രദാനോൽകവു കൃപാമസൃണവും, അഭിയുക്തവും, അനുഗൃഹീതവുമായ ഒരു സ്വഭാവമാണവൾക്കുള്ളത്: നിങ്ങളും അവളുടെ ഭർത്താവും തമ്മിലു ഈ പൊട്ടിപ്പോയ കൂട്ടുകെട്ടിനെ വെച്ചുകെട്ടി നേരെയാക്കുവാൻ അവളോടഭ്യർത്ഥിയ്ക്കുക; അതോടുകൂടി—പറയാൻമാത്രമുള്ള ന്തിനെങ്കിലും എതിരായി എന്റെ സർവ്വസ്വവും ഞാൻ ഇക്കാര്യത്തിൽ പന്തയപ്പണയമായി വെയ്ക്കാം—നിങ്ങൾ തമ്മിലുള്ള സൌഹാർദ്ദത്തിനു വന്നുചേർന്ന വിടവടഞ്ഞ്, അതു പൂർവ്വാധികം ശക്തിപ്പെടുകയും ചെയ്യും.

കാഷ്യോ—നിങ്ങളുടെ ഉപദേശം ഏതായാലും നന്ന്.

ഇയാഗോ—സ്നേഹത്തിന്റേയും, നിഷ്കപടമായ അനുകമ്പയുടേയും നേരിനെ മുൻനിർത്തിയുള്ളതാണതെന്നു ഞാൻ ഉറപ്പിച്ചു പറയുന്നു.

കാഷ്യോ—ഞാനതു തികച്ചും വിശ്വസിയ്ക്കുന്നു; നാളെ കാലത്തു, സമയം പാർത്തു, ഞാൻ ഗുണവതിയായ ഡെസ്ഡിമോണയോട് എനിയ്ക്കുവേണ്ടി ശിപാർശിപറയുവാൻ അപേക്ഷിയ്ക്കുകയും ചെയ്യാം. ഞാൻ ഇവിടെ തടയപ്പെടുന്നപക്ഷം എന്റെ ഭാവി തുലഞ്ഞു.

ഇയാഗോ—ശരിയാണ് നിങ്ങൾ പറഞ്ഞത്. ലഫ്ടനന്റ്, എന്നാലങ്ങിനെയാട്ടെ; എനിയ്ക്കു പാറാവിനു പോകണം.

കാഷ്യോ—നിങ്ങൾക്കു നല്ലതു വരട്ടെ.

(പോകുന്നു.)

ഇയാഗോ—കാര്യസ്ഥിതി! ഇങ്ങിനെയിരിയ്ക്കെ—ഞാൻ നല്കുന്ന ഈ ഉപദേശം സുഗമവും, ന്യായ്യവും, യുക്തിസഹവും, നിസ്സംശയമായി മൂറിനെ വീണ്ടും വശത്താക്കാനുള്ള മാർഗ്ഗവുമായിരിയ്ക്കെ—ഞാൻ ഖലനെപ്പോലെ ആചരിയ്ക്കുകയാണെന്നാരുതന്നെ പറയും? ന്യായ്യമായ ഏതൊരഭ്യർത്ഥനയെസ്സംബന്ധിച്ചും അനുകമ്പാവതിയായ ഡെസ്ഡിമോണയെ സ്വാധീനപ്പെടുത്തുകയെന്നത് ഏററവും എളുപ്പമായ കാര്യമാണ്. സ്വതന്ത്രങ്ങളായ പഞ്ചഭൂതങ്ങളെപ്പോലെ സാഫല്യം നല്കാൻ സമർത്ഥമായിട്ടാണവൾ സൃഷ്ടിയ്ക്കപ്പെട്ടിരിയ്ക്കുന്നത്. പിന്നെ അവൾ മൂറിനെ വശത്താക്കുന്ന കാര്യമല്ലേ? അവനെക്കൊണ്ട് അവന്റെ ജ്ഞാന

സ്നാനഫലത്തേയും, 1പാപമോചനത്തിന്റെ എല്ലാ അധികാരമുദ്രകളേയും, ചിഹ്നങ്ങളേയും സംത്യജിപ്പിയ്ക്കുകയാണ് വേണ്ടതെങ്കിൽക്കൂടി, അവൾക്ക് അതൊക്കെ ചെയ്യിക്കാനും, ചെയ്തതിനെ മറിച്ചു ചെയ്യിയ്ക്കാനും, യഥേഷ്ടം എന്തുചെയ്യാനും കഴിയും; അവന്റെ ആത്മാവ് അവളോടുള്ള പ്രണയത്തിന്ന് അത്രയും അടിമപ്പെട്ടു കിടക്കുകയാണ്; അവന്റെ ദുർബ്ബലമായ മനോവ്യാപാരത്തെസ്സംബന്ധിച്ചിടത്തോളം ഒരീശ്വരിയെന്നപോലെയാണ് അവളുടെ ആജ്ഞാശക്തി പരിലസിയ്ക്കുന്നത്. ഈ സ്ഥിതിയിൽ, കാഷ്യോ നേരെ നന്മയിലെത്തിച്ചേരുവാൻതക്കവണ്ണം, അവനെ ഈ നേർവഴി തുടരുവാൻ ഉപദേശിയ്ക്കുന്നതുനിമിത്തം ഞാനെങ്ങിനെയാണ് ഖലനായിത്തീരുക? നരകത്തിന്റെ ധർമ്മശാസ്ത്രം! ദുർമ്മൂർത്തികൾ മനുഷ്യരെക്കൊണ്ടു കരാളകാളിമ കലർന്ന കൊടുംപാതകങ്ങൾ ചെയ്യിയ്ക്കുവാൻ വട്ടംക്കൂട്ടുമ്പോൾ അവർ ഞാനിപ്പോൾ ചെയ്യുന്നതുപോലെ, സ്വർഗ്ഗീയമായ പ്രാദുർഭാവംകൊണ്ടാണ് അവരെ വ്യാമോഹിപ്പിയ്ക്കുക: കാപട്യമറിയാത്ത ഈ വങ്കൻ തന്റെ കാര്യം നേരെയാക്കുവാൻ ഡെസ്ഡിമോണയെ ചെന്നു മുട്ടിയ്ക്കുകയും, അവൾ മൂറിനോടു ശക്തിമത്തായി അവന്റെ പക്ഷംപിടിച്ചു വാദിയ്ക്കുകയും ചെയ്യുന്നതിന്നിടയിൽ, അവൾ അവനെ തിരിച്ചുവിളിപ്പിയ്ക്കുന്നത് അവളുടെ ശാരീരികമായ ഭോഗേച്ഛയെ തൃപ്തിപ്പെടുത്തുവാൻവേണ്ടിയാണെന്നുള്ള വിഷനീരു ഞാൻ മൂറിന്റെ ചെവിയിലേയ്ക്കൊഴുക്കും; അവൾ അവന്നു നന്മചെയ്വാൻ എത്രമേൽ കിണഞ്ഞു പരിശ്രമിയ്ക്കുന്നുവോ, അത്രമേൽ മൂറിന്ന് അവളിലുള്ള വിശ്വാസത്തെ അവൾ നശിപ്പിയ്ക്കുകയും ചെയ്യും. അവളുടെ ചാരിത്രത്തെ ഞാൻ കീലുപോലെ കറുപ്പിയ്ക്കും; അവരെയൊക്കെ കുടുക്കേണ്ടുന്ന വല അവളുടെ നന്മയിൽനിന്നുതന്നെ ഞാൻ നിർമ്മിയ്ക്കും.

(റോഡെറിഗോ പ്രവേശിയ്ക്കുന്നു.)

എന്താ, റോഡെറിഗോ?

റോഡെറിഗോ—ഞാനീ നായാട്ടിൽ ഇവിടുത്തോളം പിന്നാലെ കൂടിയിട്ടുണ്ട്, പക്ഷെ നായാടുന്ന നായയെപ്പോലെയല്ല, കൂട്ടം തികയ്ക്കാനുള്ള നായയെപ്പോലെമാത്രം. എന്റെ പണം

---

1 ക്രസ്തീയമതച്ചടങ്ങ്. ക്രസ്തുമുഖേന പാപമോചനത്തിൽ പങ്കുകൊള്ളുവാനുള്ള ആദ്യാധികാരം സിദ്ധിയ്ക്കുന്നത് ഈ പവിത്രജലപ്രോക്ഷണാനന്തരമാണ്.

മിശ്ശവാദം തീൎന്നു; ഇന്നു രാത്രി നല്ലവണ്ണം അടിയും ദേസി; ഇതിന്റെയൊക്കെക്കലാശം, ഞാൻ വിചാരിക്കുന്നത്; എന്റെ പ്രയത്നത്തിന്നുമാത്രമുള്ള പരിചയവും സമ്പാദിച്ചു കൈയിൽ കാശൊട്ടുമില്ലാതെ, കുറച്ചധികം വകതിരിവോടുകൂടി ഞാൻ വെനീസ്സിലേക്കു തിരിച്ചുപോകുമെന്നതായിരിക്കും.

ഇയാഗോ—ക്ഷമയില്ലാത്തവർ എത്ര നിൎദ്ധനരാണ്! എടോ, മെല്ലെയല്ലാതെ ഇതുവരെ വല്ല മുറിയും ഉണങ്ങിയിട്ടുണ്ടോ? മനുഷ്യ ബുദ്ധികൊണ്ടാണ്, മന്ത്രവാദംകൊണ്ടല്ല നമ്മൾ പ്രവൎത്തിക്കുന്ന തെന്നു തനിക്കറിഞ്ഞുകൂടേ? ബുദ്ധിയുടെ പ്രവൎത്തനമാകട്ടേ, മന്ദഗതിയായ കാലത്തെ ആശ്രയിച്ചുമിരിക്കുന്നു. കാൎയ്യമോരോന്നു നേരെയായി വരുന്നില്ലേ? കാഷ്യോ തന്നെ അടിച്ചു; താനോ ആ ശിഥിലമായ ദ്രോഹാനുഭവം വഴിയായി, കാഷ്യോവിനെ കുറ്റപ്പെടുത്തിപ്പറഞ്ഞയപ്പിക്കുകയും ചെയ്തു: മററുള്ളവ സൂൎയ്യപ്രകാശത്തിൽ നല്ലവണ്ണം വളൎന്നുകൊള്ളട്ടെ; എന്നാലും ആദ്യമായി പുഷ്പിച്ച ഫലങ്ങളാണു് ആദ്യം പഴക്കുക[1] കുറച്ചുനേരംകൂടി ക്ഷമിച്ചിരിയ്ക്കുക. അല്ലാ—നേരം വെളുത്തുപോയല്ലോ; നേരമ്പോക്കും കാൎയ്യവും നാഴികയുടെ നീളം ചുരുങ്ങിയതുപോലെ തോന്നിക്കുന്നു. പോയിക്കിടക്കു; താൻ താമസിക്കുന്നിടത്തേക്കു പോയ്ക്കോളു:—ം—, പോ; അധികവിവരം താൻ വഴിയേ അറിയും: —ം—, നില്ക്കേണ്ട, പോയ്ക്കോളു. [റോഡെറിഗോ പോകുന്നു.] രണ്ടു കാൎയ്യങ്ങൾ ചെയ്യാനുണ്ട്: എന്റെ ഭാൎയ്യ കാഷ്യോവിന്നുവേണ്ടി അവളുടെ യജമാനത്തിയോടു ശിപാൎശി പറയണം; അവളെ അതിന് ഏല്പിച്ചുവിടണം; അതിലിടയ്ക്ക്, മൂറിനെ അകററിനിൎത്തി, കാഷ്യോ അവന്റെ ഭാൎയ്യയുടെ സേവ പിടിക്കുവാൻ ശ്രമിക്കുന്ന തഞ്ചത്തിന്ന് അവനെ അവിടെ കൊണ്ടുപോയി ചാടിക്കാൻ നോക്കട്ടെ: അതെ, അതാണ് വഴി: തണുപ്പും താമസവും കൊണ്ട് ഉപായത്തിന്റെ വാത്സല്യ കളയരുത്.

(പോകുന്നു)

1 ഡോക്ടർ ജോൺസൺ, മെലോൺ, വാർബർട്ടൺ, സ്റ്റോൺടൺ, സ്റ്റീവൻസ്, നൈററ്, ഹാളിവെൽ, ഡെയ്ററൺ, ഹൺടർ, ഡോക്ടർ ഫെർണെസ് എന്നീ വ്യാഖ്യാതാക്കന്മാർ പലവിധത്തിലാണ് ഇവിടെ മൂലത്തെ വ്യഖ്യാനിച്ചിരിക്കുന്നത്. ഇവയിൽ യുക്തിസഹമെന്നു തോന്നുന്ന മിശ്ശ വ്യാഖ്യാനങ്ങൾക്കു പററിയതരത്തിൽ തൎജ്ജമ ഒരുവിധം ഒപ്പിച്ചിരിക്കുകയാണ്:

മൂന്നാമങ്കം

രംഗം 1

(അരമനയുടെ മുൻവശത്തെ മുററം. കാഷ്യോവും ഏതാനും സംഗീതക്കാരും പ്രവേശിയ്ക്കുന്നു.)

കാഷ്യോ—കൂട്ടരേ, പാട്ടുകച്ചേരി ഇവിടെവെച്ചാകട്ടെ,—നിങ്ങളുടെ അധ്വാനത്തിന്നു മതിയായ പ്രതിഫലം ഞാൻ തരും—ചുരുങ്ങിയതെന്തെങ്കിലും മതി; അതു കഴിഞ്ഞു നേതാവിന്ന് ഒരഭിവാദ്യവും.

(സംഗീതം.
വിദൂഷകൻ പ്രവേശിയ്ക്കുന്നു.)

വിദൂഷകൻ—എയ്, കൂട്ടരേ, നിങ്ങളുടെ കുഴലുകഠം നേപ്പിൾസിലേയ്ക്കു പോയിരുന്നോ, ഇങ്ങിനെ മൂക്കിൽക്കൂടി പ്പാടാൻ?

ഒന്നാം സംഗീതക്കാരൻ—എങ്ങിനെ, സർ? എങ്ങിനെ?

വിദൂഷകൻ—ദയചെയ്ത് ഒന്നു പറഞ്ഞുതരണേ, ഇവയൊക്കെ കാററുകൊണ്ട് സംഗീതം പുറപ്പെടുവിയ്ക്കുന്ന യന്ത്രങ്ങളാണോ?

ഒന്നാം സംഗീതക്കാരൻ—അതെ, സർ, മുഴുവൻ.

വിദൂഷകൻ—ഓ, അതിന്നടുത്ത് ഒരനുബന്ധം തൂങ്ങുന്നുണ്ട്.

ഒന്നാം സംഗീതക്കാരൻ—ഏതിന്നടുത്താണ് അനുബന്ധം തൂങ്ങുന്നത്, സർ?

വിദൂഷകൻ—സർ, ഞാനറിയുന്ന പല കാററുയന്ത്രങ്ങളുടേയും അടുത്ത് ഒരു വാൽ തൂങ്ങിക്കിടക്കുന്നുണ്ടെന്നാണ് ഞാൻ പറഞ്ഞതിന്നർത്ഥം. പക്ഷെ, കൂട്ടരേ, നിങ്ങഠംക്കു പണമിതാ, പിടിച്ചോളിൻ: മൂപ്പക്കു നിങ്ങളുടെ സംഗീതം വളരെ പിടിച്ചിരിയ്ക്കുന്നു; അതുകൊണ്ട്, അവിടുത്തെക്കുറിച്ചു നിങ്ങഠംക്കു വല്ല കൂറുമുണ്ടെങ്കിൽ, ഇനി യാതൊരൊച്ചയും ഇവിടെനിന്നു പുറപ്പെടുവിയ്ക്കാതിരിയ്ക്കാൻ അവിടുന്നു താല്പര്യപ്പെടുന്നു.

ഒന്നാം സംഗീതക്കാരൻ—ശരി, സർ, ഞങ്ങഠം മതിയാക്കിക്കൊള്ളാം.

വിദൂഷകൻ—കേഠംക്കാൻ വയ്യാത്ത സംഗീതം വല്ലതും നിങ്ങളുടെ കൈവശമുണ്ടെങ്കിൽ, വീണ്ടും തുടങ്ങുന്നതിന്നു വിരോധമൊട്ടില്ലതാനും: പക്ഷെ, ആളുകഠം പറയുമ്പോലെ, അവിടുത്തേയ്ക്കു സംഗീതം കേഠംക്കുന്നതിൽ ഇമ്പം കുറയും.

ഒന്നാം സംഗീതക്കാരൻ—അങ്ങിനെയൊന്നു ഞങ്ങളുടെ പക്കലില്ല, സർ.

വിദൂഷകൻ—എന്നാൽ ആ കുഴലുകളൊക്കെ ഉറയിൽത്തന്നെ ഇട്ടുവെച്ചേക്കിൻ; ഞാൻ പോവുകയായി: പോവിൻ; വായുവിൽ അന്തർദ്ധാനം ചെയ്തോളിൻ; പറക്കിൻ!

(സംഗീതക്കാർ പോകുന്നു.)

കാഷ്യോ—എന്റെ പൊന്നിഷ്ടൻ കേൾക്കുന്നുണ്ടോ?

വിദൂഷകൻ—നിങ്ങളുടെ പൊന്നിഷ്ടൻ കേൾക്കുന്നുണ്ടോ എന്നു ഞാനറിയുകയില്ല; ഞാൻ കേൾക്കുന്നുണ്ട്.

കാഷ്യോ—തന്റെ വാക്കുകൊണ്ടുള്ള കസർത്ത് അവിടെ വെച്ചേക്കു. നിസ്സാരമായ ഒരു പൊൻതുട്ടിതാ: മൂപ്പരുടെ ഭാര്യയുടെ തോഴിയായി ഒരമ്മയില്ലേ, അവർ എഴുന്നേററിട്ടുണ്ടെങ്കിൽ, കാഷ്യോ എന്നൊരാൾക്ക് എന്തോ കുറച്ചൊന്നു കണ്ടു സംസാരിപ്പാനുണ്ടായിരുന്നു എന്ന് അവരോടു പറയൂ: താനതു ചെയ്യുമോ?

വിദൂഷകൻ—അവർ എഴുന്നേററിട്ടുണ്ട്, സർ: പക്ഷെ ഇങ്ങോട്ടെഴുന്നള്ളുമോ എന്നു ഞാനന്വേഷിക്കുമെന്നു കരുതാം.

കാഷ്യോ—ചെയ്യൂ, എന്റെ പൊന്നുചങ്ങാതിയല്ലേ!

(വിദൂഷകൻ പോകുന്നു.

ഇയാഗോ പ്രവേശിക്കുന്നു.)

അഃ, ശുഭമുഹൂർത്തത്തിന്നെത്തി, ഇയാഗോ.

ഇയാഗോ—നിങ്ങളപ്പോൾ കിടന്നിട്ടേയില്ലേ?

കാഷ്യോ—ഇല്ല; നമ്മൾ പരിയുന്നതിനു മുമ്പുതന്നെ നേരം വെളുത്തിരുന്നുവല്ലോ. ഇയാഗോ, വന്നതു കാണാമെന്നു കരുതി ഞാൻ നിങ്ങളുടെ ഭാര്യയുടെ അടുക്കലേയ്ക്ക് ഒരാളെ അയച്ചിട്ടുണ്ട്: ഗുണവതിയായ ഡെസ്ഡിമോണയെ സമീപിക്കുവാൻ എനിയ്ക്ക് ഒരനുമതി വാങ്ങിത്തരണമെന്നുള്ളതാണ് എനിയ്ക്ക് അവരോടു ചെയ്യാനുള്ള അപേക്ഷ.

ഇയാഗോ—ഞാൻ അവളെ ഉടനെത്തന്നെ ഇങ്ങോട്ടയയ്ക്കാം; നിങ്ങളുടെ സംസാരവും കാര്യനിർവ്വഹണവും കുറെക്കൂടി നിർബ്ബാധമായിരിയ്ക്കാൻവേണ്ടി, ഞാൻ മൂപ്പരെ അവിടെനിന്നകററിനിൎത്തുവാൻ വല്ല സൂത്രവും കണ്ടുപിടിയ്ക്കുകയും ചെയ്യാം.

കാഷ്യോ—ഞാൻ വിനീതമായ നന്ദി പറഞ്ഞുകൊള്ളട്ടെ. [ഇയാഗോ പോകുന്നു] ഇത്ര ദയാലുവും നിഷ്കളങ്കനുമായ മറെറാരു

ഫ്ലോറൻസുകാരനെ ഞാനിതുവരെ കണ്ടിട്ടില്ല.

(എമിലിയ പ്രവേശിക്കുന്നു.)

എമിലിയ—സ്വാഗതം, ലെഫ്ടനൻറ്; നിങ്ങൾക്കു വന്നു ചേൎന്ന ഈ ആപത്തിനെക്കുറിച്ചു ഞാൻ വ്യസനിക്കുന്നു; പക്ഷെ എല്ലാം നേരെയായിത്തീരുമെന്നതിൽ എനിക്കു സംശയമേയില്ല. മൂപ്പരും ഭാൎയ്യയും അതിനെപ്പററി സംസാരിച്ചുകൊണ്ടിരിക്കയാണ്; അമ്മ നിങ്ങൾക്കുവേണ്ടി ശക്തിയോടുകൂടി വാദിക്കുന്നുണ്ട്: നിങ്ങൾ മുറിയേല്പിച്ച ആൾ സൈപ്രസ്സിൽ വളരെ കേൾവിയും, വലിയവരുമായി ചാൎച്ചയുമുള്ള ഒരാളാണത്രേ; അതുകൊണ്ടു, വിവേകപൂൎവ്വമായി പ്രവൎത്തിക്കുകയാണെങ്കിൽ, നിങ്ങളുടെ അപേക്ഷ തള്ളുവാനേ തരമുള്ളു; എന്നൊക്കെയാണ് മൂപ്പർ മറുപടി പറഞ്ഞത്. പക്ഷെ അവിടുത്തെ മനസ്സിൽ നിങ്ങളെക്കുറിച്ച് ഇപ്പോഴും സ്നേഹമുണ്ടെന്നും, ഇനിയാദ്യം കിട്ടുന്ന അവസരത്തെ നിങ്ങളെ വീണ്ടും അകത്തേക്കു കടത്തുന്നതിന്നായി വിനിയോഗിക്കുവാൻ അവിടുത്തേക്കു നിങ്ങളെക്കുറിച്ചുള്ള മമതയല്ലാതെ മറെറാരു ശിപാൎശിക്കാരൻ ആവശ്യമില്ലെന്നും അവിടുന്ന് ഉറപ്പിച്ചു പറയുന്നുമുണ്ട്.

കാഷ്യോ—അതു ശരി, എന്നാലും ഞാനൊരപേക്ഷ ചെയ്തുകൊള്ളട്ടെ—നിങ്ങൾക്ക് അതു പാടുള്ളതാണെന്നോ ചെയ്യാൻ സാധിക്കുമെന്നോ തോന്നുന്നുണ്ടെങ്കിൽമാത്രം അനുവദിച്ചാൽ മതി താനും—എനിക്കു ഡെസ്ഡിമോണയോടു തനിച്ച് അല്പനേരം സംസാരിക്കുവാനുള്ള സൌകൎയ്യമുണ്ടാക്കിത്തരണം.

എമിലിയ—അകത്തേക്കു വരിൻ: നിങ്ങൾക്കു നിബ്ബാധമായി ഉള്ളുതുറന്നു സംസാരിക്കാൻ സൌകൎയ്യമുള്ള ഒരിടത്തു ഞാൻ നിങ്ങളെ നിൎത്താം.

കാഷ്യോ—എന്റെ നന്ദി പറഞ്ഞാലൊടുങ്ങാത്തതാണ്.

(എല്ലാവരും പോകുന്നു)

രംഗം 2

(അരമനയിൽ ഒരു മുറി. ഒഥെല്ലോ, ഇയാഗോ, ഏതാനും പൌരന്മാർ എന്നിവർ പ്രവേശിക്കുന്നു.)

ഒഥെല്ലോ—ഇയാഗോ, ഈ എഴുത്തുകൾ കപ്പിത്താനു കൊണ്ടുപോയി കൊടുക്കു; അയാൾമുഖേന ഭരണസമിതിയോടുള്ള എന്റെ ഉപചാരവും നിൎവ്വഹിയ്ക്കു. അതു കഴിഞ്ഞ് എന്റെ

അടുത്തേയ്ക്കു വരണം; ഞാൻ കോട്ടപ്പണി നടക്കുന്നിടത്തുണ്ടായിരിയ്ക്കും.

ഇയാഗോ—പ്രഭോ, കല്പിച്ചതുപോലെ ചെയ്യാം.

ഒഥെല്ലോ—മാന്യരെ പുതുതായി പണിചെയ്യുന്ന ആ കോട്ടയുടെ കാര്യം—നമുക്കതു ചെന്നൊന്നു നോക്കുകയല്ലേ.

പൌരന്മാർ—ഞങ്ങൾ അങ്ങയെ അനുഗമിയ്ക്കാം.

(എല്ലാവരും പോകുന്നു)

രംഗം 3

(അരമനയോടു ചേർന്നുള്ള ഉദ്യാനം, ഡെസ്ഡിമോണയും,കാഷ്യോവും, എമിലിയയും പ്രവേശിയ്ക്കുന്നു.)

ഡെസ്ഡിമോണ—കാഷ്യോ, നിനക്കൊരു കാര്യം ഉറപ്പിയ്ക്കാം. നിനക്കുവേണ്ടി എന്നാലാവുന്നതൊക്കെ ഞാൻ ചെയ്യും.

എമിലിയ—അമ്മേ, ചെയ്യണേ: തന്റെ സ്വന്തം കാര്യത്തിലെന്നപോലെ എന്റെ ഭർത്താവ് ഇതിനെക്കുറിച്ചു വേദിയ്ക്കുന്നുണ്ടെന്നെനിയ്ക്കറിയാം.

ഡെസ്ഡിമോണ—വിശ്വസിയ്ക്കാൻ കൊള്ളുന്നവനാണവൻ—കാഷ്യോ, നീ സംശയിയ്ക്കേണ്ട, ഭർത്താവും നീയും തമ്മിൽ പണ്ടുണ്ടായിരുന്ന സൌഹാർദ്ദം ഞാൻ വീണ്ടുമുണ്ടാക്കും.

കാഷ്യോ—കൃപാവതി, മൈക്കേൽ കാഷ്യോവിന് എന്തുതന്നെ സംഭവിച്ചാലും അവൻ എന്നെന്നും അവിടുത്തെ വിശ്വാസ്യഭൃത്യനായിത്തന്നെയിരിയ്ക്കും.

ഡെസ്ഡിമോണ—അതെനിയ്ക്കറിയാം,—ഞാൻ അതിന്നു നന്ദി പറയുന്നു. നീ അവിടുത്തെക്കുറിച്ചു കൂറുള്ളവനാണ്; അദ്ദേഹത്തെ വളരെക്കാലമായിട്ടറിയുകയും ചെയ്യും; നയത്തിന്ന് അത്യാവശ്യമായുള്ളിടത്തോളം ഒന്നു വിട്ടുനില്ക്കുകയല്ലാതെ, അതിലധികമായി വിദേശത്തിൽ അദ്ദേഹം അകന്നുനില്ക്കുകയില്ലെന്നു നിനക്കു നിസ്സംശയം തീർച്ചപ്പെടുത്താം.

കാഷ്യോ—അമ്മേ, അതു ശരി; പക്ഷെ ഈ നയം കുറെ ഏറെക്കാലത്തേയ്ക്കു നിലനിന്നേയ്ക്കാം; അല്ലെങ്കിൽ അതിനെ പോഷിപ്പിയ്ക്കുവാൻ ശിഥിലങ്ങളും നിസ്സാരങ്ങളുമായ സംഭവങ്ങളുണ്ടായേക്കാം; അതുമല്ലെങ്കിൽ, ഹേതുവിലും വളർക്കവിഞ്ഞ് അതു പെരുപ്പിയ്ക്കപ്പെട്ടേയ്ക്കാം: ഈ സ്ഥിതിയിൽ ഞാനിവിടെ ഇല്ലാതിരിയ്ക്കുകയും, എന്റെ സ്ഥാനത്തു മറ്റൊരാളുണ്ടായിരിയ്ക്കു

കയും കൂടിയാകുമ്പോഠം, എന്റെ കൂറും സേവനവും അവിടുന്നു മറന്നേയ്ക്കാൻ മതി.

ഡെസ്ഡിമോണ—അങ്ങിനെയൊരാശങ്കയേ വേണ്ട. ഈ നില്ക്കുന്ന എമിലിയ സാക്ഷിയായി, നിന്റെ ഉദ്യോഗം പോവുകയില്ലെന്നു ഞാൻ പ്രതിജ്ഞചെയ്യുന്നു: ഞാനൊരാളോട സുഹൃദ്ധർമ്മം വാഗ്ദാനം ചെയ്താൽ, അതിന്റെ ഏററവും ശിഥിലമായ എണ്ണമുംപ്പെടെ, ഞാനതു നിറവേററുമെന്നുറപ്പിച്ചോളൂ: അവിടുത്തേയ്ക്കു ഞാൻ വൈപരംകൊടുക്കില്ല; ഞാനദ്ദേഹത്തെ ഉറക്കമില്ലാതാക്കി മെരുക്കും; സംസാരിച്ചു സംസാരിച്ചു ഞാൻ പൊറുതി കെടുക്കും; അദ്ദേഹത്തിന്റെ കിടയ്ക്ക ഒരു പാഠശാലയായും, ഊൺകഴിയ്ക്കുന്ന സമയം കുററമേററുപറഞ്ഞു പാപമോചനം നേടുവാനുള്ള ഒരവസരമായും ഞാൻ മാററും; അദ്ദേഹം ചെയ്യുന്ന ഓരോ പ്രവൃത്തിയുടേയുംകൂടെ ഞാൻ കാഷ്യോവിന്റെ ഹരജിക്കാര്യം കൂട്ടിക്കലൎത്തും: അതുകൊണ്ടു, കാഷ്യോ, നീ സന്തുഷ്ടനായിരിയ്ക്കു; നിന്റെ വക്കീൽ മരിയ്ക്കുകയല്ലാതെ, നിന്റെ കേസ്സു തുലയ്ക്കില്ല.

എമിലിയ—അമ്മേ, ഇതാ, മൂപ്പരു വരുന്നു.

കാഷ്യോ—അമ്മേ, ഞാൻ പോകട്ടെ.

ഡെസ്ഡിമോണ—എന്തിന്? ഇവിടെത്തന്നെ നിന്നു ഞാൻ പറയുന്നതു കേഠക്കു.

കാഷ്യോ—ഇയ്യവസരത്തിൽ വേണ്ടമ്മേ: എനിയ്ക്കാകപ്പാടെ മനസ്സിന്നു സുഖമില്ല, എന്റെ കാര്യത്തിന്നുതന്നെ ഞാൻ കൊള്ളാതായിരിയ്ക്കുന്നു.

ഡെസ്ഡിമോണ—ശരി, നിന്റെ ഇഷ്ടംപോലെ ചെയ്യു.

(കാഷ്യോ പോകുന്നു)

(കയ്യിൽ കുറെ കടലാസ്സുകഠ പിടിച്ചുകൊണ്ട് ഒഥെല്ലോവും, ഇയാഗോവും പ്രവേശിയ്ക്കുന്നു.)

ഇയാഗോ—ങ്ഹ്! എനിയ്ക്കതു പിടിയ്ക്കുന്നില്ല.

ഒഥെല്ലോ—[പെട്ടെന്ന് ഇയാഗോവിന്റെ നേരെ തിരിഞ്ഞുകൊണ്ട്] എന്താ നീ പറഞ്ഞതു്?

ഇയാഗോ—ഒന്നുമില്ലങ്ങുന്നേ: അല്ലെങ്കിൽ—ഇല്ല, ഞാനൊന്നും അറിയുകയില്ല.

ഒഥെല്ലോ—[കൈയിലുള്ള കടലാസ്സുകഠ നോക്കുന്നു—അല്പനേരത്തെ മൌനം.] എന്റെ ഭാര്യയുടെ അടുക്കെനിന്നു പിരിഞ്ഞുപോയതു കാഷ്യോവല്ലേ?

ഇയാഗോ—കാഷ്യോ, അങ്ങുന്നേ? ആയിരിയ്ക്കുകയില്ല. അവിടുന്നു വരുന്നതു കാണുമ്പോൾ അയാൾ കള്ളനെപ്പോലെ ഒളിച്ചു മാറുമെന്ന് എനിയ്ക്കു തീർച്ചയായും വിചാരിയ്ക്കാൻ വയ്യ.

ഒഥെല്ലോ—എയ്യ്, അവൻതന്നെയാണെന്നാണെനിയ്ക്കു തോന്നുന്നത്. [മേശയ്ക്കരികെ ചെന്ന് അഗാധമായ ആലോചനയിൽ മുഴുകിനില്ക്കുന്നു.]

ഡെസ്ഡിമോണ—[അടുത്തു ചെന്നിട്ടു] പ്രാണനാഥ! [ഒഥെല്ലോ ഒന്നു ഞെട്ടി, അവളുടെ നെററിമേൽ ചുംബിയ്ക്കുന്നു.] ഞാനിവിടെ ഒരു ഹരജിക്കാരനോടു സംസാരിയ്ക്കുകയായിരുന്നു, അങ്ങയുടെ അപ്രീതിയ്ക്കു പാത്രമായി വലയുന്ന ഒരു പാവത്തിനോട്.

ഒഥെല്ലോ—ആരെയാണ് നീ ഉദ്ദേശിയ്ക്കുന്നത്?

ഡെസ്ഡിമോണ—അതെന്ത്, അങ്ങയുടെ ലഫ്ടനൻറ് കാഷ്യോതന്നെ. എൻെറ അപേക്ഷയനുവദിയ്ക്കാൻമാത്രം എൻെറ പേരിൽ അവിടുത്തേയ്ക്കു വല്ല കൃപയുമുണ്ടെങ്കിൽ, അങ്ങിനെ ചെയ്യിയ്ക്കുവാൻ വല്ല ശക്തിയും എനിയ്ക്കുണ്ടെങ്കിൽ, അവൻ ഇപ്പോൾ ചെയ്യുന്ന പ്രായശ്ചിത്തത്തെ അവിടുന്നു കൈക്കൊള്ളണം. അങ്ങയെ യഥാർത്ഥമായി സ്നേഹിയ്ക്കുന്നവനും, കരുതിക്കൂട്ടിയല്ല, അജ്ഞതകൊണ്ടുമാത്രം തെററു ചെയ്തുപോയവനുമല്ല അവനെങ്കിൽ, വിശ്വസിയ്ക്കുവാൻ കൊള്ളുന്ന ഒരുവൻെറ മുഖം കണ്ടാൽ എനിയ്ക്കു തിരിച്ചറിയാൻ കഴിയുകയില്ലെന്നാണതിൻെറ അർത്ഥം. ഞാനപേക്ഷിയ്ക്കുന്നു, ഒന്നവനെ മടക്കിവിളിയ്ക്കണേ!

ഒഥെല്ലോ—അവനാണോ ഇവിടെനിന്നിപ്പോൾ പോയത്?

ഡെസ്ഡിമോണ—അതേ, നേര്; അവനോടൊപ്പം ഞാനും കഷ്ടപ്പാടനുഭവിയ്ക്കാൻ തക്കവണ്ണം തൻെറ ദുഃഖത്തിൻെറ ഒരോഹരി എനിയ്ക്കു തന്നിട്ടാണവൻ പോയത്, അത്രയ്ക്കുവൻ പാവപ്പെട്ടിരിയ്ക്കുന്നു. എൻെറ പ്രാണനാഥനല്ലേ, ഒന്നവനെ തിരികേ വിളിക്കൂ.

ഒഥെല്ലോ—ഓമനേ, ഇപ്പോൾ വയ്യാ; പിന്നെയൊരവസരത്തിലാവാം.

ഡെസ്ഡിമോണ—അടുത്ത അവസരത്തിൽ?

ഒഥെല്ലോ—തങ്കം, നിനക്കുവേണ്ടി വിചാരിച്ചതിലും അടുത്താക്കാം.

ഡെസ്ഡിമോണ—ഇന്നു രാത്രി, അത്താഴസമയത്ത്?

ഒഥെല്ലോ—വയ്യാ, ഇന്നു രാത്രി വയ്യാ.

ഡെസ്ഡിമോണ—എന്നാൽ നാളെ പകൽ ഭക്ഷണസമയത്ത്?

ഒഥെല്ലോ—നാളെ എനിയ്ക്കു ഊണ് വീട്ടിൽവെച്ചല്ല; കോട്ടയിൽ സൈന്യാധിപന്മാരെ എതിരേല്ക്കുവാൻ പോകണം.

ഡെസ്ഡിമോണ—എന്നാൽ നാളെ രാത്രി; അല്ലെങ്കിൽ ചൊവ്വാഴ്ച രാവിലെ; ചൊവ്വാഴ്ച ഉച്ചയ്ക്ക്, രാത്രി; ബുധനാഴ്ച രാവിലെ:—ഞാനങ്ങയോടപേക്ഷിയ്ക്കുന്നു, എപ്പോഴാണെന്നു പറയു; പക്ഷെ അതു മൂന്നു ദിവസത്തിന്നപ്പുറത്താക്കാൻ പാടില്ല: വാസ്തവമായി അവൻ പശ്ചാത്തപിയ്ക്കുന്നുണ്ട്; എന്നാലും അവന്റെ തെററു നമ്മുടെ ഒരു സാധാരണക്കണക്കിൽ—യുദ്ധകാലങ്ങളിൽ ഏററവും നല്ലവക്കാണ് മാതൃകാശിക്ഷകൾ നല്ക്കേണ്ടതെന്ന് ആളുകൾ പറയുമെന്ന വാസ്തയൊഴിച്ച്—സ്വകാര്യസൈഹാർത്ഥത്തെത്തടയുവാൻമാത്രം അത്ര വമ്പിച്ച ഒരു തെററല്ലതാനും. അവൻ എപ്പോഴാണ് വരേണ്ടത്? പ്രാണനാഥൻ എന്നോടു പറയൂ: ഞാൻ എന്റെ ഉള്ളിൽ അത്ഭുതപ്പെടുകയാണ്, ഞാൻ തള്ളുകയോ, അല്ലെങ്കിൽ ഇങ്ങിനെ അങ്ങുമിങ്ങുമില്ലാതെ ശങ്കിച്ചുനില്ക്കുകയോ ചെയ്യാനിടവരുത്തുന്ന എന്തൊരു കാര്യമാണ് അങ്ങെയ്ക്ക് എന്നോട് ആവശ്യപ്പെടുവാനുണ്ടാവുകയെന്ന്. എന്ത്! അങ്ങയുടെ പ്രേമസന്ദർശനവേളകളിൽ കൂടെവരാറുണ്ടായിരുന്ന മൈക്കേൾ കാഷ്യോ—പല പ്രാവശ്യവും അങ്ങയെപ്പററി ഞാൻ ഇടിച്ചു സംസാരിയ്ക്കാറുണ്ടായിരുന്നപ്പോൾ അങ്ങയുടെ പക്ഷംപിടിച്ചു വാദിച്ച കാഷ്യോ—അവനെ വീണ്ടും സ്വീകരിപ്പിയ്ക്കുവാൻ ഇത്രയൊക്കെപ്പണിപ്പെടണമെന്നോ! വാസ്തവത്തിൽ ഞാനായിരുന്നെങ്കിൽ—

ഒഥെല്ലോ—ഞാനപേക്ഷിയ്ക്കുന്നു, ഇനിയധികം പറയേണ്ട. അവൻ എപ്പോഴാണ് വരുന്നതെങ്കിൽ, വരട്ടെ; നിനക്കു യാതൊന്നും ഞാൻ നിഷേധിയ്ക്കുകയില്ല.

ഡെസ്ഡിമോണ—ഓ, ഇതൊരു വലിയ വരമൊന്നുമല്ല; ഇതിപ്പോൾ ഞാൻ അങ്ങയോടു കൈയുറകൾ ധരിയ്ക്കുവാനോ, ദേഹത്തെ പോഷിപ്പിയ്ക്കുന്ന ആഹാരം കഴിയ്ക്കുവാനോ, ശരീരത്തിന്നു തണുപ്പു തട്ടിയ്ക്കാതിരിയ്ക്കാനോ, അല്ലെങ്കിൽ അങ്ങെയ്ക്കു മാത്രമായി ആദായമുണ്ടാക്കുന്ന വല്ലതും ചെയ്യാനോ അപേക്ഷിച്ചതുപോലെയല്ലേ ഉള്ളു? നേരെമറിച്ച്, അങ്ങയുടെ പ്രേമത്തെ

യഥാൎത്ഥമായി പരീക്ഷിക്കുന്ന വല്ല അഭ്യൎത്ഥനയും എനിക്കു ചെയ്യാനുണ്ടാകുമ്പോൾ അതു് ഏററവും ഗൌരവമുള്ളതും, ദുൎഘടവും, അനുവദിക്കുന്നതിനെപ്പററി ഭയം ജനിപ്പിക്കുന്നതുമായിരിക്കും.

ഒഥെല്ലോ—ഞാൻ നിനക്കു യാതൊന്നും നിഷേധിക്കുകയില്ല; അതിനെ ആസ്പദിച്ചു് എനിക്കു് ഒരൊററ ഉപകാരം ചെയ്യാൻ ഞാൻ നിന്നോടപേക്ഷിക്കുന്നു: കുറച്ചു നേരം തനിച്ചിരിക്കുവാൻ എന്നെ അനുവദിക്കണം.

ഡെസ്ഡിമോണ—ഞാൻ അങ്ങയോടു വയ്യെന്നു പറയുമോ? ഒരിക്കലുമില്ല: പ്രാണനാഥാ, ഞാൻ പോയിവരട്ടെ.

ഒഥെല്ലോ—ഓമനേ, അങ്ങിനെയാട്ടെ: ഞാൻ ഉടനെ അങ്ങോട്ടെത്തിക്കൊള്ളാം.

ഡെസ്ഡിമോണ—എമിലിയേ, വരൂ—യഥേഷ്ടമിരുന്നുകൊള്ളണം; അങ്ങു് ഏതവസ്ഥയിലായാലും, ഞാൻ വിധേയതന്നെയാണു്.

(എമിലിയയോടുകൂടി പോകുന്നു)

ഒഥെല്ലോ—ഹാ, അനുത്തമമായ പ്രേമഭാജനമേ, നിന്നെ ഞാൻ സ്നേഹിക്കുന്നില്ലെങ്കിൽ, എന്റെ ആത്മാവു് വിനാശഗൎത്തത്തിന്റെ അഗാധതയിലേയ്ക്കാപതിക്കട്ടെ! ഞാൻ നിന്നെ സ്നേഹിക്കാതിരിക്കുന്ന കാലത്തു ബ്രഹ്മാണ്ഡമുടഞ്ഞതലസിപ്പോയ സ്ഥിതി വീണ്ടും വന്നുചേരുകയും ചെയ്യും.

ഇയാഗോ—പ്രഭോ,—

ഒഥെല്ലോ—നീ എന്താണു് പറഞ്ഞതു് ഇയാഗോ?

ഇയാഗോ—അങ്ങു് അമ്മയെ വിവാഹം ചെയ്യുന്നതിന്നുമുമ്പു കാഷ്യോ അങ്ങയുടെ പ്രണയചരിത്രത്തെക്കുറിച്ചറിഞ്ഞിരുന്നുവോ?

ഒഥെല്ലോ—തുടക്കംതൊട്ടൊടുക്കത്തോളം അവനറിഞ്ഞിരുന്നു; എന്തേ നീയതന്വേഷിക്കുന്നതു്?

ഇയാഗോ—എന്റെ മനസ്സിലുണ്ടായിരുന്ന ഒരു സംശയനിവാരണത്തിന്നുവേണ്ടിമാത്രം; അതിലധികം യാതൊരു ദുരൎത്ഥവും ഉദ്ദേശിച്ചിട്ടല്ല.

ഒഥെല്ലോ—എന്തുകൊണ്ടാണിയാഗോ, നീ 'മനസ്സിലുണ്ടായിരുന്ന' എന്നു പറയുന്നതു്?

ഇയാഗോ—അവനു് അവരെ മുമ്പേ പരിചയമായിരുന്നു എന്നു ഞാൻ മനസ്സിലാക്കിയിരുന്നില്ല.

ഒഥെല്ലോ—അതെയതെ; എന്നുമാത്രമല്ല, പലപ്പോഴം അവൻ ഞങ്ങരംക്ക മധ്യസ്ഥനായി അങ്ങോട്ടുമിങ്ങോട്ടും പോയിവരാറുണ്ടായിരുന്നു.

ഇയാഗോ—അങ്ങിനെവരട്ടേ!

ഒഥെല്ലോ—അങ്ങിനെവരട്ടെ? അതേ, അങ്ങിനെതന്നെയാണുള്ളത്:—അതിനെപ്പററി നിനക്കെന്തെങ്കിലും തോന്നുന്നുണ്ടോ? അവൻ മര്യാദക്കാരനല്ലേ?

ഇയാഗോ—മര്യാദക്കാരനോ, എന്നോ?

ഒഥെല്ലോ—അതെ, മര്യാദക്കാരൻ?

ഇയാഗോ—പ്രഭോ, എനിയ്ക്കറിവുള്ളിടത്തോളം, ആയിരിയ്ക്കാം.

ഒഥെല്ലോ—നീ എന്തു വിചാരിയ്ക്കുന്നു?

ഇയാഗോ—വിചാരിയ്ക്കുകയോ, അങ്ങുന്നേ?

ഒഥെല്ലോ—'വിചാരിയ്ക്കുകയോ, അങ്ങുന്നേ!' പ്രദശിപ്പിയ്ക്കാനരുതാത്തവിധത്തിൽ അത്രയും ഭയങ്കരമായ എന്തോ ഒരു കരാളസത്വം വിചാരത്തിൽ കുടികൊണ്ടിരിയ്ക്കുന്നതുപോലെ, ഈശ്വരനാണേ, ഇവൻ, മാറെറാലിയെന്നോണം, ഞാൻ പറയുന്നത് ഏററുപാടുകയാണ് ചെയ്യുന്നത്: കാഷ്യോ എൻെറ ഭാര്യയുടെ അടുത്തുനിന്നു പിരിഞ്ഞുപോകുമ്പോരം നിനക്ക് അതത്ര പിടിയ്ക്കുന്നില്ലെന്ന് ഒരിത്തിരി മുമ്പ് നീ പറഞ്ഞതു ഞാൻ കേട്ടിരിയ്ക്കുന്നു: എന്താണ് നിനക്ക പിടിയ്ക്കാതിരുന്നത്?. എൻെറ പ്രണയത്തിൻെറ പ്രാരംഭഘട്ടത്തിൽ മുഴുവനും എൻെറ ഉള്ളുകള്ളികരം അറിഞ്ഞ ഒരുവനായിരുന്നു അവനെന്നു ഞാൻ പറഞ്ഞപ്പോരം, നീ 'അങ്ങിനെവരട്ടേ!' എന്നു പറഞ്ഞു ഭയാനകമായ എന്തോ ഭാവനയെ അപ്പോരംതന്നെ നിൻെറ തലച്ചോറിന്നുള്ളിലേയ്ക്ക തള്ളിയടച്ചു പിടിച്ചതുപോലെ, നിൻെറ കൺപുരികങ്ങളെ കൂട്ടിപ്പിണച്ചു കോട്ടുകയുംചെയ്തു. എന്നെക്കുറിച്ചു നിനക്ക വല്ല സ്നേഹവുമുണ്ടെങ്കിൽ, നിൻെറ ഉള്ള് എന്നെ തുറന്നുകാണിയ്ക്കുക.

ഇയാഗോ—പ്രഭോ, ഞാൻ അങ്ങയെ സ്നേഹിയ്ക്കുന്നുണ്ടെന്ന് അങ്ങ് അറിയുമല്ലോ.

ഒഥെല്ലോ—ഉണ്ടെന്നാണ് എൻെറ വിശ്വാസം. കൂറും, നെറിയും നിറഞ്ഞവനാണ് നീയെന്നും, വാക്കുകളുടെ തൂക്കം നോക്കിയേ നീ അവയ്ക്കു പ്രാണൻ കൊടുക്കുകയുള്ളു എന്നും ഞാനറിയുന്നതുകൊണ്ട് നിൻെറ ഈ പൊടുന്നനെയുള്ള നിത്തല്യ

കരം എന്നെ അധികം ഭയപ്പെടുത്തുകയാണ് ചെയ്യുന്നത്; വിശ്വാസഘാതുകനും സ്വാമിദ്രോഹിയുമായ ഒരു വഞ്ചകനെസ്സംബന്ധിച്ചിടത്തോളം ഇത്തരം ചേഷ്ടിതങ്ങരം പതിവനുസരിച്ചുള്ള കള്ളത്തന്ത്രങ്ങരംമാത്രമാണ്; പക്ഷെ ന്യായസ്ഥനായ ഒരു മനുഷ്യനിൽ, വികാരത്തിന്നു വിധേയമല്ലാത്ത ഹൃദയത്തിൽനിന്നുയരുന്ന ഗൂഢാക്ഷേപങ്ങ 1 ളാണിവ.

ഇയാഗോ—മൈക്കാം കാഷ്യോവിനേപ്പററി, അയാരം ഒരു മര്യാദക്കാരനാണെന്ന്, സത്യത്തിന്മേൽ, പറയാമെന്നുതന്നെയാണെന്റെ അഭിപ്രായം.

ഒഥെല്ലോ—അങ്ങിനെതന്നെ ഞാനും വിചാരിയ്ക്കുന്നു.

ഇയാഗോ—മനുഷ്യർ കാഴ്ച്ചയ്ക്കനുസരിച്ച സ്വഭാവത്തോടുകൂടിയവരായിരിയ്ക്കണമല്ലോ; അങ്ങിനെയല്ലാത്തവരുണ്ടെങ്കിൽ, അവർ അങ്ങിനെ തോന്നിയ്ക്കാതിരിയ്ക്കട്ടെ, എന്നാണെന്റെ പ്രാർത്ഥന.

ഒഥെല്ലോ—തീർച്ചയായും, മനുഷ്യർ കാഴ്ച്ചയ്ക്കനുസരിച്ച സ്വഭാവത്തോടു കൂടിയവരായിരിയ്ക്കണം.

ഇയാഗോ—ആഃ—എന്നാൽ കാഷ്യോ ഒരു മര്യാദക്കാരനാണെന്നു ഞാൻ വിചാരിയ്ക്കുന്നു.

ഒഥെല്ലോ—അതല്ല; അതിലധികമായി എന്തോ ഇതിലുണ്ട്. ഞാനപേക്ഷിയ്ക്കുന്നു, നീ ആലോചിച്ചുകൊണ്ടിരിയ്ക്കുമ്പോരം നിന്റെ ചിന്തകളോടെന്നപോലെ, എന്നോടു തുറന്നുസംസാരിയ്ക്കുക. നിന്റെ ഏററവും ഹീനങ്ങളായ ചിന്തകരം ഏററവും ഹീനങ്ങളായ വാക്കുകളിൽ എന്നോടു പറയൂ.

ഇയാഗോ—പ്രഭോ, എന്നെ മാപ്പാക്കണം: മുറപ്രകാരമുള്ള ഏതു കർത്തവ്യത്തോടും ഞാൻ ബദ്ധൻതന്നെ; പക്ഷെ ഏതടിമയ്ക്കും സ്വാതന്ത്ര്യമുള്ള ഇയ്യൊരു സംഗതിയെസ്സംബന്ധിച്ച് ഞാൻ ബദ്ധനല്ല. എന്റെ വിചാരങ്ങളെ തുറന്നുപറയുകയോ? അവ നികൃഷ്ടങ്ങളും അയഥാർത്ഥങ്ങളുമാണെന്നു കരുതിക്കൊള്ളണം,—മലിന

---

1 Dilations എന്നാണ് ഫോളിയോപാഠം, അതു സ്വീകരിയ്ക്കുകയാണെങ്കിൽ, "നിർത്തലുകരം" (Stops) എന്ന മുൻവാചകത്തിലുള്ള പദത്തിന്റെ വല്ല പര്യായഭേദത്തെയും ഇവിടെ പ്രയോഗിയ്ക്കുകയാണ് വേണ്ടത്. ഡോക്ടർ ജോൺസനാണ് ഫോളിയോപാഠത്തെത്തിരുത്തി Delations (അഭിയോഗം, ആക്ഷേപം, ദൂഷണം) എന്നാക്കിയത്. ഈ തിരുത്തലിനെ, നൈററ്, സ്റ്റോരംഫ്, വൈററ് എന്നീ വ്യാഖ്യാതാക്കന്മാരെത്തുടർന്നു, ഞാനും സ്വീകരിച്ചിരിയ്ക്കുന്നു.

വാസ്തക്കാം ചിലപ്പോഴെങ്കിലും കടന്നുകൂടാത്ത സ്ഥലമെവിടെ? ന്യായ്യചിന്തനങ്ങളുടെകൂടെ മലീമസശങ്കകളും, ഇടയ്ക്ക്, പഞ്ചായത്തിൽ, ഒരുമിച്ചിരുന്നു കാര്യവിചാരം ചെയ്യാത്തവിധത്തിൽ അത്യും പരിശുദ്ധമായ ഹൃദയം ആക്കുണ്ട്?

ഒഥെല്ലോ—ഇയാഗോ, നിന്റെ സുഹൃത്തിന്നു വല്ലതുമൊരപകാരം ചെയ്യപ്പെട്ടിട്ടുണ്ടെന്നു നീ വിചാരിക്കുകയും, നിന്റെ വിചാരത്തെ നീ അയാളുടെ ശ്രുതിപഥത്തിൽനിന്നകററി നിൎത്തുകയും ചെയ്യുന്നുണ്ടെങ്കിൽ, അയാൾക്കെതിരായുള്ള ദുഷ്ടമായ കൂട്ടുകെട്ടിൽ നീയും പങ്കുകൊള്ളുകയാണ്.

ഇയാഗോ—ഞാനങ്ങയോട് അഭ്യൎത്ഥിച്ചുകൊള്ളട്ടേ—ഒരു വേള, എന്റെ അഭ്യൂഹം എന്നെ ഒരു പാപിയാക്കിത്തീൎത്തേയ്ക്കാം; നടപടിദോഷങ്ങളിൽ ചുഴിഞ്ഞുനോക്കുകയെന്നത് എന്റെ സ്വഭാവത്തിന്റെ നാശംപിടിച്ച ഒരു രോഗമാണെന്നു ഞാൻ സമ്മതിക്കുന്നു; പലപ്പോഴും എന്റെ ശങ്ക ഇല്ലാത്ത കുററങ്ങൾക്ക് ആകാരം നല്കിയിട്ടുമുണ്ട്—ഇത്രത്തോളം ന്യൂനഭാവനകളോടുകൂടിയ ഒരുവനിൽനിന്ന് അങ്ങയുടെ പകച്ചബുദ്ധി ഈ ഘട്ടത്തിൽ യാതൊന്നും ഗ്രഹിച്ചുപോകരുത്; അവന്റെ തീച്ചയും സൂക്ഷ്മമില്ലാത്ത പതറിപ്പായുന്ന അവലോകനങ്ങളിൽനിന്ന് അങ്ങേയ്ക്കുതന്നെ അങ്ങൊരു ശല്യമുണ്ടാക്കിത്തീൎക്കുകയുമരുത്:—പ്രഭോ, എന്റെ വിചാരങ്ങളെ അങ്ങയെ അറിയിക്കുന്നത് എന്റെ പൌരുഷത്തിനോ, വിവേകത്തിന്നോ, അങ്ങയുടെ മനഃസ്വാസ്ഥ്യത്തിന്നോ, നന്മയ്ക്കോ അഭിലഷണീയമല്ല.

ഒഥെല്ലോ—എന്താണ് നിന്റെ അന്തൎഗ്ഗതം?

ഇയാഗോ—പ്രഭോ, സ്വാമിൻ, പുരുഷനെസ്സംബന്ധിച്ചാകട്ടെ, സ്ത്രീയെസ്സംബന്ധിച്ചാകട്ടെ, നല്ല പേരാണ് അവരുടെ ആത്മാവിന്റെ ഏററവും അമൂല്യമായ അലങ്കാരം: എന്റെ പണം കട്ടുകൊണ്ടുപോകുന്നവൻ ചവറാണ് കട്ടുകൊണ്ടുപോകുന്നത്; അതല്പസാരമാണ്, നിസ്സാരമാണ്; ഒരിക്കൽ അത് എന്റേതായിരുന്നു, ഇന്ന് അത് അവന്റേതാണ്, ആയിരമാളുടെ ചൊല്പടിക്കു നിന്നുകഴിഞ്ഞതാണത്; പക്ഷെ എന്റെ നല്ല പേരിനെ എന്നിൽനിന്നു തട്ടിക്കൊണ്ടുപോകുന്നവൻ, അവനെ ധനികനാക്കാതെ എന്നെ തീച്ചയായും നിൎദ്ധനനാക്കുന്ന വസ്തുവേയാണ് ചോരണം ചെയ്യുന്നത്.

ഒഥെല്ലോ—ഈശ്വരനാണ്, ഞാൻ നിൻെറ വിചാരം അറിഞ്ഞ ഇരിയ്ക്കട്ടെ.

ഇയാഗോ—എൻെറ ഹൃദയം അങ്ങയുടെ ഉള്ളംകൈയിലായിരുന്നുവെങ്കിൽക്കൂടി, അതെന്തെന്ന് അറിയാൻ കഴിയുകയില്ല; അതെൻെറ അധീനതയിലായിരിയ്ക്കുന്ന കാലത്തോളം അങ്ങ് അറിയാൻ പോകുന്നുമില്ല.

ഒഥെല്ലോ—ഹഃ!

ഇയാഗോ—പ്രഭോ, പ്രേമാശങ്കയെ സൂക്ഷിയ്ക്കണേ; തൻെറ തീററയെ താൻതന്നെ പരിഹസിയ്ക്കുന്ന പച്ചക്കണ്ണുകളോടുകൂടിയ ഭയങ്കരരക്ഷസ്സാണത്:1 തന്നെച്ചതിയ്ക്കുന്നവളെ, അങ്ങിനെയാണ് തൻെറ തലയിലെഴുത്തെന്നു നല്ലവണ്ണം മനസ്സിലാക്കി, സ്നേഹിയ്ക്കാതിരിയ്ക്കുന്ന കുലടാകാന്തൻ സസന്തോഷം നാൾ കഴിയ്ക്കുന്നു; പക്ഷെ സ്നേഹിയ്ക്കുകയും അതേ സമയത്ത സന്ദേഹിയ്ക്കുകയും ചെയ്യുന്നവൻ—ശങ്കയോടുകൂടി തീവ്രരാഗവും ഉൾക്കൊണ്ടവൻ—അയ്യോ, എന്തു നരകവേദനയടങ്ങിയ നിമേഷങ്ങളാണ് അവൻ എണ്ണിക്കഴിയ്ക്കേണ്ടത്!

ഒഥെല്ലോ—അഹോ, കരാളദൈന്യത!

ഇയാഗോ—ദരിദ്രനും തൃപ്തനുമായവൻ ധനികനാണ്, ആവശ്യത്തിന്നുമാത്രം ധനികനാണ്; എന്നാൽ സദാ ദാരിദ്ര്യഭീതിയോടുകൂടിയവന്ന് അമേയസമ്പത്തുപോലും ഹേമന്തംപോലെ ഫലശൂന്യമായിത്തീരുന്നു:—ജഗദീശ്വരാ, കൃപാലോ, ഇയ്യുള്ളവരുടെയെല്ലാം ആത്മാക്കളെ പ്രേമാശങ്കയിൽനിന്നു രക്ഷിയ്ക്കണേ!

ഒഥെല്ലോ—എന്ത്, എന്തിനാണിത്? ചന്ദ്രൻെറ ക്ഷയവൃദ്ധികളെ പ്രതിനവങ്ങളായ സന്ദേഹങ്ങളോടുകൂടി പിന്തുടൎന്നുകൊണ്ടു ശങ്കാവിലമായ ഒരു ജീവിതം ഞാൻ കഴിച്ചുകൂട്ടുമെന്നാണോ നീ വിചാരിയ്ക്കുന്നത്? ഇല്ല; ഞാൻ ഒരിയ്ക്കൽ ശങ്കിയ്ക്കുന്നത് എന്നെന്നേയ്ക്കുമായി രണ്ടാലൊന്നു തീൎച്ചപ്പെടുത്തുവാനായി

1 ഈ വാചകത്തിൽ 'പരിഹസിയ്ക്കുക' (Mock) എന്നതിന്നു പകരം 'നിൎമ്മിയ്ക്കുക' (Make) എന്ന തിയൊബാൾഡിൻെറ തിരുത്തൽ ഞാൻ അംഗീകരിച്ചിട്ടില്ല. സുഗ്രാഹ്യമായ ഭാവം ഇനിയും കിട്ടിക്കഴിഞ്ഞിട്ടില്ലാത്ത മൂലവാചകത്തിൻെറ പരിഭാഷയെ ഞാൻ, എനിയ്ക്ക് ഏററവും യുക്തിസഹങ്ങളെന്നു തോന്നിയ ഹണ്ടർ, സ്റ്റോൺടൺ, ഡോക്ടർ ഫർണെസ് എന്നിവരുടെ വ്യാഖ്യാനങ്ങളോട് ആടുപ്പിയ്ക്കുകയാണ് ചെയ്തിട്ടുള്ളത്.

രിയ്ക്കും. * എന്റെ അന്തഃകരണപ്രവൃത്തിയെ, നിന്റെ അനുമാനത്തിനൊത്ത തരത്തിൽ, വീൎത്തു പൊള്ളയായ അഭ്യൂഹങ്ങളിലേയ്ക്കു ഞാൻ തിരിച്ചുവിടുന്ന കാലത്തു് എന്നെ ഒരു കോലാട്ടിന്നു പകരം കൊടുത്തോളൂ. എന്റെ ഭാൎയ്യ രൂപവതിയാണെന്നോ, അവൾ നല്ലവണ്ണം ആഹാരം കഴിയ്ക്കുന്നുണ്ടെന്നോ, കൂട്ടുകാരുടെ സാഹചൎയ്യം ഇഷ്ടപ്പെടുന്നുണ്ടെന്നോ, ആരോടും നിശ്ശങ്കം സംസാരിയ്ക്കുമെന്നോ, പാട്ടുപാടുമെന്നോ, കളിയ്ക്കുമെന്നോ, നല്ലവണ്ണം നൃത്തം ചെയ്യുമെന്നോ പറയുന്നതുകൊണ്ടൊന്നും ഞാൻ അവളുടെ ചാരിത്രത്തെ ശങ്കിയ്ക്കുകയില്ല; നന്മയുള്ളിടത്തു് ഇവയൊക്കെ അധികനന്മയെക്കുറിയ്ക്കുന്നവയാണ്. എന്റെ അയോഗ്യതകളിൽനിന്നു് അവളുടെ പാതിവ്രത്യദൂഷണത്തെക്കുറിച്ചു ഭയത്തിന്റേയോ ശങ്കയുടേയോ ഒരു കണികയെങ്കിലും ഞാൻ ഉല്പാദിപ്പിയ്ക്കുകയുമില്ല; കാരണം, കണ്ണു തുറന്നുകൊണ്ടുതന്നേയാണവൾ എന്നെ വരിച്ചതു്. ഇല്ല, ഇയാഗോ; കണ്ടതിന്നുശേഷമേ ഞാൻ ശങ്കിയ്ക്കുകയുള്ളു; ശങ്കിയ്ക്കുന്നതോടൊപ്പം ഞാൻ തെളിയിയ്ക്കുകയും ചെയ്യും; തെളിവിനെ ആസ്പദിച്ചു് ഒരേ ഒരു കാൎയ്യമേ പിന്നീടുള്ളു—ഒന്നുകിൽ പ്രേമത്തിന്റെ, അല്ലെങ്കിൽ സന്ദേഹത്തിന്റെ, കഥ അതോടുകൂടി കഴിഞ്ഞു.

ഇയാഗോ—ഞാൻ അതിനെക്കുറിച്ചു സന്തോഷിയ്ക്കുന്നു; കാരണം, അങ്ങയോടുള്ള സ്നേഹവും സ്വാമിഭക്തിയും എനിയ്ക്കിപ്പോൾ കുറച്ചുകൂടി ഉള്ളു തുറന്നു കാണിയ്ക്കാം; മുറപ്രകാരമുള്ള എന്റെ ബാദ്ധ്യത ഞാൻ നിറവേററുകയാണെന്ന നിലയ്ക്കു് അങ്ങു് അതിനെ സ്വീകരിയ്ക്കണം:—ഞാനീ ഘട്ടത്തിൽ തെളിവിനെപ്പററി യാതൊന്നും പറയുന്നില്ല. അങ്ങയുടെ ഭാൎയ്യയെ സൂക്ഷിയ്ക്കണം; കാഷ്യോവുമായുള്ള അവളുടെ പെരുമാററം നോക്കി മനസ്സിലാക്കണം; അങ്ങയുടെ കണ്ണു്, ഇതാ, ഇങ്ങിനെയിരുന്നോട്ടെ, ശങ്കിയ്ക്കുന്നുമില്ല, വിശ്വസിയ്ക്കുന്നുമില്ല എന്ന നിലയിൽ: അങ്ങയുടെ സ്വാഭാവികമായ നിഷ്കാപട്യത്തേയും, ഔദാൎയ്യത്തെയും, അങ്ങയുടെ മഹാനുഭാവതാം നിമിത്തം, മററുള്ളവർ ദുരുപയോഗപ്പെടുത്തുന്നതു് എനിയ്ക്കു സഹിയ്ക്കാൻകഴിയുന്നില്ല; നല്ലവണ്ണം കരുതിയിരിയ്ക്കണം: എന്റെ നാട്ടിലെ പെണ്ണുങ്ങളുടെ മട്ടു് എനിയ്ക്കു് അസ്സലായറിയാം; വെനീസ്സിൽ തങ്ങളുടെ ഭൎത്താക്കന്മാരെ കാണിയ്ക്കാൻ അവർ ധൈൎയ്യ

* ജൎമ്മൻവ്യാഖ്യാതാവായ ഷ്മിററി(Schmidt)നെ അനുസരിച്ചുകൊണ്ടു്.

പ്പെടാത്ത കളികഠം ഈശ്വരൻ കാണെ കളിയ്ക്കുന്നതിന്ന് അവക്കു യാതൊരു കൂസലുമില്ല; അവരുടെ ഏററവും ഉൽകൃഷ്ടമായ സദാചാരനിഷ്ഠ ചെയ്യാതിരിയ്ക്കണമെന്നതല്ല, ചെയ്തു മററുള്ളവരറിയാതെ ഒളിച്ചുവെയ്ക്കണമെന്നതാണ്.

ഒഥെല്ലോ—അങ്ങിനെയാണ് നിൻെറ അഭിപ്രായം?

ഇയാഗോ—അങ്ങയെ വിവാഹംചെയ്യുന്നതിൽ അവഠംതൻെറ അച്ഛനെ വഞ്ചിച്ചു; അങ്ങയുടെ ആകൃതി കണ്ടു ഭയപ്പെട്ടു വിറയ്ക്കുന്നതായി അഭിനയിച്ച സമയത്ത് അവഠം അങ്ങയിൽ ഏററവും അനുരക്തയായിരുന്നില്ലേ?

ഒഥെല്ലോ—അതു വാസ്തവമാണ്.

ഇയാഗോ—എന്നാൽ അതിലൂടെ വഴി എളുപ്പമാണല്ലോ; അത്ര ചെറുപ്പത്തിൽ തൻെറ അച്ഛൻെറ കണ്പോളകളെ ഓരായം ചേത്ത മരപ്പലകകഠംപോലെ വിടവുവെയ്ക്കാതെ അടയ്ക്കുവാൻതക്ക നാട്യം നടിയ്ക്കുന്നതിന്നു പോന്ന ഒരു പെണ്ണ്—പാവം, ആദ്ദേഹം വിചാരിച്ചു, അതു മന്ത്രവാദമാണെന്ന്:—പക്ഷെ, ഞാൻ വലിയ തെററാണ് ചെയ്യുന്നത്; അങ്ങയെ അതിരുകവിഞ്ഞു സ്നേഹിയ്ക്കുന്നതിന്നു ഞാൻ അങ്ങയോടു സവിനയം മാപ്പിന്നിരക്കുന്നു.

ഒഥെല്ലോ—ഞാൻ നിന്നോട് എന്നെന്നേയ്ക്കും കൃതജ്ഞതാബദ്ധനാണ്.

ഇയാഗോ—ഇത് അങ്ങേയ്ക്കു തെല്ലൊരു മനസ്സിടിവുണ്ടാക്കിയതുപോലെ തോന്നുന്നല്ലോ.

ഒഥെല്ലോ—അയ്യേ, ഇല്ല; ഒരു ലേശവുമില്ല.

ഇയാഗോ—സത്യമായി, അല്പമുണ്ടെന്നു ഞാൻ ഭയപ്പെടുന്നു. അങ്ങയെക്കുറിച്ചുള്ള എൻെറ സ്നേഹത്തിൽനിന്നാണ് ഞാനിപ്പറഞ്ഞതിൻെറ ഉത്ഭവമെന്ന് അങ്ങുന്ന് കരുതുമെന്നു ഞാൻ വിശ്വസിയ്ക്കുന്നു;—പക്ഷെ അങ്ങു വല്ലാതെ ക്ഷോഭിച്ചിരിയ്ക്കുന്നതായി ഞാൻ കാണുന്നു:—എൻെറ വാക്കുകളെ സന്ദേഹത്തെക്കാഠം ദൃഢമായ ഒരു തീരുമാനത്തിലേക്കോ, അതിൻെറ പരിധിയ്ക്കപ്പുറത്തുള്ള ഒരനുമാനത്തിലേയ്ക്കോ പരന്നിപ്പെട്ടു വലിച്ചുനീട്ടരുതെന്നു ഞാൻ അങ്ങയോടഭ്യത്ഥിയ്ക്കേണ്ടിയിരിയ്ക്കുന്നു.

ഒഥെല്ലോ—ഇല്ല, ഞാൻ ചെയ്യില്ല.

ഇയാഗോ—പ്രഭോ, അവിടുന്നങ്ങിനെ ചെയ്യുകയാണെങ്കിൽ, എൻെറ വാക്കുകഠം ഞാൻ ഉദ്ദേശിയ്ക്കാത്തതരത്തിലുള്ള നീചമായ സാഫല്യത്തിലാണ് ചെന്നുവീഴുക. കാഷ്യോ എൻെറ ഒരുത്തമ

സുഹൃത്താണ്:—പ്രഭോ, അങ്ങെയ്ക്കു കലശലായ ക്ഷോഭം കാണുന്നു വല്ലോ.

ഒഥെല്ലോ—ഇല്ല, വളരെയൊന്നും ക്ഷോഭമില്ല. ഡെസ്ഡിമോണ സച്ചരിത്രയാണെന്നേ ഞാൻ വിചാരിയ്ക്കുന്നുള്ളു.

ഇയാഗോ—അവളങ്ങിനെതന്നെ ദീർഘകാലം ജീവിയ്ക്കട്ടെ! അങ്ങിനെ വിചാരിച്ചുകൊണ്ടിരിയ്ക്കാൻ അവിടുന്നും ദീർഘകാലം ജീവിയ്ക്കട്ടെ!

ഒഥെല്ലോ—എങ്കിലും സ്വഭാവത്തിൽനിന്നു ഭ്രംശിച്ച പ്രകൃതി എങ്ങിനെ—

ഇയാഗോ—അതേ, അതിലാണ് കാര്യത്തിന്റെ കഴമ്പു കിടക്കുന്നത്. അങ്ങയോടു ധൈര്യപ്പെട്ടു പറയുകയാണെങ്കിൽ—അവളുടെ നാട്ടിന്നും, നിറത്തിന്നും, നിലയ്ക്കും യോജിച്ച പല വിവാഹാലോചനകളേയും സ്വീകരിയ്ക്കാതെ—പ്രകൃതിയിലുള്ള സമസ്തവസ്തുക്കളും ഇത്തരത്തിലുള്ള ഒരു പൊരുത്തത്തിലേയ്ക്കു ചായുന്നതായിട്ടാണല്ലോ നമ്മുടെ അനുഭവം—ങ്ഹ്ം! ഏററവും ജുഗുപ്സാവഹമായ ഒരു തന്നിഷ്ടവും, ബീഭത്സമായ അസമതയും, വിലക്ഷണങ്ങളായ വിചാരങ്ങളും അതിൽ ഒരാൾക്കു മണത്തറിവാൻ കഴിയും. പക്ഷെ അവിടുന്ന് എന്നെ മാപ്പാക്കണം: ഞാൻ അവളെ വ്യക്തിപരമായി നേരിട്ടുദ്ദേശിച്ചുകൊണ്ടു പറയുന്നതല്ല; പക്ഷെ, അവളുടെ തന്നിഷ്ടം പിന്നീടു സ്വാഭാവികവിവേചനത്തിലേയ്ക്കു മടങ്ങി, അങ്ങയെ അവളുടെ നാട്ടുകാരുമായി താരതമ്യപ്പെടുത്തുവാൻ ഉദ്യോഗിച്ചേയ്ക്കാമെന്നു ഞാൻ ഭയപ്പെടായ്കയുമല്ല.

ഒഥെല്ലോ—ആട്ടെയാട്ടെ, നീ ഇപ്പോൾ പോയ്ക്കോളൂ: ഇതിലധികമായി നീ വല്ലതും കണ്ടാൽ എന്നെ അറിയിയ്ക്കുള്ളൂ; സംഗതികൾ നോക്കി മനസ്സിലാക്കുവാൻ നിന്റെ ഭാര്യയേയും ഏല്പിയ്ക്കുള: ഇയാഗോ, എന്നെ തൽക്കാലം വിട്ടുപോകൂ.

ഇയാഗോ—പ്രഭോ, ഞാൻ പോയിവരാം.

(നടക്കുന്നു.)

ഒഥെല്ലോ—എന്തിനു ഞാൻ വിവാഹം കഴിച്ചു?—കാപട്യമറിയാത്ത ഈ സാധു അവൻ പറയുന്നതിനെക്കാളധികം, വളരെയധികം, കാണുകയും അറിയുകയും ചെയ്യുന്നുണ്ട്, സംശയമില്ല.

(ഇയാഗോ തിരിച്ചുവരുന്നു.)

ഇയാഗോ—പ്രഭോ, ഈ സംഗതിയിൽ ഇതിലധികം ചുഴിഞ്ഞുനോക്കാതിരിയ്ക്കാൻ ഞാനങ്ങയോട് അഭ്യർത്ഥിച്ചുകൊള്ളട്ടെ;

അതിനെ കാലത്തിന്നു വിട്ടേയ്ക്കണം: കാഷ്യോവിന്ന് അയാളുടെ ഉദ്യോഗം തിരിച്ചുകൊടുക്കുന്നതു യുക്തംതന്നെ—തീർച്ചയായും വളരെ പ്രാപ്തിയോടുകൂടിയാണ് അയാൾ ആ പദവി അലങ്കരിച്ചിട്ടുള്ളത്—എങ്കിലും കുറച്ചു സമയത്തേയ്ക്കുകൂടി അവിടുന്ന് അയാളെ അകററിനിർത്തുകയാണെങ്കിൽ, അയാളേയും അയാളുടെ തന്ത്രങ്ങളേയും അങ്ങേയ്ക്കു വ്യക്തമായി മനസ്സിലാകുവാൻ കഴിയും. കാഷ്യോവിനെ തിരിച്ചെടുക്കുവാൻ അങ്ങയുടെ ഭാര്യ ശക്തിമത്തായും ഉൽക്കടമായുമുള്ള അപേക്ഷകൾമുഖേന തീവ്രയത്നം ചെയ്യുന്നുണ്ടോ എന്നു നോക്കണം; വളരെക്കാര്യങ്ങൾ അതിൽനിന്നു മനസ്സിലാക്കാൻ കഴിയും. അതിന്നിടയിൽ, എന്റെ ശങ്കകൾ എന്നെ അനാവശ്യമായി ഇളക്കിവിട്ടതാണെന്ന് അവിടുന്നു കരുതി—എന്നെപ്പററി അങ്ങിനെ ഭയപ്പെടാൻ എനിയ്ക്കു മതിയായ കാരണമുണ്ടുതാനും—അവളെ നിരപരാധിനിയെന്നു സംകല്പിയ്ക്കുവാനും ഞാൻ അങ്ങയോടു പ്രാർത്ഥിയ്ക്കുന്നു.

ഒഥെല്ലോ—എന്റെ ആത്മസംയമത്തെപ്പററി ശങ്കിയ്ക്കേണ്ട.

ഇയാഗോ—ഞാനൊരുതവണകൂടി യാത്ര പറഞ്ഞുകൊള്ളട്ടെ.

(പോകുന്നു.)

ഒഥെല്ലോ—ഇവൻ അത്യന്തം ന്യായസ്ഥനും ആളുകൾ തമ്മിലുള്ള ഇടപാടുകളുടെ സർവ്വമർമ്മങ്ങളേയും പരിപക്വബുദ്ധിയോടുകൂടി ഗ്രഹിച്ചിട്ടുള്ളവനുമാണ്. അവൾ കുലടയാണെന്നു തെളിയുകയാണെങ്കിൽ, അവളുടെ ചിറകുകൾ കെട്ടിയിരിയ്ക്കുന്നത് എന്റെ സ്വന്തം കരളിന്റെ മാംസതന്തുക്കൾകൊണ്ടായിരുന്നെങ്കിൽക്കൂടി, അവളെ ഞാൻ, വിധിപോലെ വന്നതനുഭവിയ്ക്കുവാൻവേണ്ടി കാററടിയ്ക്കുന്ന വഴിയ്ക്കു തച്ചുപറപ്പിയ്ക്കുകയേയുള്ളു.[1] ഞാൻ കറുത്തവനായതുകൊണ്ടും, പരിഷ്കാരികളുടെ മധുരശൈലികൾ എനിയ്ക്കുവശമല്ലാത്തതുകൊണ്ടും, അല്ലെങ്കിൽ, ജീവിതത്താഴ്വാരത്തിലേയ്ക്കു ഞാൻ കുറെയധികം ഇറങ്ങിക്കഴിഞ്ഞതുകൊണ്ട്,—അതും വളരെയധികമില്ലതാനും—ഒരു പക്ഷെ, ഇതൊക്കെക്കൊണ്ട് അവൾ എന്നെ

---

1 പക്ഷിനായാട്ടിന്നായി പ്രാപ്പിടിയന്മാരെ പിടിച്ചു മെരുക്കിപ്പോററുന്നതും, നമ്മുടെ നാട്ടിലോ, ഇപ്പോൾ പാശ്ചാത്യരാജ്യങ്ങളിലോ നടപ്പില്ലാത്തതുമായ നായാട്ടുസമ്പ്രദായത്തിന്റെ ചടങ്ങുകളെ അപേക്ഷിച്ചാണ് മൂലത്തിലെ അലങ്കാരപ്രയോഗം. അതിലുള്ള സാങ്കേതികപദങ്ങളുടേയും പ്രയോഗങ്ങളുടേയും വിവരണമല്ലാതെ വിവർത്തനം സാധ്യമല്ലായ്കയാൽ സാമാന്യമായ ആശയാനുവർത്തനംമാത്രമേ ഇവിടെ നിർവ്വഹിയ്ക്കപ്പെട്ടിട്ടുള്ളു.

വിട്ടൊഴിഞ്ഞിരിയ്ക്കാം; ഞാൻ ചതിയ്ക്കപ്പെട്ടിരിയ്ക്കുന്നു; അവളെ വെറുക്കുകമാത്രമാണ് ഇനിയെനിയ്ക്ക് ആശ്വാസത്തിനുള്ള വഴി. ഹാ, വിവാഹത്തിന്റെ ശാപം! ഈ മൃദുലസൃഷ്ടികളുടെ വിഷയേച്ഛകളല്ലാതെ അവർതന്നെ നമ്മുടേതെന്നു നാം അഭിമാനിയ്ക്കുന്നുവല്ലോ! എന്റെ പ്രേമസങ്കേതത്തിന്റെ ഒരു വിഭാഗം മററുള്ളവരുടെ ഉപയോഗത്തിന്നായി സൂക്ഷിയ്ക്കുന്നതിനു മുമ്പ്, വല്ല ഗുഹോദരത്തിലേയും ദുഷിച്ച കാററു ഭക്ഷിച്ചു കഴിഞ്ഞുകൂടുന്ന ഒരു മണ്ഡൂകമായി മാറുന്നതാണെനിക്കിഷ്ടം. എന്നിട്ടെന്തു വേണം? വലിയവരുടെ ശനിയാണിത്; താഴ്ന്നപടിയിലുള്ളവരോളം രക്ഷ ഇക്കാര്യത്തിലവർക്കു കിട്ടുന്നില്ല; അവർക്കു മൃത്യുപോലെ അനിവാര്യമായ ഒരു വിധിയാണിത്: മാതൃഗർഭങ്ങളിൽ ജീവസ്ഫുരണം തുടങ്ങുന്ന കാലത്തുതന്നെ കുലടാഭർത്തൃത്വമെന്ന ഈ മഹാമാരി ഞങ്ങൾക്കു വിധിയ്ക്കപ്പെട്ടതാണ്—ഇതാ, ഡെസ്ഡിമോണ വരുന്നു; അയ്യോ, ഇവൾ പാംസുലയാണെങ്കിൽ, ഇത്തരമൊരാത്മപ്രതിരൂപത്തെ നിർമ്മിച്ച * സ്വർഗ്ഗം തന്നെത്താനപഹസിയ്ക്കുകയാണ്. എനിയ്ക്കതു വിശ്വസിയ്ക്കാൻ വയ്യ.

(ഡെസ്ഡിമോണയും എമിലിയയും പ്രവേശിയ്ക്കുന്നു.)

ഡെസ്ഡിമോണ—പ്രാണനാഥാ, എന്തു കഥയാണിത്! അങ്ങയുടെ ഭക്ഷണവും, അങ്ങു ക്ഷണിച്ചുവരുത്തിയ ദ്വീപിലെ കുലീനന്മാരും അങ്ങയെ കാത്തിരിയ്ക്കുകയാണ്.

ഒഥെല്ലോ—എന്റെ തെററുതന്നെ.

ഡെസ്ഡിമോണ—എന്താണിത്ര തളർച്ചയോടുകൂടി സംസാരിയ്ക്കുന്നത്? അങ്ങേയ്ക്കു സുഖക്കേടെന്തെങ്കിലുമുണ്ടോ?

ഒഥെല്ലോ—എന്റെ നെററിയ്ക്ക് ഇവിടെ ഒരു വേദന.

ഡെസ്ഡിമോണ—ഉറക്കമൊഴിച്ചിട്ടാണത്, സംശയമില്ല! ഞാൻ അവിടെ ഒരു നല്ല കെട്ടുകെട്ടട്ടെ, ഒരു മണിക്കൂറിനകത്ത് അത് മാറും.

ഒഥെല്ലോ—നിന്റെ കൈലേസ്സ് നന്നെച്ചെറുതാണ്. [ഒഥെല്ലോ തൂവാല വിലക്കുകയും ഡെസ്ഡിമോണയുടെ കൈയിൽനിന്ന് അതു താഴെ വീഴുകയും ചെയ്യുന്നു.] 'പോട്ടെ. അതിന്നിപ്പോൾ വിശേഷിച്ചൊന്നും ചെയ്യേണ്ട. വരൂ, നമുക്ക് അകത്തേയ്ക്കു പോകാം.

---

* സ്റ്റീവൻസിന്റെ വ്യാഖ്യാനപ്രകാരം.

ഡെസ്ഡിമോണ—അങ്ങയുടെ അസ്വാസ്ഥ്യംനിമിത്തം എനിയ്ക്കു മനസ്സിന്നു തീരെ സുഖമില്ല.

(ഒഥെല്ലോവും ഡെസ്ഡിമോണയും പോകുന്നു)

എമിലിയ—ഈ കൈലേസ്സ് കണ്ടെത്തിയതിനെക്കുറിച്ചു ഞാൻ വളരെ സന്തോഷിയ്ക്കുന്നു: ഇത് അമ്മയ്ക്കു മൂപ്പരിൽനിന്നു കിട്ടിയ ആദ്യത്തെ പ്രണയസ്മാരകമാണ്: ഇതു കട്ടുകൊണ്ടുപോയി കൊടുക്കുവാൻ എന്റെ തുമ്പുകെട്ട ഭർത്താവ് ഒരു നൂറുപ്രാവശ്യമായി എന്നോടു കെഞ്ചിയപേക്ഷിയ്ക്കുന്നു. പക്ഷെ അതിനെ ചുംബിയ്ക്കുവാനും, അതിനോടു സംസാരിയ്ക്കുവാനുമായി അമ്മ ഇതെപ്പോഴും കൂടെത്തന്നെ കൊണ്ടുനടക്കുകയാണ്; അത്ര സ്നേഹമാണ് അമ്മയ്ക്കിതിനെ. പോരെങ്കിൽ, ഇത് എല്ലാ കാലത്തും സൂക്ഷിയ്ക്കണമെന്ന് മൂപ്പര് അമ്മയെക്കൊണ്ടു സത്യം ചെയ്യിച്ചിട്ടുണ്ട്. ഇതിന്റെ പൂപ്പണി പകർത്തെടുത്ത് അതു ഭർത്താവിന്നു കൊടുക്കാം; അതുകൊണ്ട് എന്താണ് ചെയ്യാൻ പോകുന്നതെന്നു ദൈവം കണ്ടു, ഞാനറിയില്ല: അദ്ദേഹത്തിന്റെ കിറുക്കിനെ തൃപ്തിപ്പെടുത്തുവാൻവേണ്ടിമാത്രമാണ് ഞാനിതു ചെയ്യുന്നത്.

(ഇയാഗോ പ്രവേശിയ്ക്കുന്നു)

ഇയാഗോ— —ാ—, എന്താ? നീ എന്താണിവിടെ തനിച്ചു ചെയ്യുന്നത്?

എമിലിയ—വെറുതെ ദേഷ്യപ്പെടേണ്ട; ഞാൻ നിങ്ങൾക്ക് ഒരു സാധനം വെച്ചിട്ടുണ്ട്.

ഇയാഗോ—എനിയ്ക്കൊരു സാധനമോ?—അത് സാധാരണമായുള്ള സാധനമാണല്ലോ!

എമിലിയ—എന്ത്?

ഇയാഗോ—വങ്കത്തിയായ ഒരു ഭാര്യ.

എമിലിയ—ഓ, അത്രയേ ഉള്ളൂ? ആട്ടെ, ആ കൈലേസ്സിന്നു പകരം ഇപ്പോളെന്തു തരാൻ വിചാരിയ്ക്കുന്നു?

ഇയാഗോ—ഏതു കൈലേസ്സ്?

എമിലിയ—ഏതു കൈലേസ്സെന്ന്! അതെന്താ, മൂപ്പർ അമ്മയ്ക്ക് ആദ്യമായിക്കൊടുത്ത കൈലേസ്സില്ലേ?—നിങ്ങൾ പലപ്പോഴും എന്നോടു കട്ടെടുത്തുതരാൻ ആവശ്യപ്പെട്ടത്? അതുതന്നെ.

ഇയാഗോ—അതു നീ കട്ടെടുക്കുകയാണോ ചെയ്തത്?

എമിലിയ—ആഃ, പിന്നല്ലേ? അമ്മയുടെ കൈയിൽനിന്ന് അത് കരുതലില്ലായ്മകൊണ്ടു താഴെ വീണു; അത്തഞ്ചത്തിന്നു ഞാ

നവിടെ ഉണ്ടായിരുന്നതുകൊണ്ടു്, അതു് എടുക്കുകയും ചെയ്തു. നോക്കു, ഇതാണതു്.

ഇയാഗോ—അസ്സൽ പെണ്ണു്; അതെനിയ്ക്കു തരു.

എമിലിയ—ഇതു കാര്യമായി ഇതു കക്കാൻ എന്നോടാവശ്യപ്പെടാൻ തക്കവണ്ണം എന്താണു് ഇതുകൊണ്ടു ചെയ്യാൻ പോകുന്നതു്?

ഇയാഗോ—അതറിഞ്ഞിട്ടു നിനക്കെന്തു വേണം?

(കൈലേസ്സു് തട്ടിപ്പറിയ്ക്കുന്നു.)

എമിലിയ—കാര്യമായ വല്ല ആവശ്യത്തിനുമല്ലെങ്കിൽ അതിങ്ങു മടക്കിത്തരു: പാവം, അമ്മ അതു കണ്ടില്ലെങ്കിൽ ഭ്രാന്തെടുത്തോടും.

ഇയാഗോ—നീ ഇതിനെപ്പററിയൊന്നും അറിഞ്ഞതായി നടിയ്ക്കേണ്ട. എനിയ്ക്കിതുകൊണ്ടു് ഒരാവശ്യമുണ്ടു്. പോയ്ക്കോളു.

(എമിലിയ പോകുന്നു.)

ഞാൻ കാഷ്യോവിന്റെ വീട്ടിൽ ഈ കൈലേസ്സു കൊണ്ടുപോയിടും. അവനതു കണ്ടെത്തിയെടുക്കട്ടെ. കാററുപോലെ കനം കുറഞ്ഞ നിസ്സാരകാര്യങ്ങൾകൂടി ശങ്കാഗ്രസ്തന്മാൎക്കു വേദവാക്യംപോലെയുള്ള തെളിവായിത്തീരുന്നു: ഇതു ചിലതൊക്കെച്ചെയ്തേക്കാം. ഇപ്പോൾത്തന്നെ എന്റെ വിഷം ഹേതുവായി മൂറിന്റെ പ്രകൃതം മാറിത്തുടങ്ങിയിട്ടുണ്ടു്:—അനൎത്ഥഹേതുക്കളായ സൂചനകൾ, സ്വഭാവേന, വിഷങ്ങൾതന്നേയാണു്: തുടക്കത്തിൽ അവ അരുചിപ്രദങ്ങളായി കാണപ്പെടുന്നില്ല; എന്നാൽ അവയ്ക്കു രക്തത്തിൽ പ്രവൎത്തിയ്ക്കാൻ കുറച്ചിട കിട്ടുമ്പോഴേയ്ക്കും അവ ഗന്ധകമയങ്ങളായ ഖനികളെന്നപോലെ എരിഞ്ഞുതുടങ്ങും.—ഞാൻ പറഞ്ഞില്ലേ?—അതാ, അവൻ വരുന്നതു നോക്കു! അവീൻസത്താകട്ടേ, മനംമയക്കുന്ന വിഷച്ചെടിയുടെ മദ്യമാകട്ടേ, ഉറക്കമുണ്ടാക്കിത്തീൎക്കുന്ന ലോകത്തിലെ സൎവ്വൗഷധങ്ങളെല്ലാംകൂടിയാകട്ടേ, നീ ഇന്നലെ അനുഭവിച്ച ആ മധുരനിദ്രയിലേയ്ക്കു് ഇനിയൊരിയ്ക്കലും നിന്നെ ഉപചരിച്ചാനയിയ്ക്കുകയില്ല.

(ഒഥെല്ലോ പ്രവേശിയ്ക്കുന്നു)

ഒഥെല്ലോ—ആ, ഹാ! എന്നെയോ ചതിച്ചതു്?

ഇയാഗോ—അയ്യേ, അങ്ങുന്നേ, എന്താണിതു്? ഇനി അവിടുന്നിതിനെക്കുറിച്ചാലോചിയ്ക്കരുതേ!

ഒഥെല്ലോ—മാറിപ്പോ! കടന്നുപോ! എല്ലുതെരിയ്ക്കുന്ന പീഡായന്ത്രത്തിന്മേലാണ് നീ എന്നെ കെട്ടിവരിഞ്ഞിട്ടത്:—അധികമായി വഞ്ചിയ്ക്കപ്പെടുകയാണ് അതിനെപ്പററി അല്പമായി അറിയുന്നതിനേക്കാളം ഭേദമെന്നു ഞാൻ ശപഥം ചെയ്യാം.

ഇയാഗോ—പ്രഭോ, എന്താണങ്ങുദ്ദേശിയ്ക്കുന്നത്?

ഒഥെല്ലോ—രഹസ്യമായി അവളനുഭവിച്ച സുരതവേളകളെപ്പററി ഞാനെന്തറിഞ്ഞു? ഞാനതു കണ്ടില്ല, ഞാനതു ശങ്കിച്ചില്ല, അതെനിയ്ക്കു ബാധകമായില്ല: ഇന്നലെ രാത്രി ഞാൻ സുഖമായുറങ്ങി; ഞാൻ സ്വച്ഛന്ദനായിരുന്നു, സന്തുഷ്ടനായിരുന്നു; അവളുടെ ചുണ്ടുകളിൽ കാഷ്യോവിന്റെ ചുംബനങ്ങളെ ഞാൻ കണ്ടിരുന്നില്ല: മുതൽ കവച്ച് ചെയ്യപ്പെട്ടവനു പോയതിന്റെ ഇല്ലായ്മ അനുഭവപ്പെടുന്നില്ലെങ്കിൽ, അക്കഥയറിയാത്ത കാലത്തോളം അവൻ ഹൃതദ്രവ്യനല്ലതന്നെ.

ഇയാഗോ—പരമസങ്കടത്തോടുകൂടിയാണ് ഞാനിതു കേൾക്കുന്നത്.

ഒഥെല്ലോ—ഭടസമൂഹം മുഴുവൻ, വഴി വെട്ടിത്തെളിയിയ്ക്കുന്ന വേലക്കാരും, എല്ലാവരും—അവളുടെ മധുരശരീരത്തെ ആസ്വദിയ്ക്കുകയാണെങ്കിൽക്കൂടി, അതിനെക്കുറിച്ചൊന്നുമറിഞ്ഞില്ലെങ്കിൽ, ഞാൻസന്തുഷ്ടനായിരുന്നേനേ! ഇപ്പോളാകട്ടേ, ഹാ, മനഃസ്വാസ്ഥ്യമേ, ഞാനിതാ നിന്നോട് എന്നെന്നേയ്ക്കുമായി യാത്രപറഞ്ഞു പിരിയുന്നു! സംതൃപ്തതേ, ഞാൻ വിടവാങ്ങുന്നു! ചൂഡാലംകാരങ്ങളയത്തിനില്ക്കുന്ന സേനാവ്യൂഹങ്ങളേ, യശസ്സാമത്തെപ്പോലും സാധുകരിയ്ക്കുന്ന മഹാഹവങ്ങളേ, നമ്മൾതമ്മിൽ പിരിയുകയായി! ചിനച്ചുനില്ക്കുന്ന തുരംഗമേ, മുഖരകാഹളമേ, അന്തഃകരണത്തെ സംക്ഷോഭിപ്പിയ്ക്കുന്ന ഡിണ്ഡിമമേ, ചെവി തുളച്ചുകയറുന്ന കുഴൽവാദ്യമേ, രാജകീയധ്വജമേ, യശസ്കരമായ യുദ്ധത്തിന്റെ അഭിമാനമേ, ആടോപമേ, ആഡംബരമേ, സമസ്തോപാധികളേ,—നിങ്ങളോടു വീണ്ടും, വീണ്ടും ഞാൻ യാത്രപറയുന്നു. തങ്ങളുടെ പരുഷകണ്ഠങ്ങളാൽ അമരാധിപന്റെ ഭയംകരങ്ങളായ മേഘനിർഘോഷങ്ങളെ അനുകരിയ്ക്കുന്ന മഹാമാരകയന്ത്രങ്ങളേ, ഞാനിതാ പോവുകയായി! ഒഥെല്ലോവിന്റെ ജീവിതവ്യവസായം അവസാനിച്ചിരിയ്ക്കുന്നു!

ഇയാഗോ—പ്രഭോ, ഇതു സംഭാവ്യമാണോ?

ഒഥെല്ലോ—കൊടുംപാപി, എന്റെ ഓമന തേവിടിയാണെ

ന്നു തെളിയിയ്ക്കാമെന്നു നല്ല ഉറപ്പുണ്ടാക്കിക്കോളൂ,—നല്ല ഉറപ്പ്; പ്രത്യക്ഷമായ തെളിവ് എനിയ്ക്കു തന്നോളൂ; ഇല്ലെങ്കിൽ, മനുഷ്യന്റെ അനശ്വരാത്മാവിന്റെ മഹനീയതയെ മുൻനിർത്തി ഞാൻ പറയുന്നു, എന്റെ ഉദ്ദീപ്തമായ രോഷത്തെ നേരിടുന്നതിനേക്കാൾ ഒരു പട്ടിയായി പിറക്കുന്നതായിരുന്നു നിനക്കു നല്ലതെന്ന നിലയിൽ നിന്നെ ഞാനൊത്തിയ്ക്കും.

ഇയാഗോ — ഇത് ഇത്രത്തോളമെത്തിയോ?

ഒഥെല്ലോ — എന്റെ കണ്ണുകൊണ്ടു ഞാനതു കാണട്ടെ; അല്ലെങ്കിൽ, ഇങ്ങേ അററം, ആ തെളിവിൽ ഒരു സന്ദേഹത്തിനൊക്കൊണ്ടു പോയിത്തൂക്കാൻ ഒരുറിയോ വളയോ കിട്ടാത്ത മട്ടിൽ, അതിനെ തെളിയിയ്ക്ക്. ഇല്ലെങ്കിൽ നിന്റെ ആയുസ്സൊടുങ്ങി.

ഇയാഗോ—മഹാനുഭാവനായ പ്രഭോ, —

ഒഥെല്ലോ — നീ അവളെക്കൊണ്ടു മിഥ്യാപവാദങ്ങൾ കെട്ടിയുണ്ടാക്കി എന്നെ യാതന അനുഭവിപ്പിയ്ക്കുകയാണ് ചെയ്യുന്നതെങ്കിൽ മേലിലൊരിയ്ക്കലും നീ പ്രാർത്ഥിയ്ക്കേണ്ട; മനസ്സാക്ഷിയുടെ എല്ലാ പ്രചോദനങ്ങളേയും നിഷ്ഠുരണം നിഷ്ഠാസനം ചെയ്തോളൂ[1]; കരാളതയുടെ ശിഖരങ്ങളിന്മേൽ കരാളതകളെ ഏററിവെച്ചോളൂ; സ്വർഗ്ഗത്തെ കരയിയ്ക്കുകയും, ഭൂമിയെ വിസ്മയസ്തബ്ധമാക്കുകയും ചെയ്യുന്ന ഘോരകർമ്മങ്ങൾ പ്രവർത്തിച്ചോളൂ;—നരകദണ്ഡനത്തിന്നുള്ള നിന്റെ ആ അർഹതയോട് അതിനൊക്കാളുഗ്രമായ യാതൊന്നും നിനക്കു ചേർക്കുവാൻ കഴിയുകയില്ല.

ഇയാഗോ—ഈശ്വരോ രക്ഷതു! ദൈവമെനിയ്ക്കു മാപ്പുതരട്ടെ! അങ്ങു മനുഷ്യനാണോ? അങ്ങെയ്ക്ക് ഒരാത്മാവും പ്രജ്ഞയുമുണ്ടോ? അങ്ങെയ്ക്കു ദൈവം തുണനില്ക്കട്ടെ! ഇതാ, എന്റെ ഉദ്യോഗമെടുത്തു കൊള്ളണം—അയ്യോ. മണ്ടയിലെഴുത്തു പിഴച്ച തുലഞ്ഞ വങ്കച്ചാരേ, നിന്റെ യജമാനപ്രീതിതന്നെ ഒരു കുററമാക്കിത്തീർക്കാൻ നീ ജീവിയ്ക്കുന്നല്ലോ!—നോക്കിപ്പഠിച്ചോ' ലോകമേ, നോക്കിപ്പഠിച്ചോ, നേരും നെറിയുംകൊണ്ടു നടക്കുന്നത് നല്ലതിനല്ല! — ഈ വിലപിടിച്ച പാഠത്തിന്ന് അങ്ങയോടു ഞാൻ നന്ദിപറഞ്ഞുകൊള്ളട്ടെ; ഇന്നുമുതൽ ഞാൻ ഒരുത്തനേയും സ്നേഹിയ്ക്കുകയില്ല: സ്നേഹംകൊണ്ടുണ്ടായ അത്യാചാരമല്ലേ ഇത്!

ഒഥെല്ലോ—വരട്ടെ, നിൽക്കു:—നീ ശുദ്ധാത്മാവുതന്നേയായിരിയ്ക്കണം.

---

1 ഹഡ്സന്റെ വ്യാഖ്യാനമാണ് ഇവിടെ സ്വീകരിച്ചിരിയ്ക്കുന്നത്.

ഇയാഗോ—ഞാൻ തലച്ചോറുള്ളവനായിരിക്കുകയാണ് വേണ്ടത്. കാരണം, പ്രയത്നോദ്ദേശ്യത്തെ കളഞ്ഞുകളിക്കുന്ന ശ്രദ്ധ വങ്കച്ചാരാണ് ശ്രദ്ധത.

ഒഥെല്ലോ—ലോകം സാക്ഷിയായി, എന്റെ ഭാര്യ അകളങ്കയാണെന്നു ഞാൻ വിചാരിക്കുന്നു, അല്ലെന്നും വിചാരിക്കുന്നു; നീ ന്യായസ്ഥനാണെന്നു ഞാൻ വിചാരിക്കുന്നു, അല്ലെന്നും വിചാരിക്കുന്നു; എനിക്കെന്തെങ്കിലും തെളിവു കിട്ടുകതന്നെ വേണം: ചാരിത്രദേവതയുടെ ചന്ദ്രാനനംപോലെ അമ്ലാനമായിരുന്ന അവളുടെ പേര്, ഇപ്പോളിതാ, എന്റെ മുഖംപോലെ കരിപിടിച്ചിരുണ്ടിരിക്കുന്നു.—കയറോ, കത്തിയോ, നഞ്ഞോ, തീയോ, ശ്വാസം മുട്ടിച്ചു കൊല്ലുന്ന പുഴകളോ ലോകത്തിലെന്താനുമുണ്ടെങ്കിൽ ഞാനിതു പൊറുക്കുകയില്ല—എനിക്ക് ഈ ശങ്കയെ പരിഹരിക്കേണ്ടിയിരുന്നല്ലോ!

ഇയാഗോ—അങ്ങുന്നേ, അങ്ങയെ അമർഷം ദഹിപ്പിച്ചിരിക്കുന്നതായി ഞാൻ കാണുന്നു: ഇയ്യൊരു കാര്യം അങ്ങയോടു മിണ്ടിപ്പോയതിനെപ്പററി ഞാൻ പശ്ചാത്തപിക്കുന്നു. അങ്ങ് ഈ ശങ്കയെ പരിഹരിക്കാൻ ആഗ്രഹിക്കുന്നുണ്ടോ?

ഒഥെല്ലോ—ആഗ്രഹിക്കുകയോ? ഞാൻ ഉറച്ചിരിക്കുന്നു.

ഇയാഗോ—അതു സാദ്ധ്യവുമാണ്; പക്ഷേ, എങ്ങിനെ? എങ്ങിനെ പരിഹരിക്കാനങ്ങുന്നേ? അവളെ മററവനനുഭവിക്കുന്നത് അവിടുന്ന്, അദ്ധ്യക്ഷനായി, കണ്ണു മിഴിച്ചു നോക്കിനില്ക്കുമോ?

ഒഥെല്ലോ—അയ്യോ, ദുഷ്പ്രേക്ഷ്യമായ കരാളനരകം!

ഇയാഗോ—അവരെ ആ നിലയ്ക്കെത്തിക്കുകയെന്നതു നന്നെ പ്രയാസമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു: നരകത്തിൽപ്പോയിത്തുലയേണ്ടിവന്നാലും, തങ്ങളുടെ കണ്ണുകളൊഴിച്ചു മററു മനുഷ്യദൃഷ്ടികൾ കാണേ കൂടെക്കിടക്കുവാൻ അവർ മുതിരുമെന്നും ഞാൻ കരുതുന്നില്ല. പിന്നെയെന്താ? പിന്നെ എന്തിനൊയാ? ഞാനെന്തു പറയും? എവിടെയാണ് ശങ്കാനിവൃത്തി? അവർ കോലാടുകളെപ്പോലെ സംഭോഗതാല്പര്യവും, മക്കടങ്ങളെപ്പോലെ കാമച്ചൂടും, മദിച്ചിളകിയ ചെന്നായ്ക്കളെപ്പോലെ നിർല്ലജ്ജതയും ഒത്തുചേർന്നവരും, കുടിച്ചു തൻേറടംവിട്ട് വഷളനെപ്പോലെ നാണം കെട്ട കോമാളികളുമായിരുന്നെങ്കിൽപ്പോലും, അങ്ങ് അതു കാണുവാൻ തക്കവണ്ണം അവരിതു ചെയ്യുകയെന്നത് അസംഭാവ്യമല്ലേ?

എങ്കിലും ഞാൻ പറയുന്നു, നേരിന്റെ വാതിലിൽ നേരിട്ടു ചെന്നു മുട്ടുന്ന ശക്തിമത്തായ കാരണകാര്യസാമഗ്രിയും, അദ്ധ്യാരോപവും കൊണ്ടു അങ്ങു തൃപ്തിപ്പെട്ടുമെങ്കിൽ, അതങ്ങേയ്ക്കാവാമെന്നു.

ഒഥെല്ലോ—അവൾ കുലടയാണെന്നതിന്നു എനിയ്ക്കു സജീവമായ ഒരു തെളിവു തരൂ.

ഇയാഗോ—എനിയ്ക്കതു മനസ്സിന്നൊത്ത ഒരു പണിയല്ല: പക്ഷെ, തലയില്ലാത്ത ആർജ്ജവവും സ്നേഹവും എന്നെ കുത്തിപ്പാപ്പെട്ടുവിച്ചു ഇക്കാര്യത്തിൽ ഇത്രത്തോളം എത്തിച്ച സ്ഥിതിയ്ക്കു, ഞാൻ മുന്നോട്ടു പോകാമെന്നേയുള്ളൂ. ഇയ്യിടെ ഒരു രാത്രി ഞാൻ കാഷ്യോവിന്റെ അടുത്താണു ഉറങ്ങാൻ കിടന്നതു; അന്നു ഒരു പല്ലുവേദനയുടെ ശല്യംകൊണ്ടു എനിയ്ക്കു ഉറക്കം വന്നില്ല. ഉറക്കത്തു തങ്ങളുടെ കാര്യങ്ങളെപ്പററി പിറുപിറുത്തുകൊണ്ടിരിയ്ക്കുന്ന മനോനിയന്ത്രണം കുറഞ്ഞ ഒരു കൂട്ടക്കാരുണ്ടു; കാഷ്യോ ഇത്തരത്തിൽപ്പെട്ടവനാണു: ഉറക്കിൽ, ഞാൻ കേട്ടുകോ, അവൻ പറയുകയാണു: “ഡെസ്ഡിമോണേ, തങ്കം, നമ്മൾ വളരെ കരുതിയിരിയ്ക്കണം, നമ്മുടെ പ്രണയകഥ വെളിച്ചത്താക്കരുതു”; എന്നിട്ടുടനെ, അവൻ എന്റെ കൈ മുറുകെപ്പിടിച്ചു മുട്ടിച്ചു; “ആവൂ, പൊന്നുതങ്കം!” എന്നു പറഞ്ഞുകൊണ്ടു, എന്റെ ചുണ്ടുകളിൽ വളൎന്ന ചുംബനങ്ങളെ വേരോടേ പിടിച്ചു പറിച്ചെടുക്കുന്നതുപോലെയുള്ള ഉക്കോടുകൂടി എന്നെ ചുംബിച്ചു: പിന്നീടു അവന്റെ കാൽ എന്റെ തുടമേലേററിവെച്ചു, നെടുവീൎപ്പു വിട്ടു, വീണ്ടുമെന്നെ ചുംബിച്ചു; എന്നിട്ടവൻ പറയുകയാണു: “എന്തൊരു ഹതവിധിയാണു നിന്നെ ആ കരിമ്പന്നു പിടിച്ചുകൊടുത്തതു!” എന്നു.

ഒഥെല്ലോ—അയ്യോ, ദുസ്സഹം! ദുസ്സഹം!

ഇയാഗോ—വരട്ടെ; ഇതു, പക്ഷെ അവന്റെ സ്വപ്നംമാത്രമല്ലേ?

ഒഥെല്ലോ—എങ്കിലും അതു സമാപ്തമായ ഒരു സംഭവത്തെയാണെല്ലോ കുറിയ്ക്കുന്നതു: സ്വപ്നംതന്നെയെങ്കിലും ശക്തിമത്തായ ശങ്കയുടെ ഒരാസ്പദമാണതു.1

ഇയാഗോ—നേൎത്ത മററു തെളിവുകളെ കൊഴുപ്പിയ്ക്കുവാൻ അതു സഹായിയ്ക്കുകയും ചെയ്തേയ്ക്കാം.

ഒഥെല്ലോ—ഞാനവളെ തുണ്ടംതുണ്ടമായി വലിച്ചുചീന്തും.

---

1 ഡെയ്ററന്റെ അൎത്ഥകല്പന.

ഇയാഗോ—നില്ക്കട്ടെ, വിവേകപൂർവ്വം പ്രവർത്തിച്ചാൽ മതി: ഇതുവരെയും യാതൊന്നും നടന്നതായി നമ്മൾ കണ്ടിട്ടില്ല; ഇപ്പോഴും അവൾ അനഘാചാരതന്നെയായിരിക്കാം. എന്നോടൊരു കാര്യം പറയണം: നിറം പിടിപ്പിച്ച തൂലികകൾകൊണ്ടു മുന്തിരിക്കുലകളുടെ ആകൃതി തുന്നിച്ചേർത്ത ഒരു കൈലേസ്സ് അങ്ങയുടെ ഭാര്യയുടെ കൈയിൽ അങ്ങു ചിലപ്പോൾ കണ്ടിട്ടില്ലേ?

ഒഥെല്ലോ—അങ്ങിനെയൊന്ന് ഞാനവൾക്കു കൊടുത്തിട്ടുണ്ട്; അതെന്റെ ആദ്യസമ്മാനമായിരുന്നു.

ഇയാഗോ—അതു ഞാനറിയില്ല: പക്ഷെ അത്തരമൊരു കൈലേസ്സുകൊണ്ട്—അവിടുത്തെ ഭാര്യയുടേതാണെന്നതിനെക്കുറിച്ച് എനിക്ക് സന്ദേഹമേയില്ല—ഇന്ന് കാഷ്യോ അവന്റെ താടി തുടയ്ക്കുന്നതു് ഞാൻ കണ്ടു.

ഒഥെല്ലോ—അതാണെങ്കിൽ—

ഇയാഗോ—അതാണെങ്കിൽ, അല്ലെങ്കിൽ, അവളുടേതായിരുന്ന വേറെ ഏതെങ്കിലുമൊന്നാണതെങ്കിൽ, മററു തെളിവുകളുടെ കൂടെ ഇതും അവൾക്കെതിരായി അണിനിരക്കുന്നു.

ഒഥെല്ലോ—ഹൃ, ആ പുംശ്ചലിക്ക് പന്തീരായിരം ജീവനുണ്ടായിരിക്കേണ്ടിയിരുന്നു;—ഒരൊററ ഒന്ന് എന്റെ പ്രതിക്രിയയെത്താങ്ങാൻ കഴിയാത്തവിധത്തിൽ ദീനവും ദുർബ്ബലവുമായിപ്പോയി! ഇപ്പോൾ എല്ലാം സത്യമാണെന്ന് എനിക്കനുഭവപ്പെട്ടു. —ഇയാഗോ, ഇങ്ങോട്ടു നോക്കു: എന്റെ മൂഢാനുരാഗത്തെ മുഴുവൻ ഞാൻ ഇതാ, ഇങ്ങിനെ, ആകാശത്തിലേക്കൂതിപ്പറപ്പിക്കുന്നു: അതു പോയി—കരാളകാളിമയാർന്ന പ്രതീകാരമേ, ശൂന്യോദരമായ നരകത്തിൽനിന്നുത്ഥാനംചെയ്യൂ! പ്രേമമേ, നിന്റെ കിരീടവും ഹൃദയസംനിവിഷ്ടമായ സിംഹാസനവും ക്രൂരശാസനമായ വിദ്വേഷത്തിന്നു വിട്ടുകൊടുക്കു! ഹൃദയമേ, നിന്റെ വാഹനഭാരംകൊണ്ട് വീർത്തുപൊട്ടു! സർപ്പജിഹ്വകളാണതിലുള്ളത്!

ഇയാഗോ—ഇനിയും ക്ഷമിക്കണം.

ഒഥെല്ലോ—ഹൃ, രക്തം, രക്തം, രക്തം!

ഇയാഗോ—ഒന്നടങ്ങണേ, ഞാനപേക്ഷിക്കുന്നു; അവിടുത്തെ മനസ്സ് മാറിയേക്കാം.

ഒഥെല്ലോ—ഇല്ല, ഇയാഗോ, ഒരിക്കലുമില്ല. യാതൊന്നിന്റെ ഹിമശീതളപ്രവാഹവും, സസംരംഭസവേഗവും പ്രോപ്പോൺടിക്കിനോയും ഹെല്ലെസ്പോൺടിനോയും പ്രാപിക്കുന്നതുവരേയും പ്രതി

നിവൎത്തനമറിയാതെ നേരെ മുന്നോട്ടൊഴുകുന്നുവോ, ആ പോൺടിക്സമുദ്രംപോലെ, എന്റെ രക്തമയങ്ങളായ ചിന്തകാം, അതിയുക്തവും വിപുലവുമായ ഒരു പ്രതിക്രിയ അവയെ വാരിവിഴുങ്ങുന്നതുവരേയും, പിന്തിരിഞ്ഞുനോക്കാതെയും, നമ്രാനുരാഗത്തിലേയ്ക്കു തിരിച്ചുപോകാതേയും, സരഭസചരണന്യാസത്തോടുകൂടി മുന്നോട്ടുതന്നെ കുതിച്ചുകൊണ്ടിരിയ്ക്കും.—[മുട്ടുകുത്തിക്കൊണ്ട്] ഈ സ്ഫടികതുല്യമായ താരാപഥത്തെ സാക്ഷിയാക്കിക്കൊണ്ട്, ഒരു പുണ്യശപഥത്തിന്നനുയുക്തമായ പ്രണാമത്തോടുകൂടി, ഞാനിതാ എന്റെ വാക്കുകാംക്ക് പ്രാഗപിനിശ്ചയം നല്കുന്നു.

ഇയാഗോ—അവിടുന്നെഴുന്നേല്ക്കരുതേ— [മുട്ടുകുത്തുന്നു.] ഉപരിഭാഗത്ത് അവിശ്രാന്തം ജ്വലിയ്ക്കുന്ന ദിവ്യദീപങ്ങളെ, ഞങ്ങളെ നാനാവശത്തും ചൂഴ്ന്നുനില്ക്കുന്ന മഹാഭൂതങ്ങളേ, സാക്ഷ്യം വഹിയ്ക്കുവിൻ: ചതിയ്ക്കപ്പെട്ടിരിയ്ക്കുന്ന ഒഥെല്ലോവിന്റെ കൈങ്കൎയ്യത്തിന്നായി ഇയാഗോ ഇവിടെവെച്ച് തന്റെ ബുദ്ധിയുടേയും, കരങ്ങളുടേയും, ഹൃദയത്തിന്റേയും പ്രവൎത്തനത്തെ ഉഴിഞ്ഞുവെച്ചതിന്നു സാക്ഷ്യം വഹിയ്ക്കുവിൻ! അവിടുന്നാജ്ഞാപിയ്ക്കട്ടെ: അതെത്രതന്നെ രക്തസിക്തമായ കൎത്തവ്യമായാലും, അതിന്റെ നിൎവ്വഹണം, ക്രൂരതയായിട്ടല്ല, സ്നിഗ്ദ്ധതയായിട്ടാണ് [1] ഞാനെണ്ണുക.

ഒഥെല്ലോ—നിഷ്ഫലമായ വെറും നന്ദിയോടുകൂടിയല്ല, സമൃദ്ധിഗൎഭമായ സ്വീകരണത്തോടുകൂടിയാണ് ഞാൻ നിന്റെ സ്നേഹത്തെ അഭിവാദനംചെയ്യുന്നത്. ഈ നിമിഷത്തിൽത്തന്നെ ഞാൻ നിന്നെ നിയോഗിയ്ക്കുകയും ചെയ്യുന്നു: ഈ അടുത്ത മൂന്നു ദിവസത്തിനകത്ത് കാഷ്യോ ജീവിച്ചിരിയ്ക്കുന്നില്ലെന്ന് നീ പറയുന്നതു ഞാൻ കോംക്കട്ടെ.

ഇയാഗോ —എന്റെ സ്നേഹിതൻ മരിച്ചുകഴിഞ്ഞു; അങ്ങയുടെ ആജ്ഞപ്രകാരമാണിതു ചെയ്യുന്നത്: പക്ഷെ അവാം ജീവിച്ചുകൊള്ളട്ടെ.

ഒഥെല്ലോ—ആ ദുൎവ്വൃത്തയായ തേവിടിശ്ശിയോ? നരകത്തിലേയ്ക്കാണ് അവളെ എടുത്തെറിയേണ്ടത്. ഹു, അവളെ നരകത്തിൽച്ചവിട്ടിത്താഴ്ത്തണം. എന്റെകൂടെ കുറച്ചങ്ങോട്ടുവരൂ. ഞാൻ പോയി ആ മനംമയക്കുന്ന യക്ഷിയ്ക്കുവേണ്ടി ക്ഷിപ്രപ്രവൎത്തകമായ

---

1 ഡോക്ടർ ജോൺസന്റെ വ്യാഖ്യാനത്തെ ഇവിടെ അനുസരിച്ചിരിയ്ക്കുന്നു.

വല്ല മാരകോപകരണവും സമ്പാദിച്ചുകൂട്ടെ. ഇപ്പോളാണ് നീ എൻെറ ഉപനായകനായ്ത്തീരുന്നത്.

ഇയാഗോ—ഞാൻ എന്നെന്നും അങ്ങയുടെ സ്വന്തംതന്നേയാണ്.

(രണ്ടുപേരും പോകുന്നു)

രംഗം 4

(അരമനയുടെ മുൻവശം. ഡെസ്ഡിമോണയും, എമിലിയയും, വിദൂഷകനും പ്രവേശിയ്ക്കുന്നു)

ഡെസ്ഡിമോണ—എടോ, ലഫ്ടനൻറ് കാഷ്യോ പതിവായി കിടന്നുറങ്ങുന്നത് എവിടെയാണെന്നു താനറിയുമോ?

വിദൂഷകൻ—അയാാം എവിടെയെങ്കിലും പതിവായി കിടന്നുറങ്ങുന്നുണ്ടെന്നു പറയാൻ ഞാനാളല്ല.

ഡെസ്ഡിമോണ—കാരണം?

വിദൂഷകൻ—അയാളൊരു ഭടനാണ്; ഒരു ഭടന്ന് കിടന്നുറങ്ങുകയാണ് പതിവെന്നു പറയുന്നത് കത്തികൊണ്ടു ക്ഷണിച്ചുവരുത്തുകയായിരിയ്ക്കും.

ഡെസ്ഡിമോണ—മതി, മതി: എവിടെയാണയാാം താമസിയ്ക്കുന്നത്?

വിദൂഷകൻ—അയാാം താമസിയ്ക്കുന്നത് എവിടെയാണെന്നു പറയുന്നത് ഞാൻ കള്ളനായ്ത്തീരുന്നതെവിടെയാണെന്നു പറയുകയായിരിയ്ക്കും.

ഡെസ്ഡിമോണ—ഇതിൽനിന്ന് എന്തു മനസ്സിലാക്കാനാണ്?

വിദൂഷകൻ—അയാാം താമസിയ്ക്കുന്നതെവിടെയാണെന്ന് ഞാനറിയുകയില്ല. ആ സ്ഥിതിയ്ക്ക്, ഞാനയാംക്ക് ഒരു താമസസ്ഥലം കണ്ടുപിടിച്ച്, അയാാം ഇവിടെയാണ് താമസിയ്ക്കുന്നതെന്നോ, മററവിടെയാണ് താമസിയ്ക്കുന്നതെന്നോ പറഞ്ഞാൽ, അവിടെയല്ലേ ഞാൻ കള്ളനായ്ത്തീരുക?

ഡെസ്ഡിമോണ—[പരിഹാസസ്വരത്തിൽ] പോട്ടെ, അയാളെപ്പററി അന്വേഷണം നടത്തി ഉപശ്രുതിമുഖേന ഉപദിഷ്ടനായിത്തീരാൻ തനിയ്ക്കു കഴിയുമോ?

വിദൂഷകൻ—ഓഹോ, അയാളെക്കുറിച്ചു ഞാൻ ലോകത്തെ ഒരു പ്രശ്നോത്തരപരീക്ഷണത്തിന്നു വിധേയമാക്കാം, എന്നുവെ

ച്ചാൽ, ചോദ്യങ്ങാം ചോദിച്ച് അതുവഴിയായി ഉത്തരം നേടാമെന്നത്ഥം.

ഡെസ്ഡിമോണ—എന്നാൽ അയാളെ അന്വേഷിച്ചു കണ്ടുപിടിച്ച്, അയാളോട് ഇങ്ങോട്ടൊന്നു വരാൻ പറയൂ: അയാളുടെ കാര്യം ഞാൻ ഭർത്താവോടു വേണ്ടപോലെ പറഞ്ഞ്, അവിടുത്തെ സമ്മതിപ്പിച്ചിട്ടുണ്ടെന്നും, കാര്യമെല്ലാം നേരെയായിട്ടുണ്ടെന്നാണ് ഞാൻ വിചാരിക്കുന്നതെന്നുംകൂടി അയാളോടു പറയണം.

വിദൂഷകൻ—ഇക്കാര്യത്തിന്റെ നിവ്വഹണം മനുഷ്യവൈദഗ്ധ്യത്തിന്റെ പരിധിക്കുള്ളിൽപ്പെട്ടതുതന്നെ; അതുകൊണ്ട് ഞാനതു നിവ്വഹിക്കുവാനുദ്യോഗിക്കാം.

(പോകുന്നു)

ഡെസ്ഡിമോണ—എമിലിയേ, എവിടെയായിരിക്കും ഞാൻ ആ കൈലേസ്സു കൊണ്ടുപോയിക്കളഞ്ഞത്?

എമിലിയ—അമ്മേ, ഞാനറിയില്ല.

ഡെസ്ഡിമോണ—സത്യമായും എന്റെ പണസ്സഞ്ചിയിൽ മുഴുവൻ സ്വണ്ണനാണ്യങ്ങാം നിറച്ച് അതെവിടെയെങ്കിലും കളഞ്ഞാൽക്കൂടി ഞാനിത്ര ഖേദിക്കുകയില്ല. എന്റെ പ്രാണനാഥൻ നേരിലുറച്ച മനസ്സോടുകൂടിയ ഒരാളായിരുന്നില്ലെങ്കിൽ—ദുശ്ശങ്കാലുക്കളുടെ വല്ല നീചതവും അവിടുത്തെ പ്രകൃതിയിലുണ്ടായിരുന്നെങ്കിൽ—ഇതു മതി, അവിടുത്തേക്കു ദുവ്വിചാരങ്ങളുണ്ടാക്കാൻ.

എമിലിയ—അവിടുന്നു ദുശ്ശങ്കയുള്ള ആളല്ലേ?

ഡെസ്ഡിമോണ—ആര്, അവിടുന്നോ? അവിടുത്തെ നാട്ടിലെ ഉഷ്ണംമൂലം അത്തരം ചിത്തവൃത്തികളെയെല്ലാം ആകഷിച്ചെടുത്തുകളഞ്ഞുവെന്നാണ് ഞാൻ വിചാരിക്കുന്നത്.

എമിലിയ—അതാ അവിടുന്നു വരുന്നു.

ഡെസ്ഡിമോണ—കാഷ്യോവിനെ ഇങ്ങോട്ടു വിളിപ്പിച്ചല്ലാതെ ഞാൻ ഇത്തവണ വിടില്ല.

(ഒഥെല്ലോ പ്രവേശിക്കുന്നു.)

പ്രാണനാഥാ, അങ്ങേയ്ക്കെങ്ങിനെയിരിക്കുന്നു?

ഒഥെല്ലോ—ഓമനേ, ക്ഷേമംതന്നെ. [ആത്മഗതം] അയ്യോ, കാപട്യം നടിക്കുവാനുള്ള ക്ലേശം! [പ്രകാശം] തങ്കം, നിനക്കോ?

ഡെസ്ഡിമോണ—പ്രാണനാഥാ, ക്ഷേമംതന്നെ.

ഒഥെല്ലോ—നിന്റെ കൈയൊന്നു തരൂ: ഈ കൈയ്ക്കു നനവുണ്ടല്ലോ.

ഡെസ്ഡിമോണ—വാദ്ധക്യം അതിനെ സ്പശിച്ചിട്ടില്ല, വ്യസനം അത് അറിഞ്ഞിട്ടുമില്ല.

ഒഥെല്ലോ—ഫലസമൃദ്ധതയേയും, പ്രധാനോത്സുകമായ ഹൃദയത്തേയുമാണിതു കുറിയ്ക്കുന്നത്. ഹൂ, പൊള്ളുന്നു, പൊള്ളുന്നു,—നനവുമുണ്ട്: നിന്റെ ഈ കൈയ്ക്കു സ്വാതന്ത്ര്യത്തിൽനിന്നുള്ള ഒരൊഴിച്ചുനിൎത്തൽ—ഉപവാസവും ഉപാസനയും—തീവ്രമായ ആത്മശോധനം—ഭക്തിനിരതമായ വ്രതചര്യ—ആവശ്യമായിരിയ്ക്കുന്നു; കാരണം, ഇതിന്റെ ഉള്ളിൽ ചെറുപ്പത്തിന്റെ ചോരത്തിളപ്പോടുകൂടി, പതിവായി കുതറിച്ചാടാനുഴറിവിയക്കുന്ന ഒരു ചെകുത്താൻ കുടികൊള്ളുന്നുണ്ട്. നല്ല കൈ! ഉദാരമായ കൈ!

ഡെസ്ഡിമോണ—അങ്ങെയ്ക്ക്, തീച്ചയായും, അങ്ങിനെ തന്നെ പറയാം; ആ കൈയാണ് എന്റെ ഹൃദയത്തെ ദാനം ചെയ്തത്.

ഒഥെല്ലോ—പ്രദാനോൽകമായ കൈ: പണ്ടൊക്കെ ഹൃദയങ്ങം പാണികളെ നല്കുകയായിരുന്നു പതിവ്; എന്നാൽ നമ്മുടെ പുതിയ പാണിഗ്രഹണമുറ, ഹൃദയമില്ലാതെ പാണികംമാത്രം എന്നതാണ്. 1

ഡെസ്ഡിമോണ—എനിയ്ക്ക് അതിനെക്കുറിച്ചൊന്നും പറയാൻ കഴിയുകയില്ല. അതിരിയ്ക്കട്ടെ, അവിടുത്തെ വാഗ്ദാനം?

ഒഥെല്ലോ—എന്തു വാഗ്ദാനം തങ്കം?

ഡെസ്ഡിമോണ—അങ്ങയെക്കണ്ടു സംസാരിയ്ക്കാൻ ഞാൻ കാഷ്യോവിനോടു പറഞ്ഞയച്ചിട്ടുണ്ട്.

ഒഥെല്ലോ—എനിയ്ക്കു വല്ലാത്ത എരിച്ചിലോടുകൂടി കണ്ണിൽനിന്നു വെള്ളം പൊടിയുന്നു, നിന്റെ കൈലേസ്സൊന്നു തരൂ.

ഡെസ്ഡിമോണ—പ്രാണനാഥാ, ഇതാ.

ഒഥെല്ലോ—ഞാൻ നിനക്കു തന്നത്.

ഡെസ്ഡിമോണ—അതെന്റെ കൈവശമില്ല.

ഒഥെല്ലോ—ഇല്ല?

ഡെസ്ഡിമോണ—സത്യമായിട്ട്, ഇല്ല.

ഒഥെല്ലോ—ദുൎന്നിമിത്തമാണത്. ആ കൈലേസ്സ് എന്റെ അമ്മയ്ക്ക് ഒരു ഈജിപ്തുകാരി2 നല്കിയതായിരുന്നു. ഏതാണ്ടു പരേംഗിതജ്ഞാനത്തോടുകൂടിയ ഒരു മന്ത്രവാദിനിയായിരുന്നു അവാം; അമ്മ അതു കളയാതെ കൈവശംവെക്കുന്ന കാലത്തോളം

1 മെലോൺ. 2 ഹൺടർ.

അവർ സ്നേഹാർഹയും, എന്റെ അച്ഛൻ പ്രേമവശീകൃതനുമായിരിക്കുമെന്നും; പക്ഷെ, അതു കളയുകയോ മററാക്കെങ്കിലും സമ്മാനിക്കുകയോ ചെയ്യുന്നപക്ഷം, എന്റെ അച്ഛന്ന് അവരെ കണ്ടുകൂടാതായിത്തീരുകയും അദ്ദേഹത്തിന്റെ മനസ്സ് മററു പ്രേമപാത്രങ്ങളിലേക്കു സംക്രമിക്കുകയും ചെയ്യുമെന്നും അവരു താക്കീതു ചെയ്തിരുന്നു. അവർ മരിക്കുമ്പോരം അതെനിക്കു തന്നു; വിധിവശാൽ ഞാനൊരു ഭാര്യയെ കൊണ്ടുവരുന്ന കാലത്ത് അത് അവരംക്കു നല്കാൻ എന്നോടു പറയുകയും ചെയ്തു. ഞാനങ്ങിനെ ചെയ്തു: ഇതു നിന്റെ മനസ്സിലിരിക്കട്ടെ; അതിനെ നിന്റെ കണ്മണിപോലെ കാര്യമായി കരുതിക്കാത്തോളു; അതു കളയുകയോ വല്ലവക്കും കൊടുക്കുകയോ ചെയ്യുന്നതു മററൊന്നിനോടുപമിക്കാവതല്ലാത്ത ഒരത്യാപത്തായിരിക്കും.

ഡെസ്ഡിമോണ—അങ്ങിനെ വരാൻ പാടുണ്ടോ?

ഒഥെല്ലോ—സത്യമാണിത്: അതിന്റെ ഊടിലും പാവിലും മഹാഭിചാരമുണ്ട്. ഇരുനൂറുവട്ടം ആദിത്യൻ രാശിചക്രത്തെ വലംവെക്കുന്നതെണ്ണിയ ഒരു ഭവിഷ്യദ്വാദിനി തന്റെ ഭാവിസൂചനോന്മാദവേളയിൽ നെയ്തതാണത്; പവിത്രീകൃതങ്ങളായ പുഴക്കളാണ് അതിന്നുവേണ്ടുന്ന പട്ടുനൂലുണ്ടാക്കിയത്; കന്യകാഹൃദയങ്ങളിൽനിന്ന് പ്രത്യേകപാടവത്തോടുകൂടിയവർ നീക്കംചെയ്തു സംഭരിച്ച രക്തപ്പശകൊണ്ടാണ് അതിന്ന് നിറം പിടിപ്പിച്ചിരിക്കുന്നത്.

ഡെസ്ഡിമോണ—അതെയോ? ഇതു നേരാണോ?

ഒഥെല്ലോ—അക്ഷരംപ്രതി! അതുകൊണ്ട് അതിനെക്കുറിച്ച നല്ല കരുതലിരിക്കട്ടെ.

ഡെസ്ഡിമോണ—ഈശ്വരാ, എന്നാൽ അതു ഞാൻ കാണാതായ വേണ്ടായിരുന്നു.

ഒഥെല്ലോ—ആങ്ഹാ! കാരണം?

ഡെസ്ഡിമോണ—അവിടുന്നെന്താണ് ഇങ്ങിനെ ഞെട്ടിക്കൊണ്ടും രൂക്ഷമായും സംസാരിക്കുന്നത്?

ഒഥെല്ലോ—അതു നീ കളഞ്ഞുവോ? അതു പോയോ? പറ, അതു കാണാത്തിടത്തെത്തിയോ?

ഡെസ്ഡിമോണ—ഈശ്വരൻതന്നെ രക്ഷ!

ഒഥെല്ലോ—എന്താ നീ പറഞ്ഞത്?

ഡെസ്ഡിമോണ—അതു പോയിട്ടില്ല; പക്ഷെ പോയാൽ ത്തന്നെ എന്താണ്?

ഒഥെല്ലോ—എന്ത്?

ഡെസ്ഡിമോണ—ഞാൻ പറയുന്നു, അതു പോയിട്ടില്ല.

ഒഥെല്ലോ—അതെടുത്തുകൊണ്ടുവാ, ഞാൻ കാണട്ടെ.

ഡെസ്ഡിമോണ—എനിയ്ക്കതു കഴിയും, സർ; പക്ഷെ ഞാനിപ്പോഴതു ചെയ്യുകയില്ല. ഇതൊക്കെ എന്റെ അപേക്ഷയിൽനിന്ന് എന്നെ തെററിയ്ക്കാനുള്ള ഓരോ സൂത്രമാണ്. ഇതാ, ഞാനപേക്ഷിയ്ക്കുന്നു, ഒന്ന് കാഷ്യോവിനെ തിരിച്ചെടുക്കണേ.

ഒഥെല്ലോ—ആ കൈലേസ്സു കൊണ്ടുവരു: എന്റെ മനസ്സിൽ പല ശങ്കകളും ഉണ്ടാകുന്നുണ്ട്.

ഡെസ്ഡിമോണ—ആട്ടെയാട്ടെ; അങ്ങുന്ന് ഒരിയ്ക്കലും ഇതിലധികം യോഗ്യനായ ഒരുവനെ കാണുകയില്ല.

ഒഥെല്ലോ—കൈലേസ്!

ഡെസ്ഡിമോണ—കാഷ്യോവിനെക്കുറിച്ച് ദയചെയ്ത് എന്തെങ്കിലും പറയൂ.

ഒഥെല്ലോ—കൈലേസ്!

ഡെസ്ഡിമോണ—അങ്ങയുടെ പ്രീതിയിന്മേൽ തന്റെ മുഴുവൻ ഭാഗധേയത്തിനും അസ്തിവാരമുറപ്പിച്ച ഒരുവൻ—അങ്ങയുടെ കൂടെ ആപത്തുകളിൽ പങ്കാളിയായി—

ഒഥെല്ലോ—കൈലേസ്!

ഡെസ്ഡിമോണ—സത്യമായും, തെററ് അങ്ങയുടെ പക്കലാണ്.

ഒഥെല്ലോ—മാറിപ്പോ!

(പോകുന്നു)

എമിലിയ—ഇതാണോ ദുശ്ശങ്ക തീണ്ടാത്ത മനുഷ്യൻ?

ഡെസ്ഡിമോണ—ഞാനിങ്ങിനെ മുമ്പു കണ്ടിട്ടില്ല. തീർച്ചയായും ആ കൈലേസ്സിലെന്തോ ഒരു മറിമായമുണ്ട്: അതു പോയ്പ്പോയതിനെക്കുറിച്ച് ഞാനേററവും ദുഃഖിയ്ക്കുന്നു.

എമിലിയ—ഒന്നോ രണ്ടോ കൊല്ലംകൊണ്ടൊന്നും നമുക്ക് ഒരു പുരുഷനെ മുഴുവൻ കാണുവാൻ കഴിയുകയില്ല: അവർ മുഴുവൻ വെറും വയറും നമ്മൾ മുഴുവൻ വെറും തീററയുമാണ്; രുചിയോടുകൂടി അവർ നമ്മെ ഭക്ഷിയ്ക്കും, മുക്കററമായാൽ ഛർദ്ദിയ്ക്കുകയും ചെയ്യും—ഇതാ, നോക്കണം:—കാഷ്യോവും നമ്മുടെ ആളും.

(കാഷ്യോവും ഇയാഗോവും പ്രവേശിക്കുന്നു)

ഇയാഗോ — മററു യാതൊരു മാൎഗ്ഗവുമില്ല; അതു സാധിക്കാൻ അവർ മാത്രമേയുള്ളു: ഭാഗ്യം പ്രസാദിച്ചതു നോക്കു! വേഗം പോയി അവരോട് അപേക്ഷിയ്ക്കു!

ഡെസ്ഡിമോണ — എന്താ, കാഷ്യോ? എന്താക്കെയാണ് നിന്റെ വൎത്തമാനം?

കാഷ്യോ — അമ്മേ, എന്റെ പഴയ ഹരജിക്കാൎയ്യംതന്നെ: ഞാൻ പ്രാൎത്ഥിയ്ക്കുന്നു, അവിടുത്തെ ശക്തിമത്തായ സഹായം മുഖേന ഞാൻ വീണ്ടും ജീവിച്ചുകൊള്ളട്ടെ; ഞാൻ യാതൊരാളെ എന്റെ ഹൃദയത്തിന്റെ സൎവ്വധൎമ്മങ്ങളെക്കൊണ്ടും ആദരിയ്ക്കുന്നുവോ, അദ്ദേഹത്തിന്റെ കൃപയുടെ ഒരംഗമായി ഞാൻ വൎത്തിച്ചു കൊള്ളട്ടെ. രണ്ടാലൊന്ന് വേഗത്തിൽ ഞാനറിഞ്ഞുകൊള്ളട്ടെ. എന്റെ പഴയ സേവനമാകട്ടെ, ഇന്നത്തെ ദുഃഖങ്ങളാകട്ടെ, ഭാവിയിലേയ്ക്കുദ്ദേശിയ്ക്കുന്ന ഗുണിതപമാകട്ടെ എന്നെ വീണ്ടും അവിടുത്തെ പ്രീതിയ്ക്കു പാത്രമാക്കാത്തവിധത്തിൽ അത്ര ഭയങ്കരമാണ് ഞാൻ ചെയ്ത തെററെങ്കിൽ, ആ സംഗതി അറിയുന്നതുതന്നെ എനിയ്ക്ക് ഗുണകരമായിരിയ്ക്കണമല്ലോ; അതോടുകൂടി, ക്ലിഷ്ടമായ ഒരു തൃപ്തിയുടെ മട്ടു പുറമേ കാട്ടിക്കൊണ്ട്, വിധിയുടെ വാതില്ക്കൽ ചെന്നിരക്കാൻ വേറെ വല്ല വഴിയിലും ഞാൻ അടങ്ങിക്കൂടി കൊള്ളാം.

ഡെസ്ഡിമോണ — കഷ്ടം, ശീലവാനായ കാഷ്യോ, എന്റെ വക്കാലത്ത് ഇപ്പോഴും ശ്രുതിപിഴച്ചുനില്ക്കുകയാണ്; എന്റെ പ്രാണനാഥൻ പണ്ടത്തെ ആളല്ല; പ്രകൃതിയിൽ അവിടുത്തേയ്ക്കു കാണപ്പെടുന്ന മാററം ആകൃതിയിലും വന്നുവേന്നിരുന്നുവെങ്കിൽ എനിയ്ക്ക് അവിടുത്തെ കണ്ടാൽ മനസ്സിലാവുമെന്നുപോലും തോന്നുന്നില്ല. എല്ലാ പുണ്യാത്മാക്കളേയും സാക്ഷികളാക്കിക്കൊണ്ടു ഞാൻ പറയുന്നു, നിനക്കുവേണ്ടി എനിയ്ക്കാവുന്നിടത്തോളം ഞാൻ പറഞ്ഞിട്ടുണ്ട്; എന്നുമാത്രമല്ല, അധികം പറഞ്ഞതിന്നു ഞാൻ അവിടുത്തെ ക്രോധത്തിന്റെ ലക്ഷ്യപരിധിയിൽപ്പെട്ടുകൂടിച്ചെയ്തു! നീ കുറച്ചുകൂടി ക്ഷമിച്ചിരിയ്ക്കണം: എന്നാൽ കഴിയുന്നതൊക്കെ ഞാൻ ചെയ്യും; എനിയ്ക്കുവേണ്ടി ചെയ്യാൻ ഞാൻ ധൈൎയ്യപ്പെടുന്നതിലുമധികംചെയ്യുകയും ചെയ്യാം: അതുകൊണ്ടു നീ തൃപ്തിപ്പെടണം.

ഇയാഗോ — അവിടുന്നു ക്രുദ്ധനായിട്ടുണ്ടോ?

എമിലിയ — കുറച്ചുമുമ്പിപ്പോഴാണ് ഇവിടെനിന്നു പോയത്;

തീച്ച്യയായും മുമ്പു കണ്ടിട്ടില്ലാത്ത ക്ഷോഭത്തോടുകൂടിയുമാണ്.

ഇയാഗോ—അവിടുത്തേയ്ക്കു ക്രോധമോ? പീരങ്കിയുണ്ട അദ്ദേഹത്തിൻെറ പടയണി പൊട്ടിച്ച് കാററിൽച്ചിതറിയ്ക്കുന്നതും, ആലിംഗനത്തിലെന്നപോലെ അടുത്തുനിന്ന സ്വന്തം സഹോദരനെ, കലിയെന്നപോലെ അതു കയററിക്കൊച്ചുന്നതും ഞാൻ നോക്കിനിന്നവനാണ്;—അവിടുത്തേയ്ക്കു ക്രോധമോ? എന്നാൽ ഗൌരവമേറിയ എന്തോ ഒന്ന് അതിലുണ്ട്: ഞാൻ പോയി അവിടുത്തെ കാണട്ടെ: അവിടുത്തേയ്ക്കു ക്രോധമുണ്ടെങ്കിൽ, കാര്യം ചില്ലറയല്ല തന്നെ.

ഡെസ്ഡിമോണ—ഒന്നറിഞ്ഞുവരണേ!

(ഇയാഗോ പോകുന്നു)

ഒന്നുകിൽ വെനീസ്സിൽനിന്നുള്ള ഭരണത്തെസ്സംബന്ധിച്ച എന്തോ കാര്യമാണിത്, സംശയമില്ല; അല്ലെങ്കിൽ ഇവിടെ, സൈപ്രസ്സിൽനിന്ന് ഇടയ്ക്കു വെച്ചുലസിപ്പോയ വല്ല ഗൂഢതന്ത്രത്തെപ്പററിയും കിട്ടിയ തെളിവായിരിയ്ക്കണം: ഇതായിരിയ്ക്കും അദ്ദേഹത്തിൻെറ നിർമ്മലമായ ആത്മാവിനെ കലക്കിമറിച്ചത്. ഈവക സമയങ്ങളിൽ, വൻകാര്യങ്ങളാണ് അവരുടെ മനസ്സിലുള്ളതെങ്കിലും, ആളുകൾ ചില്ലറസ്സംഗതികളെക്കുറിച്ചു വല്ലാത്ത ഒച്ചപ്പാടുണ്ടാക്കും. അതങ്ങിനെത്തന്നെയാണ്; നമ്മുടെ ഒരു വിരലിന്നു നോവുണ്ടായാൽ മതിയല്ലോ, ആ വേദന ആരോഗ്യത്തോടുകൂടിയ മററവയവങ്ങളെക്കൂടി ബാധിച്ച് അവയേയും അതിൽ പങ്കുകൊള്ളിയ്ക്കുന്നു: 1 പുരുഷന്മാർ ദേവന്മാരല്ലെന്നു നമ്മൾ മനസ്സിലാക്കണം; കല്യാണദിവസത്തെ നാഥവരൻെറ ഭാര്യയോടുള്ള പെരുമാററം എപ്പോഴും നമുക്കവരിൽനിന്നു പ്രതീക്ഷിയ്ക്കാനും പാടില്ല. 2—എമിലിയേ, ഞാനാണ് തെററ് ചെയ്തത്. നെറികെട്ട പോരാളി[3]യായ ഞാൻ പരുഷമായ പെരുമാററത്തിന്ന് അവിടുത്തെ എൻെറ ഹൃദയത്തിന്നുമുമ്പാകെ കുററക്കാരനാക്കി നിർത്തിയിരിയ്ക്കുകയായിരുന്നു; പക്ഷെ, ഞാൻ കള്ളസ്സാക്ഷിയേയാണ് ഹാജരാക്കിയതെന്നും, അവിടുത്തെപ്പേരിൽ അന്യായമായി ഞാൻ കുററമാരോപിച്ചതാണെന്നും എനിയ്ക്കിപ്പോൾ മനസ്സിലായി.

എമിലിയ—അമ്മ വിചാരിയ്ക്കുംപോലെ അതിൻെറ അടിയിലുള്ളത് രാജ്യകാര്യം വല്ലതും തന്നെയാണെന്നും, അല്ലാതെ

1 മെലോൺ. 2 ഡെയ്റാൺ. 3 കൌഡൻ ക്ലാക്ക്.

അമ്മയെസ്സംബന്ധിച്ചുള്ള വല്ല ദുശ്ശങ്കയിൽനിന്നും ജനിച്ച ഭ്രമമൊന്നുമല്ലെന്നും വരുത്തുവാൻ ദൈവം തുണയ്ക്കട്ടെ.

ഡെസ്ഡിമോണ—കഷ്ടം, അവിടുത്തേയ്ക്ക് ഞാനതിന്ന് കാരണം നല്കീട്ടേയില്ലല്ലോ!

എമിലിയ—പക്ഷെ ശങ്കയുള്ളവൎക്ക് അതൊരു സമാധാനമാവില്ല; കാരണം കണ്ടിട്ടല്ല അവർ ശങ്കിയ്ക്കുന്നത്, അവർ ശങ്കാശീലന്മാരായതുകൊണ്ട് ശങ്കിയ്ക്കുന്നുവെന്നേയുള്ളു: തന്നെത്താൻ ഉല്പാദിപ്പിച്ച് തന്നെത്താൻ പ്രസവിയ്ക്കുന്ന ഒരു ഭയംകരസത്വമാണത്.

ഡെസ്ഡിമോണ—ആ സത്വത്തെ എന്റെ പ്രാണനാഥന്റെ മനസ്സിൽനിന്ന് ദൈവംതന്നെ അകററിനിൎത്തട്ടെ!

എമിലിയ—അമ്മേ, ഞാനും ആ പ്രാൎത്ഥനയിൽച്ചേരുന്നു.

ഡെസ്ഡിമോണ—അവിടുന്ന് എവിടെയാണുള്ളതെന്ന് ഞാൻ പോയി തിരഞ്ഞുവരട്ടെ—കാഷ്യോ, നീ ഇവിടെയെങ്ങാനും ചുററിനടന്നോളൂ: അവസരം നന്നെങ്കിൽ ഞാൻ അവിടുത്തോട് നിന്റെ കാൎയ്യം പറഞ്ഞ് കഴിയുന്നിടത്തോളം അത് ഫലത്തിൽ കൊണ്ടുവരാൻ നോക്കാം.

കാഷ്യോ—ഞാൻ വിനീതമായ് അവിടുത്തോട് നന്ദിപറഞ്ഞുകൊള്ളുന്നു.

(ഡെസ്ഡിമോണയും എമിലിയയും പോകുന്നു. ബിയാങ്കാ പ്രവേശിയ്ക്കുന്നു)

ബിയാങ്കാ—കാഷ്യോ, ദൈവം തുണയ്ക്കട്ടെ!

കാഷ്യോ—നീ എന്താണ് പുറത്തേയ്ക്കിറങ്ങിയത്? പൊന്നു ബിയാങ്കാ, നിനക്കു സുഖംതന്നെയല്ലേ? വാസ്തവത്തിൽ, തങ്കമണി, ഞാൻ നിന്റെ വീട്ടിലേക്കു വരികയായിരുന്നു.

ബിയാങ്കാ—ഞാൻ നിങ്ങടെ താമസിയ്ക്കുന്നിടത്തോളം പോവുകയായിരുന്നു. എന്തു കഥയാണിത്? ഒരാഴ്ച—ഏഴു പകലും രാത്രിയും—എണ്ണിരുപതും എട്ടുംമണിക്കൂർ—വിട്ടുനില്ക്കുക!—അല്ലേ? അതുതന്നെയോ, കാലത്തെ എണ്ണിരുപതുവട്ടം പെരുപ്പിച്ചു ദുസ്സഹമാക്കുന്ന വിരഹിണിയുടെ മണിക്കൂറുകൾ! അയ്യോ, തളച്ച് വരുത്തുന്ന സമയക്കണക്ക്!

കാഷ്യോ—മാപ്പാക്കു, ബിയാങ്കാ; ഇയ്യക്കട്ടികൾപോലെ കനത്ത ചിന്തകളുടെ ഭാരത്തോടുകൂടിയാണ് ഞാനിയ്യിടെയായി നടക്കുന്നത്; ഇടയ്ക്ക് തടയപ്പെടാനില്ലാത്ത[1] ഒരവസരം കിട്ടട്ടെ, ഞാൻ വിരഹത്തിന്റെ പഴയ ബാക്കിയൊക്കെ തീൎത്തോളാം. പൊന്നു ബി

1 ഡോക്ടർ ജോൺസൺ.

യാങ്കാ, നീ എനിയ്ക്കുവേണ്ടി ഈ പൂപ്പണി ഒന്നു പകൎത്തിത്തുന്നുമോ?

(ഡെസ്ഡിമോണയുടെ കൈലേസ് അവളുടെ കൈയിൽ കൊടുക്കുന്നു.)

ബിയാങ്കാ—ങ്ഹാ, കാഷ്യോ, ഇതെവിടെനിന്നു കിട്ടി? ഇതേതോ ഒരു പുത്തൻകൂട്ടുകാരിയുടെ സമ്മാനമാണ്. എന്നെ ഇത്രയും വേദനിപ്പിച്ച നിങ്ങളുടെ വിട്ടുനില്പിലിന്നു കാരണമുണ്ടെന്ന് എനിയ്ക്കിപ്പോഴാ മനസ്സിലായി: ഒടുക്കം ഇതാണ് ഫലം—അല്ലേ?—ം—,ആട്ടെയാട്ടെ!

കാഷ്യോ—നിന്റെ പാട്ടിനു പോ, പെണ്ണേ! ചെകുത്താന്റെ മുഖത്തുനിന്നായിരിയ്ക്കും നിനക്കീ ഉപഹാരങ്ങൾ കിട്ടുന്നത്, അവയെ അങ്ങോട്ടുതന്നെ വലിച്ചെറിഞ്ഞോട്ടെ. ഇതു വല്ല കോളുകാരിയും ഓൎമ്മയ്ക്കു തന്നതാണെന്ന ശങ്കയാണ് നിനക്കുള്ളത്! സത്യമായും, ബിയാങ്കാ അങ്ങിനെയൊന്നുമല്ല, കേട്ടോ!

ബിയാങ്കാ—ആങ്ഹാ, എന്നാൽ ആരുടെയാണിത്?

കാഷ്യോ—ഞാനറിയില്ല: ഞാനിതെന്റെ മുറിയിൽ കണ്ടെത്തുകയാണുണ്ടായത്. എനിയ്ക്ക് ഈ പൂപ്പണി വളരെപ്പിടിച്ചിരിയ്ക്കുന്നു: വല്ലവരും ഇത് ആവശ്യപ്പെടുന്നതിന്നുമുമ്പ്—അതു സംഭവിയ്ക്കുമെന്നുതന്നെ വിചാരിയ്ക്കാം—അതെനിയ്ക്കു പകൎത്തിക്കിട്ടണമെന്നുണ്ട്: ഇതെടുത്ത് ഒന്ന് ചെയ്യു; തല്ക്കാലം എന്നെ വിടുകയും വേണം.

ബിയാങ്കാ—നിങ്ങളെ വിടുകയോ? കാരണം?

കാഷ്യോ—ഞാനിവിടെ മൂപ്പരുടെ അകമ്പടിയായി നില്ക്കുകയാണ്. എന്നെ ഒരു സ്ത്രീയുടെകൂടെ അവിടുന്നു കാണുന്നതു വിഹിതമല്ല; എനിയ്ക്കതു ഹിതവുമല്ല.

ബിയാങ്കാ—സംഗതി എന്താണെന്നു കേട്ടോട്ടേ?

കാഷ്യോ—ഞാൻ നിന്നെ സ്നേഹിയ്ക്കുന്നില്ലെന്നല്ല.

ബിയാങ്കാ—എങ്കിലും നിങ്ങൾ എന്നെ സ്നേഹിയ്ക്കുന്നുണ്ടെന്നല്ല, അല്ലേ? ഞാനപേക്ഷിയ്ക്കുന്നു, കുറച്ചു ദൂരം എന്റെ കൂടെ വരു; ഇന്നു രാത്രി തന്നെ 1 അങ്ങോട്ടു കാണുമോ എന്ന് എന്നോടു പറയുകയും ചെയ്യു.

കാഷ്യോ—എനിയ്ക്കു വളരെക്കുറച്ചു ദൂരമേ നിന്റെകൂടെ വരാൻ കഴിയുകയുള്ളു; ഇവിടെയാണ് ഞാൻ നില്ക്കേണ്ടത്; പക്ഷെ ഞാൻ ഉടനെ നിന്നെ കണ്ടോളാം.

ബിയാങ്കാ—ം—,തരക്കേടില്ല! വിധിയ്ക്കു വഴങ്ങാതെ കഴിയുമോ? (രണ്ടുപേരും പോകുന്നു.)

---

1 ഷ്മിററ്.

നാലാമങ്കം

രംഗം 1

(സൈപ്രസ് അരമനയുടെ മുൻവശം. ഒഥെല്ലോവും ഇയാഗോവും പ്രവേശിക്കുന്നു.)

ഇയാഗോ—അവിടുന്ന് അങ്ങിനെയാണോ വിചാരിക്കുന്നത്?

ഒഥെല്ലോ—'വിചാരിക്കുക'യോ, ഇയാഗോ!

ഇയാഗോ—എന്തു, രഹസ്യമായി ചുംബിക്കുക?

ഒഥെല്ലോ—അനധികൃതമായ ഒരു ചുംബനം. 1

ഇയാഗോ—അല്ലെങ്കിൽ, ദുർവിചാരമൊന്നും കൂടാതെ, അവളുടെ സ്നേഹിതന്റെകൂടെ, ഒരു മണിക്കൂറോ അതിലധികമോ നേരം ഒരേ കിടക്കയിൽ ഉടുവസ്ത്രമില്ലാതെ കിടക്കുക?

ഒഥെല്ലോ—ഉടുവസ്ത്രമില്ലാതെ ഒരേ കിടക്കയിൽ കിടക്കുക, ദുർവിചാരങ്ങളൊന്നും ഇല്ലാതിരിക്കുകയും ചെയ്ക—അല്ലേ, ഇയാഗോ? അതു പാപപ്രചോദകനായ ചെകുത്താനെ വഞ്ചിക്കുവാനുള്ള കപടവിഡംബനമാണ്. 2 സദുദ്ദേശ്യത്തോടുകൂടിയെങ്കിലും അങ്ങിനെ ചെയ്യുന്നവരുടെ ചാരിത്രത്തെ ചെകുത്താൻ പ്രലോഭനത്തിന്നു വശംവദമാക്കുന്നു; അവർ പുണ്യലോകത്തെ പരീക്ഷിക്കുകയും ചെയ്യുന്നു.

---

1 ആദ്യത്തെ നാലു വരികളിൽ ഒഥെല്ലോവിന്റേയും ഇയാഗോവിന്റേയും വാക്കുകൾ ഏതൊക്കെയാണെന്നതിനെക്കുറിച്ച് ഒരു വലിയ പുസ്തകം നിറയ്ക്കുവാൻ മാത്രമുള്ള വാദപ്രതിവാദം നടന്നിട്ടുണ്ട്. ഫോളിയോപാഠമാണ് ഇവിടെ ചേർത്തിരിക്കുന്നത്. ഇതു തെററാണെന്നു സർ ഹെൻറിഇർവിങ്, മാഷ്ൽ, ലൊററ്സം, ഡെയ്ററൺ, വെറിററി മുതലായി അനേകം പണ്ഡിതന്മാർ സിദ്ധാന്തിക്കുന്നു. ഫോളിയോക്രമത്തെ വ്യാഖ്യാനിച്ചു സാധുകരിക്കുവാൻ ശ്രമിച്ചവരും വളരെപ്പേരുണ്ട്. പാഠഭേദങ്ങളും വ്യാഖ്യാനങ്ങളും പലതാണ്. ഫോളിയോപാഠത്തിൽ പിശകുണ്ടെന്നു വാദിക്കുന്ന പക്ഷത്തിലാണ് ഞാനും ചേരുന്നത്; പക്ഷെ മുൻപൊന്ന വ്യാഖ്യാതാക്കന്മാർ അഭിപ്രായപ്പെട്ടിട്ടുള്ള ക്രമങ്ങളോടൊന്നും പൂർണ്ണമായി യോജിക്കുവാൻ എനിക്കു സാധിച്ചിട്ടില്ല.

2 ഡോക്ടർ ജോൺസൺ.

ഇയാഗോ—അവർ യാതൊന്നും ചെയ്യാതിരിയ്ക്കുന്നേടത്തോളം, ക്ഷന്തവ്യമായ ഒരു തെററുമാത്രമാണിത്: പക്ഷെ ഞാൻ എൻെറ ഭാര്യയ്ക്ക് ഒരു കൈലേസ് സമ്മാനിച്ചാൽ,—

ഒഥെല്ലോ—സമ്മാനിച്ചാൽ—?

ഇയാഗോ—എന്താ, അത് അവളുടേതായി. അവളുടേതായി കഴിഞ്ഞ സ്ഥിതിയ്ക്ക് അതിനെ മറേറതൊരു പുരുഷനും കൊടുക്കാൻ അവാംക്കധികാരമുണ്ടെന്നും ഞാൻ വിചാരിയ്ക്കുന്നു.

ഒഥെല്ലോ—അവാം തൻെറ ചാരിത്രത്തിൻെറ രക്ഷാകർത്രിയും കൂടിയല്ലേ? അവാം അതു കൊടുക്കാൻ പാടുണ്ടോ?

ഇയാഗോ—അവളുടെ ചാരിത്രമെന്നതു കാണാൻ വയ്യാത്ത ഒരു സൂക്ഷ്മാംശമല്ലേ? അതില്ലാത്തവരാണ് പലപ്പോഴും അതുള്ളവരെന്നു കീത്തിയ്ക്കപ്പെടുന്നത്: പക്ഷെ ആ കൈലേസിൻെറ കാര്യത്തിൽ—

ഒഥെല്ലോ—ദൈവത്താണേ, സസന്തോഷം ഞാൻ അക്കഥ മറന്നേനേ: നീ പറഞ്ഞപോലെ,—അയ്യോ, ചാവു തീണ്ടിയ വീട്ടിലേയ്ക്ക്, എല്ലാവക്കും ആപത്തു കുറിച്ചുകൊണ്ടു, കാലൻകോഴി പറന്നെത്തുന്നതുപോലെ, അതെൻെറ സ്മൃതിപഥത്തെ അധിരോഹണം ചെയ്യുന്നു,—എൻെറ കൈലേസ് അവൻെറ കൈയിലാണുള്ളത്.

ഇയാഗോ—അതേ, അതുകൊണ്ടെന്താ?

ഒഥെല്ലോ—അപ്പറഞ്ഞതത്ര 1 പന്തിയായില്ല.

ഇയാഗോ—എന്ത്, അങ്ങയുടെനേരെ അവൻ അപരാധം പ്രവത്തിയ്ക്കുന്നതു ഞാൻ കണ്ടു എന്നു പറഞ്ഞിരുന്നെങ്കിലോ? അല്ലെങ്കിൽ, അവൻ പറയുന്നതു കേട്ടു എന്ന്?—അത്തരത്തിലുള്ള ധൂത്തന്മാരെ എത്രയെങ്കിലും കാണാം: ഇടവിടാതെയുള്ള പൊരുതിമുട്ടിയ്ക്കൽകൊണ്ടോ, അല്ലെങ്കിൽ, ഏതെങ്കിലും പെണ്ണിന്നു പ്രേരണയില്ലാതെ ഇളകിയ കാമഭ്രാന്തനിമിത്തമോ ഈ ധൂത്തന്മാക്ക് അവരെ വശപ്പെടുത്താനോ, തൃപ്തിപ്പെടുത്താനോ സാധിച്ചാൽ, അക്കൂട്ടക്ക് അതിനെപ്പററി ചിലയ്ക്കാതെ കഴിയുകയില്ല.

ഒഥെല്ലോ—അവൻ എന്തെങ്കിലും പറഞ്ഞോ?

ഇയാഗോ—പ്രഭോ, പറഞ്ഞു; പക്ഷെ, അങ്ങേയ്ക്കു തീച്ചപ്പെടുത്താം, പിന്നീട് അവൻ മറിച്ചുപറയാനൊരുക്കമുള്ളതിലധികമൊന്നും പറഞ്ഞിട്ടില്ല.

1 സർ ഹെൻറി ഇർവിങ്ങ്.

ഒഥെല്ലോ—അവൻ എന്താണ് പറഞ്ഞതു്?

ഇയാഗോ—വോരായിട്ട്, അവൻ—അവനെന്തു ചെയ്തു എന്നു ഞാനറിയുന്നില്ല.

ഒഥെല്ലോ—എന്ത്! പറയൂ!

ഇയാഗോ—കിടന്നുവെന്ന്.

ഒഥെല്ലോ—അവളുടെ കൂടെ?

ഇയാഗോ—കൂടെ, മീതെ; എങ്ങിനെ വേണമെങ്കിലങ്ങിനെ.

ഒഥെല്ലോ—അവളുടെ കൂടെ! അവളുടെ മേൽ!—അവളെ അധികരിച്ച് എന്ന അർത്ഥത്തിൽ നമ്മാം അവളുടെമേൽ എന്നു പറയാറുണ്ട്—അവളുടെകൂടെ! — ബീഭത്സമാണത്—കൈലേസ് —കുററസമ്മതം —കൈലേസ്!—കുററം സമ്മതിയ്ക്കുക, എന്നിട്ട് അവൻെറ പ്രയത്നത്തിനു പ്രതിഫലമായി കഴവേറുക;—ആദ്യം കഴവേറുക, പിന്നെ കുററം സമ്മതിയ്ക്കുക—എനിയ്ക്ക് അതോർക്ക മ്പോഴം വിറവരുന്നു. യാഥാർത്ഥ്യത്തിൽ വേരൂന്നിയ 1 ആന്തരോ പദേശമില്ലാതെ, പ്രകൃതി ഇങ്ങിനെ ഒിക്കിരുട്ടടപ്പിയ്ക്കുന്ന ഒരു സംക്ഷോഭപരിവേഷത്തെ സ്വയം കൈക്കൊള്ളുകയില്ല. വെറും വാക്കുകളല്ല എന്നെ ഇങ്ങിനെയിട്ടു കുലുക്കുന്നത്:—ഫൂ!—മൂക്കുകളും ചെവികളും ചുണ്ടുകളും—ഇതു സംഭാവ്യമാണെന്നോ?—കുററം സമ്മതിയ്ക്കുക— കൈലേസ്; —ഹു, ചുടലമാടാ! —

(ബോധരഹിതനായി നിലംപതിയ്ക്കുന്നു.)

ഇയാഗോ—അങ്ങിനെ തടിയ്ക്കു പിടി, മരുന്നേ, തടിയ്ക്കു പിടി! ഇങ്ങിനെയാണ് കേട്ടതൊക്കെ കണ്ണടച്ചു വിശ്വസിയ്ക്കാനൊരുങ്ങുന്ന വങ്കന്മാരെ കെണിയിലാക്കുക; നന്മ നിറഞ്ഞ നല്ലാർമണികളം, മറെറാന്നും ചെയ്യാതെ, കുററമേല്ക്കേണ്ടിവരുന്നതും ഇങ്ങിനെതന്നെ—ഇതാ, പ്രഭോ! അങ്ങുന്നേ! ഞാനാണ് വിളിയ്ക്കുന്നത്, പ്രഭോ! ഒഥെല്ലോ:

(കാഷ്യോ പ്രവേശിയ്ക്കുന്നു)

എന്തേ, കാഷ്യോ?

കാഷ്യോ—എന്താണിത്?

ഇയാഗോ—അവിടുത്തേയ്ക്ക് ഒരപസ്മാരബാധയുണ്ടായിരിയ്ക്കു

---

1 ഡെയ്ററൺ; പക്ഷെ ഈ വാചകത്തിൻെറ ബാക്കി ഭാഗത്തെസ്സംബന്ധിച്ചിടത്തോളം, ഡെയ്ററൻെറതിൽനിന്നു തുലോം വിഭിന്നമായ ഒരർത്ഥകല്പനയെ അവലംബിയ്ക്കേണ്ടിവന്നിരിയ്ക്കുന്നു

ന്നു: ഇതു രണ്ടാമത്തെ പ്രാവശ്യമാണ്; ഇന്നലേയും ഒരു തവണ യുണ്ടായി.

കാഷ്യോ—ചെന്നിയ്ക്കുരസി ചുട്ടുപിടിപ്പിയ്ക്കുള്ള.

ഇയാഗോ—വരട്ടെ, വേണ്ട; ഈ മോഹാലസ്യത്തെ അതിന്റെ നേരമെത്തി ഒഴിയുന്നതുവരെ തടയാതെ വിടുകയാണ് വേണ്ടത്: അല്ലെങ്കിൽ, വായിൽ നുരയും പതയും വന്ന് ഏറെത്താമസിയാതെ ഭയങ്കരഭ്രാന്തിൽ ചെന്നുചാടും. നോക്കു, ദേഹമിളകുന്നുണ്ട്. കുറച്ചുനേരത്തേയ്ക്കു് അങ്ങെങ്ങാൻ പോയിനിൽക്കു; അവിടുത്തേയ്ക്കു് ഉടനെ സുഖമാവും: അവിടുന്നു പോയാൽ എനിയ്ക്കു നിങ്ങളോട് ഏററവും കാര്യമായ ഒരു സംഗതിയെക്കുറിച്ചു സംസാരിയ്ക്കാനുണ്ട്.

(കാഷ്യോ പോകുന്നു)

പ്രഭോ, അങ്ങെയ്ക്കു് എങ്ങിനെയുണ്ട്? അവിടുത്തെത്തലയ്ക്കു വീഴ്ചയിൽ വല്ലതും പററിയോ?

ഒഥെല്ലോ—നീ എന്നെ പരിഹസിയ്ക്കുകയാണോ?

ഇയാഗോ—അങ്ങയെ പരിഹസിയ്ക്കുകയോ? ഈശ്വരൻ സാക്ഷിയായിട്ട്, അല്ല. പുരുഷോചിതമായ രീതിയിൽ അങ്ങെയ്ക്കു് ഭവിതവ്യത്തെ നേരിടാൻ കഴിഞ്ഞെങ്കിൽ എത്ര നന്നായിരുന്നു!

ഒഥെല്ലോ—കുലടയുടെ ഭർത്താവായ പുരുഷൻ വികൃതവും മൃഗതുല്യവുമായ ഒരു സൃഷ്ടിയാണ്.

ഇയാഗോ—അങ്ങിനെയാണെങ്കിൽ, ജനനിബിഡമായ ഓരോ നഗരത്തിലും എത്രയോ മൃഗങ്ങളും നാഗരികന്മാരായ വികൃതസൃഷ്ടികളുമുണ്ട്.

ഒഥെല്ലോ—അവൻ കുററം സമ്മതിച്ചു?

ഇയാഗോ—അങ്ങുന്നേ, പുരുഷനായിരിയ്ക്കണം; നുകത്തിൽ പെട്ടുകഴിഞ്ഞ ഏതു താടിമുളച്ചവനും അങ്ങയുടെകൂടെ വലിയ്ക്കാൻ ആററാണെന്നു കരുതിയാൽ മതി. തങ്ങൾക്കു പ്രത്യേകമായുള്ളതെന്ന് അവർ വാശിയോടുകൂടി അവകാശപ്പെടുമെങ്കിലും, പലരും പങ്കാളികളായ[1] കിടക്കകളിൽ രാത്രിതോറും കിടക്കുന്നവർ ലക്ഷക്കണക്കായി ജീവിച്ചിരിപ്പുണ്ട്; അങ്ങയുടെ അവസ്ഥ അതിലും മെച്ചമാണ്. ശങ്കാരഹിതമായ മഞ്ചത്തിൽ കിടന്നുകൊണ്ടു ഒരു പുംശ്ചലിയെ ചുംബിയ്ക്കുകയും, അതേ സമയത്ത് അവളെ ചാരിത്രശാലിനിയെന്നെണ്ണുകയും ചെയ്യേണ്ടിവരുന്നതു നരകത്തിന്റെ പകവീട്ടലാ

---

1 ബെഡ്സ്.

ണ്, ചെയ്ത്താന്റെ തികഞ്ഞ കൊഞ്ഞനം കാട്ടലാണ്. അങ്ങിനെയല്ല, ഞാനായിരുന്നെങ്കിൽ, എനിയ്ക്കുതറിയുകതന്നെ വേണം; അവാംകള ഞാനെങ്ങിനെയാണെന്നറിഞ്ഞാൽ, എനിയ്ക്കവാം എങ്ങിനെയായിരിയ്ക്കണമെന്നു തീച്ചപ്പെടുത്തുകയും ചെയ്യാം. 1

ഒഥെല്ലോ—നീ ബുദ്ധിമാനാണ്; ഇപ്പറഞ്ഞതു നിരാക്ഷേപവുമാണ്.

ഇയാഗോ—അവിടുന്നു കുറച്ചുനേരം അകന്നുനില്ക്കണം. ക്ഷമയുടെ അതിരിന്നുള്ളിൽ ഒന്നൊതുങ്ങിനില്ക്കുകയും വേണം. അങ്ങുന്ന് ശോകമൂർഛയ്ക്ക്—അങ്ങയെപ്പോലെയുള്ള ഒരാംക്ക് ഏററവും അനുചിതമായ വികാരാവേശത്തിന്ന്—അടിപെട്ട് ഇവിടെക്കിടന്നിരുന്നപ്പോം കാഷ്യോ ഇവിടെ വന്നു: അങ്ങയുടെ മോഹാലസ്യത്തിന്നു നല്ല ഒരു ഹേതു പറഞ്ഞ്, ഞാൻ അവനെ ഒരുവിധത്തിൽ ഒഴിച്ചു; പക്ഷെ ഞാൻ അവനോട് ഇപ്പോംത്തന്നെ ഇങ്ങോട്ടു തിരിച്ചുവന്ന് എന്നോടു സംസാരിയ്ക്കാൻ പറഞ്ഞിട്ടുണ്ട്; അവൻ അങ്ങിനെയാവാമെന്നു സമ്മതിച്ചിട്ടുമുണ്ട്. അവിടുന്ന് അല്പസമയത്തേയ്ക്ക് അവിടെയെങ്ങാൻ വല്ലതും മറഞ്ഞുനിന്നാൽ മതി: അവന്റെ മുഖത്തു രോമക്കുഴിതോറും സ്ഫുരിയ്ക്കുന്ന അവജ്ഞയും, നിന്ദയും, പരിഹാസവും അവിടുന്നൊന്നു നോക്കിക്കാണുകതന്നെ വേണം; ഞാൻ അക്കഥ അവനെക്കൊണ്ടു വീണ്ടും പറയിയ്ക്കാം,—എവിടെ, എങ്ങിനെ, എത്രപ്രാവശ്യം, എത്രമുമ്പ്, എപ്പോം അങ്ങയുടെ ഭാര്യയെ അവൻ പ്രാപിച്ചിട്ടുണ്ടെന്നും, ഇനിയെപ്പോഴാണ് അതിന്നു ഭാവമെന്നും, ഒക്കെ. അവന്റെ ആംഗ്യങ്ങാം മാത്രം നോക്കാൻ ഞാൻ അങ്ങയോടാവശ്യപ്പെടുന്നു. എന്നാൽ ഇതാ, അടങ്ങിയിരിയ്ക്കണേ! അല്ലെങ്കിൽ അങ്ങേയ്ക്കു ക്രോധംമാത്രമേയുള്ളുവെന്നും അങ്ങൊരു പുരുഷനല്ലെന്നും ഞാൻ പറയേണ്ടിവരും.

ഒഥെല്ലോ—ഇയാഗോ, നീ കേംക്കുന്നുണ്ടോ, എന്റെ ക്ഷമയിൽ ഞാൻ ഏററവും കൌശലം പ്രദശിപ്പിയ്ക്കും; പക്ഷെ—നീ കേംക്കുന്നുണ്ടോ? —ഞാൻ ഏററവും നിഷ്ഠുരനമായിരിയ്ക്കും.

ഇയാഗോ—അതിന്നു തരക്കേടൊന്നുമില്ല; പക്ഷെ എല്ലാററിലും സാവകാശത വേണം. അവിടുന്നു മാറിനില്ക്കുമോ?

(ഒഥെല്ലോ ഒരു വശത്തേയ്ക്കു മാറി ഒളിച്ചുനില്ക്കുന്നു.)

ഞാനിപ്പോംത്തന്നെ കാഷ്യോവിനോടു ബിയാങ്കയെപ്പററി

1 ഡെയ്ററൺ.

ചോദ്യം ചെയ്യും. തന്റെ കാമത്തെ വിററ് ഉണ്ണാനും ഉടുക്കാനും നേടുന്ന ഒരു പട്ടത്തേവിടിശ്ശിയാണവാം: പക്ഷെ ആ ജീവി കാഷ്യോവിനെ നന്നെ ഭ്രമിച്ചിട്ടാണ്;—പലരേയും വലയിൽകുടുക്കി ഒരുത്തന്റെ വലയിൽകുടുങ്ങുക എന്നതു വേശ്യയുടെ ശാപമാണല്ലോ:—അവളുടെ പേരു കോംക്കുമ്പോാം അവൻ പൊട്ടിച്ചിരി അടക്കാൻ കഴിയുകയില്ല:—ഇതാ അവൻ വരുന്നു:—അവൻ മന്ദഹസിയ്ക്കെ ഒഥെല്ലോവിനു ഭ്രാന്തിളകും; അവന്റെ മൂഢ[1]ശങ്ക പാവത്താനായ കാഷ്യോവിന്റെ പുഞ്ചിരിയേയും, ആംഗ്യങ്ങളേയും, സോല്ലാസമായ പെരുമാററത്തേയും തീരെ തെററി വ്യാഖ്യാനിയ്ക്കുകയും ചെയ്യും.

(കാഷ്യോ പ്രവേശിയ്ക്കുന്നു.)

സുഖംതന്നേയോ, ലഫ്ടനെൻറ്?

കാഷ്യോ—നിങ്ങാം ആ സ്ഥാനം എനിയ്ക്കു തരുന്നതുകൊണ്ടുള്ള സുഖക്കുറവാണുള്ളത്, അതിന്റെ ഇല്ലായ്മ എന്നെ കൊല്ലുകയാണ് ചെയ്യുന്നത്.

ഇയാഗോ—ഡെസ്ഡിമോണയുടെ സേവ കൊണ്ടുപിടിച്ചോളു, നിങ്ങളുടെ കാര്യം ഉറച്ചു. [പതുക്കെ] ഈ അപേക്ഷ അനുവദിയ്ക്കുവാൻ ബിയാങ്കയ്ക്കു കഴിഞ്ഞിരുന്നെങ്കിൽ നിങ്ങളുടെ ഉദ്യമം എത്ര വേഗത്തിൽ സഫലമാകുമായിരുന്നു!

കാഷ്യോ—അയ്യോ, പാവം, കളിക്കുരങ്ങ്!

ഒഥെല്ലോ—[ആത്മഗതം]—നോക്കൂ, അവൻ ഇപ്പോാംതന്നെ ചിരിയ്ക്കാൻ തുടങ്ങിപ്പോയി.

ഇയാഗോ—ഒരു പെണ്ണ് ഒരു പുരുഷനെ ഇങ്ങിനെ സ്നേഹിയ്ക്കുന്നതു ഞാൻ കണ്ടിട്ടില്ല.

കാഷ്യോ—അയ്യയ്യോ, ശുദ്ധപമ്പരശി! നേരായിട്ട് അവാംക്ക് എന്നെ കുറച്ചു കാര്യമാണെന്നുതന്നെ ഞാൻ വിചാരിയ്ക്കുന്നു.

ഒഥെല്ലോ—[ആത്മഗതം]—ഇപ്പോാം അവനതു മനസ്സോടുതട്ടാത്ത നിലയിൽ നിഷേധിച്ചു, ചിരിച്ചൊഴിയുകയാണ്.

ഇയാഗോ—കാഷ്യോ, നിങ്ങാം ഒരു വിവരം കേട്ടോ?

ഒഥെല്ലോ—[ആത്മഗതം]—അതു വീണ്ടും പറയുവാൻ ഇയാഗോ അവനോട് അപേക്ഷിയ്ക്കുകയാണ്:— —ം—, അസ്സലാകുന്നുണ്ട്, ഒന്നാന്തരമാകുന്നുണ്ട്.

ഇയാഗോ—നിങ്ങാം അവളെ കല്യാണം കഴിക്കാൻപോകു

---

1 വാർബർട്ടൺ, ഡൈസ് മുതലായവർ.

നുണ്ടെന്ന് അവാം പറഞ്ഞുനാടക്കന്നുണ്ടത്രേ. നിങ്ങാംക്കങ്ങിനെ വല്ല ആലോചനയുമുണ്ടോ?

കാഷ്യോ—ഹ, ഹ, ഹാ!

ഒഥെല്ലോ—[ആത്മഗതം]—നീ തിമക്കുന്നോ, പെറുക്കിത്തെമ്മാടി? നീ തിമക്കുന്നോ?

കാഷ്യോ—ഞാനവളെ കല്യാണം കഴിക്കാനോ? ഒരു പരക്കെക്കൊട്ടുവിക്കാരിയെ? ഇതാ, ദയചെയ്ത് എന്റെ വിവേകത്തെപ്പറ്റി തെല്ലൊരു മതിപ്പു വെയ്ക്കണേ; അതത്ര തകരാറായിപ്പോയെന്നു വിചാരിയ്ക്കരുത്:—ഹ, ഹ, ഹാ!

ഒഥെല്ലോ—[ആത്മഗതം]—ശരി, ശരി, ശരി, ശരി:—കാര്യം നേടിയവർ ചിരിയ്ക്കുന്നു.

ഇയാഗോ—സത്യമായിട്ടു, നിങ്ങളവളെ സംബന്ധംചെയ്യുമെന്നു പരക്കെ പ്രസ്താവമുണ്ട്.

കാഷ്യോ—നേരു പറയൂ, ചങ്ങാതി!

ഇയാഗോ—ഇല്ലെങ്കിൽ, ഞാൻ കള്ളനാണ്.

ഒഥെല്ലോ—[ആത്മഗതം]—നീ എന്നെ പററിച്ചിരിയ്ക്കുന്നോ? ആട്ടെ.

കാഷ്യോ—ഇത് ആ മൊച്ചപ്പെണ്ണുതന്നെ പറഞ്ഞുപരത്തുന്നതാണ്. അവളുടെ സ്നേഹവും തന്നെത്തന്നിയ്ക്കുള്ള മതിപ്പും ഞാനവളെ സംബന്ധം ചെയ്യുമെന്ന് അവളെ വിശ്വസിപ്പിച്ചിരിയ്ക്കുകയാണ്; അല്ലാതെ എന്റെ വാഗ്ദാനമൊന്നുമല്ല അതിന്നു ഹേതു.

ഒഥെല്ലോ—[ആത്മഗതം]—ഇയാഗോ ആംഗ്യം കാണിയ്ക്കുന്നുണ്ട്; ഇപ്പോാം അവൻ സംഭവം വിവരിയ്ക്കാൻ തുടങ്ങുകയാണ്.

കാഷ്യോ—അവാം ഇപ്പോാംകൂടി ഇവിടെ ഉണ്ടായിരുന്നു; സകലസ്ഥലങ്ങളിലും പ്രേതത്തെപ്പോലെ അവാം എന്റെ പിന്നാലെ കൂടിയിരിയ്ക്കുകയാണ്. ഇന്നാളൊരുദിവസം ഞാൻ കടല്പുറത്ത് ഏതാനും വെനീസ്സുകാരുമായി സംസാരിച്ചുകൊണ്ടു നില്ക്കുകയായിരുന്നു. അപ്പോഴുണ്ട് ഈ ചരക്ക് അവിടെ ചാടിയെത്തി, ഇതാ, ഇങ്ങിനെ, എന്റെ കഴുത്തു കെട്ടിപ്പിടിയ്ക്കുന്നു.

ഒഥെല്ലോ—[ആത്മഗതം]—'കാഷ്യോ പൊന്നേ!' എന്നു പറഞ്ഞുകൊണ്ട്: ആയിരിയ്ക്കണം: അവന്റെ അഭിനയം അതാണ് കുറിയ്ക്കുന്നത്,

കാഷ്യോ—എന്നിട്ട്, എന്റെ കഴുത്തിൽ തൂങ്ങിയും, കഴഞ്ഞും, കരഞ്ഞുംകൊണ്ട് എന്നെ ഇഴുത്തും, വലിച്ചും,—ഹ, ഹ, ഹാ!

ഒഥെല്ലോ—[ആത്മഗതം]—അവനെ അവാം എന്റെ മുറിയിലേയ്ക്കു കൂട്ടിക്കൊണ്ടുപോയതെങ്ങിനെയാണെന്നാണ് ഇപ്പോാം വർണ്ണിയ്ക്കുന്നത്. എടാ, നിന്റെ ആ മൂക്ക ഞാൻ കാണുന്നുണ്ട്, പക്ഷെ അത് അരിഞ്ഞെറിഞ്ഞുകൊടുക്കാനുള്ള നായയെമാത്രം ഞാൻ കാണുന്നില്ല.

കാഷ്യോ—ഏതായാലും അവളുമായുള്ള കൂട്ടുകെട്ട് അവസാനിപ്പിയ്ക്കണം.

ഇയാഗോ—ആ പിട്ടെന്തിനാണെന്നോട്! നോക്കു, ഇതാ അവാം വരുന്നു.

കാഷ്യോ—ശുദ്ധകല്ലണ്ണി[1] യാണവാം, സെൻറു പുരട്ടിയ കല്ലണ്ണി.

(ബിയാങ്കാ പ്രവേശിയ്ക്കുന്നു.)

ബാധപോലെ എന്നെ നീ വിട്ടൊഴിയാതെ കൂടിയിരിയ്ക്കുന്നതിന്റെ അൎത്ഥമെന്താണ്?

ബിയാങ്കാ—ചെയ്ത്താനും അവന്റെ ചേട്ടത്തള്ളയുമാണ് നിങ്ങളെ ബാധിയ്ക്കേണ്ടത്! നിങ്ങളെനിയ്ക്ക് ഇപ്പോാം തന്ന ആ കൈലേസ്സിന്റെ അൎത്ഥമെന്താണ്? അതെടുക്കാൻമാത്രം ഞാൻ എന്തൊരു തികഞ്ഞ വങ്കത്തിയായിപ്പോയി! അതിന്റെ പൂപ്പണി ഞാൻ പകൎത്തിത്തുന്നണം—അല്ലേ? നിങ്ങളു നിങ്ങളുടെ മുറിയിൽ വീണുകിടക്കുന്നതു കണ്ടു, ആരാണവിടെ അതിട്ടതെന്ന് അറിയുകയുമില്ല;—എത്ര വിശ്വാസ്യമായ കഥകളാണിതൊക്കെ! ഇതേതോ ഒരു കൂത്തച്ചിപ്പെണ്ണിന്റെ സമ്മാനമാണ്; എന്നിട്ടു ഞാനതു പകൎത്തിത്തുന്നണംപോലും. പിന്നല്ലേ! അവിടെയതാ—അതെടുത്തു നിങ്ങളുടെ ആ പൊന്നാരപ്പെണ്ണിനുതന്നെ കൊടുക്കിൻ! അതെവിടുന്നു കിട്ടിയതായാലും ശരി, ഞാനതിന്റെ പൂപ്പണി പകൎത്തിത്തുന്നുവാൻ ഭാവമില്ല.

കാഷ്യോ—അയ്യയ്യോ, എന്താണിതു പൊന്നേ? ഇതാ നോക്കു! ഇങ്ങുനോക്കു!

ഒഥെല്ലോ—[ആത്മഗതം]—ഈശ്വരനാറിയേ, അതെന്റെ

1 തെക്കെ മലബാറിൽ, മരപ്പട്ടി, മരനായ. ഈ ജീവിയുടെ അസാമാന്യവും നിരന്തരവുമായ കാമഭ്രാന്തു പ്രസിദ്ധമാണ്.

കൈലേസുതന്നെയായിരിയ്ക്കണം!

ബിയാങ്കാ—ഇന്നു രാത്രി ഊണിന്നു് അങ്ങട്ടു വരുന്നുണ്ടെങ്കിൽ വന്നോളൂ; ഇല്ലെങ്കിൽ, ഇനി എപ്പോഴാണു് വരാനൊരുക്കമെങ്കിൽ, അപ്പോഴാം.

(പോകുന്നു.)

ഇയാഗോ—പിന്നാലെ ചെല്ലു്, പിന്നാലെ ചെല്ലു്!

കാഷ്യോ—സത്യമായും അതുതന്നെയാണു് ഞാൻ ചെയ്യാൻ ഭാവം; ഇല്ലെങ്കിൽ അവൾ നാട്ടുനിരത്തിന്മേൽനിന്നു ചീത്തപറയും.

ഇയാഗോ—നിങ്ങൾക്കു് അവിടെയാണോ അത്താഴം?

കാഷ്യോ—അതെ, ആയിരിയ്ക്കും.

ഇയാഗോ—ആട്ടെ, എന്നാൽ ഒരുസമയം കാണാം; എനിയ്ക്കു നിങ്ങളുമായി കുറെ സംസാരിയ്ക്കണമെന്നുണ്ടായിരുന്നു.

കാഷ്യോ—ദയചെയ്തു വരിൻ; വരുമോ?

ഇയാഗോ—ആട്ടെ, അതിനെപ്പററി ഇപ്പോഴൊന്നും പറയേണ്ട.

(കാഷ്യോ പോകുന്നു.)

ഒഥെല്ലോ—[മുമ്പോട്ടു വന്നിട്ടു്] ഏതു തരത്തിലാണു്, ഇയാഗോ, ഞാൻ ഇവന്റെ കഥ കഴിക്കേണ്ടതു്?

ഇയാഗോ—അവന്റെ തെമ്മാടിത്തത്തെപ്പററി അവൻ ചിരിയ്ക്കുന്നതു് അങ്ങു നോക്കിയോ?

ഒഥെല്ലോ—ഏ, ഇയാഗോ!

ഇയാഗോ—ആ കൈലേസ്സുവിട്ടുന്നു കണ്ടില്ലേ?

ഒഥെല്ലോ—അതു് എന്റേതുതന്നെ ആയിരുന്നോ?

ഇയാഗോ—ഈ കണ്ണാണേ, അവിടുത്തേതു്: അങ്ങയുടെ ഭാര്യയായ ആ മുഗ്ദ്ധസ്ത്രീയ്ക്കു് അവൻ കല്പിച്ച വില നോക്കണം: അവൾ അതു് അവന്നു കൊടുത്തു. അവനതു് അവന്റെ സേവക്കാരിയായ വേശ്യയ്ക്കു സമ്മാനിച്ചിരിയ്ക്കുന്നു!

ഒഥെല്ലോ—അവന്റെ സംഹാരക്രിയ ഒമ്പതു കൊല്ലക്കാലത്തേയ്ക്കു നീണ്ടുനില്ക്കേണ്ടിയിരുന്നു.—ഹാഃ, ഒന്നാംതരം പെണ്ണു്! അത്ഭുതാംഗിയായ പെണ്ണു്! ആപാദമധുരയായ പെണ്ണു്!

ഇയാഗോ—അരുതു്, അതു് അങ്ങുന്നു മറക്കണം.

ഒഥെല്ലോ—ഇന്നു രാത്രി അവൾ കെട്ടു, ഉലഞ്ഞു നശിയ്ക്കണം; അവൾക്കിനി ജീവിതമില്ല: ഇല്ലില്ല, എന്റെ ഹൃദയം കരിങ്കല്ലായി മാറിയിരിയ്ക്കുന്നു; ഇതാ, അതിനെ ഞാൻ ഇടിച്ചിട്ടു്

എൻെറ കൈക്കാണ്° വേദനാ—പക്ഷെ—അയ്യോ, ഇത്രിഭുവനാത്തിൽ ഇതിലും കമനീയമായ ഒരു സൃഷ്ടിയില്ലേ! ഒരു രാജാധിരാജൻെറ അടുത്തു കിടന്ന്° അദ്ദേഹത്തോട്° ആജ്ഞാപിയ്ക്കുവാനുള്ള യോഗ്യത അവാംക്കുണ്ട്°.

ഇയാഗോ—അല്ലാ, ഇത്° അങ്ങേയ്ക്കു പററിയ വഴിയല്ലല്ലോ.

ഒഥെല്ലോ—നശിയ്ക്കട്ടെ ചേട്ട! ഞാനവളെപ്പററി ഉള്ളതു പറയുന്നതേയുള്ളു;—തുന്നലിൽ എന്തു കൌശലമാണ്°!—കോകിലാലാപിനി! ഹാ, ഒരു കരടിയുടെ ക്രൌര്യംകൂടി അവാം പാട്ടുപാടി മാററും!—എന്തൊരുൽകൃഷ്ടവും സമൃദ്ധവുമായ ഭാവനയും ബുദ്ധിയുമാണ്° അവളുടേത്°!—

ഇയാഗോ—ഇതുകൊണ്ടൊക്കെ ആ കൊള്ളരുതായ്മ വർദ്ധിയ്ക്കുകയാണല്ലോ ചെയ്യുന്നത്°.

ഒഥെല്ലോ—ഓ,ആയിരമായിരം ഇരട്ടി:—പിന്നെ—എന്തൊരിണക്കമുള്ള ശീലം!

ഇയാഗോ—അതെയതെ, ഇണക്കം കുറെ കടന്നുപോയെന്നു മാത്രം.

ഒഥെല്ലോ—അതു തീർച്ച:—എന്നാലും, ഇയാഗോ, അതിൻെറ ഒരു ദയനീയത! അയ്യോ, ഇയാഗോ, അതിൻെറ ദയനീയത, ഇയാഗോ!

ഇയാഗോ—ഓ, അവളുടെ പാപത്തെക്കുറിച്ച്° അങ്ങയ്ക്ക്° ഇത്ര പ്രണയമാണെങ്കിൽ, ഇനിയും തെററു ചെയ്യാൻ അവാംക്കു സമ്മതപത്രം നല്കിയേക്കണം! അങ്ങയെ സ്പർശിയ്ക്കുന്നില്ലെങ്കിൽ മററാരേയും അതു സമീപിയ്ക്കുകപോലും ചെയ്യുന്നില്ല.

ഒഥെല്ലോ—അവളെ ഞാൻ ഇറച്ചി തറിയ്ക്കുംപോലെ തുണ്ടുതുണ്ടായി തറിയ്ക്കും:—എന്നെ വഞ്ചിച്ചു പുലയാട്ടുകയോ?

ഇയാഗോ—ഹും, അതവളുടെ നീചത്വംതന്നെയാണേ!

ഒഥെല്ലോ—എൻെറ കീഴുദ്യോഗസ്ഥനുമായിട്ട്°!

ഇയാഗോ—അത്° അതിലും കവിഞ്ഞ നീചത്വം.

ഒഥെല്ലോ—ഇയാഗോ, പോയി വല്ല വിഷവും കൊണ്ടുവാ; ഇന്നു രാത്രി: ഞാൻ അവളോട്° ധർമ്മോപദേശം ചെയ്യാനൊരുങ്ങുകയില്ല; അല്ലെങ്കിൽ അവളുടെ ദേഹവും സൌന്ദര്യവും വീണ്ടും എൻെറ മനസ്സിനെ ചപലമാക്കിത്തീർത്തേയ്ക്കാം:—ഇന്നു രാത്രി, ഇയാഗോ.

ഇയാഗോ—വിഷംകൊണ്ടു ചെയ്യുന്നതല്ല നല്ലത്°; അവ

ളുടെ കിടക്കയിൽ—അവരം അശുദ്ധമാക്കിയ അതേ കിടക്കയിൽ—അവളെ കഴുത്തു ഞെക്കിക്കൊല്ലുകയാണ് വേണ്ടത്.

ഒഥെല്ലോ—നന്ന്, നന്ന്! അതിന്റെ ന്യായ്യത എനിയ്ക്കു പിടിച്ചിരിയ്ക്കുന്നു: വളരെ നന്ന്.

ഇയാഗോ—കാഷ്യോവിനെസ്സംബന്ധിച്ചിടത്തോളം, — അവന്റെ കാര്യം ഞാനേററു: അർദ്ധരാത്രിയ്ക്കുമുമ്പ് അങ്ങേയ്ക്ക് അധികവിവരമറിയാറാകും.

ഒഥെല്ലോ—വളരെ നല്ലത്. [അണിയറയിൽ കാഹളം] എന്തു വകയാണ് ആ കൊമ്പുവിളി?

ഇയാഗോ—വെനീസ്സിൽനിന്ന് എന്തോ ആണ്, തീച്ച്. ഡ്യൂക്കിന്റെ അടുത്തുനിന്നു വരുന്ന ലൊദോവിക്കോ ആണത്: നോക്കണം അങ്ങയുടെ ഭാര്യയും അയാളുടെ കൂടെയുണ്ട്.

(ലൊദോവിക്കോവും, ഡെസ്ഡിമോണയും, പരിചാരകന്മാരും പ്രവേശിയ്ക്കുന്നു.)

ലൊദോവിക്കോ—പ്രഭോ, സർവ്വേശ്വരൻ അവിടുത്തെ കാക്കട്ടെ!

ഒഥെല്ലോ—സർ, ഞാൻ അനുഗൃഹീതനായിരിയ്ക്കുന്നു.

ലൊദോവിക്കോ—വെനിസ്സിലെ ഡ്യൂക്കും, ഭരണസഭാംഗങ്ങളും അങ്ങയെ അഭിവാദനം ചെയ്യുന്നു.

(ഒരു ലക്കോട്ടു കൊടുക്കുന്നു.)

ഒഥെല്ലോ—അവരുടെ ആജ്ഞയെ ഞാൻ ശിരസാ വഹിയ്ക്കുന്നു.

(ലക്കോട്ടു തുറന്നു വായിയ്ക്കുന്നു.)

ഡെസ്ഡിമോണ—നാട്ടിലെന്തൊക്കെയാണ് വിശേഷം?

ഇയാഗോ—സിഞ്ഞോര്യാർ, നിങ്ങളെക്കണ്ടതു വളരെ സന്തോഷമായി; സൈപ്രസ്സിലേയ്ക്കു ഞാൻ സ്വാഗതം പറഞ്ഞുകൊള്ളട്ടെ.

ലൊദോവിക്കോ—സന്തോഷം. ലഫ്ടനന്റ കാഷ്യോ എങ്ങിനെയിരിയ്ക്കുന്നു?

ഇയാഗോ ജീവിയ്ക്കുന്നു, സർ.

ഡെസ്ഡിമോണ—അവനും അവിടുന്നും തമ്മിൽ ഏററവും നിർഭാഗ്യകരമായ ഒരകൽച്ച വന്നുചേൎന്നിരിയ്ക്കുകയാണ്: പക്ഷെ അതിനി നിങ്ങളാം നേരെയാക്കും.

ഒഥെല്ലോ—ആങ്ഹാ? അതിനെക്കുറിച്ച് അത്ര ഉറപ്പുണ്ടോ?

ഡെസ്ഡിമോണ — പ്രാണനാഥാ?

ഒഥെല്ലോ — [വായിയ്ക്കുന്നു] — "ഇതു ചെയ്യാൻ ഉപേക്ഷ വരുത്തരുത്; കാരണം, നിങ്ങൾ" —

ലൊദ്ദോവിക്കോ — അദ്ദേഹം നിങ്ങളോടൊന്നും പറഞ്ഞതല്ല, എഴുത്തിൽ ബദ്ധശ്രദ്ധനായിരിയ്ക്കുകയാണ്. അദ്ദേഹവും കാഷ്യോവുംതമ്മിൽ ഭിന്നിപ്പുണ്ടായിട്ടുണ്ടോ?

ഡെസ്ഡിമോണ — ഏററവും ദുഃഖകരമായവിധത്തിൽ; അവരെ വീണ്ടും യോജിപ്പിയ്ക്കുവാൻ എന്തു ചെയ്യാനും ഞാനൊരുക്കമാണ്; കാഷ്യോവിനെ ഞാൻ അത്രയ്ക്കു സ്നേഹിയ്ക്കുന്നുണ്ട്.

ഒഥെല്ലോ — ഹു, തീ, തീ, ഗന്ധകത്തീ!

ഡെസ്ഡിമോണ — പ്രാണനാഥാ?

ഒഥെല്ലോ — നിനക്കു സുബോധമുണ്ടോ?

ഡെസ്ഡിമോണ — എന്താണിത്, അവിടുന്നു കോപിച്ചിരിയ്ക്കുകയാണോ?

ലൊദ്ദോവിക്കോ — ഒരു പക്ഷെ എഴുത്തിലുള്ള വല്ല സംഗതിയും അദ്ദേഹത്തെ ക്ഷോഭിപ്പിച്ചിട്ടുണ്ടായിരിയ്ക്കും; ഞാൻ വിചാരിയ്ക്കുന്നതു കാഷ്യോവിനെ ഇവിടെ ഗവണ്ണരായി തല്ക്കാലത്തേയ്ക്കു നിയമിച്ച് അവർ അദ്ദേഹത്തെ വെനീസ്സിലേയ്ക്കു തിരികെ വിളിച്ചിട്ടുണ്ടെന്നാണ്.

ഡെസ്ഡിമോണ — സത്യമായും എനിയ്ക്കതിനെക്കുറിച്ചു സന്തോഷമാണുള്ളത്.

ഒഥെല്ലോ — ആങ്ഹാ!

ഡെസ്ഡിമോണ — പ്രാണനാഥാ?

ഒഥെല്ലോ — നിനക്കു തനിഭ്രാന്തായിക്കാണുന്നതിൽ ഞാൻ സന്തോഷിയ്ക്കുന്നു.

ഡെസ്ഡിമോണ — അങ്ങെന്താണിങ്ങിനെ പറയുന്നത്?

ഒഥെല്ലോ — മൂധേവി!

(അവളുടെ ചെള്ളയ്ക്കടിയ്ക്കുന്നു.)

ഡെസ്ഡിമോണ — ഇതിന്നുമാത്രം ഞാൻ യാതൊന്നും ചെയ്തിട്ടില്ലല്ലോ.

ലൊദ്ദോവിക്കോ — പ്രഭോ, ഞാൻ ഇതെന്റെ കണ്ണുകൊണ്ടു കണ്ടു എന്നു സത്യംചെയ്താലും ഇക്കഥ വെനീസ്സിലാരും വിശ്വസിയ്ക്കുകയില്ല: ഇതു കുറെ കവിഞ്ഞുപോയി: ദയചെയ്ത് അവരെ സമാശ്വസിപ്പിയ്ക്കണം; അവർ കരയുന്നു.

ഒഥെല്ലോ—ഹാ, മൂധേവി, മൂധേവി! ഈ ഭൂഗോളം മുഴുവൻ പെണ്ണിന്റെ കണ്ണീരിനാൽ ഊററമണ്ണായിത്തീരുമെങ്കിൽ, അവൾ വീഴ്ത്തുന്ന ഓരോ കണ്ണീർക്കണവും ഓരോ ചീങ്കണ്ണിയായിരിയ്ക്കും —പോ, മറയത്ത്!

ഡെസ്ഡിമോണ—അങ്ങയെ ദ്വേഷ്യം പിടിപ്പിയ്ക്കാൻ ഞാൻ ഇവിടെ നില്ക്കുകയില്ല.

(പോകാൻ തുടങ്ങി നടക്കുന്നു)

ലൊദോവിക്കോ—വാസ്തവമായിട്ട്, അനുസരണത്തോടുകൂടിയ ഒരു കുട്ടി:—പ്രഭോ, ഞാൻ അങ്ങയോടഭ്യർത്ഥിയ്ക്കുന്നു, ഒന്നവരെ തിരിച്ചുവിളിയ്ക്കണേ!

ഒഥെല്ലോ—ഏയ്, ശ്രീമതി!

ഡെസ്ഡിമോണ—പ്രാണനാഥാ?

ഒഥെല്ലോ—നിങ്ങൾക്കെന്താണ്, സർ, അവളെക്കൊണ്ടാവശ്യം?

ലൊദോവിക്കോ—ആര്, എനിയ്ക്കോ, അങ്ങുന്നേ?

ഒഥെല്ലോ—അതെ, നിങ്ങളല്ലേ ഞാൻ അവളെ തിരിച്ചുവിളിയ്ക്കണമെന്നാവശ്യപ്പെട്ടത്? സർ അവൾക്ക തിരിയാനും, മറിയാനും, അതേ സമയത്തു മുന്നോട്ടുതന്നെ പോയ്ക്കൊണ്ടിരിയ്ക്കുവാനും, വീണ്ടു തിരിയാനും കഴിയും; അവൾക്കു കരയാനും കഴിയും, സർ, കരയാനും; നിങ്ങൾ പറയുംപോലെ അവൾക്ക് അനുസരണവുമുണ്ട്,—അനുസരണം,—ഒന്നാന്തരം അനുസരണം—ഠ—നീ കരഞ്ഞോ, കരച്ചിൽ നിർത്തേണ്ട—ഇതിനെസ്സംബന്ധിച്ചിടത്തോളം, സർ, ഹഃ, എന്തു തന്മയത്വത്തോടുകൂടിയുള്ള ശോകാഭിനയം!—എനിയ്ക്കു നാട്ടിലേയ്ക്കു തിരിച്ചുചെല്ലുവാൻ കല്പന കിട്ടിയിരിയ്ക്കുന്നു—കടന്നു പുറത്തുപോ; കുറച്ചു കഴിഞ്ഞാൽ ഞാൻ ആളയയ്ക്കും—സർ, അവരുടെ കല്പനപ്രകാരം ഞാൻ വെനീസ്സിലേയ്ക്കു മടങ്ങിക്കൊള്ളാം—പോ! പോ പുറത്ത്!

(ഡെസ്ഡിമോണ പോകുന്നു.)

കാഷ്യോവിനെ എന്റെ സ്ഥാനത്തു നിയമിയ്ക്കാം. പിന്നെ, സർ, ഇന്നുരാത്രി ഞാൻ നിങ്ങളെ എന്റെകൂടെ അത്താഴത്തിന്നു ക്ഷണിച്ചുകൊള്ളുന്നു: സർ, സൈപ്രസ്സിലേയ്ക്കു നിങ്ങളെ ഞാൻ സ്വാഗതം ചെയ്യുകയും ചെയ്യുന്നു.—കോലാടുകളും മൊച്ചകളും!

(പോകുന്നു.)

ലൊദോവിക്കോ—ഇതാണോ നമ്മുടെ സെനെററ് സർവഥാ സംപൂർണ്ണനെന്ന് അഭിപ്രായൈക്യത്തോടുകൂടി പുകഴ്ത്തുന്ന ഉദാര നായ മൂർ—ഇതാണോ വികാരങ്ങൾക്കു കുലുക്കാനാവാത്ത മഹനീയ പ്രകൃതി? യദൃച്ഛയുടെ വെടിയ്ക്കും, ദൈവഗതിയുടെ ശരത്തിന്നും തോലുരിയ്ക്കുവാനോ തുളയ്ക്കുവാനോ കഴിയാത്ത വിധത്തിൽ അത്ര നിരന്ധ്രനിബിഡമായ നന്മയുടെ ആവാസസ്ഥാനമാണോ ഇത്?

ഇയാഗോ—അവിടുന്ന് ഇയ്യിടെയായി വളരെ മാറിയിട്ടുണ്ട്.

ലൊദോവിക്കോ—ഇയാൾക്കു ബുദ്ധി നേരെയാണോ? തലയ്ക്കു കാറച്ചൊരു വെളിവുകേടില്ലേ?

ഇയാഗോ—അവിടുന്ന് എങ്ങിനെയോ, അങ്ങിനെയാണുള്ളത്: കുററപ്പെടുത്തിപ്പറയാൻ ഞാനാളല്ല. ആകേണ്ടതെങ്ങിനെയോ, അങ്ങിനെയല്ല അവിടുന്ന് ആയിരിയ്ക്കുന്നതെങ്കിൽ, ആയിരിയ്ക്കേണ്ടതെങ്ങിനെയോ, അങ്ങിനെ ആയിത്തീരട്ടെ എന്നു ഞാൻ ഈശ്വരനോടു പ്രാർത്ഥിയ്ക്കുകയും ചെയ്യുന്നു.

ലൊദോവിക്കോ—എന്ത്, സ്വന്തം ഭാര്യയെ അടിയ്ക്കുകയോ!

ഇയാഗോ—വാസ്തവത്തിൽ, അതത്ര പന്തിയായില്ല; പക്ഷെ അതിലും കവിഞ്ഞ അപകടമൊന്നും സംഭവിയ്ക്കില്ലെന്ന് എനിയ്ക്ക് ഉറപ്പിയ്ക്കാൻ കഴിഞ്ഞാൽ മതിയായിരുന്നു.

ലൊദോവിക്കോ—ഇതിയാളുടെ പതിവാണോ? അതോ, ഈ എഴുത്തുകളിലെ വിവരങ്ങൾ രക്തത്തെ ബാധിച്ചു പുത്തനായി ഇങ്ങിനെ ഒരു തകരാറുണ്ടാക്കിത്തീർത്തതോ?

ഇയാഗോ—അയ്യോ, അതൊന്നും പറയേണ്ട! ഞാൻ കണ്ടതും അറിഞ്ഞതുമൊക്കെ പറയുന്നത് എനിയ്ക്കു വെടിപ്പല്ല. നിങ്ങൾ തന്നെ അവിടുത്തെ ഒന്നു സൂക്ഷിച്ചാൽ മതി; എന്നാൽ അവിടുത്തെ മട്ടും മാതിരിയുംകൊണ്ടുതന്നെ ആളുടെ കള്ളി വെളിച്ചത്താവും; എനിയ്ക്കധികം പറയാതേയും കഴിഞ്ഞു: ഒന്നു പിന്നാലെ പോയിനോക്കിൻ, എന്തൊക്കെയാണ് ഇനിയങ്ങോട്ടുള്ള പ്രകൃതമെന്ന്.

ലൊദോവിക്കോ—അദ്ദേഹത്തെസ്സംബന്ധിച്ചു ഞാൻ ഇങ്ങിനെ വഞ്ചിതനായിപ്പോയതിൽ ഞാൻ വളരെ വ്യസനിയ്ക്കുന്നു.

(എല്ലാവരും പോകുന്നു.)

രംഗം 2

(അരമനയിൽ ഒരു മുറി. ഒഥെല്ലോവും എമിലിയയും പ്രവേശിക്കുന്നു.)

ഒഥെല്ലോ—[അവിശ്വാസഗർഭമായ സ്വരത്തിൽ]—അപ്പോഴം, നീ ഒന്നും കണ്ടിട്ടില്ല—അല്ലേ?

എമിലിയ—ഇല്ല; യാതൊന്നും ഒരിക്കലും കേട്ടിട്ടുമില്ല, ശങ്കിച്ചിട്ടുമില്ല.

ഒഥെല്ലോ—ഉണ്ട്; നീ കാഷ്യോവും അവളും ഒരുമിച്ചിരിക്കുന്നതു കണ്ടിട്ടുണ്ട്.

എമിലിയ—പക്ഷേ ഞാനപ്പോഴൊന്നും തെററായി യാതൊന്നും കണ്ടിട്ടില്ല; എന്നുമാത്രമല്ല, അവർതമ്മിൽ സംസാരിക്കുമ്പോഴുള്ള ശബ്ദംകൂടി ഞാൻ കേൾക്കുകയും ചെയ്തിരിക്കുന്നു.

ഒഥെല്ലോ—എന്ത്, അവർ ഒരിക്കലെങ്കിലും ഗൂഢമായി മന്ത്രിച്ചിട്ടില്ലേ?

എമിലിയ—പ്രഭോ, ഒരിക്കലെങ്കിലുമില്ല.

ഒഥെല്ലോ—നിന്നെ മററവിടേയ്ക്കെങ്കിലും പറഞ്ഞയച്ചിട്ടുമില്ലേ?

എമിലിയ—ഒരിക്കലുമില്ല.

ഒഥെല്ലോ—അവളുടെ വിശറിയോ, കൈയുറകളോ, മൂടുപടമോ, മററു വല്ലതുമോ കൊണ്ടുവരാൻ?

എമിലിയ—പ്രഭോ, ഇല്ലതന്നെ.

ഒഥെല്ലോ—അതൊരത്ഭുതംതന്നെയല്ലോ.

എമിലിയ—പ്രഭോ, അമ്മ പരിശുദ്ധയാണെന്ന്, എന്റെ ആത്മാവിനെ പണയപ്പെടുത്തി, എനിക്കു ധൈര്യപ്പെട്ടു വാതുവെയ്ക്കാം: അവിടുന്ന് മറിച്ചെന്തെങ്കിലും വിചാരിക്കുന്നുണ്ടെങ്കിൽ, ആ വിചാരം കളയുകതന്നെ വേണം,—അത് അങ്ങയുടെ കരളിനെ കരിമ്പിടിപ്പിക്കും. ഏതെങ്കിലും മഹാപാപി അങ്ങയുടെ തലയിൽ കടത്തിവിട്ട വിചാരമാണിതെങ്കിൽ, ഈശ്വരൻ സർപ്പശാപംകൊണ്ട് അവന്ന് അതിന്റെ കൂലികൊടുക്കട്ടെ! അമ്മ പരിശുദ്ധയും, സുചരിത്രയും, സത്യവതിയുമല്ലെങ്കിൽ, പുരുഷന്മാരിലാർക്കും സന്തോഷിക്കാനവകാശമില്ല; അവരുടെ ഭാര്യമാരിൽവെച്ച് ഏററവും കളങ്കംതീണ്ടാത്തവർപോലും അപവാദങ്ങളെപ്പോലെ മലിനകളാണ്.

ഒഥെല്ലോ—അവളോടൊന്നിങ്ങു വരാൻ പറ:—പോ.

(എമിലിയ പോകുന്നു.)

ഇവളുടെ മൊഴി തൃപ്തികരമാണ്;—പക്ഷെ ഇത്രയും പറയാത്ത ഒരു കുട്ടിപ്പെണ്ണുണ്ടെങ്കിൽ അവളെത്ര ശുദ്ധഗതിക്കാരിയായിരിയ്ക്കണം! അതികൌശലക്കാരിയായ ഒരറംപുലയാടിയാണിവാം, ഈഗ്രസ്സാവഹങ്ങളായ കള്ളത്തരങ്ങാം സൂക്ഷിച്ച കലവറയുടെ പൂട്ടും താക്കോലും: എന്നാലും ഇവളും മുട്ടുകുത്തി പ്രാൎത്ഥിയ്ക്കും; അവളതു ചെയ്യുന്നതു ഞാൻ കണ്ടിട്ടുണ്ട്.

(ഡെസ്ഡിമോണയും എമിലിയയും പ്രവേശിയ്ക്കുന്നു.)

ഡെസ്ഡിമോണ—പ്രാണനാഥാ, എന്തിനാണങ്ങുന്നു വരാൻ പറഞ്ഞതു്?

ഒഥെല്ലോ—ദയചെയ്തു് ഒന്നിങ്ങോട്ടു വാ, മുത്തേ.

ഡെസ്ഡിമോണ—[അടുത്തു ചെന്നിട്ടു്] എന്താണങ്ങയുടെ അഭിമതം?

ഒഥെല്ലോ—ഞാൻ നിന്റെ കണ്ണൊന്നു കാണട്ടെ; എന്റെ മുഖത്തേയ്ക്കു നോക്കു്.

ഡെസ്ഡിമോണ—ഈ ഭയങ്കരാജ്ഞയുടെ അൎത്ഥമെന്താണു്?

ഒഥെല്ലോ—[എമിലിയയോടു്]—അമ്മ, നിന്റെ സാധാരണ തൊഴിലില്ലേ, അതിത്തിരി നടക്കട്ടെ; കള്ളക്കോളുകാരെ തനിച്ചാക്കി വാതിലടച്ചോ; വല്ലവരും വരുന്നുണ്ടെങ്കിൽ, ഒന്നു ചുമയ്ക്കുകയോ, 'ങ്ഹ്' എന്നു പറയുകയോ ചെയ്തോ: നിന്റെ തൊഴിൽത്തന്ത്രം, നിന്റെ തൊഴിൽത്തന്ത്രം —ം—നില്ക്കേണ്ട, പോയ്ക്കോ.

(എമിലിയ പോകുന്നു.)

ഡെസ്ഡിമോണ—ഇതാ, ഞാൻ മുട്ടുകുത്തിക്കൊണ്ടപേക്ഷിയ്ക്കുന്നു, എന്താണു് അങ്ങു് ഇപ്പറയുന്നതിന്റെ സാരം? അങ്ങയുടെ വാക്കുകളിൽ ഒരു ഭയംകരാവേശമുണ്ടെന്നു് എനിയ്ക്കു മനസ്സിലാകുന്നുണ്ടു്; പക്ഷെ ആ വാക്കുകാം എനിയ്ക്കു മനസ്സിലാകുന്നില്ല.

ഒഥെല്ലോ – ആങ്ഹാ? ആരാ നീ?

ഡെസ്ഡിമോണ—പ്രാണനാഥാ, അവിടുത്തെ ഭാൎയ്യ; അവിടുത്തെ പതിവ്രതയായ ധൎമ്മപത്നി.

ഒഥെല്ലോ—വാ ഇവിടെ; അതു സത്യംചെയ്തു പറ; എന്നിട്ടു നിന്റെ സൽഗതി മുടക്കു്; ഇല്ലെങ്കിൽ, സ്വൎഗ്ഗീയമായ നിന്റെ ആകാരം കണ്ടു ഭ്രമിച്ച്, നാരകപ്പിശാചുക്കാം നിന്നെ കടന്നുപിടിയ്ക്കാൻ മടിച്ചേയ്ക്കും! അതുകൊണ്ടു് നീ കളവായാണയിട്ടു് ഇരട്ടത്തലയൽ തുലയണം,—നീ പതിവ്രതയാണെന്നു സത്യം ചെയ്യു്.

ഡെസ്ഡിമോണ—അതു കൎമ്മസാക്ഷികളറിയും.

ഒഥെല്ലോ—നരകത്തെപ്പോലെ വഞ്ചകിയാണ് നീയെന്നാണ് കമ്മസാക്ഷികളറിയുക.

ഡെസ്ഡിമോണ—പ്രാണനാഥാ, ആരെയാണ് ഞാൻ വഞ്ചിച്ചത്? ആരോടുകൂടിച്ചേർന്നിട്ട്? എങ്ങിനെയാണ് ഞാൻ വഞ്ചകിയായത്?

ഒഥെല്ലോ—ഹാ, ഡെസ്ഡിമോണേ! പോയ്ക്കോ! പോയ്ക്കോ! പോയ്ക്കോ!

ഡെസ്ഡിമോണ—എന്തൊരത്യാപത്താണീശ്വരാ, വന്നുചേരുന്നത്:—എന്തിനാണവിടുന്നു കരയുന്നത്? പ്രാണനാഥാ, ഈ കണ്ണീരിന്നു കാരണം ഞാനാണോ? അങ്ങയെ നാട്ടിലേയ്ക്കു തിരിച്ചു വിളിപ്പിച്ചത് അച്ഛനാണെന്ന് അങ്ങേയ്ക്കഭിപ്രായമുണ്ടെങ്കിൽ അതിൽ എന്നെ കുററക്കാരിയാക്കരുതേ: അദ്ദേഹത്തിൻെറ തുണ അങ്ങേയ്ക്കു നഷ്ടമായിത്തീന്നിട്ടുണ്ടെങ്കിലെന്താണ്, അത് എനിയ്ക്കും നഷ്ടപ്പെട്ടിട്ടില്ലേ?

ഒഥെല്ലോ—ഈശ്വരൻ ക്ലേശങ്ങളാൽകൊണ്ട് എന്നെ പരീക്ഷിച്ചിരുന്നെങ്കിൽ—എൻെറ ഈ തടവില്ലാത്ത തലയിൽ പേമാരി പോലെ അത്യാപത്തുകളും അവമാനങ്ങളും കോരിച്ചൊരിഞ്ഞിരുന്നെങ്കിൽ—ദാരിദ്ര്യത്തിൽ മൂക്കോളം എന്നെ ആഴ്ത്തിക്കളയിരുന്നെങ്കിൽ—എൻെറ അങ്ങേ അററത്തുള്ള ആശകളോടൊപ്പം എന്നെ പാരതന്ത്ര്യത്തിന്ന് ഉഴിഞ്ഞിട്ടിരുന്നെങ്കിൽ—എൻെറ ആത്മാവിൻെറ വല്ല കോണിലും ശാന്തിയുടെ ഒരു കണികയെങ്കിലും ഞാൻ കണ്ടെത്തുമായിരുന്നല്ലോ; എന്നാൽ, അയ്യോ, എന്നെ പരിഹാസമുഖംകൊണ്ടു കാലത്തിൻെറ സാവധാനത്തിൽ നീങ്ങുന്ന കൈവിരലിന്ന് എന്നന്നേയ്ക്കും ചൂണ്ടിക്കാണിയ്ക്കുവാൻ തക്കവണ്ണം ഒരു സ്ഥിരലക്ഷ്യമാക്കിനിൎത്തുക!—അതും, പക്ഷെ, ഞാൻ സഹിച്ചേയ്ക്കാമായിരുന്നു; ആവട്ടെ, പത്തു പ്രാവശ്യം ആയിക്കൊള്ളട്ടെ: പക്ഷെ അവിടെ—യാതൊരു സ്ഥലത്ത് എൻെറ മുഴുവൻ ഹൃദയത്തേയും ഞാൻ നിധിയെന്നപോലെ സൂക്ഷിച്ചിരിയ്ക്കുന്നുവോ, യാതൊരിടത്തു ജീവിയ്ക്കുന്നില്ലെങ്കിൽ ഞാൻ നിജ്ജീവനായിത്തീരണം,—യാതൊരുറവിൽനിന്ന് എൻെറ ജീവിതസരിത്തു നിഷ്ക്രമിച്ചൊഴുകുന്നില്ലെങ്കിൽ അതു തീരെ വററിവരണ്ടുപോകണം,—അവിടെനിന്നു തള്ളപ്പെടുക! അല്ലെങ്കിൽ, മലീമസങ്ങളായ മണ്ഡൂകങ്ങൾക്ക് ഇണപ്പിടിച്ചു പെരുകുവാനുള്ള ഒരു തൊട്ടിയായി അതിനെ സൂക്ഷിയ്ക്കുക,—ഹാ, ശാന്തതേ, ചെമ്പനീർച്ചുണ്ടു

ഷട്ടോടുകൂടിയ സുഗ്രീവകുമാരികേ, അവിടെയാണ് നിന്റെ നിറം പകരേണ്ടത്;—അതേ, അവിടെയാണ് നീ കാളരാത്രിയെ പ്പോലെ കരാളയായ്ത്തീരേണ്ടത്.

ഡെസ്ഡിമോണ—ഞാൻ ചാരിത്ര്യവതിയാണെന്നുതന്നേയല്ലേ ഔദാര്യനിധിയായ എന്റെ പ്രാണനാഥൻ കരുതുന്നത്?

ഒഥെല്ലോ—ഓ, അതെയതെ! മുട്ടകളെ നിക്ഷേപിയ്ക്കുമ്പോഴേക്കു വീണ്ടും ഗർഭം ധരിയ്ക്കുന്ന വസന്തത്തിലെ ഈച്ചകളെപ്പോലെ! അഴകൊഴുകുന്ന ആകാരത്തോടുകൂടിയതും, സൌരഭ്യാതിരേകംനിമിത്തം ഘ്രാണേന്ദ്രിയത്തെ ഏതാണ്ട് വേദനിപ്പിയ്ക്കുകപോലും ചെയ്യുന്നതുമായ മനോഹരപുഷ്പമേ, നീ ജനിച്ചില്ലെങ്കിൽ എത്ര നന്നായിരുന്നു!

ഡെസ്ഡിമോണ—അയ്യോ! ഞാനെന്തു തെറ്റാണ് അറിയാതെ ചെയ്തുപോയത്?

ഒഥെല്ലോ—വെണ്മ തിരണ്ട ഈ കടലാസ്സ്—ഈ പുണ്യഗ്രന്ഥം—'തേവിടിശ്ശി' എന്നെഴുതിവെക്കുവാനുള്ളതാണോ? എന്തു തെറ്റാണ് ചെയ്തതെന്ന്! എന്തു ചെയ്തു എന്ന്: ഛീ, പൊതുത്തേവിടിശ്ശി!—നിന്റെ ചെയ്തികളെ വർണ്ണിയ്ക്കുകയാണെങ്കിൽ എന്റെ കവിളുകളെത്തന്നെ ഊത്തുപെട്ടികളാക്കി എന്റെ ലജ്ജയെ ഞാൻ ചുട്ടുകരിച്ചു ചാമ്പലാക്കിക്കളയണമല്ലോ—എന്തു തെറ്റു ചെയ്തു എന്ന്! അതിന്റെ സാന്നിധ്യത്തിൽ സ്വർഗ്ഗം മൂക്കുപിടിയ്ക്കുന്നു; ചന്ദ്രൻ കണ്ണു ചിമ്മുന്നു; കണ്ണിൽ കാണുന്നതിനെയൊക്കെ ചുംബിച്ചുകൊണ്ട് ഉലകം ചുറ്റിയടിയ്ക്കുന്ന തെമ്മാടിക്കാറ്റുപോലും, അതു കേൾക്കുവാൻ കൂട്ടാക്കാതെ, ഭൂഗർഭത്തിന്റെ ശൂന്യവിലത്തിൽ നിശ്ശബ്ദമായി പതുങ്ങിക്കൂടിയിരിയ്ക്കുന്നു—എന്തു തെറ്റു ചെയ്തു എന്ന്! നാണംകെട്ട വേശ്യ.

ഡെസ്ഡിമോണ—ക്രിസ്തുവിലുള്ള എന്റെ വിശ്വാസം സാക്ഷിയായിട്ട്, ഇതു കളവാണ്. മലിനവും അധർമ്മ്യവുമായ അന്യസ്പർശമേല്ക്കാതെ, ഈ ദേഹപാത്രത്തെ എന്റെ ഭർത്താവിന്റെ ഉപയോഗത്തിന്നായി സൂക്ഷിയ്ക്കുന്നത് വേശ്യാധർമ്മമല്ലെങ്കിൽ ഞാൻ വേശ്യയല്ലതന്നെ.

ഒഥെല്ലോ—എന്ത്, നീ പുലയാടിയല്ലേ?

ഡെസ്ഡിമോണ—എന്റെ പാപമോചനം പണയമായിട്ട്, അല്ല.

ഒഥെല്ലോ—അങ്ങിനെ വരാൻ പാടുണ്ടോ?

ഡെസ്ഡിമോണ—ഈശ്വരൻ നമ്മുടെ പാപങ്ങളെ പൊറുക്കട്ടെ!

ഒഥെല്ലോ—അങ്ങിനെയാണെങ്കിൽ, ഞാൻ ഭവതിയോടു മാപ്പിന്നിരക്കുന്നു: ഒഥെല്ലോവിനെ കല്യാണം കഴിച്ച വെനീസ്സിലെ ആ കള്ളത്തേവിടിശ്ശിയാണ് ഭവതിയെന്നു ഞാൻ തെറ്റിദ്ധരിച്ചു പോയി—[ഉറക്കെ] ഏയ്, പത്രോസ്മഹർഷിയുടെ ജോലിക്കെതിരായി നരകവാതിൽ കാക്കുന്ന ശ്രീമതി!

(എമിലിയ പ്രവേശിക്കുന്നു.)

നീ, നീ, അതേ നീതന്നെ! ഞങ്ങളുടെ പണി കഴിഞ്ഞു; നിന്റെ ബുദ്ധിമുട്ടിന്നു പ്രതിഫലമായി പണം പിടിച്ചോളു: ഇതാ, ഞാൻ പ്രാർത്ഥിക്കുന്നു, വാതിൽ പൂട്ടി ഞങ്ങളുടെ രഹസ്യം പുറത്തു വിടാതെ സൂക്ഷിക്കണേ!

(പോകുന്നു.)

എമിലിയ—കഷ്ടം, എന്താണിദ്ദേഹം ധരിച്ചുവെച്ചിരിക്കുന്നതാവോ?—അമ്മേ, അമ്മയ്ക്കെങ്ങിനെയുണ്ട്?

ഡെസ്ഡിമോണ—നേരായിട്ട്, സ്വപ്നാവസ്ഥയിലാണ് ഞാൻ.

എമിലിയ—അമ്മേ, എന്റെ യജമാനനെന്താണ് വന്നു പിടിപെട്ടു പോയത്?

ഡെസ്ഡിമോണ—ആൎക്ക്?

എമിലിയ—എന്റെ യജമാനന്ന്.

ഡെസ്ഡിമോണ—ആരാണ് നിന്റെ യജമാനൻ?

എമിലിയ—അതെന്താ, അമ്മയേയും ഭരിക്കുന്ന ആൾതന്നെ.

ഡെസ്ഡിമോണ—എനിക്ക് അങ്ങിനെ ആരുമില്ല, എമിലിയേ; നീ എന്നോടൊന്നും പറയാതിരിക്കണേ; എനിക്കു കരയാൻ കഴിയുന്നില്ല; കണ്ണീരിലൂടെയല്ലാതെ പറയാവുന്ന ഉത്തരവും എനിക്കില്ല. എനിക്കൊരപേക്ഷയുണ്ട്: ഇന്നു രാത്രി എന്റെ കല്യാണദിവസം വിരിച്ച വിരിതന്നെ എന്റെ കിടക്കയിൽ വിരിക്കണേ,—മറക്കരുത്;—നിന്റെ ഭൎത്താവിനെ ഒന്നിങ്ങോട്ടു വിളിക്ക്.

എമിലിയ—എന്തൊരു മാററമാണപ്പാ ഇവിടെ വന്നിരിക്കുന്നത്!

(പോകുന്നു.)

ഡെസ്ഡിമോണ—എന്നോടിങ്ങിനെ പെരുമാറിയതു യു

ക്തംതന്നെ, വളരെ യുക്തം. എന്റെ ഏററവും ലഘുവായ തെററിനെക്കുറിച്ചുകൂടി അവിടുത്തേയ്ക്കു് ഏററവും ലഘുവായ ദുരഭിപ്രായംപോലുമുണ്ടാകാൻമാത്രം ഞാനെന്തു പിഴച്ചു?

(എമിലിയയും ഇയാഗോവും പ്രവേശിയ്ക്കുന്നു.)

ഇയാഗോ—അമ്മയ്ക്കെന്താണാവോ വേണ്ടതു്? സുഖക്കേടൊന്നുമില്ലല്ലോ?

ഡെസ്ഡിമോണ—ഞാനറിയില്ല. പിഞ്ചുകുട്ടികളെ പഠിപ്പിയ്ക്കുന്നവർ മൃദുവായ വഴികളിലൂടേയും, ലഘുവായ അഭ്യാസങ്ങൾ കൊടുത്തുമാണു് അക്കാര്യം നിർവ്വഹിയ്ക്കുക: എന്നെ അവിടുന്നു് അതുപോലെ ശാസിച്ചാൽ മതിയായിരുന്നല്ലോ; കാരണം, സത്യമായിട്ടു്, ശാസനയ്ക്കു് ഒരു കുട്ടിയെപ്പോലെ വഴങ്ങുന്നവളാണു് ഞാൻ.

ഇയാഗോ—അമ്മേ, എന്താണുണ്ടായതു്?

എമിലിയ—അവിടുന്നു് അമ്മയെ തേവിടിശ്ശി എന്നു വിളിച്ചു. പിന്നെ, മനസ്സിൽ സത്യമുള്ളവക്കു കേട്ടുപൊറുക്കാനാവാത്ത എന്തെല്ലാം കേൾക്കാൻ കൊള്ളാത്ത അസഭ്യങ്ങളാണു് പറഞ്ഞതു്!

ഡെസ്ഡിമോണ—ഞാൻ അതാണോ, ഇയാഗോ?

ഇയാഗോ—അമ്മേ, ഏതു്?

ഡെസ്ഡിമോണ—ഞാൻ അങ്ങിനെയുള്ളവളാണെന്നു് അവിടുന്നു പറഞ്ഞു എന്നു് ഇവളിപ്പോൾ പറഞ്ഞില്ലേ, അതു്?

എമിലിയ—അമ്മയെ തേവിടിശ്ശിയെന്നാണദ്ദേഹം വിളിച്ചതു്: കുടിച്ചു മതിമറന്ന ഒരു പിച്ചക്കാരൻകൂടി തന്റെ കെട്ടിയവളെ ഇങ്ങിനെ ചീത്തപറയുകയില്ല.

ഇയാഗോ—ഇതിന്നെന്തായിരുന്നു കാരണം?

ഡെസ്ഡിമോണ—ഞാനറിയുകയില്ല; ഞാനങ്ങിനെയുള്ളവളല്ലെന്നു് എനിയ്ക്കു നല്ല തീർച്ചയുണ്ടു്.

ഇയാഗോ—കരയരുതു്, കരയരുതു്: കഷ്ടം, മഹാകഷ്ടം!

എമിലിയ—അമ്മ എത്രയോ പ്രഭുക്കന്മാരുടെ സംബന്ധാലോചനകളേയും, അച്ഛനേയും, നാടിനേയും, കൂട്ടുകാരേയും വെടിഞ്ഞുവന്നതു തേവിടിശ്ശി എന്ന വിളി കേൾക്കാനാണോ? ഇതു് ആരേയാണു് കരയിയ്ക്കാതിരിയ്ക്കുക?

ഡെസ്ഡിമോണ—എന്റെ പിഴച്ച തലയിലെഴുത്താണിതൊക്കെ.

ഇയാഗോ—അവിടുത്തേയ്ക്കു് ഇതു നല്ലതിനല്ലതന്നെ. എങ്ങി

റെയാണാവോ അദ്ദേഹത്തിന്നു ഈ അപകടം പിണഞ്ഞതതു്!

ഡെസ്ഡിമോണ—ഈശ്വരനൊരാളറിഞ്ഞു.

എമിലിയ—എനിയ്ക്കു തീച്ചയുണ്ടു്, ഏതോ മഹാപാപി—രാപ്പകൽ മററുള്ളവരെക്കൊണ്ടു വ്യാജസൂചനകൾ പരത്തുന്ന ഏതോ പെരുങ്കള്ളൻ—ചതിയനും നുണയനുമായ ഏതോ ഒരാംചെററ—വല്ല ഉദ്യോഗവും കിട്ടാൻവേണ്ടി കെട്ടിയുണ്ടാക്കിയ പൊല്ലാപ്പാണിതു്;—അല്ലെങ്കിൽ ഞാൻ പെണ്ണല്ല.

ഇയാഗോ—ഛീ, അങ്ങിനെ ഒരുത്തനുണ്ടാകില്ല; അതു സംഭാവ്യമല്ല.

ഡെസ്ഡിമോണ—അങ്ങിനെ വല്ലവനുമുണ്ടെങ്കിൽ ഈശ്വരൻ അവനെ മാപ്പാക്കട്ടെ.

എമിലിയ—തൂക്കമരത്തിന്റെ ഊരാങ്കുടുക്കാണു് അവനെ മാപ്പാക്കേണ്ടതു്! നരകം അവന്റെ അസ്ഥി കാന്തിക്കട്ടെ! എന്തു ന്യായത്തിന്മേലാണു് അമ്മയെ ഇയാൾ തേവിടിശ്ശിയെന്നു വിളിച്ചതു്? ആക്കാണു് അമ്മയുമായി കൂട്ടുകെട്ടുള്ളതു്? എവിടെ? ഏതു സമയത്തു്? എന്തു തെളിവു്? എന്താണിതിനൊക്കെ അടിസ്ഥാനം? ഏതോ ഒരുകൊലപ്പാപി ഈ മൂറിനെ പറഞ്ഞിളക്കിയിരിയ്ക്കുകയാണു്—എണ്ണപ്പെട്ട ഏതോ ഒരു നീചപ്പെറുക്കി—ഒരസത്തുചേട്ട—ഈശ്വരാ, ഈ നായ്ക്കളുടെ കള്ളി വെളിച്ചത്താക്കി, ഇവററയെ, ഉടുവസ്ത്രമില്ലാതെ, ഭൂമിയുടെ കിഴക്കേ അററംമുതൽ പടിഞ്ഞാറേ അററംവരെ, നാടുനീളെ അടിച്ചടിച്ചോടിയ്ക്കുവാൻ ഓരോ മര്യാദക്കാരന്റെയും കൈയിൽ ഓരോ ചമ്മട്ടി അവിടുന്നു കൊടുക്കുകയാണെങ്കിൽ എത്ര നന്നായിരുന്നു!

ഇയാഗോ—പതുക്കെപ്പറ!

എമിലിയ—മനസ്സറപ്പുണ്ടാക്കുന്ന അസത്തുക്കൾ! അങ്ങിനെയുള്ള വല്ല ചേട്ടയുമാണു് പണ്ടൊരിയ്ക്കൽ നിങ്ങളുടെ വകതിരിവിനെ ഉള്ളുവെളിയ്ക്കാകുന്ന മട്ടിൽ മറിച്ചു്, മൂപ്പരും ഞാനും തമ്മിൽ എന്തോ ഉണ്ടെന്നു് ശങ്കിയ്ക്കാൻ വഴിയുണ്ടാക്കിത്തീത്തതു്.

ഇയാഗോ—വിഡ്ഢി! മിണ്ടാതിരിയ്ക്കുവിടെ.

ഡെസ്ഡിമോണ—അയ്യോ, ഇയാഗോ, എന്റെ പ്രാണനാഥനെ പണ്ടത്തെപ്പോലെയാക്കുവാൻ ഞാനിനി എന്താണു് ചെയ്യേണ്ടതു്? നിങ്ങൾ ഞങ്ങൾക്കു വേണ്ടപ്പെട്ട ആളാണല്ലോ, ഒന്നു് അവിടുത്തെ അടുക്കലേയ്ക്കു പോകണേ! ഈ ആദിത്യപ്രഭ സാക്ഷിയായി, ഞാനെങ്ങിനെയാണു് അവിടുത്തെ സ്നേഹം നഷ്ടപ്പെട്ടതെ

ന്ന് ഞാനറിയുകയില്ല. ഇതാ, ഞാനിവിടെ മുട്ടുകുത്തുന്നു:—ഒരി ക്കലെങ്കിലും വിചാരത്തിലോ പ്രവൃത്തിയിലോ അവിടുത്തെ പ്രണ യത്തിന്നെതിരായി ഞാൻ പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ—എന്റെ കണ്ണു കളോ, ചെവികളോ, മറേറതെങ്കിലും ഇന്ദ്രിയമോ മറെറാരാകാര ത്തിൽനിന്നു വല്ല സംതൃപ്തിയും ഒരിക്കലെങ്കിലും തേടിയിട്ടുണ്ടെ ങ്കിൽ—ഇപ്പോഴോ മുമ്പെപ്പോഴെങ്കിലുമോ, ഇനി മേലിലോ, അവി ടുന്ന് എന്നെ പിച്ചതെണ്ടിക്കുന്ന പരിത്യാഗത്തിലേക്കുതന്നെ എടു ത്തെറിയുകയാണെങ്കിൽക്കൂടി, ഞാൻ അവിടുത്തെ ഹൃദയപൂർവ്വം സ്നേഹിച്ചിട്ടില്ലെങ്കിൽ, സ്നേഹിക്കുന്നില്ലെങ്കിൽ, സ്നേഹിക്കാതിരി ക്കുകയാണെങ്കിൽ—ജീവിതത്തിൽ ഇനിയങ്ങോട്ട് ആശ്വാസമെന്ന തെന്താണെന്ന് ഞാനറിയാതെപോകട്ടെ! നിർദ്ദയത്വത്തിന്ന് പ ലതും ചെയ്യാൻ കഴിയും: അവിടുത്തെ നിർദ്ദയത്വം ഒരു സമയം എന്റെ ജീവനെ നശിപ്പിച്ചേയ്ക്കാം; പക്ഷെ അതൊരിക്കലും എന്റെ പ്രണയത്തെ കറപിടിപ്പിക്കുകയില്ല. എനിക്ക് "തേ വിടിശ്ശി" എന്നു പറയാൻ കഴിയുകയില്ല,—അത് പറയുമ്പോൾ ത്തന്നെ എന്റെ ദേഹം ചുളുങ്ങുന്നു; ആ പേര് കിട്ടാനിടയാകുന്ന പ്രവൃത്തി എന്നെക്കൊണ്ടു ചെയ്യിക്കുവാൻ ഈ ലോകത്തിന്റെ മുഴവൻ ആഡംബരത്തിന്നും സാധിക്കുകയുമില്ല.

ഇയാഗോ—ഞാനൊന്നപേക്ഷിക്കുന്നു, സമാധാനമായിരിക്ക ണം; ഇത് അവിടുത്തെ മനസ്സിന്റെ ഒരു താല്ക്കാലികവികൃതിമാത്ര മാണ്: രാഷ്ട്രീയകാര്യങ്ങളാണ് അദ്ദേഹത്തെ ക്ഷോഭിപ്പിച്ചിരിക്കു ന്നത്; ശകാരം അമ്മയ്ക്ക് കിട്ടിയെന്നേയുള്ളു.

ഡെസ്ഡിമോണ—അത്രമാത്രമേയുള്ളുവെങ്കിൽ—

ഇയാഗോ—അത്രമാത്രം. എന്റെ വാക്കു പ്രമാണം.

(അണിയറയിൽ കാഹളം)

കേൾക്കിൻ, അത്താഴത്തിന്നുള്ള കൊമ്പുവിളിയാണത്. വെ നിസ്സിൽനിന്നു വന്ന ദൂതന്മാർ ഭക്ഷണംകാത്തുനില്ക്കുന്നു: അകത്തേ ക്കു പോവിൻ, കരയരുത്; കാര്യമൊക്കെ മംഗളമായിത്തന്നെ കലാശിക്കും.

(ഡെസ്ഡിമോണയും എമിലിയയും പോകുന്നു. റോഡെറിഗോ പ്ര വേശിക്കുന്നു.)

എന്തേ, റോഡെറിഗോ?

റോഡെറിഗോ—നിങ്ങൾ എന്നോടു ന്യായ്യമായിട്ടാണ് പെ രുമാറുന്നതെന്ന് എനിക്കു തോന്നുന്നില്ല.

ഇയാഗോ—അന്യായ്യമായിട്ട് എന്തു കണ്ടു?

റോഡെറിഗോ—ഇയാഗോ, നിങ്ങാം ഓരോ ദിവസവും ഓരോ സൂത്രം പ്രയോഗിച്ച് എന്നെ ഒഴിയ്ക്കുകയാണ് ചെയ്യുന്നത്. ആശയ്ക്ക് വല്ല തഞ്ചവും ഉണ്ടാക്കിത്തരുന്നതിന്നുപകരം, വൈഷമ്യം വല്ലതുമുണ്ടെങ്കിൽ അതിനെ എന്നിൽനിന്ന് അകററിനിത്തുകയാണ് നിങ്ങാം ചെയ്യുന്നതെന്നുകൂടി എനിയ്ക്ക് ഇപ്പോഠം തോന്നിത്തുടങ്ങിയിരിയ്ക്കുന്നു. തീർച്ചയായും ഞാനിതിനിയും സഹിച്ചുകൊണ്ടിരിയ്ക്കുവാൻ ഭാവമില്ല; എന്റെ വങ്കത്തംകൊണ്ടു ഞാനിതുവരെ അനുഭവിച്ച കഷ്ടപ്പാടുകളെപ്പററി അടങ്ങിക്കൂടുവാനും ഞാനുദ്ദേശിയ്ക്കുന്നില്ല.

ഇയാഗോ—റോഡെറിഗോ, ഞാൻ പറയുന്നതു താൻ കേഠക്കുമോ?

റോഡെറിഗോ—ദൈവത്താണേ, ഞാൻ കുറച്ചധികം കേട്ടുകഴിഞ്ഞു; നിങ്ങളുടെ വാക്കുകഠംക്കും പ്രവൃത്തികഠംക്കും അന്യോന്യം യാതൊരു പൊരുത്തവുമില്ല.

ഇയാഗോ—വളരെ അന്യായ്യമായിട്ടാണ് താൻ എന്നെ കുററപ്പെടുത്തുന്നത്.

റോഡെറിഗോ—വാസ്തവമല്ലാതെ ഞാനൊന്നും പറയുന്നില്ല. എന്റെ സമ്പാദ്യം മുഴുവൻ ഞാൻ ചെലവാക്കിക്കഴിഞ്ഞു. ഡെസ്ഡിമോണയ്ക്കു സമ്മാനിയ്ക്കുവാൻവേണ്ടി നിങ്ങാം എന്നോടു വാങ്ങിക്കൊണ്ടുപോയ രത്നങ്ങഠംമാത്രം മതി ഒരു തപസ്വിനിയുടെ വ്രതനിഷ്ഠപോലും പാതിയും കളയാൻ; അതൊക്കെ അവഠം സ്വീകരിച്ചുവെന്നും, അവയ്ക്കു പകരമായി ആകസ്മികമായ അഭിവാദനത്തിന്നും, പരിചയത്തിന്നും ഒരുങ്ങിക്കൊള്ളേണമെന്ന പ്രതീക്ഷയും ആശ്വാസവും ഇങ്ങോട്ടയച്ചിരിയ്ക്കുന്നുവെന്നും നിങ്ങളെന്നോടു പറഞ്ഞു; ഇതുവരെയായിട്ടും ഞാനൊന്നും കണ്ടതുമില്ല.

ഇയാഗോ—നല്ലത്; പോയിവരു; വളരെ നല്ലത്.

റോഡെറിഗോ—വളരെ നല്ലത്! പോയിവരു! എനിയ്ക്കു പോയിവരാൻ മനസ്സില്ല, അതൊട്ടു വളരെ നല്ലതുമല്ല: എന്നുമാത്രമല്ല, എനിയ്ക്കു തോന്നുന്നത് അതൊക്കെ വളരെ തകരാറാണെന്നാണ്; അതിൽ ചതിത്തം പററിയത് എനിയ്ക്കാണെന്നും തോന്നുന്നുണ്ട്.

ഇയാഗോ—വളരെ നല്ലത്.

റോഡെറിഗോ—അതു വളരെ നല്ലതല്ലെന്നാണ് ഞാൻ നി

ങ്ങളോടു പറയുന്നത്. ഞാനാരാണെന്നു* ഇപ്പോൾത്തന്നെ ഞാൻ ഡെസ്ഡിമോണയെ അറിയിക്കും. എന്റെ കല്ലുകൾ എനിക്കു മടക്കിക്കിട്ടുകയാണെങ്കിൽ, അതോടുകൂടി എന്റെ പരിശ്രമം അവസാനിപ്പിച്ച്, അന്യായ്യമായ എന്റെ അഭിലാഷത്തെപ്പററി ഞാൻ പശ്ചാത്തപിച്ചുകൊള്ളാം. അല്ലെങ്കിൽ നിങ്ങളോടു ഞാൻ നഷ്ടപരിഹാരത്തിന്നാവശ്യപ്പെടുമെന്നു തീർച്ചപ്പെടുത്തിക്കോളു.

ഇയാഗോ—ആട്ടെ, താൻ പറഞ്ഞുകഴിഞ്ഞല്ലോ.

റോഡെറിഗോ—പറഞ്ഞുകഴിഞ്ഞു; ഞാൻ ചെയ്വാൻ ഉദ്ദേശിക്കുന്നതല്ലാതെ മററു യാതൊന്നും പറഞ്ഞിട്ടുമില്ല.

ഇയാഗോ—ഭേഷ്, ഇപ്പോളാണ് ഞാൻ തന്നിൽ കുറച്ച് ഉശിരു കാണുന്നത്; ഈ നിമിഷത്തിൽത്തന്നെ ഇതുവരെ എനിക്കു തന്നെപ്പററി ഉണ്ടായിരുന്നതിലധികം നല്ല ഒരഭിപ്രായം ഞാൻ കെട്ടിപ്പടുത്തുതുടങ്ങുകയും ചെയ്യുന്നു. റോഡെറിഗോ, തന്റെ കൈ തരു: താൻ എന്നെപ്പററി പുറപ്പെടുവിച്ച ആവലാതി ഏററവും ന്യായ്യംതന്നെ; എങ്കിലും തന്റെ ഇക്കാര്യത്തിൽ ഏററവും ഋജുവായിട്ടാണ് എന്റെ പെരുമാററമുണ്ടായിട്ടുള്ളതെന്നുകൂടി ഞാൻ പറഞ്ഞുകൊള്ളട്ടെ.

റോഡെറിഗോ—പക്ഷെ അതിന്റെ ലക്ഷണമൊന്നും കണ്ടില്ല.

ഇയാഗോ—അതിന്റെ ലക്ഷണമൊന്നും കാണാൻമാത്രമുണ്ടായിട്ടില്ലെന്നു ഞാനും സമ്മതിക്കുകതന്നെ ചെയ്യുന്നു; അതുകൊണ്ട് അതിനെക്കുറിച്ചുള്ള തന്റെ ആശങ്കകളുടെ പിന്നിൽ ബുദ്ധിയും വിവേകവുമില്ലാതെയല്ലെന്നും ഞാൻ സമ്മതിക്കുന്നു. പക്ഷെ, റോഡെറിഗോ, തന്റെ സ്വഭാവത്തിൽ നിശ്ചയദാർഢ്യം, പൌരുഷം, പരാക്രമം എന്നീ ഗുണങ്ങൾ യഥാർത്ഥമായുണ്ടെങ്കിൽ—ഉണ്ടെന്നു വിശ്വസിക്കുവാൻ മുമ്പത്തെക്കാളൊക്കെയധികം ഇപ്പോൾ ഞാൻ കാരണം കാണുന്നുണ്ട്—അതു കാണിക്കേണ്ടത് ഇന്നു രാത്രിയാണ്: തൊട്ടടുത്തുള്ള രാത്രി താൻ ഡെസ്ഡിമോണയെ അനുഭവിച്ചില്ലെങ്കിൽ, ചതിപ്പണികൊണ്ട് എന്റെ ഭൂലോകവാസം അവസാനിപ്പിച്ചോളു; എന്റെ മരണത്തിന്നു തന്ത്രങ്ങൾ കണ്ടുപിടിച്ചോളു.

റോഡെറിഗോ—ഇരിക്കട്ടെ, എന്താണത്? അതു യുക്തിയുടേയും സാധ്യതയുടേയും പരിധിയിൽപ്പെടുന്നതുതന്നെയാണോ?

* ഡോക്ടർ ഫണ്ണെസ്സ്.

ഇയാഗോ—ചങ്ങാതി കാഷ്യോവിനെ ഒഥെല്ലോവിന്നുപകരം നിശ്ചയിച്ചുകൊണ്ടു വെനിസ്സിൽനിന്ന് ഒരു പുതിയ കല്പനായെത്തിയിട്ടുണ്ട്.

റോഡെറിഗോ—ഇതു നേരാണോ എന്നാൽ ഒഥെല്ലോവും ഡെസ്ഡിമോണയും വെനിസ്സിലേയ്ക്കു മടങ്ങുമല്ലോ.

ഇയാഗോ—ഹേയ്, ഇല്ല; മോറിററാനിയയിലേയ്ക്കാണ് ഒഥെല്ലോ പോകുന്നത്; ഡെസ്ഡിമോണയെ കൂടെക്കൊണ്ടു പോവുകയുംചെയ്യും;—എന്നുവെച്ചാൽ, വല്ല യാദൃച്ഛികസംഭവവുംനിമിത്തം ഇവിടെയുള്ള താമസം ഇനിയും നീണ്ടില്ലെങ്കിൽ, എന്നർത്ഥം: അതിന്നു കാഷ്യോവിനെ നീക്കംചെയ്യുന്നതുപോലെ അത്ര ഉറച്ച വഴി വേറെയില്ലതാനും.

റോഡെറിഗോ—നീക്കംചെയ്യുക എന്നുവെച്ചാൽ? എന്താണ് നിങ്ങളുടെ അന്തർഗതം?

ഇയാഗോ—അതോ, ഒഥെല്ലോവിൻെറ സ്ഥാനമെടുക്കാൻ അവന്നു വയ്യാതാക്കിത്തീർക്കുക—അവൻെറ തലമണ്ട തച്ചുടയ്ക്കുക.

റോഡെറിഗോ—അതു ഞാൻ ചെയ്യണമെന്നാണോ നിങ്ങൾ പറഞ്ഞുകൊണ്ടുവരുന്നത്?

ഇയാഗോ—അതെ; തനിയ്ക്കുവേണ്ടിത്തന്നെ ഒരു നേട്ടവും നീതിയും സമ്പാദിയ്ക്കുവാൻമാത്രമുള്ള ആണത്തം തനിയ്ക്കുണ്ടെങ്കിൽ. ഒരു വേശ്യാഗൃഹത്തിലാണ് അവന്നിന്നു രാത്രി അത്താഴം; ഞാനും അങ്ങോട്ടു പോകുന്നുണ്ട്:—അവന്നു പുതുതായി വന്നുചേർന്നിട്ടുള്ള ബഹുമതിയേയും ഭാഗ്യത്തെയുംകുറിച്ച് അവൻ ഇനിയും അറിഞ്ഞിട്ടില്ല.- അവൻ അവിടെനിന്നു മടങ്ങുമ്പോൾ—അതു പന്ത്രണ്ടു മണിയുടേയും ഒരു മണിയുടേയും ഇടയിലാക്കാൻ ഞാൻ ഏർപ്പാടു ചെയ്യാം—നിനക്കു യഥേഷ്ടം അവനെ കാച്ചാൻ കഴിയും: ഞാൻ നിൻെറ തുണയ്ക്ക് അടുത്തെങ്ങാനും ഉണ്ടായിരിയ്ക്കും; നമ്മൾ രണ്ടു പേരുടേയും ഇടയിൽ അവൻെറ കഥ കഴിയും. വരൂ; ഇങ്ങിനെ അമ്പരന്നു മിഴിച്ചുനില്ക്കാതെ എൻെറ കൂടെ വരൂ; അവൻെറ മരണം ഒഴിയാത്തതാവശ്യമാണെന്നു ഞാൻ തെളിയിച്ചുതരാം; അതു നിവ്വഹിയ്ക്കുന്നതു തൻെറ ഒഴിച്ചുകൂടാത്ത ഒരു കടമയാണെന്ന് അപ്പോൾ തനിയ്ക്കു ബോദ്ധ്യമാവുകയും ചെയ്യും. അത്താഴത്തിൻെറ സമയം അതിക്രമിച്ചു; രാത്രി വെറുതെ ചെലവാകുകയും ചെയ്യുന്നു: ഇക്കാര്യത്തിൽ താമസിയ്ക്കാതെ ഉത്സാഹിയ്ക്കുള്ള.

റോഡെറിഗോ—ഇതിനെനിയ്ക്കു് ഇനിയും ന്യായങ്ങൾ കേൾക്കണം.

ഇയാഗോ—അതു തനിയ്ക്കു മതിയാകുവോളം കേൾക്കുകയും ചെയ്യാം.

(രണ്ടുപേരും പോകുന്നു.)

രംഗം 3

(അരമനയിൽ മറൊരു മുറി. ഒഥെല്ലോ, ലൊദോവിക്കോ, ഡെസ്ഡിമോണ, എമിലിയ, പരിചാരകന്മാർ എന്നിവർ പ്രവേശിയ്ക്കുന്നു.)

ലൊദോവിക്കോ—സർ, ഞാനപേക്ഷിയ്ക്കുന്നു, ഇനിയും കൂടെ നടന്നു് അവിടുന്നു് ബുദ്ധിമുട്ടണമെന്നില്ല.

ഒഥെല്ലോ—ഓ, എന്നെ മാപ്പാക്കണം: ഒരു നടത്തം എനിയ്ക്കു നല്ലതാണു്.

ലൊദോവിക്കോ—[ഡെസ്ഡിമോണയോടു്]—ഞാൻ വരട്ടെ; ഈ സല്ക്കാരത്തിന്നു ഞാൻ നന്ദി പറയുന്നു.

ഡെസ്ഡിമോണ—നിങ്ങളിവിടെ വന്നതുതന്നെ ഞങ്ങൾക്കു സന്തോഷമായി.

ഒഥെല്ലോ—നിങ്ങൾ നടന്നോട്ടിൻ—പിന്നെ, ഡെസ്ഡിമോണേ,—

ഡെസ്ഡിമോണ—പ്രാണനാഥാ?

ഒഥെല്ലോ—നീ ഒരു നിമിഷം താമസിയ്ക്കാതെ കിടപ്പറയിലേയ്ക്കു പോയ്ക്കൊള്ളണം; ഞാനിപ്പോൾത്തന്നെ മടങ്ങും: നിന്റെ തോഴിയെ അവിടെവെച്ച് പറഞ്ഞയച്ചേയ്ക്കുള: ഇതൊക്കെച്ചെയ്യണം.

ഡെസ്ഡിമോണ—പ്രാണനാഥാ, അങ്ങിനെത്തന്നെ.

(ഒഥെല്ലോവും, ലൊദോവിക്കോവും, പരിചാരകന്മാരും പോകുന്നു.)

എമിലിയ—ഇപ്പോഴത്തെ സ്ഥിതി എന്താണു്? അവിടുന്നു നേരത്തെക്കാൾ കുറച്ചുകൂടി ശാന്തനായിട്ടുണ്ടെന്നു തോന്നുന്നു.

ഡെസ്ഡിമോണ—ഉടനെത്തന്നെ മടങ്ങിവരുമെന്നാണവിടുന്നു പറഞ്ഞതു്: എന്നോടു നേരേ കിടപ്പറയിലേയ്ക്കു പോയ്ക്കോള്ളാനും പറഞ്ഞു. നിന്നെ പറഞ്ഞയയ്ക്കാനും പറഞ്ഞിരിയ്ക്കുന്നു.

എമിലിയ—എന്നെ പറഞ്ഞയയ്ക്കുകയോ!

ഡെസ്ഡിമോണ—അങ്ങിനെയാണവിടുത്തെ കല്പന; അതുകൊണ്ടു, എമിലിയേ, എനിയ്ക്കു രാത്രി മാററത്തിന്നുള്ള ഉടുപ്പെടുത്തു

തരൂ, എന്നിട്ടു പോയ്ക്കോളൂ. നമ്മാം ഇപ്പോറം അവിടത്തെ മുഷി പ്പിയ്ക്കരുത്.

എമിലിയ — അമ്മ അദ്ദേഹത്തെ ഒരിയ്ക്കലും കണ്ടിരുന്നില്ലെങ്കിൽ എത്ര നന്നായിരുന്നു!

ഡെസ്ഡിമോണ—എനിയ്ക്കങ്ങിനെ തോന്നുന്നില്ല: അവിടുത്തെ ശാഠ്യത്തിലും, പ്രതിഷേധത്തിലും, ഭ്രൂഭംഗത്തിലുംകൂടി...ഇതാ, ദയചെയ്ത് എന്റെ ഉടുപ്പിന്റെ സൂചി ഒന്നഴിയ്ക്കൂ—ഞാൻ സൌജന്യത്തേയും അനുഗ്രഹത്തേയുംമാത്രമേ ദർശിയ്ക്കുന്നുള്ളു: മാത്രമേലാണ് എന്റെ പ്രണയത്തിന്ന് അദ്ദേഹത്തെക്കുറിച്ചുള്ള അഭിനന്ദനം.

എമിലിയ—അമ്മ പറഞ്ഞ വിരി ഞാൻ കിടക്കയിൽ നിരിച്ചിട്ടുണ്ട്.

ഡെസ്ഡിമോണ—എല്ലാം കണക്കൊന്നുതന്നെ—വാസ്തവത്തിൽ, എന്തെല്ലാം നിസ്സാരത്തങ്ങളാണ് നമ്മാം മനസ്സിൽ ആലോചിയ്ക്കുക! എമിലിയേ, ഞാൻ നിന്നെക്കാറം മുമ്പേ മരിയ്ക്കുകയാണെങ്കിൽ ആ വിരികളിൽ ഒന്നെടുത്തു നീ എന്നെ പുതപ്പിയ്ക്കണേ.

എമിലിയ—എന്തൊക്കെയാണമ്മ പറയുന്നത്!

ഡെസ്ഡിമോണ—എന്റെ അമ്മയ്ക്കു ബാർബെറ എന്നു പേരായി ഒരു ദാസിപ്പെണ്ണുണ്ടായിരുന്നു: അവറം ഒരാളെ സ്നേഹിച്ചു. കുറെക്കഴിഞ്ഞപ്പോറം അയാറംക്കു ഭ്രാന്തിളകി അവളെ ഉപേക്ഷിച്ചുപോയി. അവറംക്ക് ഒരു 'മല്ലിക'പ്പാട്ടുണ്ടായിരുന്നു. പഴയ പാട്ടാണ്; പക്ഷെ അതവളുടെ അനുഭവത്തെ പ്രകാശിപ്പിയ്ക്കുന്ന ഒന്നാണ്. അതു പാടിക്കൊണ്ടാണവറം മരിച്ചത്: ആ പാട്ട് ഇന്നു രാത്രി എന്തു ചെയ്തിട്ടും എന്റെ മനസ്സിൽനിന്നു പോകുന്നില്ല. പാവം, ബാർബെറയെപ്പോലെ, തല ഒരു വശത്തേയ്ക്കു ചരിച്ച്, ആ പാട്ടു പാടാനുള്ള പ്രേരണയെത്തടുക്കുവാൻ ഞാൻ നന്നെ ക്ലേശിയ്ക്കുന്നു. വേഗമാവട്ടെ.

എമിലിയ—ഞാൻ പോയി അമ്മയുടെ രാത്രിയ്ക്കുള്ള ഉടുപ്പു കൊണ്ടുവരട്ടെ?

ഡെസ്ഡിമോണ—വേണ്ട, ഇതാ, ഈ സൂചിയെടുക്കു—ഈ ലൊഡോവിക്കോ നല്ല ഒരാളാണ്.

എമിലിയ—നല്ല സുന്ദരൻ.

ഡെസ്ഡിമോണ—നല്ല സംസാരം.

എമിലിയ—അയാളുടെ ഒരൊററ അധരസ്പർശനത്തിന്നുവേ

ണ്ടി പാദരക്ഷയില്ലാതെ പാലസ്തീൻവരെ നടന്നുപോകാനൊരുക്കമുള്ള ഒരു വെനിസ്സുകാരിയെ ഞാനറിയും.

ഡെസ്ഡിമോണ [പാടുന്നു]—

രാഗം: കമാസ്; താളം: ചായ്പ്

('മാരതാഡാ'—മട്ട്)

പാടുക, മല്ലി, മല്ലി! മല്ലികേ, മല്ലി! (പാടുക)
ദീർഘനിശ്വസിതത്തോടോമലാളൊരു പേരാൽ–
ച്ചോട്ടിലിരുന്നു, കഷ്ടം, പാവമേ പാവം പാവം! (പാടുക)
തനിയെ തൻ നികടത്തിൽത്താൻ ദീനാലാപമോരു–
പാടും തെളിനീരെഴുമാറുകളും പാഞ്ഞു (പാടുക)
ഓമലിൻ കണ്ണുനീരിൽ ശിലയുമലിഞ്ഞുപോലും–

ഇതൊക്കെ അങ്ങോട്ടെടുത്തു മാററിവെയ്ക്കൂ: [പാടുന്നു]

പാടുക, മല്ലി, മല്ലി, മല്ലികേ, മല്ലി! (പാടുക)

ഇതാ, ഞാനപേക്ഷിയ്ക്കുന്നു, നീ വേഗം പോയ്ക്കോ; അവിടുന്ന് ഇപ്പോൾ വരും. [പാടുന്നു.]

മല്ലിപ്പൂമാല പോരുമെന്നെനിയ്ക്കണിയുവാൻ—
പാടുക, മല്ലി, മല്ലി, മല്ലികേ, മല്ലി! (പാടുക)
കുററമോതരുതാരുമെൻ കാന്തനവിടുന്നു
കാട്ടുമവജ്ഞ മുററും സമ്മതംതാൻ മേ.

ഛീയ്, അതല്ല പിന്നത്തെ വരി. ശ്രദ്ധിയ്ക്കൂ!—ആരാണ് വാതില്ക്കൽ മുട്ടുന്നത്.

എമിലിയ—അമ്മേ, അതു കാററാണ്.

ഡെസ്ഡിമോണ [പാടുന്നു]—

ധൂർത്തനെന്നു ഞാനെൻെറ കാന്തനെപ്പറഞ്ഞപ്പോ–
ളദ്ദേഹമെന്തുരച്ചു? (മല്ലികേ, മല്ലി!) (പാടുക)
മററു കാമിനിമാരെത്തേടി ഞാൻ പോയീടുകി–
ലന്യപുരുഷന്മാരെ നീയുമാശ്രയിച്ചീടും— (പാടുക)

എന്നാലിനി നീ പോയ്ക്കോ; കാലത്തു കാണാം. എൻെറ കണ്ണു ചൊറിയുന്നു; അടുത്തു കരയേണ്ടിവരുമെന്നാണോ അതിൻെറ അർത്ഥം?

എമിലിയ—അത് അങ്ങുമല്ല, ഇങ്ങുമല്ല.

ഡെസ്ഡിമോണ—അങ്ങിനെ ആരോ പറയുന്നതു ഞാൻ കേട്ടിട്ടുണ്ട്—അയ്യോ, ഈ ആണുങ്ങൾ, ഈ ആണുങ്ങൾ!—എമി

ലിയേ, എന്നോട്ടു പറയൂ, തങ്ങളുടെ ഭർത്താക്കന്മാരെ അത്ര നീച മായ വിധത്തിൽ വഞ്ചിയ്ക്കുന്ന സ്ത്രീകളുണ്ടെന്നു നിനക്കു് ഉള്ളോട്ടു തട്ടിയ വിശ്വാസമുണ്ടോ?

എമിലിയ—ചിലരങ്ങിനെയുണ്ടു്, യാതൊരു സംശയവു മില്ല.

ഡെസ്ഡിമോണ—ഈ ഭൂമി മുഴുവൻ കിട്ടുമെങ്കിൽക്കൂടി നീ അങ്ങിനെയൊരു കാര്യം ചെയ്യുമോ?

എമിലിയ—അതെന്താ, അമ്മ ചെയ്യില്ലേ?

ഡെസ്ഡിമോണ—ഈ ദിവ്യജ്യോതിസ്സു് സാക്ഷിയായിട്ടു് ചെയ്യില്ല.

എമിലിയ—ഈ ദിവ്യജ്യോതിസ്സു് സാക്ഷിയായിട്ടു് ഞാനും ചെയ്യില്ല; അതു് ഇരുട്ടത്തു ചെയ്താലും പന്തികേടൊന്നുമില്ല.

ഡെസ്ഡിമോണ—ഈ ഭൂമി മുഴുവൻ കിട്ടുമെന്നു വന്നാൽ ക്കൂടി നീ അങ്ങിനെയൊരു കാര്യം ചെയ്യുമെന്നോ?

എമിലിയ—ഭൂമി വമ്പിച്ച ഒരു സാധനമല്ലേ?

ചില പാപപ്പ്രവൃത്തിന്നായതോർത്താൽ
വല്ലാത്ത വമ്പിച്ച കൂലിയല്ലേ?

ഡെസ്ഡിമോണ—നേരായിട്ടു്, നീ അതു ചെയ്യുകയില്ലെന്നു തന്നെയാണു് എനിയ്ക്കു തോന്നുന്നതു്.

എമിലിയ—നേരായിട്ടു്, ഞാനതു ചെയ്യണമെന്നുതന്നെയാ ണു് എനിയ്ക്കു തോന്നുന്നതു്. വാസ്തവത്തിൽ ഒരു പൂട്ടുമോതിരത്തി ന്നുവേണ്ടിയോ, കുറെ നാര വിശേഷപ്പെട്ട ശീലയ്ക്കുവേണ്ടിയോ, ബ്ലൌസുകൾക്കുവേണ്ടിയോ, പാവാടകൾക്കുവേണ്ടിയോ, അതു പോലെയുള്ള ചില്ലറ വല്ല പ്രതിഫലത്തിന്നുവേണ്ടിയോ ഞാനതു തീർച്ചയായും ചെയ്യുകയില്ല; പക്ഷെ, ഈ ഭൂമി മുഴുവൻ,—തന്റെ ഭർത്താവിനെ ആ വഴിയ്ക്കു ചക്രവർത്തിയാക്കുവാൻ കഴിഞ്ഞെങ്കിൽ, ഏതു പെണ്ണാണു് അയാളെ കുലടാകാന്തനാക്കാൻ മടിയ്ക്കുക? അ തിന്നുവേണ്ടി നരകത്തിൽ കിടക്കാൻകൂടി ഞാൻ ഒരുങ്ങിയേയ്ക്കും.

ഡെസ്ഡിമോണ—ഈ മുഴുവൻ ഭൂമിയ്ക്കുവേണ്ടി, ഞാൻ തുല ഞ്ഞാൽപ്പോലും ആ ഒരു കാര്യം ഞാൻ ചെയ്യുകയില്ലതന്നെ.

എമിലിയ—അതെന്താ, അതൊരു ലൌകികമായ തെററുമാ ത്രമല്ലേ? അതിന്നു കൂലിയായി ലോകം മുഴുവൻ കിട്ടുകയാണെങ്കിൽ

ആതു് അവനവന്റെ സ്വന്തം ലോകത്തിലുള്ള ഒരു തെറ്റായിത്തീരും; അപ്പോളതിനെ എളുപ്പത്തിൽ ശരിയാക്കുകയും ചെയ്യാമല്ലോ.

ഡെസ്ഡിമോണ—അങ്ങിനെ ഏതെങ്കിലും ഒരു സ്ത്രീയുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

എമിലിയ—ഓ, ഡസൻകണക്കായിട്ടു്; തഞ്ചംമാത്രം കിട്ടിയെങ്കിൽ, ഏതൊരു ലോകം നേടുവാൻ അവർ പാടുപെട്ടുവോ ആ ലോകത്തെ മുഴുവൻ പ്രജകളെക്കൊണ്ടു നിറയ്ക്കുവാൻ പോരുന്നവരായി അത്രതന്നെ പിന്നേയും കാണും. പക്ഷേ ഭാര്യമാർ പാതിവ്രത്യത്തിൽനിന്നു് അധഃപതിക്കുന്നതു് അവരുടെ ഭർത്താക്കന്മാരുടെ തെറ്റുകൊണ്ടാണെന്നു ഞാൻ തീർച്ചയായി വിചാരിക്കുന്നു. അവർ തങ്ങളുടെ മുറകളെ വിസ്മരിച്ചു, നമ്മൾക്കു വരേണ്ടുന്ന സമ്പാദ്യത്തെ മററുള്ളവരുടെ മടിയിൽ കൊണ്ടുപോയി ചൊരിഞ്ഞു എന്നു വരാം; അല്ലെങ്കിൽ, വെറിപിടിച്ച ശുശ്ശങ്കകൾക്കടിമപ്പെട്ടു നമ്മുടെ സ്വച്ഛസ്വാതന്ത്ര്യങ്ങളേയും തടഞ്ഞു എന്നുവരാം; അതുമല്ലെങ്കിൽ, അവർ നമ്മെ അടിക്കുകയോ, നമുക്കനുവദിക്കപ്പെടേണ്ടുന്ന പണത്തെസ്സംബന്ധിച്ചു, വെറും ഈർഷ്യനിമിത്തം, പിശുക്കു കാണിക്കുകയോ ചെയ്തു എന്നും വരാം. നമ്മൾക്കുമുണ്ടു് ദ്വേഷ്യവും പകയുമൊക്കെ; കുറച്ചൊക്കെ സൌജന്യം നമുക്കുണ്ടെങ്കിലും ഒരിത്തിരി പ്രതികാരേച്ഛയുമുണ്ടായിരിക്കും. അവരെപ്പോലെത്തന്നെ അവരുടെ ഭാര്യമാരും ഇന്ദ്രിയങ്ങളോടുകൂടിയ ജീവികൾതന്നെയാണെന്നു് ഈ ഭർത്താക്കന്മാർ മനസ്സിലാക്കട്ടെ: കാണാനും മണത്തറിയുവാനും അവൾക്കും കഴിയും; തങ്ങളുടെ ഭർത്താക്കന്മാരെപ്പോലെ, മധുരവും പുളിയും വേർതിരിച്ചറിയുന്ന നാവുകളും അവൾക്കുണ്ടു്. നമ്മെ വിട്ടു ഭർത്താക്കന്മാർ അന്യസ്ത്രീകളുടെ അടുത്തേയ്ക്കു പോകുന്നതിന്റെ സാരമെന്താണു്? നേരംപോക്കിനുവേണ്ടിയാണോ? ആണെന്നു ഞാൻ വിചാരിക്കുന്നു: മററു സ്ത്രീകളെക്കുറിച്ചുള്ള അഭിനിവേശങ്ങൾനിമിത്തമാണോ? ആയിരിക്കാമെന്നെനിക്കു തോന്നുന്നു. അല്ലെങ്കിൽ അങ്ങിനെ അവരെ വഴിപിഴപ്പിക്കുന്നതു സ്വഭാവത്തിന്റെ ചാപല്യമായിരിക്കുമോ? അതും ആയിരിക്കാം:—ശരി; എന്നാൽ നമ്മൾക്കും പുരുഷന്മാർക്കുള്ളതുപോലെതന്നെ അഭിനിവേശങ്ങളില്ലേ, നേരംപോക്കിനാഗ്രഹമില്ലേ, ചാപല്യമില്ലേ? നമ്മളോടു മര്യാദയായി പെരുമാറുകയാണു് അവർക്കു നല്ലതു്: അല്ലെങ്കിൽ, നമ്മൾ വല്ല അകൃത്യവും ചെയ്യുന്നപക്ഷം, അവരുടെ അകൃ

ത്യങ്ങളാണ് നമ്മാംകഭ വഴികാട്ടികളായിത്തീന്നതെന്ന് അവർ നല്ലവണ്ണം മനസ്സിലാക്കിക്കൊള്ളട്ടെ.

ഡെസ്ഡിമോണ—എമിലിയേ, നീ ഇനി പോയ്ക്കോ. ദോഷത്തിന്നു പകരം ദോഷം ചെയ്യാതെ അന്യായ്യമായനുഭവിയ്ക്കുന്ന ക്ലേശംകൊണ്ടുതന്നെ നന്നായിത്തീരുവാൻ ഈശ്വരൻ എന്നെ അനുഗ്രഹിയ്ക്കട്ടെ.

(രണ്ടുപേരും പോകുന്നു.)

അഞ്ചാമങ്കം

രംഗം 1

(സൈപ്രസ്സിലെ ഒരു നിരത്തു്. ഇയാഗോവും റോഡെറിഗോവും പ്രവേശിയ്ക്കുന്നു.)

ഇയാഗോ—ഇതാ ഇവിടെ ഈ എടുപ്പിൻെറ തള്ളലിനു പിറകിൽ നിന്നോളു; അവൻ നേരെ വരും: വാറം ഉറയിൽനിന്നു് ഊരിപ്പിടിയ്ക്കണം; ഒരൊററ നീട്ടിനു കഥ കഴിയണം: വേഗം, വേഗം; യാതൊന്നും പേടിയ്ക്കേണ്ട; ഞാൻ തൻെറ പാർശ്വത്തിൽ ത്തന്നെ ഉണ്ടായിരിയ്ക്കും: ഇതുകൊണ്ടുവേണം നമ്മൾ നന്നാവുകയോ തുലയുകയോ ചെയ്യാൻ; അതു നല്ലവണ്ണം കരുതി, തൻെറ നിശ്ചയത്തെ ദൃഢമായുറപ്പിച്ചോളു.

റോഡെറിഗോ—അടുത്തുതന്നെ ഉണ്ടായിരിയ്ക്കണേ; ഒരു സമയം എൻെറ പ്രയോഗം ഫലിച്ചില്ലെന്നുവന്നേയ്ക്കാം.

ഇയാഗോ—ഞാൻ തൻെറ കൂടെത്തന്നെയുണ്ടാകും: ധൈര്യത്തോടുകൂടി ചുവടുറപ്പിച്ചു നിൽക്കു.

(കുറച്ചകലെപ്പോയി ഒരു വശത്തേയ്ക്കു മാറിനില്ക്കുന്നു.)

റോഡെറിഗോ—എനിയ്ക്കുതു ചെയ്യാൻ വലിയ ഉത്സാഹമൊന്നുമില്ല; എന്നാലും അയാൾ എനിയ്ക്കു തൃപ്തികരങ്ങളായ കാരണങ്ങൾ ചൂണ്ടിക്കാണിച്ചിരിയ്ക്കുന്നു:— —ഉം—, ഒരുത്തൻ പോയെന്നുമാത്രം:—പുറത്തേക്കു വാ, വാളേ!—അവൻെറ കഥ കഴിഞ്ഞു.

(ഒളിച്ചുനില്ക്കുന്നു.)

ഇയാഗോ:പ്രായമെത്താത്ത ഈ മുഖക്കുരുവെ, നന്നെ വേദനിപ്പിക്കുമാറു്, ഞാൻ പിടിച്ചു ഞെക്കിയിട്ടുണ്ടു്; അവൻ ക്ഷോഭിച്ചിരിയ്ക്കുന്നു. അവൻ കാഷ്യോവിനെക്കൊന്നാലും, കാഷ്യോ അവനെ ക്കൊന്നാലും, അവരിരുവരും അന്യോന്യം കൊന്നാലും, ഏതു വഴിക്കും എനിക്കു നേട്ടംതന്നെ: റോഡെറിഗോ ജീവിച്ചാൽ, ഡെസ്ഡിമോണയ്ക്കു സമ്മാനിയ്ക്കാനാണെന്നു പറഞ്ഞു് അവൻെറ പക്കൽനിന്നു ഞാൻ തട്ടിയെടുത്ത സ്വർണ്ണത്തിന്നും രത്നങ്ങൾക്കും അവൻ വമ്പിച്ച നഷ്ടപരിഹാരം എന്നോടാവശ്യപ്പെട്ടും; അതു വയ്യതന്നെ: കാഷ്യോ ജീവിയ്ക്കുകയാണെങ്കിൽ, അവൻെറ ജീവിതത്തിൽ ഒരു നിത്യസൌന്ദര്യമുണ്ടു്, അതെന്നെ വിരൂപനാക്കി

ത്തീക്കും; പോരെങ്കിൽ മൂർ അവനോട് എന്റെ കള്ളി പറയാൻ മതി; അതെനിയ്ക്ക് അത്യാപത്തായിത്തീരും: വയ്യാ, അവൻ മരിക്കുകതന്നെ വേണം:—തഥാസ്തു. അവന്റെ കാല്പെരുമാററമാണ് കേൾക്കുന്നത്.

(കാഷ്യോ പ്രവേശിയ്ക്കുന്നു.)

റോഡെറിഗോ—അവന്റെ നടത്തത്തിന്റെ വടിവു കണ്ടാലെനിയ്ക്കറിയാം, അവനാണത്—എടാ തെമ്മാടി, നിന്റെ ആയുസ്സവസാനിച്ചു!

(മുന്നോട്ടു ചാടിവന്നു കാഷ്യോവിനെ കാഞ്ഞിവെട്ടുന്നു.)

കാഷ്യോ—ആ വെട്ട് എന്റെ അന്തകനായിത്തന്നെ തീരുമായിരുന്നു; പക്ഷെ! ഈ കോട്ട് നീ കരുതിയിരുന്നതിനേക്കാൾ ഉറപ്പുകൂടിയതാണ്. ഇനി ഞാൻ നിന്റേതൊന്നു പരീക്ഷിയ്ക്കാം.

(വാളൂരി റോഡെറിഗോവിനെ മുറിയേല്പിയ്ക്കുന്നു.)

റോഡെറിഗോ—അയ്യോ, എന്നെ കൊന്നു!

(ഇയാഗോ ഒളിച്ച സ്ഥലത്തുനിന്നു പുറത്തേയ്ക്കു ചാടി, കാഷ്യോവിന്റെ കാലിന്നു പിന്നിൽനിന്ന് ഒരു വെട്ടുവെട്ടി പാഞ്ഞുപോകുന്നു.)

കാഷ്യോ—ഞാൻ മരണംവരെ മുടന്തനായി. ഇതാ, സഹായിയ്ക്കണേ! പാഞ്ഞുവരണേ! കൊല്ലുകൊല! [വീഴുന്നു.]

(കുറേ ദൂരെ ഒഥെല്ലോ പ്രവേശിയ്ക്കുന്നു.)

ഒഥെല്ലോ—കാഷ്യോവിന്റെ ശബ്ദമാണത്:—ഇയാഗോ തന്റെ പ്രതിജ്ഞ നിറവേററിയിരിയ്ക്കുന്നു.

റോഡെറിഗോ—അയ്യോ പാപി, കൊട്ടപ്പോക്കിയാണ് ഞാൻ!

ഒഥെല്ലോ—അതുതന്നെ; യാതൊരു സംശയവുമില്ല.

കാഷ്യോ—അയ്യോ, സഹായിയ്ക്കണേ! വെളിച്ചം! ഒരു ഡോക്ടർ!

ഒഥെല്ലോ—അതവൻതന്നെ;—ഹാ, ധീരനും, വിശ്വാസ്യനും, ന്യായസ്ഥനുമായ ഇയാഗോ, നിന്റെ സുഹൃത്തിന്നു പിണഞ്ഞ ചതിയെപ്പററി നിനക്ക് ഇത്രയും ഉദാരമായ ധർമ്മബോധമുണ്ടായല്ലോ! നീ എന്നെ കർത്തവ്യം പഠിപ്പിയ്ക്കുന്നു—എടീ, വേശ്യേ! നിന്റെ കാമുകനിതാ ചത്തുകിടക്കുന്നു, നിന്റെ ഹതവിധി മുന്നോട്ടു കുതിയ്ക്കുന്നുണ്ട്: കുലടേ, ഞാനിതാ വരുന്നു! എന്റെ ഹൃദയത്തിൽനിന്ന് ആ സമ്മോഹനകാരികളുടെ—നിന്റെ

കണ്ണുകളുടെ—സ്മരണ ഞാൻ മാച്ചുകളഞ്ഞിരിയ്ക്കുന്നു. ദുഷ്ടാമദദൂഷിതമായ നിന്റെ കിടക്ക ദുഷ്ടാമത്തിന്റെ ചുട്ടുറിന്നംകൊണ്ടുതന്നെ അങ്കിതമായിത്തീരും. [പോകുന്നു.]

(ലൊദോവിക്കോ ഗ്രാഷ്യാനോ എന്നിവർ ആകമേ പ്രവേശിയ്ക്കുന്നു.)

കാഷ്യോ—ഹോ, എന്താണിത്! പാറാവുകാരില്ലേ? വഴി പോക്കരില്ലേ? കൊല്ലുകൊല! കൊല്ലുകൊല!

ഗ്രാഷ്യാനോ—ആക്കോ എന്തോ അപകടം പററിയിട്ടുണ്ട്; അതിദാരുണമായ ആ നിലവിളി.

കാഷ്യോ—സഹായിയ്ക്കണേ!

ലൊദോവിക്കോ—ശ്രദ്ധിയ്ക്കുക!

റോഡെറിഗോ—അയ്യോ, കൊട്ടംപാപി.

ലൊദോവിക്കോ—രണ്ടുമൂന്നാളുകൾ നിലവിളിയ്ക്കുന്നുണ്ട്; ഭയങ്കരമായ ഒരു രാത്രി!—ഒരുപക്ഷെ, ഇവർ ചതിയന്മാരായിരിയ്ക്കാം: ഇനിയും ആൾത്തുണയില്ലാതെ നിലവിളി കേട്ട ദിക്കിലേയ്ക്കോടിച്ചെല്ലുന്നത് അത്ര പന്തിയല്ലെന്നു നമ്മൾ കരുതണം.

റോഡെറിഗോ—ആരും വരുന്നില്ലേ? എന്നാൽ ഞാൻ ചോരവാർന്നു ചാവുകയേയുള്ളു.

ലൊദോവിക്കോ—ശ്രദ്ധിയ്ക്കുക.

ഗ്രാഷ്യാനോ—ഇതാ, ഷർട്ടുമാത്രം ധരിച്ച ഒരാൾ, ആയുധപാണിയായി, വെളിച്ചവുംകൊണ്ടിങ്ങോട്ടു വരുന്നുണ്ട്.

(കൈയിൽ ഒരു വെളിച്ചവുമായി ഇയാഗോ പ്രവേശിയ്ക്കുന്നു.)

ഇയാഗോ—ആരവിടെ? ആരാണ് ഇങ്ങിനെ കൊല്ലുകൊലയെന്നു നിലവിളിയ്ക്കുന്നത്?

ലൊദോവിക്കോ—ഞങ്ങൾ അറിയുകയില്ല.

ഇയാഗോ—നിങ്ങൾ ഒരു നിലവിളി കേട്ടില്ലേ?

കാഷ്യോ—ഇതാ, ഇവിടെ, ഇവിടെ! ഈശ്വരനെയോർത്ത് എന്നെ സഹായിയ്ക്കണേ!

ഇയാഗോ—എന്തൊക്കെയാണിത്?

ഗ്രാഷ്യാനോ—ഇദ്ദേഹം ഒഥെല്ലോവിന്റെ കൊടിപിടിയ്ക്കുന്ന ഉദ്യോഗസ്ഥനാണെന്ന് എനിയ്ക്കു തോന്നുന്നു.

ലൊദോവിക്കോ—അതെ, അയാൾതന്നെ; ശൂരനായ ഒരു യോദ്ധാവാണയാൾ.

ഇയാഗോ—ഏയ്, ഇങ്ങിനെ ദാരുണമായി നിലവിളിയ്ക്കുന്ന നീ ആരാണ്?

കാഷ്യോ—ഇയാഗോ? അയ്യോ, ഇയാഗോ, എന്നെ ചില പാതകികഠം വെട്ടി വശംകെടുത്തി വീഴ്ത്തിയിരിയ്ക്കുകയാണ്! ഒന്നു വന്നു സഹായിയ്ക്കണേ!

ഇയാഗോ—എന്ത്, ലഫ്ടനെൻറല്ലേ അത്! ഏതു മഹാപാപികളാണിതു ചെയ്തത്?

കാഷ്യോ—അവരിലൊരുത്തൻ ഓടാൻ വയ്യാതെ ഇവിടെയെങ്ങാനുണ്ടെന്നു തോന്നുന്നു.

ഇയാഗോ—ആരാണവിടെ നില്ക്കുന്നത്? ഇങ്ങോട്ടു വരു! തെല്ലൊന്നിവിടെ സഹായിക്കൂ!

റോഡെറിഗോ—അയ്യോ, ഇതാ, ഇവിടെ! എന്നെ സഹായിയ്ക്കണേ!

കാഷ്യോ—അവരിലൊരുവനാണത്.

ഇയാഗോ—എടാ, കൊലപാതകി! ഛീ, മഹാപാപി! [റോഡെറിഗോവിൻെറ നെഞ്ചിൽ വാഠം കുത്തിയിറക്കുന്നു.]

റോഡെറിഗോ—ഇയാഗോ, നരകപാപി! മനുഷ്യത്വംകെട്ട നായേ! [മരിയ്ക്കുന്നു.]

ഇയാഗോ—എന്ത്! ഇരുട്ടിൽ ആളുകളെ കൊല്ലുകയോ?—മററുള്ള കള്ളക്കഴവേറികളെവിടെ?—ഈ നഗരത്തിൻെറ ഒരു ശാന്തത!—ഹോ, കൊല്ലുകൊല! കൊല്ലുകൊല!—ഏയ്, നിങ്ങളാരാണ്? നിങ്ങഠം മര്യാദക്കാരോ അങ്ങിനെയല്ലാത്തവരോ?

ലൊദോവിക്കോ—ഞങ്ങളുടെ പെരുമാററത്തിൽനിന്നു മനസ്സിലാക്കിക്കൊള്ളണം.*

ഇയാഗോ—സിഞ്ഞ്യോർ ലൊദോവിക്കോ?

ലൊദോവിക്കോ—അയാഠംതന്നെ, സർ.

ഇയാഗോ—ഇതാ, മാപ്പാക്കണേ! ഏതോ തെമ്മാടികഠം ഇവിടെ കാഷ്യോവിനെ വെട്ടിമുറിയേല്പിച്ചിരിയ്ക്കുന്നു.

ഗ്രാഷ്യാനോ—കാഷ്യോവിനെ!

ഇയാഗോ—സഹോദര, നിങ്ങഠംക്ക് അപകടം എന്തെങ്കിലും പററി?

കാഷ്യോ—എൻെറ കാൽ രണ്ടു തുണ്ടായിരിയ്ക്കുന്നു.

ഇയാഗോ—അയ്യോ, ഈശ്വരൻ അങ്ങിനെ വരുത്താതിരിയ്ക്കട്ടെ! മാന്യരേ, ഒരു വെളിച്ചം:—ഞാൻ ഈ മുറി എൻെറ ഷർട്ടുകൊണ്ടു കെട്ടാം.

---

* ഡെയ്റാൺ.

(ബിയാങ്കാ പ്രവേശിയ്ക്കുന്നു.)

ബിയാങ്കാ—എന്താണിയാപത്തു്? ആരാ നിലവിളിച്ചതു്?

ഇയാഗോ—ആരാ നിലവിളിച്ചതെന്നു്!

ബിയാങ്കാ—അയ്യോ, എന്റെ ഓമനകാഷ്യോ! എന്റെ പൊന്നുകാഷ്യോ! അയ്യയ്യോ, കാഷ്യോ, കാഷ്യോ, കാഷ്യോ!

ഇയാഗോ—ഒരു വിളികൊണ്ടു വേശ്യ!—കാഷ്യോ, ആരാണിങ്ങിനെ നിങ്ങളെ വെട്ടിത്തുണ്ടമാക്കിയതെന്നു നിങ്ങൾക്കു വല്ല ഊഹവുമുണ്ടോ?

കാഷ്യോ—ഇല്ല.

ഗ്രാഷ്യാനോ—നിങ്ങളെ ഈ സ്ഥിതിയിൽ കാണുന്നതു് ദുസ്സഹമായിരിയ്ക്കുന്നു: ഞാൻ നിങ്ങളെ അന്വേഷിച്ചു പുറപ്പെട്ടതാണു്.

ഇയാഗോ—ഇതാ, ഇതു കെട്ടുവാൻ ഒരു നാട തരൂ:—അങ്ങിനെ നില്ക്കട്ടെ.—ഇനി ഇയാളെ ഇവിടെനിന്നു വേദനിപ്പിയ്ക്കാതെ നീക്കം ചെയ്യുവാൻ ഒരു തണ്ടുമഞ്ചംകൂടി ഉണ്ടായിരുന്നെങ്കിൽ!

ബിയാങ്കാ—അയ്യോ, എന്റെ കാഷ്യോ ഇതാ മോഹാലസ്യപ്പെടുന്നു!—അയ്യോ, കാഷ്യോ, കാഷ്യോ കാഷ്യോ!

ഇയാഗോ—മാന്യരേ, ഈ തകരാറിൽ ഈ ചെററയ്ക്കു് എന്തോ പങ്കുണ്ടെന്നു ഞാൻ ബലമായി ശങ്കിയ്ക്കുന്നു.—വരട്ടെ, കാഷ്യോ, നിങ്ങൾ കുറച്ചുനേരം അടങ്ങിക്കിടക്കു.—ഠ—, കിടക്കു അവിടെ.—ആ വെളിച്ചമൊന്നിങ്ങോട്ടു തരൂ.—ഇതു കണ്ടുപരിചയമുള്ള വല്ല മുഖവുമാണോ, ആവോ?—അയ്യോ, മഹാകഷ്ടം: എന്റെ സ്നേഹിതനും നാട്ടുകാരനുമായ റോഡെറിഗോ!—അല്ല:—അതേ, സംശയമില്ല; കഷ്ടം വിധിബലം! റോഡെറിഗോതന്നെ.

ഗ്രാഷ്യാനോ—എന്തു്, വെനിസ്സിലേയോ?

ഇയാഗോ—അയാൾതന്നെ, സർ: നിങ്ങൾ അറിയുമോ?

ഗ്രാഷ്യാനോ—അറിയുമോ, എന്നോ? അസ്സലായിട്ടു്.

ഇയാഗോ—അല്ലാ—സീഞ്ഞോർ ഗ്രാഷ്യാനോ? അങ്ങുന്നേ, എന്നെ മാപ്പാക്കണം. ഈ ഭയങ്കരകലാപത്തിന്നിടയിൽ ആളറിയാതെയാണു് ഞാൻ പെരുമാറിയതു്.

ഗ്രാഷ്യാനോ—നിങ്ങളെക്കണ്ടതു സന്തോഷം.

ഇയാഗോ—കാഷ്യോ, ഇപ്പോഴെങ്ങിനെയുണ്ടു്?—ഇതാ ഒരു തണ്ടുമഞ്ചം—ഒരു തണ്ടുമഞ്ചം. വേഗം കൊണ്ടുവരിൻ!

ഗ്രാഷ്യാനോ—റോഡെറിഗോ!

ഇയാഗോ—അയാൾ, അയാൾ, അയാൾതന്നെ.

(ആളുകൾ ഒരു തണ്ടുമഞ്ചം കൊണ്ടുവരുന്നു.)

അഃ—അതൊന്നാന്തരമായി;—തണ്ടുമഞ്ചമെത്തി:—ഒരുപകാരം ചെയ്യാൻ മനസ്സുള്ളവരാരെങ്കിലും ഇയാളെ ഇവിടെനിന്നു പതുക്കെ നീക്കംചെയ്യട്ടെ; ഞാൻ പോയി മൂപ്പരുടെ ഡോക്ടരെത്തന്നെ കൂട്ടിക്കൊണ്ടുവരാം—[ബിയാങ്കയോട്] കൊച്ചമ്മേ, നിന്റെ കണ്ണോക്ക് വേറൊരവസരത്തിലേയ്ക്കു നിത്തിവെയ്ക്കു—കാഷ്യോ, ഇവിടെ കൊല്ലപ്പെട്ടു കിടക്കുന്നത് എന്റെ ഒരുററ ചങ്ങാതിയായിരുന്നു: നിങ്ങൾ തമ്മിൽ വല്ല വൈരവുമുണ്ടായിരുന്നോ?

കാഷ്യോ—യാതൊന്നുമില്ല; ഞാൻ അയാളെ അറിയുകയുമില്ല.

ഇയാഗോ—[ബിയാങ്കയോട്]— —ഠ—, എന്താ നിനക്കൊരു വിളർപ്പ്?—ഏയ്, അയാളെ എടുത്തുകൊണ്ടുപോവിൻ.—

(കാഷ്യോവിനെയും, റോഡെറിഗോവിന്റെ മൃതദേഹത്തെയും ആളുകൾ എടുത്തു കൊണ്ടുപോകുന്നു.)

മാന്യരേ, പോകാൻ വരട്ടെ.—നിനക്കൊരു വിളർപ്പ്; ഇല്ലേ, കൊച്ചമ്മേ?—ശവത്തിന്റേതുപോലെയുള്ള അവളുടെ കണ്ണു നോക്കിയോ?—നീ ഒന്നും മിണ്ടാതെ മിഴിച്ചുനിന്നോ, ഇതിനെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും ഞങ്ങൾ അടുത്തുതന്നെ മനസ്സിലാക്കിക്കൊള്ളം. അവളെയൊന്നു നല്ലവണ്ണം നോക്കിൻ; ദയചെയ്ത്, നോക്കിനവളെ:—മാന്യരേ, നിങ്ങൾക്ക് കാര്യം മനസ്സിലായില്ലേ?—എന്തിന്, നാവുകൾ നിരുപയോഗങ്ങളായിത്തീർന്നാൽക്കൂടി കുററം തന്നെത്താൻ വിളിച്ചുപറയാതിരിയ്ക്കുമോ?

(എമിലിയ പ്രവേശിയ്ക്കുന്നു.)

എമിലിയ—ഈശ്വരാ, എന്തൊക്കെയാണിത്? [ഇയാഗോവിനോട്] എന്താണിവിടെ നടന്നത്?

ഇയാഗോ—ഇരുട്ടത്ത് റോഡെറിഗോവും, ഓടിപ്പോയ്ക്കളഞ്ഞ മററു ചിലരുംകൂടി കാഷ്യോവിനെ കടന്നാക്രമിച്ചു. അയാൾ ഏതാണ്ട് മരിയ്ക്കാറായ നിലയിലായിരിയ്ക്കുന്നു. റോഡെറിഗോ മരിച്ചു.

എമിലിയ—അയ്യോ, നല്ലൊരുത്തനായിരുന്നു! കഷ്ടം, ഗുണവാനായ കാഷ്യോ!

ഇയാഗോ—വേശ്യാസംസർഗ്ഗത്തിന്റെ ഫലമാണിതൊക്കെ. എമിലിയേ, നീ പോയി കാഷ്യോ എവിടെവെച്ചാണ് ഇന്നു രാത്രി അത്താഴം കഴിച്ചതെന്ന് അയാളോടു ചോദിച്ചറിഞ്ഞു വാ—

[ബിയാങ്കയോട്] എന്തെടി, നീ അതു കോക്കമ്പോഠം വിറയ്ക്കുന്നത്?

ബിയാങ്കാ—അയാഠം എൻെറ വീട്ടിൽവെച്ചാണ് അത്താഴം കഴിച്ചത്; എനിക്ക് അതുകൊണ്ടു വിറയ്ക്കാൻ യാതൊരു കാരണവുമില്ലതാനും.

ഇയാഗോ—ഓഹോ, അവിടെവെച്ചായിരുന്നു, അല്ലേ? നിൻെറ മേൽ ഞാൻ കററം ചുമത്തുന്നു; വാ എൻെറ കൂടെ.

എമിലിയ—ഛീ, നാണംകെട്ട പുലയാടി!

ബിയാങ്കാ—ഞാൻ പുലയാടിയല്ല; എന്നെ അങ്ങിനെ വിളിയ്ക്കുന്ന നിന്നെപ്പോലെതന്നെ മാനമര്യാദയോടുകൂടി നാഠം കഴിയ്ക്കുന്നവഠംതന്നേയാണ് ഞാനും.

എമിലിയ—എന്നെപ്പോലെ! ഛീ! നാണം വേണം!

ഇയാഗോ—മാന്യരേ, നമുക്കു പോയി കാഷ്യോവിൻെറ മുറി കെട്ടാൻ സഹായിയ്ക്കാം. [ബിയാങ്കയോട്] കൊച്ചമ്മയിങ്ങോട്ടു വരൂ, നീ ഞങ്ങളോട് ഇതുവരെ പറയാത്ത ചിലതൊക്കെ പറഞ്ഞേ കഴിയൂ—എമിലിയേ, കോട്ടയിലേയ്ക്കോടിപ്പോയി മൂപ്പരേയും അമ്മയേയും ഇവിടെ നടന്നതെന്തൊക്കെയാണെന്നറിയിക്കൂ—നിങ്ങഠം മുമ്പേ നടക്കിൻ—[ആത്മഗതം] എന്നെ നന്നാക്കുകയോ തീരെത്തുലയ്ക്കുകയോ ചെയ്യാനുള്ള രാവാണിത്.

(എല്ലാവരും പോകുന്നു.)

രംഗം 2

(അരമനയിൽ ഒരു കിടപ്പുമുറി. ഡെസ്ഡിമോണ കട്ടിലിന്മേൽ കിടന്നുറങ്ങുന്നു. അരികെ ഒരു വിളക്കു കത്തുന്നുണ്ട്. ഒഥെല്ലോ പ്രവേശിയ്ക്കുന്നു.)

ഒഥെല്ലോ—അതാണ് കാരണം; എൻെറ അന്തഃകരണമേ, കാരണം അതാണ്. സുചരിത്രകളായ താരകളേ, നിങ്ങഠം കേഠംക്കേ ഞാൻ അതിൻെറ പേരു പറയുകയില്ല: അതാണ് ഹേതു—എന്നാലും ഞാൻ അവളുടെ രക്തം ചൊരിയുകയില്ല; ഹിമത്തിനെ അതിശയിയ്ക്കുന്ന വെണ്മയോടും, ചൈത്യനിർമ്മാണോപയുക്തമായ സ്ഫടികശിലയുടെ മിനുമിനുപ്പോടും കൂടിയ അവളുടെ മൃദുലഗാത്രത്തെ ഞാൻ മുറിപ്പെടുത്തുകയുമില്ല. പക്ഷെ, അവഠം മരിച്ചേ കഴിയൂ; ഇല്ലെങ്കിൽ അവഠം വേറേയും പുരുഷന്മാരെ വശീകരിച്ചു

ധൎമ്മഭ്രഷ്ടരാക്കും. * ഈ ദീപശിഖയെ സംഹരിക്കുക; അനന്തരം മററെ ദീപശിഖയേയും സംഹരിക്കുക; പ്രോജ്ജ്വലൽപ്രദീപമേ, നിന്നെ ഞാൻ കെടുത്തുകയാണെങ്കിൽ, എന്റെ പ്രവൃത്തിയെ പ്പററി ഞാൻ പശ്ചാത്താപിക്കുകയേ വേണ്ടു, നിനക്കു വീണ്ടും പൂൎവ്വപ്രകാശത്തെ പ്രദാനം ചെയ്യാൻ എനിക്കു കഴിയും. പക്ഷേ, ഹാ, അനുത്തമപ്രകൃതിയുടെ വിശേഷോത്തരമായ വിചിത്രകലാവിലാസമേ, ഒരു തവണ നിന്റെ തീയെ ഞാൻ കെടുത്തുകയാണെങ്കിൽ, അതിനെ വീണ്ടും ജ്വലിപ്പിക്കുവാൻ സമൎത്ഥമായ ആ അഭൌമതേജസ്സ് എവിടെയാണെന്നു ഞാനറിയുകയില്ലല്ലോ! പനിനീർപ്പൂവിനെ ചെടിയിൽനിന്നു വേർപെടുത്തിയാൽ അതിനു വീണ്ടും സജീവമായ വളൎച്ച കൊടുക്കുവാൻ എനിക്കു കഴിയുകയില്ല; അതു വാടിക്കരിയുകതന്നെ വേണം; ചെടിമേലിരിക്കുമ്പോൾതന്നെ ഞാൻ അതിന്റെ ആമോദം അനുഭവിച്ചുകൊള്ളട്ടെ. [ഡെസ്ഡിമോണയെ ചുംബിക്കുന്നു.] അയ്യോ, പൂന്തേൻപുരണ്ട മുഖശ്വാസമേ, ദണ്ഡനീതിയെ തന്റെ നിശിതഖഡ്ഗം പൊട്ടിച്ചെറിയുവാൻപോലും നീ ഏതാണ്ടു പ്രേരിപ്പിക്കുന്നുവല്ലോ!—ഒന്നുകൂടി—ഒന്നുകൂടി മൃതയായതിന്നുശേഷവും നീ ഇതേനിലയിൽ കിടന്നാൽ മതി, നിന്നെ കൊന്നതിന്നുശേഷം ഞാൻ നിന്നെ സ്നേഹിച്ചുകൊള്ളാം. ഒന്നുകൂടി—ഇതൊടുക്കത്തേതായിരിക്കട്ടെ. ഇത്ര ഹൃദയംഗമമായതു ഇന്നോളം ഇങ്ങിനെ മൎമ്മഭേദകമായിട്ടില്ല. എനിക്കു കണ്ണീരൊതുക്കാൻ കഴിയുന്നില്ല; പക്ഷെ ഈ അശ്രുബിന്ദുക്കൾ ക്രൂരങ്ങളാണു; ഈ ഹൃദയവ്യഥ ദിവ്യമാണു; പ്രേമലക്ഷ്യത്തിലേക്കാണു അതിന്റെ ഖഡ്ഗനിപാതം. അവൾ ഉണരുന്നു.

ഡെസ്ഡിമോണ—ആരാണവിടെ? പ്രാണനാഥനാണോ?

ഒഥെല്ലോ—അതെ, ഡെസ്ഡിമോണ.

ഡെസ്ഡിമോണ—അവിടുന്നു ഉറങ്ങാൻ വരുന്നില്ലേ?

ഒഥെല്ലോ—ഡെസ്ഡിമോണേ, നീ ഇന്നു രാത്രി ഈശ്വരപ്രാൎത്ഥന ചെയ്തുവോ?

ഡെസ്ഡിമോണ—ചെയ്തു.

ഒഥെല്ലോ—സ്വൎഗ്ഗത്തോടും ഈശ്വരകാരുണ്യത്തോടും പൊരുത്തമില്ലാത്ത വല്ല പാതകവും നീ ചെയ്തതായി നിനക്കോൎമ്മയുണ്ടെങ്കിൽ, വേഗത്തിൽ അതിനെസ്സംബന്ധിച്ചു മാപ്പിന്നിരന്നോളു.

* ഡെയ്റ്റൻറെ വ്യാഖ്യാനത്തെ സ്വീകരിച്ചു, അതിന്നൊത്ത ആ വരിക്കു കുറച്ചുകൂടി ഊന്നിയിരിക്കുന്നു.

ഡെസ്ഡിമോണ—പ്രാണനാഥാ, എന്താണാവിട്ടന്നുദ്ദേശിക്കു ന്നതു്?

ഒഥെല്ലോ—അതിരിക്കട്ടെ; പറഞ്ഞതുപോലെ ചെയ്യ, അത് ചുരുക്കത്തിൽക്കഴിച്ചുകൊള്ളുകയും വേണം; ഞാനിതിലേ നടക്കാം: പരലോകപ്രയാണത്തിന്നൊരുങ്ങാത്ത നിലയിലുള്ള നിന്റെ ജീവ നെ ഞാൻ സംഹരിക്കുകയില്ല: ഇല്ല, ഈശ്വരൻ അങ്ങിനെ വരു ത്താതിരിക്കട്ടെ, നിന്റെ ആത്മാവിനെ ഞാൻ ഹനിക്കുകയില്ല.

ഡെസ്ഡിമോണ—എന്നെ കൊല്ലുമെന്നാണോ അങ്ങു പറ യുന്നത്?

ഒഥെല്ലോ—അതേ; അങ്ങിനെയാണ് ഞാൻ പറഞ്ഞത്.

ഡെസ്ഡിമോണ—എന്നാൽ ഈശ്വരൻതന്നെ എന്റെ നേരെ ദയ കാണിക്കട്ടെ.

ഒഥെല്ലോ—പൂർണ്ണമനസ്സോടുകൂടി, 'തഥാസ്തു!' എന്നു ഞാൻ അനുകൂലിക്കുന്നു.

ഡെസ്ഡിമോണ—അങ്ങിനെയാണ് അവിടുന്നു പറയുന്ന തെങ്കിൽ, അവിടുന്ന് എന്നെ കൊല്ലുകയില്ലെന്നു ഞാൻ ആശ്വ സിക്കുന്നു.

ഒഥെല്ലോ—ങ്ഹം!

ഡെസ്ഡിമോണ—എങ്കിലും അങ്ങയെ കാണുമ്പോൾ എ നിക്കു പേടിയാകുന്നു; അങ്ങയുടെ ദൃഷ്ടികൾ അങ്ങിനെ ചുഴലു മ്പോൾ അങ്ങ് സംഹാരമൂർത്തിയാണെന്നെനിക്കറിയാം: ഞാനെ ന്തിനാണ് പേടിക്കുന്നതെന്നു ഞാനറിയുകയില്ല, കാരണം കുററ മൊന്നും ചെയ്തതായി ഞാനോക്കുന്നില്ല; എങ്കിലും ഭയം എനിക്കു നുഭവപ്പെടുന്നു.

ഒഥെല്ലോ—നീ ചെയ്ത പാപങ്ങളെക്കുറിച്ചാലോചിക്കു്.

ഡെസ്ഡിമോണ—അവ അങ്ങയെസ്സംബന്ധിച്ചുള്ള എന്റെ പ്രേമപ്രവൃത്തികൾമാത്രമാണ്.

ഒഥെല്ലോ—ശരി, എന്നാൽ അതുനിമിത്തം നീ മരിക്കുവാൻ പോകുന്നു.

ഡെസ്ഡിമോണ—സ്നേഹിക്കുന്നതിന്നു പ്രാണാപഹരണം ചെയ്യുന്ന മൃത്യു അസ്വാഭാവികമാണല്ലോ. അയ്യോ, എന്തിനാണ് അവിടുന്ന് ഇങ്ങിനെ അധരം കടിച്ചൊതുക്കുന്നത്? എന്തോ കരാളവികാരം അങ്ങയുടെ ദേഹത്തെ പിടിച്ചു കുലുക്കുന്നുണ്ട്: ഇവ

ദുർന്നിമിത്തങ്ങളാണ്; പക്ഷെ—പക്ഷെ, അവ എന്നെ ചൂണ്ടിക്കൊണ്ടുള്ളവയല്ലെന്നു ഞാനാശിച്ചുകൊള്ളട്ടെ.

ഒഥെല്ലോ—ചിലയ്ക്കാതെ അടങ്ങിക്കിടക്കാവിടെ!

ഡെസ്ഡിമോണ—ഞാനങ്ങിനെ ചെയ്യാം; പക്ഷെ എന്താണ് കാര്യമെന്നെന്നോടു പറയണം.

ഒഥെല്ലോ—ഞാൻ അത്രയും സ്നേഹിച്ചു നിനക്കു തന്നിരുന്ന ആ കൈലേസ്സ് നീ കാഷ്യോവിന്നു സമ്മാനിച്ചില്ലേ?

ഡെസ്ഡിമോണ—എന്റെ ജീവനേയും ആത്മാവിനേയും പണയപ്പെടുത്തി ഞാൻ പറയുന്നു, ഞാൻ അങ്ങിനെ ചെയ്തിട്ടില്ല. ഒന്നവനെ ആളയച്ചു വരുത്തി ചോദിയ്ക്കണം.

ഒഥെല്ലോ—ഓമനേ, സൂക്ഷിയ്ക്കണേ, കള്ളസ്സത്യം ചെയ്യുന്നതിനെക്കുറിച്ചു സൂക്ഷിയ്ക്കണേ! നിന്റെ മരണശയ്യയിലാണ് നീ കിടക്കുന്നത്!

ഡെസ്ഡിമോണ—അതെ, പക്ഷെ മരിയ്ക്കാറായിട്ടില്ലല്ലോ.

ഒഥെല്ലോ—ആയി, സമയം അത്യാസന്നമായിരിയ്ക്കുന്നു: അതുകൊണ്ട് നിന്റെ പാപം തുറന്നുസമ്മതിച്ചോളു; കാരണം ഓരോ അപരാധാംശത്തേയും സത്യംചെയ്ത് നിഷേധിയ്ക്കുകയാണെങ്കിൽകൂടി, ഞാൻ വേദനകൊണ്ടു ഞരങ്ങുമാറ് എന്റെ ഉള്ളിൽക്കിടന്ന് എന്നെ ഞെക്കിഞെരുക്കുന്ന ആ ദൃഢസംകല്പത്തെ ഇളക്കുവാനോ, വീഴ്ത്തുമട്ടിയ്ക്കുവാനോ, കഴിയുകയില്ലെന്നു കരുതിക്കൊള്ളണേ. നീ മരിയ്ക്കുവാൻ പോകുന്നു.

ഡെസ്ഡിമോണ—എന്നാൽ സർവ്വശക്തൻതന്നെ എന്റെ നേരെ ദയ കാണിയ്ക്കട്ടെ!

ഒഥെല്ലോ—ഞാൻ പറയുന്നു, തഥാസ്തുവെന്ന്.

ഡെസ്ഡിമോണ — അങ്ങേയ്ക്കും ദയയുണ്ടായിരിയ്ക്കട്ടെ!—ഞാൻ ഈ ജീവദശയിൽ ഒരിയ്ക്കലെങ്കിലും അങ്ങയുടെനേരെ യാതൊരപരാധവും പ്രവൃത്തിച്ചിട്ടില്ല; ഈശ്വരദൃഷ്ടിയിൽ വിരോധമില്ലെന്നു സാർവത്രികമായി അനുവദിയ്ക്കപ്പെട്ടിട്ടുള്ളതരത്തിലല്ലാതെ ഞാൻ കാഷ്യോവിനെ സ്നേഹിച്ചിട്ടുമില്ല; ഞാൻ ഇതുവരെ അവന്നു യാതൊരു പ്രേമോപഹാരവും നല്കീയിട്ടില്ലതന്നെ.

ഒഥെല്ലോ—ഈശ്വരൻ സാക്ഷിയായി, എന്റെ കൈലേസ്സ് ഞാൻ അവന്റെ കൈയിൽ കണ്ടിരിയ്ക്കുന്നു ഛീ, പരമവഞ്ചകി, നീ എന്റെ ഹൃദയത്തെ കരിങ്കല്ലാക്കി മാററി, ഞാൻ യജ്ഞമെന്നു സംകല്പിച്ചു ചെയ്വാനുദ്ദേശിയ്ക്കുന്ന കർമ്മത്തെ കൊട്ടുംകൊലയെന്നു

വിളിയ്ക്കുവാൻ എന്നെ പ്രേരിപ്പിയ്ക്കുന്നവല്ലോ: ഞാൻ കണ്ടിരിയ്ക്കുന്ന ആ കൈലേസ്.

ഡെസ്ഡിമോണ—എന്നാൽ അത് അവൻ എങ്ങിനെയോ കണ്ടെത്തി എടുത്തതായിരിയ്ക്കണം; ഞാൻ അവന്ന് അതു കൊടുത്തിട്ടില്ല: അവനെ ഇങ്ങോട്ടൊന്നു വരുത്തണം; അവൻ നേരു സമ്മതിയ്ക്കട്ടെ.

ഒഥെല്ലോ—അവൻ സമ്മതിച്ചിരിയ്ക്കുന്നു.

ഡെസ്ഡിമോണ—പ്രാണനാഥാ, എന്താണവൻ സമ്മതിച്ചത്?

ഒഥെല്ലോ—അവന്നു നീയുമായി സംസർഗ്ഗമുണ്ടായിട്ടുണ്ടെന്ന്.

ഡെസ്ഡിമോണ—എങ്ങിനെ? അന്യായമായ തരത്തിലോ.

ഒഥെല്ലോ—അതെ.

ഡെസ്ഡിമോണ—അവൻ ഒരിയ്ക്കലും അങ്ങിനെ പറയുകയില്ല.

ഒഥെല്ലോ—അവന്റെ വായിൽ മണ്ണടിഞ്ഞുകഴിഞ്ഞിരിയ്ക്കുന്നു. ന്യായസ്ഥനായ ഇയാഗോ അക്കാര്യം നിർവ്വഹിച്ചു കഴിഞ്ഞു.

ഡെസ്ഡിമോണ—അയ്യോ, എന്റെ ഭയം കാര്യം വെളിവാക്കുന്നുണ്ട്: എന്ത്, അവൻ മരിച്ചുവെന്നോ?

ഒഥെല്ലോ—അവന്റെ ഓരോ തലനാരിഴയും ഓരോ ജീവനായിരുന്നെങ്കിൽ, അവയെ മുഴുവൻ ദഹിപ്പിയ്ക്കാൻ ശക്തിയുള്ള ജാരാഗ്നി എന്റെ പ്രതിക്രിയയ്ക്കുണ്ടെന്നു മനസ്സിലാക്കിക്കോളൂ.

ഡെസ്ഡിമോണ—കഷ്ടം, അവൻ വഞ്ചിതനായി, ഞാൻ നിരാധാരയുമായി.

ഒഥെല്ലോ—ഛീ, കുലടേ, അവനുവേണ്ടി നീ എന്റെ മുഖത്തു നോക്കി കരയാൻ ധൈര്യപ്പെടുന്നോ?

ഡെസ്ഡിമോണ—പ്രാണനാഥാ, എന്നെ പുറത്തേയ്ക്കു തള്ളിയയച്ചോളൂ, എന്നെ കൊല്ലരുതേ!

ഒഥെല്ലോ—കിടക്കവിടെ, കുലടേ!

ഡെസ്ഡിമോണ—നാളെ എന്നെ കൊല്ലാം, ഇന്നു രാത്രി ഞാൻ ജീവിച്ചോട്ടെ!

ഒഥെല്ലോ—വേണ്ട; നീ കിടന്നു പിടച്ചാൽ—

ഡെസ്ഡിമോണ—അരമണിക്കൂർ സമയം!

ഒഥെല്ലോ—തുടങ്ങിക്കഴിഞ്ഞതിന്നു തടവില്ല.

ഡെസ്ഡിമോണ—ഞാൻ ഒന്നു പ്രാൎത്ഥിയ്ക്കുന്നതുവരെ—

ഒഥെല്ലോ—താമസിച്ചുപോയി. [അവളുടെ കഴുത്തു ഞെരിയ്ക്കുന്നു.]

എമിലിയ—[അണിയറയിൽ]—പ്രഭോ! അങ്ങുന്നേ! അയ്യോ, അങ്ങുന്നേ! അങ്ങുന്നേ!

ഒഥെല്ലോ—എന്താണ് ഈ ശബ്ദം?—മരിച്ചില്ലെന്നോ? ഇനിയും തീരെ മരിച്ചില്ലെന്നോ? ക്രൂരനായ ഞാൻ ദയാലുകൂടിയാണ്; പ്രാണവേദനയിൽ നിന്നെ ഞാനിട്ടു പിടപ്പിയ്ക്കുകയില്ല......ഇതാ, ഇങ്ങിനെ, ഇങ്ങിനെ.........

എമിലിയ—[അണിയറയിൽ]—അങ്ങുന്നേ! അയ്യോ, അങ്ങുന്നേ!

ഒഥെല്ലോ—ആരവിടെ?

എമിലിയ—[അണിയറയിൽ]—പ്രഭോ, എനിയ്ക്ക് അങ്ങയോട് ഒരു വിവരം പറയാനുണ്ടായിരുന്നു.

ഒഥെല്ലോ—അതേ—എമിലിയയാണത്—ഞാനിതാ വരുന്നു—അവളുടെ പ്രാണൻ പോയിരിയ്ക്കുന്നു—കാഷ്യോവിന്റെ മരണത്തെപ്പററി പറയാനായിരിയ്ക്കണം അവൾ വരുന്നത്; അതിന്റെ ഒച്ചപ്പാടു കലശലായിരുന്നു—ഹാ, തീരേ അനക്കമില്ലേ? ശവകുടീരംപോലെ നിഷ്പന്ദം!—അവളെ അകത്തു കടത്തണോ? അതു നന്നായിരിയ്ക്കുമോ?—വീണ്ടും തെല്ലൊരനക്കമുണ്ടെന്നു തോന്നുന്നു—ഇല്ല—എന്താണാവോ ചെയ്യേണ്ടത്? അവൾ അകത്തു വന്നാൽ തീൎച്ചയായും എന്റെ ഭാൎയ്യയോടു സംസാരിയ്ക്കും: എന്റെ ഭാൎയ്യ! എന്റെ ഭാൎയ്യ! ഏതു ഭാൎയ്യ? എനിയ്ക്കു ഭാൎയ്യയില്ല. അയ്യോ, ദുസ്സഹം! അയ്യോ, ഭയങ്കരമുഹൂൎത്തം! സൂൎയ്യചന്ദ്രന്മാരിരുവരും ഒരുമിച്ചു ഗ്രസിയ്ക്കപ്പെട്ട വമ്പിച്ച ഒരു ഗ്രഹണമാണിതെന്നും, ഈ വ്യതിയാനം കണ്ടു ഭയചകിതമായ ഭൂഗോളം വായ പിളൎന്നിരിയ്ക്കയാണെന്നും എനിയ്ക്കു തോന്നുന്നു.

എമിലിയ—[അണിയറയിൽ]—പ്രഭോ! അങ്ങുന്നേ! ഞാനപേക്ഷിയ്ക്കുന്നു, അങ്ങയോടു ഞാൻ ഒരു വിവരം പറഞ്ഞുകൊള്ളട്ടെ.

ഒഥെല്ലോ—ഞാൻ നിന്നെ മറന്നുകഴിഞ്ഞിരിയ്ക്കുന്നു: ഓ, ശരി, അകത്തേയ്ക്കു വന്നോളൂ—വരട്ടെ,—തെല്ലൊന്നവിടെ നിൽക്കൂ—ഞാൻ ഈ തിരശ്ശീലയൊന്നു താഴ്ത്തിയിടട്ടെ—നീ എവിടെ? [വാതിൽ തുറക്കുന്നു.

എമിലിയ പ്രവേശിക്കുന്നു.]

എന്തു വർത്തമാനവുംകൊണ്ടാണ് നീ വന്നിരിക്കുന്നത്?

എമിലിയ—അയ്യോ, അങ്ങുന്നേ, ഇവിടെ ഭയങ്കരമായ കൊല്ലുകൊല നടന്നിരിക്കുന്നു.

ഒഥെല്ലോ—എന്ത്, ഇപ്പോഴോ?

എമിലിയ—അതേ, അങ്ങുന്നേ, ഇപ്പോഴത്തന്നെ.

ഒഥെല്ലോ—അതു ചന്ദ്രന്റെ തകരാറാണ്; പതിവില്ലാത്ത വിധത്തിൽ ഭൂമിക്കടുത്തുവന്ന് അവൻ മനുഷ്യരെ ഭ്രാന്തുപിടിപ്പിച്ചിരിക്കുകയാണ്.

എമിലിയ—അങ്ങുന്നേ, കാഷ്യോ റോഡെറിഗോ എന്നു പേരായ ഒരു വെനീഷ്യൻയുവാവിനെ വെട്ടിക്കൊന്നിരിക്കുന്നു.

ഒഥെല്ലോ—റോഡെറിഗോവിനെ കൊന്നു! കാഷ്യോവിനേയും കൊന്നു!

എമിലിയ—ഇല്ല, കാഷ്യോവിനെ കൊന്നിട്ടില്ല.

ഒഥെല്ലോ—കാഷ്യോവിനെ കൊന്നിട്ടില്ല! എന്നാൽ കൊലപാതകത്തിന്നു ശ്രുതിപ്പിഴ പററിയിരിക്കുന്നു, മധുരമായ പ്രതിക്രിയ ശല്യപ്രദമായും തീരുന്നു.

ഡെസ്ഡിമോണ—അയ്യോ, അന്യായ്യമായി, അന്യായ്യമായി കൊല്ലപ്പെട്ടു.

എമിലിയ—ദൈവമേ, എന്തൊരു നിലവിളിയാണ് അത്?

ഒഥെല്ലോ—അത്! ഏത്?

എമിലിയ—അയ്യോ, അയ്യോ, അമ്മയുടെ ശബ്ദമാണത്.—ഹാ, പാഞ്ഞുവരണേ! സഹായിക്കണേ! അമ്മേ, ഒന്നുകൂടി സംസാരിയ്ക്കുള—എന്റെ പൊന്നമ്മയല്ലേ, എന്തെങ്കിലും പറയൂ!

ഡെസ്ഡിമോണ—ഒരു പിഴയും ചെയ്യാതെയാണ് ഞാൻ മരിക്കുന്നത്.

എമിലിയ—അയ്യോ, ആര് ആരാണിപ്പണി ചെയ്തത്?

ഡെസ്ഡിമോണ—ആരുമില്ല,—ഞാൻ തന്നെത്താൻ ചെയ്തതാണ്. എമിലിയേ, ഞാൻ പോട്ടെ. എന്റെ പ്രാണനാഥനോട് അന്വേഷണം പറയണേ! ഞാൻ പോട്ടെ.

(മരിക്കുന്നു.)

ഒഥെല്ലോ—എന്ത്, എങ്ങിനെയാണവരം കൊല്ലപ്പെട്ടവളാവുക?

എമിലിയ—അയ്യോ കഷ്ടം, ആക്കറിയാം!

ഒഥെല്ലോ—ഇതു ഞാനല്ല ചെയ്തതെന്ന് അവാംതന്നെ പറയുന്നതു നീ കേട്ടില്ലേ?

എമിലിയ—അമ്മ അങ്ങിനെ പറഞ്ഞതുള്ളതാണെ; എനിക്കു നേരുപറയാതെ നിവൃത്തിയില്ല.

ഒഥെല്ലോ—കളവു പറയുന്നവൾക്ക് ഉചിതമായവിധത്തിൽ, ആളിക്കത്തുന്ന നരകത്തിലേയ്ക്ക് അവാം പോയിരിയ്ക്കുകയാണ്: ഞാനാണ് അവളെ കൊന്നത്.

എമിലിയ—ഓഹോ, എന്നാൽ അതുകൊണ്ട് അമ്മ കുറേക്കൂടി ദിവ്യയും നിങ്ങാം കുറേക്കൂടി കരിപിടിച്ച ചെയ്ത്താനുമായിത്തീരുന്നതേയുള്ളു.

ഒഥെല്ലോ—അവാം വിവേകം നശിച്ച ഒരു തേവിടിശ്ശിയായിരുന്നു.

എമിലിയ—അമ്മയെ അന്യായ്യമായി അപവദിയ്ക്കുന്ന ഒരു പിശാചാണ് നിങ്ങാം.

ഒഥെല്ലോ—അവാം ഒഴുക്കിലെ വെള്ളംപോലെ ചപലയായിരുന്നു.

എമിലിയ—അമ്മ ചപലയാണെന്നു പറയുന്ന നിങ്ങാം തീയെപ്പോലെ സാഹസിയാണ്: അയ്യോ, അമ്മ സത്യലോകത്തിനു ചേന്ന തരത്തിൽ സുചരിത്രയായിരുന്നു.

ഒഥെല്ലോ—കാഷ്യോ അവളെ അനുഭവിച്ചിട്ടുണ്ട്; അല്ലെങ്കിൽ നിന്റെ ഭത്താവോടു ചോദിയ്ക്ക്. ന്യായ്യമായ കാരണത്തിന്മേലല്ല ഞാൻ ഈ ഒടുക്കത്തെ കൈ പ്രയോഗിച്ചതെങ്കിൽ, ഞാൻ നരകത്തിന്റെ അടിത്തട്ടിന്റേയും അടിയിൽ പതിച്ചു ഉലഞ്ഞേനേ! കഥയൊക്കെ നിന്റെ ഭത്താവറിയും.

എമിലിയ—എന്റെ ഭത്താവോ!

ഒഥെല്ലോ—നിന്റെ ഭത്താവ്.

എമിലിയ—അമ്മ വ്യഭിചരിച്ചു എന്നോ?

ഒഥെല്ലോ—അതേ; കാഷ്യോവിന്റെകൂടെ. അല്ലാതെ, അവാം ചാരിത്രവതിയായിരുന്നെങ്കിൽ, ഈശ്വരൻ എനിക്ക് ലക്ഷണസമ്പൂൎണ്ണമായ ഒരൊററ മരകതമണികൊണ്ട് ഇതുപോലെ മറെറാരു ഭൂഗോളത്തെ സൃഷ്ടിച്ചുതരികയാണെങ്കിൽക്കൂടി, അവളെ ഞാൻ അതിനു പകരം കൊടുക്കുമായിരുന്നില്ല.

എമിലിയ—എന്റെ ഭത്താവോ?

ഒഥെല്ലോ—അതേ, അവനാണ് ഇതിനെക്കുറിച്ച് എന്നോട്

ആദ്യമായി പറഞ്ഞതു്: ഹീനകൎമ്മങ്ങളിൽ പററിനില്ക്കുന്ന പാപപൈച്ചില്യത്തെ വെറുക്കുന്ന ഒരു ന്യായസ്ഥനാണവൻ.

എമിലിയ—എന്റെ ഭർത്താവോ?

ഒഥെല്ലോ—എന്തെടീ ഈ ആവർത്തനത്തിന്റെ ആവശ്യം? നിന്റെ ഭർത്താവു് എന്നാണു് ഞാൻ പറഞ്ഞതു്.

എമിലിയ—അയ്യോ, അമ്മേ, കാപട്യം പ്രേമത്തെയെടുത്തു ഭാനമാടിയിരിക്കുന്നു!—അമ്മ വ്യഭിചാരിണിയാണെന്നു് എന്റെ ഭർത്താവു് പറയുകയോ?

ഒഥെല്ലോ—എടീ, അവൻതന്നെ; നിന്റെ ഭർത്താവു് എന്നാണു് ഞാൻ പറയുന്നതു്: ആ വാക്കു നിനക്കു മനസ്സിലായോ? എന്റെ സ്നേഹിതൻ, നിന്റെ ഭർത്താവു്, ന്യായസ്ഥനൊന്നു വീണ്ടും വീണ്ടും ഊന്നിപ്പറയേണ്ടുന്ന ഇയാഗോ.

എമിലിയ—എന്റെ ഭർത്താവു് അങ്ങിനെ പറഞ്ഞിട്ടുണ്ടെങ്കിൽ അയാളുടെ ദുഷ്ടാത്മാവു് ദിനംപ്രതി കാല്ക്കാലരിമണിത്തൂക്കം കൊണ്ടു് ചീഞ്ഞുകെട്ടു നശിക്കട്ടെ! പച്ചക്കള്ളവാണയാറം പറഞ്ഞതു്: തനിക്കു വന്നുചേൎന്ന വൃത്തികെട്ട ഭാഗധേയത്തെ അമ്മ കുറച്ചധികം സ്നേഹിച്ചുപോയി; അതാണുണ്ടായതു്.

ഒഥെല്ലോ—വേണ്ട!

എമിലിയ—എന്നെ ആവുന്നതൊക്കെ ചെയ്തോളിൻ! നിങ്ങടെ അമ്മയ്ക്കു് എത്രമേൽ ചേരാത്തവനായിരുന്നുവോ, അത്രമേൽ സൽഗതിക്കു പററാത്തതാണു് നിങ്ങളുടെ ഇപ്പണി.

ഒഥെല്ലോ—അടങ്ങിയിരിക്കുന്നതാണു് നിനക്കു നല്ലതു്.

എമിലിയ—എന്നെ അപായപ്പെടുത്തുവാൻ എനിക്കുള്ള കെല്പിന്റെ പകുതിപോലും നിങ്ങൾക്കില്ല. അയ്യോ വങ്കച്ചാരേ! അയ്യോ മരക്കഴുതേ! മണ്ണാങ്കട്ടയെപ്പോലെ വിവരമില്ലാത്തവനേ! നീ ചെയ്ത ഈ ദുഷ്കൎമ്മം—നിന്റെ വാറം എനിക്കു തൃണസമമാണു്; ഇരുപതുവട്ടം ഞാൻ ജീവൻ നഷ്ടപ്പെടുകയാണെങ്കിലും നിന്റെ ഈ പ്രവൃത്തി ലോകത്തെ അറിയിച്ചേ ഞാനടങ്ങൂ—അയ്യോ, അയ്യയ്യോ, ഇതാ പാഞ്ഞുവരണേ! ഈ മൂർ അമ്മയെ കൊലപ്പെടുത്തിയിരിക്കുന്നു! കൊല്ലുകൊല! കൊല്ലുകൊല!

(മോൺടാനോ, ഗ്രാഷ്യാനോ, ഇയാഗോ എന്നിവർ പ്രവേശിക്കുന്നു.)

മോൺടാനോ—എന്താണിവിടെ ബഹളം? അങ്ങുന്നേ, എന്താണിതൊക്കെ?

എമിലിയ [ഇയാഗോവിനോടു്]—ആഃ, നിങ്ങളെത്തിയോ?

നല്ല യോഗമാണ് നിങ്ങളുടെ യോഗം: ആളുകൾ തങ്ങളുടെ കൊല പാതകങ്ങൾ നിങ്ങളുടെ പിരടിയിൽ വെച്ചുകെട്ടുവാൻ തുടങ്ങിയിരിക്കുന്നു.

ഗ്രാഷ്യാനോ—എന്താണുണ്ടായത്?

എമിലിയ—നിങ്ങൾ ആണാണെങ്കിൽ ഈ നീചൻ പറയുന്നതു നിഷേധിക്കുക: അവന്റെ ഭാര്യ കുലടയായിരുന്നു എന്ന് നിങ്ങൾ പറഞ്ഞു എന്നാണവൻ പറയുന്നത്. നിങ്ങൾ അങ്ങിനെ പറഞ്ഞിട്ടില്ലെന്ന് എനിക്കറിയാം; നിങ്ങൾ അത്ര വലിയ നീചനല്ല: പറയൂ, എനിക്ക് ഇടനെഞ്ഞുതടഞ്ഞിരിക്കുന്നു.

ഇയാഗോ—ഞാൻ അവിടുത്തോട് എന്റെ അഭിപ്രായം പറഞ്ഞു; യുക്തിസഹവും സത്യവുമെന്ന് അവിടുത്തേക്കുതന്നെ ബോദ്ധ്യപ്പെട്ടതിലധികം ഞാനൊന്നും പറഞ്ഞിട്ടുമില്ല.

എമിലിയ—പക്ഷെ അമ്മ വ്യഭിചാരിണിയായിരുന്നു എന്ന് നിങ്ങൾ എപ്പോഴെങ്കിലും പറഞ്ഞുവോ?

ഇയാഗോ—പറഞ്ഞു.

എമിലിയ—നിങ്ങൾ പച്ചക്കളവാണ് പറഞ്ഞത്; നീചമായ, പൈശാചികമായ ഒരു കളവ്; എന്റെ ആത്മാവാണേ കള്ളവ്; തെമ്മാടിത്തത്തിൽനിന്നു ജനിച്ച കളവ്:—അമ്മ കാഷ്യോവിന്റെ കൂടെ വ്യഭിചരിക്കുകയോ—കാഷ്യോവിന്റെ കൂടെ എന്നാണോ നിങ്ങൾ പറഞ്ഞത്?

ഇയാഗോ—കാഷ്യോവിന്റെ കൂടെ. പോ, പോയി നിന്റെ നാവടക്കിവെക്ക്.

എമിലിയ—ഞാൻ നാവടക്കിവെക്കില്ല; എനിക്ക് പറയാതിരിക്കാൻ നിവൃത്തിയില്ല: അമ്മയെ അതാ ആ കിടക്കയിൽ കൊന്നിട്ടിരിക്കുന്നു:—.

മോൺടാനോവും ഗ്രാഷ്യാനോവും—അയ്യോ, ദൈവം അങ്ങിനെ' വരുത്താതിരിക്കട്ടെ!

എമിലിയ—നിങ്ങളുടെ ഏഷണിയാണ് ഈ കൊലപാതകത്തിന്നു ഹേതു.

ഒഥെല്ലോ—കൂട്ടരേ, മിഴിച്ചുനില്ക്കേണ്ട, നിങ്ങൾ കേട്ടതു വാസ്തവമാണ്.

ഗ്രാഷ്യാനോ—അതൊരു വല്ലാത്ത വാസ്തവംതന്നെയല്ലോ.

മോൺടാനോ—അയ്യോ, കഠിനക്രിയ!

എമിലിയ—ചതി! ചതി! കൊടുംചതി! എനിക്കുതൊക്കെ

ഓൎമ്മവരുന്നു,—എല്ലാം ഓൎമ്മവരുന്നു,—ഞാനതു മണത്തറിയുന്നുണ്ട്;—അയ്യോ, കൊടുംചതി—ഞാനപ്പൊഴേ ശങ്കിച്ചു;—ഈ വ്യസനം സഹിയ്ക്കാൻ കഴിയാതെ ഞാൻ ആത്മഹത്യ ചെയ്യും.—അയ്യോ, ചതി! ചതി!

ഇയാഗോ—എന്ത് നിനക്ക് ഭ്രാന്തുപിടിച്ചുപോയോ? നിന്നോടാണ് ഞാൻ വീട്ടിലേയ്ക്കു പോകാൻ പറഞ്ഞത്.

എമിലിയ—മാന്യരേ, എന്നെ സംസാരിയ്ക്കാനനുവദിയ്ക്കണേ: ഞാൻ ഇയ്യാളെ അനുസരിയ്ക്കേണ്ടതുതന്നെ, പക്ഷെ ഇപ്പോഴല്ല—[ഇയാഗോവിനോട്] ഒരു സമയം ഞാനിനി വീട്ടിലേയ്ക്കു മടങ്ങുകയേ ഇല്ല.

ഒഥെല്ലോ—അയ്യോ! അയ്യോ! അയ്യോ! [കിടക്കയിൽ ചെന്നു വീഴുന്നു.]

എമിലിയ—അവിടെക്കിടന്നലറ്! കണ്ണു തുറന്ന പ്രാണികളിൽവെച്ച് ഏററവും നിഷ്കളങ്കയായ ഒരോമനയെയാണ് നിങ്ങളാം കൊലചെയ്തത്.

ഒഥെല്ലോ—ഏ, അവളോ? കുലട! [എഴുന്നേററുകൊണ്ട്] അമ്മാമാ, എനിയ്ക്ക് നിങ്ങളെ മനസ്സിലായതുകൂടിയില്ല; നിങ്ങളുടെ സഹോദരപുത്രിയിതാ കിടക്കുന്നു. അവളുടെ പ്രാണനെ ഈ കൈകാംതന്നെയാണ് അല്പംമുമ്പു പ്രതിസംഹരിച്ചത്: ഈ പ്രവൃത്തി ഭയാവഹവും കൎക്കശവുമായി കാണപ്പെട്ടേയ്ക്കുമെന്നെനിക്കറിയാം.

ഗ്രാഷ്യാനോ—കഷ്ടം, ഡെസ്ഡിമോണേ! നിന്റെ അച്ഛൻ കഴിഞ്ഞുപോയതിനെപ്പററി ഞാൻ സന്തോഷിയ്ക്കുന്നു: നിന്റെ വിവാഹത്തോടുകൂടി അദ്ദേഹത്തിന്റെ ഉള്ളു വീണുപോയിരുന്നു; വെറും ആധിയാണ് അദ്ദേഹത്തിന്റെ പഴകിയ ജീവിതതന്തുവെ രണ്ടായി പിളൎന്നത്. ഇന്നദ്ദേഹം ഉണ്ടായിരുന്നുവെങ്കിൽ; ഈ കാഴ്ച മതി അദ്ദേഹത്തെക്കൊണ്ട് വല്ല സാഹസവും പ്രവൎത്തിപ്പിയ്ക്കാൻ; അതേ, ഒരു സമയം ഈശ്വരനെക്കൂടി അദ്ദേഹം തന്നിൽനിന്നു ശപിച്ചകററി എന്നെന്നേയ്ക്കുമായി തന്റെ സദ്ഗതി മുടക്കിയേയ്ക്കുമായിരുന്നു.

ഒഥെല്ലോ—ഇതു ദയനീയംതന്നെ; പക്ഷേ അവാം കാഷ്യാവിന്റെകൂടെ ഒരായിരം പ്രാവശ്യം വ്യഭിചരിച്ചിട്ടുണ്ടെന്ന് ഇയാഗോ അറിയും; കാഷ്യൊ അതു സമ്മതിച്ചിരിയ്ക്കുന്നു: ഞാൻ അവാംക്കു സമ്മാനിച്ചിരുന്ന ആദ്യത്തെ പ്രേമോപഹാരംകൊണ്ട്

അവാം അവന്റെ ദുഷ്ടാത്മവിക്രിയകാംക്ഷ പ്രതിഫലം നൽകി; ഞാൻ അത് അവന്റെ കൈയിൽ കണ്ടിരിയ്ക്കുന്നു: അതൊരു കൈ ലേസ്സായിരുന്നു: എന്റെ അച്ഛൻ എന്റെ അമ്മയ്ക്കു കൊടുത്തി രുന്ന ഒരു സുപ്രത്നസ്മാരകം.

എമിലിയ—അയ്യോ ഈശ്വരാ! അയ്യോ ദൈവമേ!

ഇയാഗോ—മിണ്ടല്ല; നാവടക്കിവെക്ക്.

എമിലിയ—അതു വെളിച്ചത്താകും, നേരു വെളിച്ച ത്താകും:—ഞാൻ മിണ്ടാതിരിയ്ക്കുകയോ? ഞാൻ വടക്കൻകാററു പോലെ സ്വതന്ത്രമായി സംസാരിയ്ക്കും: ദേവന്മാരും, മനുഷ്യരും പിശാചുക്കളും എല്ലാവരും, എല്ലാവരും, എല്ലാവരും എന്റെ പ്ര വൃത്തി ലജ്ജാവഹമെന്ന് അധിക്ഷേപിച്ചുകൊള്ളട്ടെ, എന്നാലും ഞാൻ സംസാരിയ്ക്കും.

ഇയാഗോ—വീട്ടിലേയ്ക്കു പോകുന്നതാണ് നിനക്ക് നല്ലത്.

എമിലിയ—ഞാൻ പോവില്ല.

(ഇയാഗോ എമിലിയയെ കത്തിയെടുത്ത് കുത്താനോങ്ങുന്നു.)

ഗ്രാഷ്യാനോ — ഛീ!—പെണ്ണുങ്ങളുടെനേരെ കത്തിപ്രയോ ഗമോ?

എമിലിയ—അയ്യോ, മരമണ്ടനായ മൂർ! ഇപ്പോൾ പറഞ്ഞ ആ കൈലേസ് ഞാൻ യാദൃച്ഛികമായി കണ്ടെത്തി എന്റെ ഭർത്താ വിന്ന് നല്കിയതാണ്; കാരണം പലപ്പോഴും, അതു നിസ്സാരമായ ഒരു സാധനം അപഹരിക്കുന്നതിൽ എത്രയോ കവിഞ്ഞുള്ള ഗൌരവ ത്തോടും അഭിനിവേശത്തോടുംകൂടി, അതു കണ്ടെടുത്തുകൊടുക്കുവാൻ അയാൾ അപേക്ഷിച്ചിരുന്നു.

ഇയാഗോ—വഞ്ചകിയായ കുലടേ!

എമിലിയ—അമ്മ അത് കാഷ്യോവിന്നു കൊടുക്കുകയോ? അയ്യോ, അല്ല; എനിക്കാണത് കിട്ടിയത്, ഞാനാണ് അതെന്റെ ഭർത്താവിന്നു കൊടുത്തത്.

ഇയാഗോ—ചെളുക്കേ, പച്ചക്കളവാണ് നീ പറഞ്ഞത്.

എമിലിയ—ഈശ്വരൻ സാക്ഷിയായിട്ട്, അല്ല; മാന്യരേ, ഞാൻ കളവല്ല പറഞ്ഞത്—അയ്യോ, കൊലപ്പിച്ചുപിടിച്ച ജള പ്രഭോ! ഇത്ര വലിയ ഒരു വങ്കൻ ഇത്ര ഗുണവതിയായ ഒരു ഭാര്യ യേയുംകൊണ്ട് എന്തു ചെയ്യാനാണ്?

ഒഥെല്ലോ — ഇടിമുഴക്കത്തിന്നാവശ്യമായവയൊഴിച്ച് മാന ത്ത് വേറേ പാറക്കല്ലുകളില്ലേന്നോ?—നേരില്ലാത്ത കൊട്ടംപാപി!

(ഒഥെല്ലോ ഇയാഗോവിനെ വെട്ടുവാൻ വാളോങ്ങി മുന്നോട്ടു ചാടുന്നു. മോൺടാനോ ആ വാൾ തട്ടി കൈക്കലാക്കുന്നു. ഇയാഗോ എമിലിയയെ കത്തികൊണ്ടു കുത്തി മുറിയേല്പിച്ച് ചാടിപ്പോകുന്നു.)

ഗ്രാഷ്യാനോ—ഇതാ, ആ സ്ത്രീ വീഴുന്നു; സംശയമില്ല. അവൻ തന്റെ ഭാര്യയെ കൊന്നു.

എമിലിയ—അതെയതെ:—അയ്യോ, എന്നെ എന്റെ അമ്മയുടെ അടുത്തു കിടത്തണേ!

ഗ്രാഷ്യാനോ—അവൻ ചാടിപ്പോയി, ഭാര്യയുടെ കഥ കഴിഞ്ഞു.

മോൺടാനോ—ഭയങ്കരപാതകി! ഇതാ, മൂറിന്റെ കൈയിൽ നിന്ന് ഞാൻ തട്ടിയെടുത്ത ഈ വാളൊന്നു സൂക്ഷിക്കു: വരൂ, നമുക്ക് പുറത്തെ വാതില്ക്കൽ കാവൽ നില്ക്കാം; ഇയാളെ കൊല്ലേണ്ടിവന്നാൽകൂടി പുറത്തേയ്ക്കു വിടരുത്. ഞാൻ ആ മഹാപാപിയുടെ പിന്നാലെ പോകട്ടെ; നശിച്ച പിശാചാണവൻ.

(മോൺടാനോവും ഗ്രാഷ്യാനോവും പോകുന്നു.)

ഒഥെല്ലോ—എനിക്ക് ഉശിരുമില്ല. ഒരു ചമ്മട്ടിയോളം പോരുന്ന ഏതു പിഞ്ചിനും എന്റെ വാൾ തട്ടിപ്പറിച്ചെടുക്കാമെന്ന നിലയിലായില്ലേ?—ം—, ചാരിത്രം തുലഞ്ഞതിനുശേഷം ആണത്തം ഇരുന്നിട്ട് കാര്യമെന്ത്? എല്ലാതും ഒരുമിച്ചു പോകട്ടെ.

എമിലിയ—അമ്മേ, അമ്മ പാടിയ ആ പാട്ട് എന്തിനെയാണ് സൂചിപ്പിച്ചത്? ഇതാ, ഒന്നു ശ്രദ്ധിക്കൂ! അമ്മ ഞാൻ പറയുന്നതു കേൾക്കുന്നുണ്ടോ? ഞാൻ അന്നപ്പിടയെപ്പോലെ പാടികൊണ്ടു മരിയ്ക്കും: [പാടുന്നു]

"പാടുക മല്ലീ, മല്ലീ, മല്ലികേ, മല്ലീ!—പാടുക...

മൂർ, അമ്മ ചാരിത്രവതിയായിരുന്നു. നിർദ്ദയനായ മൂർ? അമ്മ നിങ്ങളെ സ്നേഹിച്ചിരുന്നു; ഈ നേരിന്റെ ബലത്തിന്മേൽ എന്റെ ആത്മാവ് നിർവൃതി നേടട്ടേ; അങ്ങിനെ മനസ്സിലുള്ളതു പറഞ്ഞുംകൊണ്ട് ഞാനിതാ പോകുന്നു, ഞാൻ പോട്ടെ. [മരിയ്ക്കുന്നു.]

ഒഥെല്ലോ—ഞാൻ ഈ മുറിയിൽ മറ്റൊരായുധം സൂക്ഷിച്ചിട്ടുണ്ട്. സ്പെയ്‌നിൽ പണിചെയ്യിച്ച് ഹിമവാഹിനിയിൽ മുക്കി ഉറപ്പുകൂട്ടിയ വാളാണത്:—ഓ, അതിവിടെയുണ്ട്,—അമ്മാമാ, ഞാൻ പുറത്തേയ്ക്കിറങ്ങുന്നു.

ഗ്രാഷ്യാനോ [അണിയറയിൽ]—നിങ്ങൾ അതിനൊരുങ്ങുകയാണെങ്കിൽ അതു നിങ്ങൾക്കുതന്നെ ആപത്തായിത്തീരും. നി

ങ്ങൾ നിരായുധനായതുകൊണ്ടു് അപായപ്പെടാതെ നിവൃത്തിയില്ല.

ഒഥെല്ലോ—എന്നാൽ അകത്തു വന്നു് എന്നോടു് സംസാരിക്കു, അതല്ലെങ്കിൽ, ഉടുപ്പിടാത്ത ഈ നിലയിൽത്തന്നെ ഞാൻ നിങ്ങളെ ആക്രമിക്കും.

(ഗ്രാഷ്യാനോ പ്രവേശിക്കുന്നു.)

ഗ്രാഷ്യാനോ—എന്താണു് കാര്യം?

ഒഥെല്ലോ—ഇതാ, നോക്കിൻ, എനിക്കു് ഒരായുധമുണ്ടു്. ഇതിലും നല്ലതൊന്നു് ഇതുവരെ ഒരു ഭടന്റെ തുടമേൽ വിശ്രമിച്ചിട്ടില്ല. ഈ ചെറിയ കൈയുടേയും, ഈ നേരുററ വാളിന്റേയും തുണയോടുകൂടി, എന്നെ തടഞ്ഞുനിർത്തുവാനുള്ള നിങ്ങളുടെ കെല്പിന്റെ ഒരിരുപതിരട്ടി ശക്തിമത്തുകളായ പ്രതിബന്ധങ്ങളെ തട്ടിത്തകൎത്തു് ഞാൻ മുന്നോട്ടു പോയ ഒരവസരം എനിക്കോൎമ്മയുണ്ടു്: പക്ഷേ, ഹാ, മിഥ്യാഹങ്കാരപരമായ ഒപ്പുപ്രജല്പനം! തനിക്കു വന്നുചേരേണ്ടതിനെ നിയന്ത്രിക്കുവാൻ ആൎക്കു കഴിയും? എന്നാൽ ഇപ്പോഴത്തെതിനെയല്ല—എന്നെ ആയുധത്തോടുകൂടി കാണുന്നുണ്ടെങ്കിലും നിങ്ങൾ പേടിക്കേണ്ട; എന്റെ യാത്രാപരിസമാപ്തി ഇവിടെയാണു്, ഇതാണെന്റെ അററം, എന്റെ ജീവിതവഞ്ചിക്കു ചെന്നണയാനുള്ള ഏററവും അകന്ന കര. എന്തു്, നിങ്ങൾ വ്യാകുലനായി പിന്മാറുകയാണോ? അനാവശ്യമായ ഒരു ഭയമാണതു്. ഒഥെല്ലോവിന്റെ നെഞ്ചിനുനേൎക്കു് ഒരു പുൽക്കൊടിയെടുത്തു നീട്ടുകയേ വേണ്ടൂ, അവൻ പിൻമാറുകയായി:—ഒഥെല്ലോ എവിടെപ്പോകാനാണു്?—നിന്റെ മുഖം ഇപ്പോളെങ്ങിനെയുണ്ടു്? ഹാ, നക്ഷത്രം പിഴച്ച പെണ്ണേ! നിന്റെ അടിയുടുപ്പുശീലപോലെ നീ വിളൎത്തിരിക്കുന്നുവല്ലോ! ഒടുക്കം പുണ്യപാപങ്ങളുടെ കണക്കു പറയുന്ന സ്ഥലത്തുവെച്ചു നാം തമ്മിൽ കണ്ടുമുട്ടുമ്പോൾ, നിന്റെ കണ്ണുകളിലുള്ള ആ നോട്ടം എന്റെ ആത്മാവിനെ സ്വൎഗ്ഗത്തിൽനിന്നു കീഴ്പോട്ടു പിടിച്ചുതള്ളുകയും, തീപ്പിശാചുക്കൾ അതിനെ ചാടിപ്പിടിക്കുകയും ചെയ്യും. തണുത്തിരിക്കുന്നു, തണുത്തിരിക്കുന്നു, തങ്കം, നിന്റെ ചാരിത്രംപോലെ തന്നെ. അയ്യോ, ശപിക്കപ്പെട്ടു തുലഞ്ഞ അധമാധമ!—പിശാചുക്കളേ, സ്വൎഗ്ഗീയമായ ഈ കാഴ്ചയുടെ അനുഭോക്തൃത്വത്തിൽനിന്നു് എന്നെ ചമ്മട്ടികൊണ്ടടിച്ചകററുവിൻ! എന്നെ കാററുകളിലൂടെ തച്ചുപറപ്പിക്കുവിൻ! എന്നെ ഗന്ധകത്തിലിട്ടു വറുക്കുവിൻ! എന്നെ ചെങ്കുത്തായി കീഴ്പോട്ടു ചാടുന്ന അഗ്നിനിർഝരത്തിൽ

തള്ളിവീഴ്ത്തി ഒട്ടക്കാവിൻ! അയ്യോ, ഡെസ്ഡിമോണ! ഡെസ്ഡിമോണ! മരിച്ചുപോയി! അയ്യോ! അയ്യോ! അയ്യോ!

(ലൊദോവിക്കോ, മോണ്ടാനോ, തണ്ടുമഞ്ചത്തിലിരുത്തി ആളുകൾ എടുത്തുകൊണ്ടുവരുന്ന കാസ്യോ, തടവുകാരനായി പിടിക്കപ്പെട്ട ഇയാഗോ, രക്ഷാഭടന്മാർ എന്നിവർ പ്രവേശിക്കുന്നു.)

ലൊദോവിക്കോ—സാഹസിയും നിർഭാഗ്യനുമായ ആ മനുഷ്യനെവിടെ?

ഒഥെല്ലോ—ഒഥെല്ലോ ആയിരുന്ന ആളാണതു്;—ഞാനിവിടെയുണ്ടു്.

ലൊദോവിക്കോ—ആ കാളസർപ്പമെവിടെ? ആ നീചനെ ഹാജരാക്കട്ടെ.

ഒഥെല്ലോ—ഞാനവന്റെ കാലടിയാണു് നോക്കുന്നതു്.—പക്ഷെ അതൊരു കള്ളക്കഥയാണു്*—നീ ചെകുത്താനാണെങ്കിൽ എനിക്കു് നിന്നെ കൊല്ലാൻ കഴികയില്ലല്ലോ.

(ഇയാഗോവിനെ വെട്ടി മുറിയേല്പിക്കുന്നു)

ലൊദോവിക്കോ—അയാളുടെ വാൾ പിടിച്ചെടുക്കൂ.

(ഒഥെല്ലോവിനെ ഭടന്മാർ നിരായുധനാക്കുന്നു.)

ഇയാഗോ—എന്റെ മുറിയിൽനിന്നു് രക്തമൊഴുകുന്നുണ്ടു്, സർ; പക്ഷെ മരിക്കാൻമാത്രമില്ല.

ഒഥെല്ലോ—അതുകൊണ്ടെനിക്കു് വ്യസനവുമില്ല: നീ ജീവിക്കണമെന്നാണു് എന്റെ ആഗ്രഹം; കാരണം, എന്റെ അഭിപ്രായത്തിൽ, മരണം സന്തോഷപൂർണ്ണമായ ഒരു വരമാണു്.

ലൊദോവിക്കോ—ഹാ, ഒഥെല്ലോ, ഒരു കാലത്തു നന്മയുടെ വിളനിലമായിരുന്നവനും, ഒരു നശിച്ച ദുർഭൃത്യത്തിന്റെ കെണിയിൽ വീണവനുമായ താങ്കളെപ്പററി എന്തു പറയാനാണു്?

ഒഥെല്ലോ—എന്തെങ്കിലും പറയാം; വേണമെങ്കിൽ, ബഹുമാനാർഹനായ ഒരു കൊലപാതകി എന്നു പറയാം; കാരണം ധർമ്മരക്ഷയെ ഓർത്തല്ലാതെ, ക്രോധംകൊണ്ടുമാത്രം ഞാൻ യാതൊന്നും ചെയ്തിട്ടില്ലതന്നെ.

ലൊദോവിക്കോ—ഈ പാപി തന്റെ ചതിപ്പണിയുടെ ഏതാണ്ടൊരംശം സമ്മതിച്ചിട്ടുണ്ടു്. അവനും നിങ്ങളുംകൂടി കാഷ്യോ

* ചെകുത്താനു് കാലടികൾക്കു പകരം പിളർന്ന കുളമ്പുകളാണുള്ളതു്.

വിനെ കൊല്ലാൻ യോജിച്ചു തീർച്ചപ്പെടുത്തിയിരുന്നു എന്നതു വാസ്തവമാണോ?

ഒഥെല്ലോ—അതെ.

കാഷ്യോ—അങ്ങുന്നേ, ഞാൻ അങ്ങയുടെനേരെ ഒരു പിഴയും ചെയ്തിട്ടില്ലല്ലോ.

ഒഥെല്ലോ—ഞാനതു വിശ്വസിക്കുന്നു; നിന്നോടു മാപ്പിന്നിരക്കുകയും ചെയ്യുന്നു. നിങ്ങളാരെങ്കിലും ആ അരപ്പിശാചോടു് അവൻ എന്തിന്നുവേണ്ടിയാണു് എന്റെ ദേഹത്തെയും ആത്മാവിനേയും ഇങ്ങനെ കെണിവെച്ചുപിടിച്ചതെന്നു് ദയചെയ്തു് ഒന്നന്വേഷിക്കുമോ?

ഇയാഗോ—എന്നോടു യാതൊന്നും അന്വേഷിക്കേണ്ട: നിങ്ങളറിയുന്നതു നിങ്ങളറിയും: ഈ നിമിഷം മുതലങ്ങോട്ടു ഞാനൊരക്ഷരം സംസാരിക്കുകയില്ല.

ലൊദോവിക്കോ—എന്തു്, പ്രാർത്ഥിയ്ക്കാൻപോലും നാവിളക്കുകയില്ലെന്നോ?

ഗ്രാഷ്യാനോ—ദുസ്സഹപീഡനം നിന്റെ വായ തുറപ്പിക്കും.

ഒഥെല്ലോ—ഒരുപക്ഷെ, മിണ്ടാതിരിക്കുകയാണു് നിനക്കു നല്ലതു്.

ലൊദോവിക്കോ—സർ, എന്താണുണ്ടായതെന്നു നിങ്ങളെ അറിയിക്കാം. നിങ്ങൾ അതറിയുകയില്ലെന്നാണെനിക്കു തോന്നുന്നതു്. മരിച്ച റോഡെറിഗോവിന്റെ കീശയിൽനിന്നു് ഒരെഴുത്തു കിട്ടിയിട്ടുണ്ടു്; മറ്റൊന്നിതാ: ഇവയിലൊന്നു കാഷ്യോവിനെ കൊലചെയ്യാൻ റോഡെറിഗോവിനെ ഏല്പ്പാടുചെയ്യുന്നതാണു്.

ഒഥെല്ലോ—ഹാ, പാതകി!

കാഷ്യോ—പൈശാചികൻ! നീചൻ!

ലൊദോവിക്കോ—ഇതാ, ഒരാവലാതിക്കത്തു്; ഇതും അവന്റെ കീശയിൽനിന്നു കിട്ടിയതാണു്; ഇതു റോഡെറിഗോ ഈ മഹാപാപിക്കു് അയയ്ക്കുവാൻവേണ്ടി എഴുതിയതാണെന്നു തോന്നുന്നു; പക്ഷെ അതിന്നിടയിൽ ഇയാഗോ അവനെ ചെന്നു കണ്ടു സമാധാനിപ്പിച്ചു എന്നാണു് ഊഹിക്കേണ്ടതു്.

ഒഥെല്ലോ—നരകഘാതുകൻ!—കാഷ്യോ, എന്റെ ഭാര്യയുടേതായിരുന്ന ആ കൈലേസു് നിനക്കെങ്ങിനെ കിട്ടി?

കാഷ്യോ—എനിയ്ക്കതു് എന്റെ മുറിയിൽനിന്നു കിട്ടുകയാണുണ്ടായതു്. അതു തന്റെ ഉദ്ദേശ്യത്തിന്നനുസരിച്ച എന്തോ കാര്യം സാധിപ്പിയ്ക്കുവാനായി അവൻതന്നെ അവിടെ കൊണ്ടു പോയിട്ടതാണു്. അവൻ അതു് ഇപ്പോഠം സമ്മതിച്ചുകഴിഞ്ഞിട്ടേയുള്ളു.

ഒഥെല്ലോ—അയ്യോ വിഡ്ഡി! വിഡ്ഡി! വിഡ്ഡി!

കാഷ്യോ—ഇതുകൂടാതെ റോഡെറിഗോവിന്റെ എഴുത്തിൽ, കാവൽനില്ക്കുന്ന അവസരത്തിൽ എന്നെ വെല്ലുവിളിയ്ക്കാൻ ഇയാഗോ അവനെ പ്രേരിപ്പിച്ചുവെന്നും അവൻ ആവലാതിപ്പെടുന്നുണ്ടു്; ആ വഴിയ്ക്കാണു് എന്റെ ഉദ്യോഗം പോയതു്: ഇതാ കുറച്ചുമുമ്പേകൂടി, അവൻ മരിച്ചുവെന്നു് ആളുകഠം കരുതി വളരെ നേരം കഴിഞ്ഞതിനുശേഷം, അവൻ പറയുന്നുണ്ടായിരുന്നു, ഇയാഗോ അവനെ ദ്രോഹിച്ചു, ഇയാഗോ അവനെ കലഹത്തിൽ ചാടിച്ചു എന്നു്.

ലൊദോവിക്കോ—[ഒഥെല്ലോവിനോടു്] നിങ്ങഠം ഈ മുറി വിട്ടു ഞങ്ങളുടെകൂടെ വരണം: നിങ്ങളുടെ ഭരണാധികാരവും സേനാനായകത്വവും നിങ്ങഠംക്കു നഷ്ടപ്പെട്ടിരിയ്ക്കുന്നു; കാഷ്യോവാണു് സൈപ്രസ്സു് ഭരിയ്ക്കുന്നതു്. ഈ നീചനെസ്സംബന്ധിച്ചിടത്തോളം, പ്രാണൻ പോകാതെ അവനെ വേദനകൊണ്ടു് പിടപ്പിയ്ക്കുവാൻമാത്രം സമർത്ഥവും ക്രൂരവുമായ വല്ല ദേഹദണ്ഡനക്രമവുമുണ്ടെങ്കിൽ അതു് അവന്നു് കിട്ടും. നിങ്ങളുടെ അപരാധത്തെക്കുറിച്ചുള്ള വിവരങ്ങഠം വെനിഷ്യൻഗവമ്മേണ്ടു് അറിയുന്നതുവരെയ്ക്കും നിങ്ങഠം ഭദ്രമായി സൂക്ഷിയ്ക്കപ്പെട്ട തടവുകാരനായിരിയ്ക്കണം—വരൂ, കൂട്ടിക്കൊണ്ടു പോകാം.

ഒഥെല്ലോ—വരട്ടേ; നിങ്ങഠം പോകുന്നതിന്നുമുമ്പു് ഒന്നുരണ്ടു വാക്കുകൂടി പറഞ്ഞുകൊള്ളട്ടെ. ഞാൻ ഗവമ്മേണ്ടിന്നുവേണ്ടി അല്പമൊരു സേവനം നടത്തിയിട്ടുണ്ടു്, അവരതു് അറിയുകയും ചെയ്യും;—അതിനെപ്പററി അത്രമാത്രം.—ഞാനപേക്ഷിയ്ക്കുന്നു, നിങ്ങളുടെ എഴുത്തുകളിൽ, ഈ നിർഭാഗ്യം നിറഞ്ഞ വസ്തുതകഠം നിങ്ങഠം വർണ്ണിയ്ക്കുമ്പോഠം, എന്നെക്കുറിച്ചു് ഉള്ളതുപോലെ പറയേണ്ടതാണ്; ദോഷമൊന്നും ലഘൂകരിയ്ക്കേണ്ട, പക്ഷെ മാത്സര്യംനിമിത്തം യാതൊന്നും കൂട്ടിച്ചേക്കരുതു്. അനന്തരം നിങ്ങഠം എന്നെപ്പററി ഇങ്ങിനെ പറയണം: വിവേകത്തോടുകൂടിയല്ല, പക്ഷെ,

അത്യധികമായി സ്നേഹിച്ച ഒരുവനാണ് ഞാനെന്നു പറയണം; എളുപ്പത്തിൽ ശങ്കയ്ക്കധീനനാവാത്തവനെങ്കിലും, ഏഷണിനിമിത്തം മനസ്സമാറി സംഭ്രാന്തനായിപ്പോയവനാണ് ഞാനെന്നു പറയണം; ബുദ്ധിശൂന്യനായ കാട്ടുവർഗക്കാരനെ*പ്പോലെ തന്റെ സമുദായത്തേക്കാളധികം വിലപിടിച്ച ഒരു മുത്തിനെ സ്വന്തം കൈകൊണ്ടു വലിച്ചെറിഞ്ഞവനാണ് ഞാനെന്നു പറയണം. കണ്ണിലൂടെ ഹൃദയം ദ്രവിച്ചൊഴുകുന്ന സമ്പ്രദായക്കാരനല്ലെങ്കിലും, ആപത്തുകൊണ്ട് ഒളിമങ്ങിയ യാതൊരുവന്റെ ദൃഷ്ടികൾ, അറബിയിലെ മരങ്ങൾ തങ്ങളുടെ ഔഷധിക്കറയെന്നപോലെ, കണ്ണീരൊഴുക്കിക്കൊണ്ടിരിക്കുന്നുവോ, അവനാണ് ഞാനെന്നു പറയണം. ഇതൊക്കെ നിങ്ങൾ എഴുതണം. ഇതിന്നുപുറമേ ഒന്നുകൂടി പറയണം: പണ്ടൊരിക്കൽ, ആലെപ്പോവിൽവെച്ചു, ദുഷ്ടനായ ഒരു തലപ്പാവുകാരൻ തുലുക്കൻ ഒരു വെനിസ്സുകാരനെ അടിക്കുകയും ഗവർമ്മേണ്ടിനെ മിഥ്യാദൂഷണം ചെയ്യുകയും ചെയ്തപ്പോൾ, ആ അഗ്രചർമ്മമില്ലാത്ത നായയുടെ കഴുത്തു കടന്നുപിടിച്ച് അവനെ ഞാൻ, ഇതാ, ഇങ്ങിനെ [പെട്ടെന്ന് അരയിൽനിന്ന് ഒരു കഠാരം വലിച്ചെടുത്തു തന്റെ നെഞ്ചിൽ കുത്തിയിറക്കിക്കൊണ്ട്] കാച്ചിയെന്നും പറയണം.

ലൊദോവിക്കോ—ഹാ, കഷ്ടം, എന്തൊരു രക്തസിക്തമായ പരിസമാപ്തി!

ഗ്രാഷ്യാനോ—അപ്പറഞ്ഞതിന്റെയൊക്കെ ഗുണം കളഞ്ഞു.

ഒഥെല്ലോ—നിന്നെ കൊല്ലുന്നതിനുമുമ്പെ ഞാൻ നിന്നെ ചുംബിച്ചു. ഇതല്ലാതെ വേറെ മാർഗ്ഗമൊന്നുമില്ല;—[ഡെസ്‌ഡിമോണയുടെ മൃതശരീരത്തിൽ വീണുകൊണ്ട്] ഒരു ചുംബനത്തോടുകൂടി മരിക്കുവാനായി എന്നെത്തന്നെ കൊല്ലുന്നതൊഴികെ. [മരിക്കുന്നു.]

കാഷ്യോ—ഇതുണ്ടാവുമെന്ന് ഞാൻ ഭയപ്പെട്ടതാണ്; പക്ഷേ അവിടുത്തെ കൈയിൽ ആയുധമൊന്നുമില്ലെന്നായിരുന്നു ഞാൻ വിചാരിച്ചത്. അവിടുത്തെ ഹൃദയം മഹത്തായിരുന്നു.

ലൊദോവിക്കോ [ഇയാഗോവിനോട്]—എടാ, പാഷാണ

* 'ഇന്ത്യക്കാരനെപ്പോലെ' എന്നാണ് മൂലം; അമേരിക്കൻ 'ഇന്ത്യക്കാരനെ' (Red Indian)യാണ് നിർദ്ദേശിക്കുന്നത്; അപരിഷ്കൃതത്വത്തിലാണ് അതോപപത്തി.

ഹൃദയനായ നായേ, യാതനയേക്കാളം, മഹാക്ഷുത്തിനേക്കാളം, പാരാവാരത്തിനേക്കാളം, രൌദ്രസ്വഭാവത്തോടുകൂടിയവനേ, ഈ കിടക്കയുടെ കരളം പൊട്ടിയ്ക്കുന്ന ഭാരത്തെയൊന്നു നോക്കു്; നിന്റെ പണിയാണിതു്;—അതു് കാഴ്ചയിൽ വിഷം കലൎത്തുന്നു; അതിനെ മൂടിവെയു്ക്കുക—ഗ്രാഷ്യാനോ, ഈ അരമനയുടെ കൈകാര്യം ഏറ്റെടുത്തു് മൂറിന്റെ വസ്തുക്കളെല്ലാം അധീനതയിൽ വെയ്ക്കുക: അവ താങ്കൾക്കവകാശപ്പെട്ടതാണു്—[കാഷ്യോവിനോടു്] ഈ നരകച്ചെയ്ത്താനെ ശിക്ഷിയ്ക്കുവാനുള്ള അധികാരം ഗവൎണ്ണരായ താങ്കൾക്കാണുള്ളതു്—അതിന്നുള്ള സമയം, സ്ഥലം, ദണ്ഡനക്രമം, ഇവയെ നിശ്ചയിയ്ക്കാൻ. അതൊന്നു് ഊന്നിച്ചെയ്യണേ! ശോകഘനമായ ഹൃദയത്തോടുകൂടി ഈ ശോകമയമായ ചരിത്രത്തെ ഗവൎമ്മേണ്ടിനെ അറിയിയ്ക്കുവാനായി ഞാൻ നേരേ കപ്പൽ കയറുകയായി.

(എല്ലാവരും പോകുന്നു.

സമാപ്തം.